# ദൈവത്തെ ചരിത്രത്തിലേക്ക് തുറന്നുവിടുക

ബിഷപ്പ്. ഡോ: പൗലോസ് മാർ പൗലോസ്



242

ബിഷപ്പ്. ഡോ: പൗലോസ് മാർ പൗലോസ് ഫൗണ്ടേഷൻ
ഫോർ സോഷ്യോ - കൾച്ചറൽ ഡവലപ്മെന്റ്, തൃശ്ശൂർ

# ദൈവത്തെ ചരിത്രത്തിലേക്ക് തുറന്നുവിടുക

ബിഷപ്പ് പൗലോസ് മാർ പൗലോസ്

# ദൈവത്തെ ചരിത്രത്തിലേക്ക് തുറന്നുവിടുക

## ബിഷപ്പ് പൗലോസ് മാർ പൗലോസ്

8260

സമ്പാദനം : കെ.ജെ തോമസ്

PG Library & Research Center

പ്രസാധനം, വിതരണം

**ബിഷപ്പ് പൗലോസ് മാർ പൗലോസ് ഫൗണ്ടേഷൻ**
**ഫോർ സോഷ്യോ-കൾച്ചറൽ ഡെവലപ്പ്മെൻറ്**
**തൃശൂർ**

0268

242

title

**dhaivathe charithrathilekku thurannu viduka**

**bishop poulose mar poulose**

collection : k.j.thomas

language

**malayalam**

publishers, distributors

**bishop poulose mar poulose foundation for socio-cultural development, thrissur**

cover design

**ravi padinjare**

first impression

**sept, 2000**

type setting

**sameeksha, tsr**

printing

**mar narsai offset, tsr**

price

**rs 60**

copy right

**reserved**

# പ്രസാധക കുറിപ്പ്

ബിഷപ്പ് പൗലോസ് മാർ പൗലോസിന് കേരളത്തിലെ വൈദീകർക്കിടയിൽ സവിശേഷമായ സ്ഥാനമാണുള്ളത്. കൂദാശകളിലും പ്രാർത്ഥനകളിലും അനുഷ്ഠാനകർമ്മങ്ങളിലും മാത്രം അഭിരമിക്കാതെ ഭൂമിക്കു കീഴെയുള്ള സകല വിഷയങ്ങളിലും അദ്ദേഹം സാർത്ഥകമായി ഇടപെട്ടു. പ്രാർത്ഥനയെന്നാൽ പ്രവർത്തനമാണെന്ന് അദ്ദേഹം വ്യക്ത മാക്കി. സ്നേഹത്തിൽ അധിഷ്ഠിതമായ ജീവിതദർശനമായിരുന്നു അദ്ദേഹത്തിൻേറത്. സ്നേഹത്തിന് പകരമില്ല എന്ന് അദ്ദേഹം തൻെറ ധൈഷണിക ജീവിതത്തിലൂടെ നമ്മെ അറിയിച്ചു.

ബിഷപ്പ് പൗലോസ് മാർ പൗലോസ് അനാഥ മന്ദിരങ്ങൾ സ്ഥാപിച്ചില്ല. അവശരെ ശുശ്രൂഷിക്കുന്ന ആലയങ്ങൾക്ക് അധിപനായില്ല. എന്നാൽ എല്ലാവരും പുഞ്ചിരിക്കുന്ന ഒരു വ്യവസ്ഥയെ സ്വപ്നം കണ്ടു. അങ്ങനെ കേരളത്തിലെ വൈദീകർക്കിടയിൽ സാമൂഹികമായ അവബോധവും നിശിതമായ ഉൾക്കാഴ്ചയുമുള്ള അപൂർവ്വ ഇനമായി അദ്ദേഹം മാറി.

കടുത്ത ആത്മവിമർശനം ബിഷപ്പിൻെറ സവിശേഷതയായിരുന്നു. ആത്മീയരോഗികൾക്കുള്ള മരുന്നുഷാപ്പല്ല ക്രൈസ്തവസഭ എന്ന് സുധീരം പ്രഖ്യാപിച്ച ബിഷപ്പിൻെറ പ്രഭാഷണങ്ങളാണ് ഈ പുസ്തകത്തിൽ സമാഹരിച്ചിരിക്കുന്നത്. ഈ പ്രഭാഷണങ്ങളിൽ ഭൂരിഭാഗവും ഞായറാഴ്ചകളിലെ കുർബ്ബാനകളിൽ നടത്തപ്പെട്ടവയാണ്. ബിഷപ്പിൻെറ ജീവിതദർശനം തന്നെയാണ് പ്രസംഗങ്ങൾ തെരഞ്ഞെടുത്തതിലെ മാനദണ്ഡം.

ഈ പുസ്തക പ്രസിദ്ധീകരണത്തിന് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും ചെയ്തുതന്ന ബിഷപ്പ് പൗലോസ് മാർ പൗലോസ് ട്രസ്ററ് സെക്രട്ടറി ബിഷപ് യൂഹന്നാൻ മാർ മിലിത്തിയോസ്, ശ്രീ. കെ. ഗിരീഷ് കുമാർ, പ്രൊഫ. വി.ജി തമ്പി എന്നിവരോട് ഫൗണ്ടേഷൻ ഏറെ കടപ്പെട്ടിരിക്കുന്നു.

ഈ പ്രഭാഷണങ്ങൾ തേടിപ്പിടിക്കാൻ തോമസ് നീണ്ട 10 വർഷങ്ങൾ അലയുകയായിരുന്നു. അയാൾ തിരുമേനിയെ അനുധാവനം ചെയ്തു. തിരുമേനിയുടെ മരണശേഷം ഈ ലോകത്തിൽ തോമസ് (നമ്മളും) ആരെയാണ് പിന്തുടരേണ്ടത്? അങ്ങനെയൊരാൾ എന്നാണുണ്ടാവുക?

തിരുമേനിയുടെ ധന്യമായ ഓർമ്മക്കു മുന്നിൽ പ്രണാമം.

**ബിഷപ്പ് പൗലോസ് മാർ പൗലോസ് ഫൗണ്ടേഷൻ**
**ഫോർ സോഷ്യോ-കൾച്ചറൽ ഡെവലപ്പ്മെൻറ് പ്രവർത്തകർ**



*1941 സെപ്തംബർ 14ന് തൃശൂരിൽ ചിറയത്ത് കോനിക്കര അന്തോണിയുടേയും കൊച്ചുമറിയത്തിൻേറയും മകനായി ജനനം. തൃശൂർ കാൽഡിയൻ സിറിയൻ ഹൈസ്ക്കൂളിലും സെൻറ് തോമസ് കോളേജിലുമായി പ്രാഥമിക പഠനം. സെറാപൂർ യൂണിവേഴ്സിററിയിൽ ദൈവശാസ്ത്ര പഠനം. അമേരിക്കയിലെ പ്രിൻസ്ററൺ തിയോളജിക്കൽ സെമിനാരിയിൽനിന്നും ദൈവശാസ്ത്രത്തിൽ മാസ്ററർ ബിരുദം. 1976ൽ കാലിഫോർണിയയിൽ ബർക്കിലിയിലെ ഗ്രാജുവേററ് തിയോളജിക്കൽ യൂണിയനിൽ നിന്ന് ഡോക്ടറേററ്. വിഷയം* A Bonhoefferian Corrective of Karl Marx's Critique of Religion.

*1958ൽ വൈദികവൃത്തിയിൽ പ്രവേശിച്ചു. 65ൽ പൂർണ്ണവൈദികനായി. 68ൽ പൗരസ്ത്യ കൽദായ സുറിയാനി സഭയിലെ ബിഷപ്പായി. രണ്ടുതവണ എസ്.സി.എം കേരള ശാഖയുടെ ചെയർമാനായി. ക്രൈസ്തവ സമാധാന സംഘടനയുടെ ഇന്ത്യയിലെ പ്രസിഡൻറായും ലോക ക്രൈസ്തവ വിദ്യാർത്ഥി ഫെഡറേഷൻെറ ചെയർമാനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.*

*സ്വാതന്ത്ര്യമാണ് ദൈവം, നിശബ്ദരായിരിക്കാൻ നിങ്ങൾക്കെന്തധികാരം, ചെറുത്തുനില്പിൻെറ സംസ്കാരം,* Spirituality for stuggle *എന്നിവയാണ് കൃതികൾ.*

*മരണം 1998 മാർച്ച് 24ന്.*



**കെ.ജെ തോമസ്**
കുററിക്കാടൻ വീട്
മൈനർ റോഡ്
നടത്തറ
തൃശൂർ - 680751

# ബിഷപ്പിൻെറ പാവനസ്മരണയ്ക്കു മുന്നിൽ

വളരെയധികം ഉൽകണ്ഠയോടും അത്രയധികം സന്തോഷത്തോടെയുമാണ് ഈ പ്രഭാഷണങ്ങൾ പകർത്തിയെടുത്തത്. വേണമെങ്കിൽ അരക്കിറുക്ക് എന്നുപറയാം! പക്ഷേ അതിനു പ്രേരിപ്പിച്ചത് ഒരിക്കലും ബിഷപ്പ് എന്ന വ്യക്തിയെ പൂജിക്കാനുള്ള ആഗ്രഹമായിരുന്നില്ല. ആ പ്രഭാഷണങ്ങളിലെ ആശയലോകത്തോട് എനിക്കുണ്ടായിരുന്ന ആത്മൈക്യം എന്നെ അതിലേക്കെത്തിക്കുകയായിരുന്നു.

18-ാം വയസ്സിൽ ഞാൻ പബ്ലിക് ലൈബ്രറിയിൽ അംഗമായി. അന്ന് എനിക്ക് ഒരു പീടികയിലായിരുന്നു ജോലി. ഞായറാഴ്ചയാണ് പുസ്തകം എടുക്കുവാൻ ലൈബ്രറിയിലേക്ക് പോകുക. പോകുന്ന വഴിക്ക് വലിയപള്ളിയിൽ കുർബാനയ്ക്ക് കയറും. പുറത്തെ സൈക്കിളിൽ വെച്ചിരിക്കുന്ന പുസ്തകം ആരും മോഷ്ടിക്കരുതേ എന്ന പ്രാർത്ഥനയായിരുന്നു കുർബ്ബാന സമയത്ത് എനിക്കുണ്ടായിരുന്നത്. ആ കുർബ്ബാനകളിൽ വെച്ചാണ് ഞാൻ തിരുമേനിയെ ആദ്യമായി ശ്രവിക്കുന്നത്. പതിനഞ്ചോ ഇരുപതോ മിനുറ്റ് നീണ്ടുനിൽക്കുന്ന ലഘുപ്രഭാഷണമായിരുന്നു തിരുമേനിയുടേത്. എന്നാൽ അതു കഴിയുമ്പോഴേയ്ക്കും പുസ്തകത്തിൻെറ കാര്യം ഞാൻ മറക്കും. പുതിയ ഒരു വെളിച്ചം എന്നെ ചൂഴ്ന്നു നിൽക്കുന്നതായി എനിക്കു തോന്നും!

പിന്നെ പിന്നെ തിരുമേനിയുടെ പ്രസംഗങ്ങൾ കേൾക്കാൻ വേണ്ടി മാത്രമായി എന്റെ പള്ളിയിൽ പോക്ക്. വലിയപള്ളി, കാച്ചേരി, പറവട്ടാനി, നെല്ലിക്കുന്ന്, കിഴക്കേക്കോട്ട, ചേറൂർ, കുരിയച്ചിറ എന്നീ പള്ളികളിൽ ഞാൻ മാറിമാറി പോവാൻ തുടങ്ങി. തിരുമേനിയുടെ കാറിന്റെ നിറം, നമ്പർ, പള്ളിയിൽ പാർക്കു ചെയ്യുന്ന സ്ഥലം എന്നീ കാര്യങ്ങൾ ഞാൻ പ്രത്യേകമായി ഓർത്തുവച്ചിരുന്നു. അങ്ങനെ 18-9-1988 ന് പറവട്ടാനി പള്ളിയിൽ നിന്ന് ആരംഭിച്ച് 1-3-1998ൽ എന്റെ യാത്ര അവസാനിച്ചു.

തിരുമേനിയുടെ പ്രസംഗം കേൾക്കാൻ പോകുമ്പോൾ ഞാനൊരിക്കലും നോട്ടുപുസ്തകം കൊണ്ടുപോകുമായിരുന്നില്ല. പ്രസംഗം മുഴുവൻ ശ്രദ്ധയോടെ കേൾക്കുകയും വീട്ടിൽ വന്നിട്ട് പകർത്തുകയുമായിരുന്നു പതിവ്. എന്റെ ഭ്രാന്തുകണ്ട് അമ്മ എന്നെ വഴക്കു പറയുമായിരുന്നു. പക്ഷേ എന്നെ സംബന്ധിച്ചിടത്തോളം അത് ഒരു ഹരമായിരുന്നു. അങ്ങനെ അപൂർവ്വം ചില പുറംവേദികളിൽ നിന്നടക്കം 174 എണ്ണം ഞാൻ ശേഖരിച്ചു.

പ്രഭാഷണങ്ങളോട് യോജിച്ചും വിയോജിച്ചും ഞാൻ തിരുമേനിക്ക് കത്തുകളയക്കുമായിരുന്നു. തിരുമേനി എന്നെ ചർച്ചക്ക് ക്ഷണിക്കും.

ഈ പ്രഭാഷണങ്ങൾ പുസ്തകരൂപത്തിൽ വരുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഞാൻ ഒരു പത്താംക്ലാസ്സുകാരൻ മാത്രമാണ്. എന്റെ ഭാഷാജ്ഞാനം വളരെ പരിമിതവും. എന്റെ കുറിപ്പുകൾ വായിച്ച് വിലയേറിയ നിർദ്ദേശങ്ങളും ആവശ്യമായ തിരുത്തലുകളും ചെയ്തുതന്ന് ഈ പുസ്തകത്തിന് അവതാരിക എഴുതിയ ബിഷപ് ഡോ. പൗലോസ് മാർ പൗലോസ് ട്രസ്ററിന്റെ സെക്രട്ടറിയായ ബിഷപ് യൂഹന്നാൻ മാർ മിലിത്തിയോസ് തിരുമേനിയോട് എനിക്ക് അളവററ നന്ദിയുണ്ട്. എന്റെ കുറിപ്പുകൾ വായിച്ച് ഭാഷാപരമായി അത് ശരിപ്പെടുത്തിതന്ന കെ.ഗിരീഷ്കുമാറി(മലയാള പഠന ഗവേഷണ കേന്ദ്രം)നോടും പ്രൊഫ. വി.ജി തമ്പിസാറിനോടും എനിക്കുള്ള നന്ദി വാക്കുകളിൽ ഒതുക്കാൻ പോന്നതല്ല.

തിരുമേനിയുടെ പാവനസ്മരണയ്ക്കു മുന്നിൽ ഇത് സമർപ്പിക്കുന്നു.

# ഉള്ളടക്കം


| | | |
|---|---|---|
| 1 | സഭയുടെ വാതായനങ്ങളെ തുറക്കുക | 21 |
| 2 | മതാത്മകതയുടെ വിശുദ്ധി | 23 |
| 3 | മതം മനുഷ്യരെ പീഡിപ്പിക്കുന്നു | 25 |
| 4 | പോരാട്ടമാകേണ്ട മതജീവിതം | 28 |
| 5 | നമ്മുടെ ആത്മീയത | 31 |
| 6 | ദൈവത്തിൻെറ ജാതിയെന്ത്? | 32 |
| 7 | വിഭജിക്കപ്പെടുന്ന ക്രിസ്തുശരീരം | 34 |
| 8 | നിങ്ങളുടെ അപ്പം പങ്കുവെക്കുക | 37 |
| 9 | ക്രിസ്തുവിനെ വിറ്റഴിക്കുന്നു | 40 |
| 10 | ഷോപ്പിങ് ക്രിസ്മസ് | 43 |
| 11 | ദരിദ്രനെ സഹായിക്കുന്നതിനേക്കാൾ ദാരിദ്ര്യത്തെ ഇല്ലാതാക്കാൻ പോരാടുക | 45 |
| 12 | സഭയും ദാരിദ്ര്യവും | 48 |
| 13 | നിൻെറ ദാസനെ സ്വതന്ത്രനാക്കുക | 50 |
| 14 | ചിന്തയെ പുതുക്കുക | 53 |
| 15 | നോമ്പുകാല ചിന്തകൾ | 56 |
| 16 | ഇടവക - ഒരു പ്രസ്ഥാനം | 61 |
| 17 | ഉയിർപ്പ് - ഒരു വിശ്വാസ പ്രഖ്യാപനം | 63 |
| 18 | സ്വർഗരാജ്യമെന്നാൽ | 66 |
| 19 | നമ്മുടെ പെരുന്നാളുകൾ | 68 |
| 20 | ചൂട്ടിൻെറ വെളിച്ചം | 72 |

| | | |
|---|---|---|
| 21 | യുവാക്കൾക്കൊരു പ്രകടന പത്രിക | 75 |
| 22 | ദൈവം ലോകത്തെ സ്നേഹിച്ചു: സഭയുടെ അജണ്ടയെന്ത്? | 78 |
| 23 | പ്രാർത്ഥനകളുടെ ഉള്ളടക്കം | 80 |
| 24 | സഖറിയായുടെ കീർത്തനവും ലോകത്തിൻെറ മോചനവും | 83 |
| 25 | ചെയ്യേണ്ടത് ഇപ്പോൾതന്നെ ചെയ്യുക | 85 |
| 26 | വിശ്വാസമെന്നാൽ | 87 |
| 27 | ആരാധനയിലെ ചില ചിട്ടകൾ | 89 |
| 28 | ത്യാഗം - സ്വാർത്ഥത്തിൻെറ ശത്രു | 91 |
| 29 | മൂന്നു സ്ഫോടനങ്ങൾ | 93 |
| 30 | പാപവും പ്രായശ്ചിത്തവും | 98 |
| 31 | ദുഃഖത്തിലെ പങ്കാളികൾ | 100 |
| 32 | മനുഷ്യനെ പൂജിക്കരുത് | 102 |
| 33 | മുന്നോട്ട് നടക്കുവിൻ | 103 |
| 34 | അദ്ധ്വാനിച്ച് ഭക്ഷണം തേടുക | 104 |
| 35 | പങ്കാളിത്തത്തിനുള്ള ആഹ്വാനം | 106 |
| 36 | വിവേചനത്തിൻെറ മുഖം | 108 |
| 37 | സ്വർഗരാജ്യം ഒരു കടുകുമണിയാണ് | 110 |
| 38 | കുട്ടികളെ ഗൗരവമായി എടുക്കുക | 112 |
| 39 | ദശാംശതിരുന്നാൾ ചിന്തകൾ | 114 |
| 40 | കഷ്ടതകൾ ഏറ്റെടുക്കാൻ തയ്യാറാവുക | 117 |

# അവതാരിക

ജീവിതായോധനത്തിൻെറ ആറുദിവസത്തെ തിരക്കിനൊടുവിൽ വീണുകിട്ടിയ ഏഴാംദിവസം ഞായറാഴ്ച രാവിലെ പതിവിൻപടിയുള്ള വായനശാലാ സന്ദർശനത്തിനായി തൻെറ പഴയ സൈക്കിളിൽ തൃശൂരിലേക്കുള്ള യാത്രാമദ്ധ്യേയാണ് അന്നൊരുനാൾ പള്ളിയുടെ പ്രസംഗപീഠത്തിൽ നിന്നും വ്യത്യസ്തമായൊരു ശബ്ദം തോമസ് കേട്ടത്. അല്പസമയം ശ്രദ്ധിച്ചുനോക്കി: ചെറുപ്പക്കാരനായ ബിഷപ്പ് പുതിയൊരു ശൈലിയിൽ വേദപ്രഭാഷണം നടത്തുന്നു, കുർബാന മദ്ധ്യേ!

ഏതെങ്കിലും ചെറുകഥയുടെ പ്രാരംഭ വാചകമല്ല മുകളിൽ കുറിച്ചത്. തൃശൂർ ജില്ലയിലെ നടത്തറ സ്വദേശി കുററിക്കാടൻ ജോണിൻേറയും റോസിയുടേയും മകൻ തോമസിൻെറ ബിഷപ്പ് പൗലോസ് മാർ പൗലോസുമായുള്ള പ്രാരംഭ ഇടപെടലിൻെറ രേഖാചിത്രമാണിത്. അതൊരാരംഭമായിരുന്നു. തുടർന്ന് പലയിടത്തും ബിഷപ്പിൻെറ വാക്കുകൾ മനഃപൂർവ്വം ശ്രദ്ധിച്ചിട്ടുണ്ട്. വലിയ വിദ്യാഭ്യാസമൊന്നുമില്ലാത്ത തനിക്ക് അദ്ദേഹം പറഞ്ഞ എല്ലാ വാക്കുകളും മനസിലായിട്ടില്ല; എന്നാൽ അടിസ്ഥാന സന്ദേശങ്ങളൊന്നും ഗ്രഹിക്കാതിരുന്നിട്ടുമില്ല. പിന്നീടെപ്പോഴോ അതൊരു സ്വഭാവമായിതീരുകയായിരുന്നു, ബിഷപ്പിൻെറ പ്രസംഗം സമീപപ്രദേശത്തെവിടെ ഉണ്ടായാലും സ്വന്തം സൈക്കിൾ ചവുട്ടി അവിടെ കൃത്യസമയത്ത് എത്തിചേരുകയും വള്ളിപുള്ളിവിസർഗം വിടാതെ ശ്രദ്ധിക്കുകയും ചെയ്യുക എന്നത്. മാത്രമല്ല തനിക്ക് മനസിലായത് കുറിച്ചിടാനും തുടങ്ങി. അങ്ങിനെ പതിനാല് ഒററവര നോട്ടുപുസ്തകങ്ങൾ നിറയെ കുറിപ്പുകളായി. ആ കുറിപ്പുകളിൽ ചിലതാണ് ഈ ചെറുഗ്രന്ഥത്തിനാധാരം. ഇതൊരു തുടക്കം മാത്രം, ശേഷിക്കുന്നവയും അനുക്രമമായി പ്രസിദ്ധീകരിക്കാനാണാഗ്രഹം എന്ന് പ്രസാധകർ.

കാലത്തിൻെറ യവനികക്കപ്പുറത്തേക്ക് അകാലത്തിൽ തിരോഭവിച്ച വ്യത്യസ്ഥമായൊരു ശബ്ദത്തിനുടമയായിരുന്നു ബിഷപ്പ് ഡോ.പൗലോസ് മാർ പൗലോസ്. ഇദ്ദേഹം സാധാരണക്കാരനായൊരു ക്രിസ്ത്യാനിയിൽ ഉണ്ടാക്കിയ സ്വാധീനത്തിൻെറ സാക്ഷിപത്രമാണീ പുസ്തകം. പള്ളിപ്രസംഗങ്ങളിൽ പതിവായി കേൾക്കാറുള്ളത് വേദഭാഗങ്ങളുടെ 'അന്തരീക്ഷത്തിൽ തൂങ്ങിനില്ക്കുന്ന' വ്യാഖ്യാനങ്ങളും, അങ്ങേലോകത്തെ സന്തോഷാതിരേകത്തിൻെറ വിശദാംശങ്ങളും, സഭാനിയമങ്ങളുടെയും ചട്ടങ്ങളുടെയും ആചാരങ്ങളുടെയും നൂലാമാലകളുടെ മടുപ്പിക്കുന്ന വിശദാംശങ്ങളും, പാപികളെ! എന്നലറികൊണ്ടുള്ള ആക്രോശങ്ങളും, പിരിവു നൽകുന്നതിൻെറ മഹത്വവും ഒക്കെയാണ്. എന്നാൽ ബിഷപ്പ് ഇക്കാ

ര്യങ്ങളെ കുറിച്ചൊന്നും വ്യാകുലമനസ്കനായിരുന്നില്ല. അദ്ദേഹം മറ്റുള്ളവർ ഉപയോഗിക്കുന്ന വേദഭാഗങ്ങൾ തന്നെ ഉപയോഗിച്ച് പറഞ്ഞത് വിമോചനത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും കാര്യങ്ങളായിരുന്നു; നീതിയുടെയും സമാധാനത്തിൻെറയും വിഷയങ്ങളായിരുന്നു; രാഷ്ട്രീയ ഇടപെടലിൻെറയും ചെറുത്തുനില്പിൻെറയും നിലപാടുകളുടെയും പ്രശ്നങ്ങളായിരുന്നു.

സംഘടിത മതത്തിൻെറ വ്യവസ്ഥാപിത ഘടനകളെ അദ്ദേഹം പള്ളിനടയിൽ ചോദ്യം ചെയ്തു. മാമൂലുകൾക്കും പാരമ്പര്യങ്ങൾക്കും എതിരെ ശക്തമായ വെല്ലുവിളി ഉയർത്തി. അശുദ്ധമായ മത-രാഷ്ട്രീയ കൂട്ടുകെട്ടിനെ വിമർശിക്കുകയും മതനിരപേക്ഷ സമൂഹത്തെകുറിച്ച് പ്രസംഗിക്കുകയും ചെയ്തു. അർത്ഥരഹിതമായ ആചാരാനുഷ്ഠാനങ്ങളെ തിരുത്താൻ നിർദ്ദേശിച്ചു. ക്രൈസ്തവൻെറ പൊള്ളയായ അവകാശവാദങ്ങളെ ഈ യുവബിഷപ്പ് പുച്ഛിച്ചു തള്ളി. ഈ ശബ്ദവും ശൈലിയും തോമസിനും തോമസിനെ പോലെയുള്ള അനേകായിരങ്ങൾക്കും തികച്ചും പുതിയ അനുഭവമായിരുന്നു.

എന്നാൽ തൻെറ ശബ്ദം തികച്ചും പുതിയതാണ് എന്ന് ബിഷപ്പ് കരുതിയില്ല. നൂറ്റാണ്ടുകൾക്ക് മുൻപ്, കൃത്യമായി പറഞ്ഞാൽ, ക്രിസ്തുവിന് 500 വർഷങ്ങൾക്ക് മുൻപ്, യഹൂദാ മലനിരകളിൽ തട്ടി പ്രതിധ്വനിച്ച് നാടിനെയും നാട്ടുകാരെയും പ്രകമ്പനം കൊള്ളിച്ച മൂന്നാം യശയ്യാ പ്രവാചകനിലാണ് ഈ ശബ്ദത്തിൻെറ ആരംഭം. അവൻ പറഞ്ഞു: 'എളിയവരോട് സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കയാൽ അവൻെറ ആത്മാവ് എൻെറ മേൽ ഉണ്ട്.... അടിമകൾക്ക് വിടുതലും കുരുടൻമാർക്ക് ദർശനവും വഴിതെറ്റിപ്പോയവർക്ക് തിരിച്ചുവരവും നൽകുവാനും ജൂബിലിവർഷത്തിൻെറ പ്രസംഗത്തിനും അവൻ എന്നെ അയച്ചിരിക്കുന്നു' (യെശ.61: 1-3) ഈ സദ്വാർത്തയുടെ അന്തഃസത്തയറിഞ്ഞ നസറാത്തുകാരൻ യേശു തൻെറ പ്രവർത്തനത്തിൻെറ മുന്നോടിയായി സ്വന്തം ഗ്രാമത്തിലെ സുന്നഗോഗിൽ ഈ വാക്കുകൾ ആവർത്തിച്ചുകൊണ്ട് പ്രഖ്യാപിച്ചു, 'ഇവ എന്നിൽ പൂർണമായിരിക്കുന്നു.' (ലൂക്കോസ് 4:18മു) ആ യേശുവിൻെറ സമൂഹത്തിലെ ശുശ്രൂഷകരിൽ ഒരുവനായ ബിഷപ്പ് മാർ പൗലോസ് അറിഞ്ഞു 'സ്വാതന്ത്ര്യമാണ് ദൈവം' എന്ന്. ആ ദൈവത്തെയാണദ്ദേഹം പള്ളിനടയിൽ പ്രസംഗിച്ചത്. മോശക്ക് പ്രത്യക്ഷനായ ദൈവത്തിൻെറ ശബ്ദം അദ്ദേഹം കേട്ടു: 'അധികാരിവർഗം നിമിത്തമുള്ള എൻെറ ജനത്തിൻെറ കഷ്ടത കണ്ട് അവരുടെ നിലവിളി കേട്ട് ഞാനിതാ ഇറങ്ങിവന്നിരിക്കുന്നു, അടിമത്തത്തിൽ നിന്ന് അവരെ വിടുവിക്കാനായി' (പുറപ്പാട്. 3;7,8).

ഈ വിമോചന പ്രഖ്യാപനത്തിന് കാലികത്വമുണ്ടെന്നും അടിമത്തത്തിൻെറ സകല ആധുനിക ഭാവങ്ങൾക്കും രൂപങ്ങൾക്കും എതിരെയാണ് ഈ ശബ്ദമെന്നും ബിഷപ്പ് തിരിച്ചറിഞ്ഞു. ഈ ശബ്ദത്തിന് വർണ്ണമില്ല, വർഗ്ഗമില്ല, ജാതിയില്ല, മതമില്ല, ദേശമില്ല, കാലപരിധിയില്ല; ഉള്ളത്

അടിമയോടുള്ള പ്രതിബദ്ധതയും മേൽക്കോയ്മയോടുള്ള പ്രതിഷേധവും മാത്രം. ഈ ശബ്ദത്തെ ബിഷപ്പ് പള്ളിക്കുള്ളിലും ചന്തസ്ഥലത്തും നാൽകവലകളിലും സമ്മേളന പന്തലുകളിലും പഠനകളരികളിലും പ്രതിധ്വനിപ്പിച്ചു. ചിലർ ഇതുകേട്ട് നെറ്റിചുളിച്ചു; മറ്റു ചിലർ അവഗണിക്കാൻ വൃഥാ ശ്രമിച്ചു; വേറെ ചിലർ കമ്യൂണിസ്റ്റെന്ന് വിളിച്ചകറ്റി നിർത്താൻ നോക്കി. എന്നാൽ അടിമയുടെ മനസിൽ, അധഃസ്ഥിതൻെറ അന്തഃരംഗത്തിൽ അതൊരാവേശമായി പടർന്നു. യേശു വിമർശിച്ച യഹൂദമത സ്വഭാവത്തിന് തിരുത്തലായി ഉണർന്ന്, വളർന്ന് കാലഗതിയിൽ പക്ഷെ അനുരൂപമായിതീർന്ന ക്രൈസ്തവ സഭയിൽ നിന്നും ഇനിയൊന്നും പ്രതീക്ഷിക്കേണ്ടതില്ല എന്ന് കരുതിയിരുന്നവർക്ക് പുതിയ പ്രതീക്ഷയായിതീർന്നു ബിഷപ്പ് മാർ പൗലോസിൻെറ ശൈലി.

സമൂഹത്തിലെ അടിമത്തത്തിൻെറ സകലഭാവങ്ങൾക്കും എതിരെ ബിഷപ്പ് സുവിശേഷ ഭാഗങ്ങളെ ആയുധമാക്കി. അകറ്റിനിർത്തപ്പെട്ടിരുന്നവരെയും അസ്പർശരെയും സഹകാരികളാക്കാൻ സുവിശേഷം അദ്ദേഹത്തിന് പിൻതുണയായി; അധികാരി വർഗത്തിൻെറ ദുഷ്പ്രഭുത്വത്തിനെതിരെ ബൈബിൾ വാക്യങ്ങൾ മാർ പൗലോസിൻെറ ശക്തിയായി; 'സമരം ചെയ്യുന്നവനല്ല, സമരം ചെയ്യാൻ കാരണമുണ്ടാക്കുന്നവനാണ് കുറ്റവാളി എന്നതിനാൽ അവനാണ് ശാസിക്കപ്പെടേണ്ടത് എന്ന് പറയാൻ ബിഷപ്പിന് ഇസ്രായേൽ ജനത്തിൻെറ പുറപ്പാട് സംഭവം തുണയായി: 'ഔദാര്യത്തിൻെറ അപ്പനുറുക്കുകൾ മേലാളൻ ഭാവത്തിൽ വിതരണം ചെയ്യുന്ന ചാരിറ്റിമേളകളല്ല, അവൻെറ അധഃസ്ഥിതാവസ്ഥക്കുള്ള കാരണങ്ങളെ കണ്ടെത്തി ഇല്ലായ്മ ചെയ്യുകയാണ് വേണ്ടത്' എന്നു പറയാൻ യേശുവിൻെറ വചനങ്ങൾ ബിഷപ്പിനെ സഹായിച്ചു. പാരമ്പര്യത്തിൻെറ പെരുമയെ പുകഴ്ത്തി പറയുന്നതിൽ വ്യാപൃതരായിട്ട് ബാഹ്യലോകത്തിൻെറ നെടുവീർപ്പുകളെ കണ്ടില്ലെന്നു നടിക്കുന്നതല്ല മതബോധം എന്നദ്ദേഹം പറഞ്ഞു. കുമ്പിട്ടിരുന്ന് സ്തുതി വചനങ്ങൾ ആവർത്തിച്ചുരുവിട്ട് അയല്ക്കാരൻെറ ആകുലതയെ അവഗണിക്കുന്നതല്ല ആത്മീയത; അങ്ങേ ലോകത്തെത്തുമ്പോൾ എല്ലാം ശുഭമാകും എന്നു കരുതി ഈ ലോകത്തെ വിസ്മരിക്കുന്നതല്ല ക്രൈസ്തവ ജീവിതം എന്നദ്ദേഹം ഓർമ്മപ്പെടുത്തി.

ദൈവം മനുഷ്യനായി ഭൂമിയിൽ അവതരിച്ചു എന്ന ക്രൈസ്തവ വിശ്വാസത്തിൽ ഈ ലോകത്തെ ഗൗരവമായിട്ടെടുക്കണം എന്ന സന്ദേശമാണുള്ളത് എന്നദ്ദേഹം പഠിപ്പിച്ചു. ഈ ലോകത്തെയാണ് പരിവർത്തനപ്പെടുത്തി ദൈവരാജ്യമാക്കേണ്ടത്. മാനവൻെറ മുന്നോട്ടുള്ള ഗതിയെ തടയുന്ന സകല പ്രതിഭാസങ്ങൾക്കും പ്രതിരോധങ്ങൾക്കും എതിരെ ചെറുത്തുനില്പ് ആവശ്യമാണ്. ഈ പോരാട്ടത്തിനും പരിവർത്തനത്തിനായുള്ള സംഘട്ടനങ്ങൾക്കുമുള്ള പിൻബലമാണ് സഭയും മതവും നൽകേണ്ടത് എന്നദ്ദേഹം ഓർമ്മപ്പെടുത്തി. ഈ വിമോചനപ്രക്രിയയിൽ സകലരുമായും ചങ്ങാത്തം കൂടാനും സഹകരിക്കാനും സാധിക്കണം എന്ന

ദ്ദേഹം നിർദ്ദേശിച്ചു.

പള്ളിമതിൽകെട്ടിനകത്തല്ല, പുറത്ത് സമൂഹമദ്ധ്യത്തിലാണ് ആരാധനയുടെ സാംഗത്യം കണ്ടെത്തേണ്ടത്. എന്തെന്നാൽ യേശു ക്രൂശിക്കപ്പെട്ടത് പട്ടണമതിൽകെട്ടിന് പുറത്താണ്. ഈ പുറത്തുള്ളവരോടുള്ള പാരസ്പര്യമാണ് സഭയുടെ നിയോഗം; സ്വയം നിഷേധമാണ് സഭയുടെ പ്രവർത്തനശൈലി. ഈ നിഷേധത്തിലൂടെ ഉയിർത്തെഴുന്നേൽക്കുന്ന സ്വാതന്ത്ര്യമാണ് സഭയുടെ ലക്ഷ്യം എന്ന് ബിഷപ്പ് മാർ പൗലോസ് ഉദ്ഘോഷിച്ചു. ഈ ശബ്ദം പള്ളിചുമരുകൾ കടന്ന് ചന്തയിലും വ്യാപാരസ്ഥലത്തും തെരുവിലും അനുരണനം സൃഷ്ടിച്ചു; തോമസിനെപോലെ അനേകരെ തൊട്ടുണർത്തി കർമ്മനിരതരാക്കി. ആ ശബ്ദത്തിൻെറ ശാരീരിക സാന്നിദ്ധ്യം ഇന്നില്ല; എന്നാൽ ആ പ്രഘോഷണം ഇന്നും പൂർവ്വാധികം ഊർജ്ജത്തോടെ പ്രതിധ്വനിക്കുന്നു; അതിൻെറ ഒരു മുഴക്കമാണീ ഗ്രന്ഥം.

ബിഷപ്പിൻെറ പ്രസംഗങ്ങളെ ശ്രീ തോമസ് മനസിലാക്കുകയും പുനരാവിഷ്കരിക്കുകയും ചെയ്ത ശൈലിയിൽ തന്നെയാണ് ഈ ഗ്രന്ഥത്തിലെ ലേഖനങ്ങൾ അവതരിപ്പിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ വായനയുടെ അനർഗളതക്ക് അല്പം ക്ലേശം ഉണ്ടാകാം; വിഷയത്തിൻെറ വിശദാംശങ്ങൾ എല്ലായിടത്തും കണ്ടില്ല എന്നുംവരാം. എന്നാൽ ഉന്നതനായ ചിന്തകനും പ്രഗത്ഭനായ പ്രഭാഷകനും വേദപണ്ഡിതനും സാമൂഹിക പരിഷ്കർത്താവുമായ ബിഷപ്പിനെ ഒരു സാധാരണ വിശ്വാസിക്ക് എങ്ങിനെ മനസിലാക്കാൻ കഴിഞ്ഞു എന്ന് ഈ ഗ്രന്ഥം തെളിയിക്കുന്നുണ്ട്. ഇതിൽ നിർണായകമായ കാര്യം, ബിഷപ്പ് ഉദ്ദേശിച്ച താല്പര്യങ്ങൾ അനുവാചകന് പൂർണമായും ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നതാണ്.

ദൈവം മനുഷ്യനായി, മനുഷ്യനെപ്പോലെ, മനുഷ്യരുടെ മദ്ധ്യത്തിൽ വസിച്ചു എന്ന് വിശ്വസിക്കുമ്പോഴും ആ ദൈവ-മനുഷ്യൻെറ പേരിൽ ചില മനുഷ്യർ മനുഷ്യമദ്ധ്യത്തിൽ നിന്നകന്ന് വിരാചിക്കാൻ ശ്രമിക്കുന്ന ഇക്കാലഘട്ടത്തിൽ, അവരിലൊരാളായിരിക്കാൻ സാധ്യത ഉള്ളപ്പോൾ തന്നെ, ആ മണിമേട വിട്ട് മനുഷ്യൻെറ ഉൾപുളകങ്ങളെയും അന്തർഗതങ്ങളെയും വിചാരധാരകളെയും നെടുവീർപ്പുകളെയും നിലവിളികളെയും മോഹഭംഗങ്ങളെയും പ്രതിഷേധങ്ങളെയും അടുത്തറിഞ്ഞ, പങ്കാളിത്തമരുളിയ സാക്ഷാൽ മനുഷ്യനായിരുന്നു ബിഷപ്പ് പൗലോസ് മാർ പൗലോസ്. അദ്ദേഹത്തിൻെറ ശബ്ദം എന്നും പ്രതിധ്വനിച്ചു കൊണ്ടേ ഇരിക്കട്ടെ.

**ബിഷപ്പ് യൂഹാനോൻ മോർ മിലിത്തോസ്**

സെക്രട്ടറി
ബിഷപ്പ് ഡോ. പൗലോസ് മാർ പൗലോസ് ട്രസ്ററ്, തൃശൂർ.
സെപ്തംബർ 14, 2000





# ദൈവത്തെ ചരിത്രത്തിലേക്ക് തുറന്നു വിടുക

## വി.ജി. തമ്പി

ദൈവത്തെ ചരിത്രത്തിലേയ്ക്ക് സ്വതന്ത്രമാക്കുവാനുള്ള ആശയ പരമായ പടയൊരുക്കങ്ങളാണ് ബിഷപ്പ് പൗലോസ് മാർ പൗലോസിൻെറ വാക്കും ചിന്തയും കർമ്മവും. മനുഷ്യനുമായി ദൈവം നടത്തിയ വൈരുദ്ധ്യമാർന്ന സംവാദങ്ങളുടെ ചരിത്രമായി അദ്ദേഹം വേദപുസ്തകത്തെ വായിക്കാൻ ശ്രമിച്ചു. ദൈവം ചരിത്രത്തിലൂടെ വെളിപ്പെടുത്തപ്പെട്ടതിൻെറ മഹത്തായ വാങ്മയമായി അദ്ദേഹം വേദപുസ്തകത്തെ നിർവചിച്ചു. ചരിത്രത്തിലൂടെ വെളിപ്പെടുന്ന ദൈവീകാഹ്വാനങ്ങളെ ചെവിയോർത്തു. നീതി ലഭിക്കാത്തവർക്ക് അതെങ്ങനെ നൽകാമെന്ന വേദപുസ്തകത്തിൻെറ അടിസ്ഥാന പ്രശ്നത്തിനുള്ള മറുപടിയാണ് ഓരോ മനുഷ്യൻെറയും ആത്മീയ ജീവിതമെന്ന് അദ്ദേഹമറിഞ്ഞു.

രണ്ടായിരം വർഷങ്ങൾക്കു മുമ്പ് തനിക്ക് പറയാനുള്ളതെല്ലാം വെളിപ്പെടുത്തി രംഗത്തു നിന്നു പിൻമാറിയ ഒരു ദൈവസങ്കല്പമിവിടെയില്ല. മാറ്റപ്പെടാത്ത അലംഘനീയമായ കല്പനകളൊന്നും സുവിശേഷത്തിനില്ല. അതെപ്പോഴും എഴുതപ്പെട്ടുകൊണ്ടേയിരിക്കുന്നു. ചരിത്രത്തോടൊപ്പം പൊളിച്ചെഴുതി കൊണ്ടേയിരിക്കുന്നു. പോരാട്ടങ്ങളിലൂടെ പുതുക്കുകയും തിരുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ഒരു കയ്യിൽ വേദപുസ്തകവും മറ്റേ കയ്യിൽ വർത്തമാന പത്രവുമായി ബിഷപ്പ് തൻെറ സുവിശേഷവേല തുടർന്നു. മതത്തിനുള്ളിൽ നിന്നു കൊണ്ടു തന്നെ മതത്തെ വിമർശിക്കുകയും നവീകരിക്കുകയും ചെയ്യുന്ന പഴയ നിയമ പ്രവാചകൻമാരുടെ അതേ വംശത്തിൽ നിന്നുകൊണ്ടാണ് അദ്ദേഹം സുവിശേഷത്തെ സമകാലികമാക്കിക്കൊണ്ടിരുന്നത്.

ചിരിത്രത്തിനു നേരെ മറ്റൊരു മതത്തിനുമില്ലാതിരുന്ന ജാഗ്രതയും ഉൽക്കണ്ഠയും ക്രൈസ്തവ ധർമ്മാന്വേഷണത്തിൽ ബിഷപ്പിന് കണ്ടെത്താൻ കഴിഞ്ഞിരുന്നു. ചരിത്രത്തിൻെറയും ദൈവത്തിൻെറയും ഭാഷ ഒന്നാക്കുവാനുള്ള ഒരു മഹാസംരംഭമായിരുന്നു അത്.

ബന്ധനസ്ഥമായ മതത്തെ ഒരു വിമോചനാനുഭൂതിയാക്കുവാനുള്ള പുതിയൊരുതരം സുവിശേഷ പാരായണം നമുക്ക് ഈ പുസ്തകത്തിൽ

വായിക്കാം. വാസ്തവത്തിൽ കേൾക്കാം എന്നാണ് പറയേണ്ടത്. ബിഷപ്പിന്റെ പുസ്തകങ്ങൾ സത്യത്തിൽ നാം വായിക്കുകയല്ല കേൾക്കുകയാണ്. വാമൊഴിയുടെ മുഴക്കങ്ങളാണ് അദ്ദേഹത്തിന്റെ ഭാഷയുടെ രക്തം. സംഭാഷണഭാഷയുടെ ഓജസ്സാർന്ന വെട്ടിത്തിളക്കം നമുക്കവിടെ കാണാം. ഈ പുസ്തകത്തെക്കുറിച്ച് പ്രത്യേകിച്ചും അങ്ങനെ പറയേണ്ടി വരും. പള്ളിയിലും പള്ളിക്കു വെളിയിലും അദ്ദേഹം നടത്തിയ പ്രഭാഷണങ്ങളുടെ കേട്ടെഴുത്താണ് ഈ പുസ്തകത്തിന് അവലംബം. ബിഷപ്പു പോലുമറിയാതെ അദ്ദേഹത്തിന്റെ വാക്കുകളെ പിന്തുടർന്നു കൊണ്ടിരുന്ന ഒരു യുവാവിന്റെ വ്രതശുദ്ധിയുള്ള പ്രയത്നത്തിൽ നിന്നുമാണീ പുസ്തകം ഉണ്ടായിരിക്കുന്നത്. ഒരു വ്യാഴവട്ടക്കാലം ആ യുവാവ് ബിഷപ്പിനെ മിക്കവാറും രഹസ്യമായിത്തന്നെ നിശ്ശബ്ദം അനുഗമിക്കുകയായിരുന്നു. പ്രസംഗങ്ങൾ കേട്ടതിനു ശേഷം വീട്ടിൽ പോയിരുന്ന് അതിശയകരമായ സ്വീകരണക്ഷമതയോടെ ഏകാഗ്രതയോടെ എഴുതി തയ്യാറാക്കിയ നൂറ്റിയെഴുപത്തിനാല് പ്രഭാഷണക്കുറിപ്പുകൾ അയാളുടെ നോട്ട്ബുക്കിൽ ഞാൻ കണ്ടു. ശ്രോതാക്കളുടെ മറവികളിൽ വറ്റിപ്പോകുമായിരുന്നു വാക്കുകൾ ഒരു ജീവിതദൗത്യം പോലെ ഇയാൾ പെറുക്കി സൂക്ഷിച്ചു. വാക്കുകളുടെ അഗ്നിശോഭയുള്ള രത്നശേഖരം ഭൂഗർഭത്തിൽ നിന്നും നമുക്കായി പകർന്നു തന്നതിൽ ആ യുവാവിനോട് നാമേറെ കടപ്പെട്ടിരിക്കുന്നു.

ദൈവം ഒരു ചൂട്ടുവെളിച്ചമായി തന്റെ ഊടുപാതകളെ പ്രകാശവത്താക്കി തുടങ്ങിയതിന്റെ ഓർമ്മകൾ ബിഷപ്പ് പങ്കു വെയ്ക്കുന്നുണ്ട്. 'നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു' എന്ന സങ്കീർത്തനത്തിലെ ഒരു വാക്യമായിരുന്നു. ബാല്യകാലത്ത് താൻ കേട്ട ഏറ്റവും തിളക്കമുള്ള ദൈവസ്വരമെന്ന് ബിഷപ്പ് ഓർമ്മിക്കുന്നു. ദൈവം സർവ്വവും വെളിപ്പെടുത്തുന്ന, അദൃശ്യമായതിനെയെല്ലാം വെളിച്ചപ്പെടുത്തുന്ന ഒരു സൂര്യവെളിച്ചമായിട്ടല്ല ഒരു ചൂട്ടുവെളിച്ചമായിട്ടാണ് തനിക്ക് അനുഭവപ്പെട്ടതെന്ന് ബിഷപ്പ് പറയുന്നു. വിശാലമായ ഭാവിയിലേയ്ക്കല്ല അത് വെളിച്ചം വീശിയത്. തൊട്ടടുത്ത വർത്തമാനകാല ദുരിതാന്ധകാരത്തെയാണ് പ്രകാശിപ്പിച്ചത്. ഇരുളിലൂടെ നടക്കുമ്പോൾ അത് ഇരുളിനെയല്ല മറിച്ച് നിങ്ങളെത്തന്നെയാണ് പ്രകാശവത്താക്കുന്നത്. ഇത് ബിഷപ്പ് പൗലൊസ് മാർ പൗലൊസിന്റെ ജീവിതാദർശങ്ങൾക്കുള്ള ഒരു താക്കോൽവാക്യമായി കണക്കാക്കാം. വരാൻ പോകുന്ന കാര്യങ്ങൾ പറയുന്നതല്ല, തൊട്ടുമുന്നിലെ യാഥാർത്ഥ്യങ്ങളെ ചൂണ്ടിക്കാട്ടലാണ് പ്രവാചകധർമ്മമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞതിങ്ങനെയാകണം.

ദൈവവുമൊത്തുള്ള ഒരു സാഹസിക യാത്രയായി തന്റെ വിശ്വാസജീവിതത്തെ ബിഷപ്പ് കണ്ടെത്തുന്നുണ്ട്. സുരക്ഷിത കേന്ദ്രങ്ങളിൽ നിന്ന് അനിശ്ചിതമായ ജീവിത വൈരുദ്ധ്യങ്ങളിലേയ്ക്ക്, ഉപരിപ്ലവമായ ഭക്തി

യിൽ നിന്ന് തീഷ്ണമായ ജീവിതത്തിലേയ്ക്ക് അപകടകരവും ക്ലേശകരവുമായ ഒരു സാഹസികയാത്ര തന്നെ. ഓരോ മനുഷ്യൻെറയും വിശ്വാസം അത് സ്വാതന്ത്ര്യത്തിലേയ്ക്കുള്ള ഒരാർത്തനാദമായി അദ്ദേഹം അനുഭവിക്കുന്നു.

ദൈവവും മനുഷ്യനും തമ്മിലുള്ള പരസ്പരസംവാദമാണ് പ്രവാചക പ്രയോഗങ്ങൾക്കടിസ്ഥാനം. ദൈവത്തെ ചരിത്രത്തിലേയ്ക്ക് തുറന്നു വിടുന്നവൻ എന്ന അർത്ഥത്തിലാണ് മിക്കവാറും ബിഷപ്പ് പ്രവാചക പരമ്പരകളെ കണ്ടെത്തിയത് എന്നാണ് ഞാൻ വിചാരിക്കുന്നത്. മനുഷ്യവംശത്തിൻെറ ആത്യന്തിക സാധ്യതയായ ദൈവരാജ്യത്തെ ഈ ഭൂമിയിൽത്തന്നെ സാക്ഷാൽക്കരിക്കുവാനുള്ള, ഒരേ സമയം ത്യാഗത്തിൻെറയും പ്രത്യാശയുടെയും ജീവിതമാണ് പ്രവാചകരിലദ്ദേഹം വായിച്ചെടുത്തത്.

തങ്ങളുടെ കാലത്തെ അടഞ്ഞു പോയ മൂല്യ വ്യവസ്ഥയെ തകിടം മറിക്കുന്ന പ്രതിസംസ്കൃതി എന്ന നിലയിൽ പ്രവാചകദൗത്യത്തെ നമുക്ക് കണ്ടെത്താൻ കഴിയും.

മതം എപ്രകാരമെല്ലാം ഇക്കാലത്ത് ജീർണ്ണമാകുന്നു, അന്ധമാകുന്നു, വർഗ്ഗീയ വൽക്കരിക്കപ്പെടുന്നു, കച്ചവട കേന്ദ്രങ്ങളാകുന്നു, അധികാര രൂപമാർജിക്കുന്നു. അതിനോടെല്ലാമുള്ള പ്രതിരോധമായിരുന്നു ബിഷപ്പിൻെറ മത ജീവിതം. മതം സമകാലിക സംസ്കാരത്തെ നിഷേധിക്കുകയല്ല, അതിനോടൊപ്പം പോകുകയല്ല, സംസ്ക്കാരത്തെ രൂപാന്തരപ്പെടുത്തുകയാണ് ചെയ്യേണ്ടതെന്നാണ് ബിഷപ്പിൻെറ ഉൾക്കാഴ്ച. ക്രിസ്തുവിൻെറ ദേവാലയശുദ്ധീകരണം എന്ന മഹത്തായ മതവിമർശനത്തിൻെറ തുടർച്ചയിലാണ് ബിഷപ്പ് നില കൊള്ളുന്നത്.

മഹാപുരോഹിതൻമാരോടും യാഥാസ്ഥിതിക മതസ്ഥാപനങ്ങളോടും ഏറ്റുമുട്ടി രക്തസാക്ഷിത്വം വരിച്ച യേശു എന്ന യുവപ്രവാചകനെ ഇന്നത്തെ സഭ. രാജാധിരാജനായി സ്വർണ്ണസിംഹാസനത്തിലിരുത്തി ആരാധിക്കുകയാണ്. അല്ലെങ്കിൽ കേവലമായ സഹനത്തിൻെറ ഒരു കുരിശുരൂപമാക്കി ദേവാലയഭിത്തികളിൽ തൂക്കിയിട്ടിരിക്കുകയാണ്. ആ ദൈവത്തെയാണ് ചരിത്രത്തിന് തിരിച്ചു കൊടുക്കേണ്ടത്. ക്രിസ്തുമതം യേശുവിൽ അതിൻെറ ഉറവിടം കണ്ടെത്തുകയാണ് വേണ്ടത്. യഹൂദദൈവത്തിൻെറ നിഷ്ഠൂരശാസനത്തെയും റോമൻസാമ്രാജ്യത്തിൻെറ കഠിനമായ നിയമവ്യവസ്ഥയേയും നേരിട്ടുകൊണ്ട് പൊട്ടിത്തെറിച്ച വ്യക്തിത്വമായിരുന്നു യേശുവിൻേറത്. അധികാര വിരുദ്ധതയുടെ സ്ഫോടനാത്മകമായ യേശുവിൻെറ യുവത്വമാണ് വേദപുസ്തകത്തിൽ നിന്നും ബിഷപ്പ് പൗലൊസ് മാർ പൗലൊസ് വിശ്വാസികൾക്കും അവിശ്വാസികൾക്കും മുമ്പിൽ തൻെറ ദൈവാനുഭവങ്ങളായി പങ്കു വെയ്ക്കുന്നത്.

ലോകത്തിൽ നിന്നും വേർപെട്ടു പോയ ദൈവത്തെ ലോകത്തിന് തിരിച്ചേൽപ്പിക്കുക എന്ന ദൗത്യത്തിലാണ് ബിഷപ്പ് തൻെറ പടയൊരുക്കങ്ങളുടെ ആത്മാവ് കണ്ടെത്തിയത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ദൈവത്തിന്ന് ചരിത്രത്തോട് സംവദിക്കാനുള്ള വിസ്തൃതമായ സന്ദർഭങ്ങളൊരുക്കയാണ് അദ്ദേഹം ചെയ്തത്. ആഗോളവൽക്കരണവും ഉദാരവൽക്കരണവും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ, അണുവായുധങ്ങൾ നിയന്ത്രിക്കാമെന്നായിട്ടും ലോകസമാധാനം നേരിടുന്ന പ്രശ്നങ്ങൾ, മതമൗലികത ഉയർത്തുന്ന പ്രശ്നങ്ങൾ, സ്ത്രീ-പുരുഷബന്ധങ്ങളിലെ ഉച്ചനീചത്വങ്ങൾ, പെരുകി വരുന്നു അക്രമങ്ങൾ എന്നിങ്ങനെ ബിഷപ്പ് തന്നെ എണ്ണിയെണ്ണി പറയുന്ന നമ്മുടെ വർത്തമാനകാല യാഥാർത്ഥ്യങ്ങളോട് സംവദിക്കാൻ അന്ധബന്ധിതമായ ദേവാലയങ്ങളിൽ കുരുങ്ങിക്കിടക്കുന്ന ദൈവത്തെ വിമോചിപ്പിക്കുകയാണാവശ്യം.

നരകത്തിലെ ഏറ്റവും ചൂടേറിയ സ്ഥലം ധാർമ്മിക പ്രശ്നത്തിൽ നിഷ്പക്ഷരാകുന്ന ആൾക്കാർക്കായി ഒരുക്കിയിരിക്കുകയാണെന്ന് ദാന്തേ പറയുന്നുണ്ട്. അഗതികളോടും ദരിദ്രരോടും നിന്ദിതരോടും പക്ഷം ചേരുന്നിടത്താണ് മതത്തിൻെറ ആത്മാവ് ജ്വലിക്കുക എന്നാണ് ബിഷപ്പ് രേഖപ്പെടുത്തുന്നത്. യേശുവിൻെറ മുഖം വിജയശ്രീലാളിതനായ ഒരു രാജകുമാരൻേറതല്ല, ഒരടിമയുടെ, ആശാരിയുടെ, ദളിതൻെറ, അനീതിക്കെതിരെ പ്രക്ഷുബ്ധമായ ഒരു യുവാവിൻെറ ആളിക്കത്തുന്ന മുഖമാകണം.

നോമ്പുകാല ചിന്തകളായിട്ടും തിരുപ്പിറവിയുടെയും ഉയിർപ്പിൻെറയും തിരുന്നാൾ ചിന്തകളായിട്ടും വളരെ ലളിതസ്വരത്തിൽ എന്നാൽ അഗാധമായ മനുഷ്യഭാഷയിൽ ഈ പ്രഭാഷണങ്ങളിലൂടെ ദൈവം സമകാലികതയിലേയ്ക്ക് ഇറങ്ങി വരുന്നുണ്ട്. മതത്തെ ജനാധിപത്യവൽക്കരിക്കുവാനും വ്യാജമായ അനുഷ്ടാനങ്ങളിൽ നിന്നും വിമോചിപ്പിക്കുവാനും രാഷ്ട്രീയത്തെ ആത്മീയവൽക്കരിക്കുവാനും സ്ത്രൈണ ആത്മീയതയെ ഉയർത്തിപ്പിടിക്കുവാനും ഈ പ്രഭാഷണങ്ങളിൽ സജീവ പരിഗണന നേടുന്നു. സഭ സംസാരിക്കേണ്ടപ്പോൾ സംസാരിക്കാതിരിക്കുയും സംസാരിക്കരുതാത്തപ്പോൾ സംസാരിക്കുകയും ചെയ്യുന്ന കുറ്റത്തിൽ പശ്ചാത്തപിക്കണമെന്നും അദ്ദേഹം പറയുന്നു.

ബിഷപ്പ് മരിച്ചിട്ട് രണ്ടു വർഷം കഴിഞ്ഞിരിക്കുന്നു. പക്ഷെ ആ ജീവിതം ഒരു ദീർഘവിരാമമല്ല. അവിരാമം തുടരുകയാണ് ഇടിമിന്നൽ പോലുള്ള ആ ജീവിതം. ലോകത്തെ നിരന്തരം പുതുക്കിപ്പണിയുന്ന പ്രവാചകപരമ്പരകളവസാനിക്കുന്നില്ല.





*POULOSE MAR POULOSE*
(Bishop. Church of the East)

METROPOLITAN'S HOUSE
TRICHUR-680 001
KERALA, INDIA

Phone : 0487-420978
0487-428083 (Private)

Dec. 31, 1997

[illegible],

[illegible]

നന്ദി. [illegible]

[illegible]

വീണ്ടും നന്ദി. നവവത്സരാശംസകളോടെ,

സസ്നേഹം,

+ Poulose Poulose

**(ബിഷപ്പ് പൗലോസ് മാർ പൗലോസ് കെ.ജെ തോമസിനയച്ച കത്ത്)**





# 1

## സഭയുടെ വാതായനങ്ങളെ തുറക്കുക

*18.9.1988 ഞായറാഴ്ച പറവട്ടാനി മാർ അദ്ദായ് ശ്ലീഹ പള്ളിയിൽ കുർബ്ബാനാവസരത്തിൽ ചെയ്ത പ്രസംഗം.*

മത്തായി 18-ാം അദ്ധ്യായം 1 മുതൽ 3 വരെ വാക്യങ്ങൾ: 'ആ നാഴികയിൽ ശിഷ്യൻമാർ യേശുവിൻെറ അടുക്കൽ വന്നു. സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആർ എന്നു ചോദിച്ചു. അവൻ ഒരു ശിശുവിനെ അടുക്കൽ വിളിച്ച് അവരുടെ നടുവിൽ നിറുത്തി. നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയി വരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു എന്നു പറഞ്ഞു'.

ഒരു ശിശുവിന് ഭാവിയെക്കുറിച്ച് തുറന്ന സമീപനമാണുണ്ടാകുക. കുട്ടി ഒരു പ്രവൃത്തിക്ക് ഒരുങ്ങുമ്പോൾ ലാഭമോ നഷ്ടമോ നോക്കുകയില്ല. ഒരുപക്ഷെ അപകടം നിറഞ്ഞ ഒരു പ്രവൃത്തിയായിരിക്കും കുട്ടി ചെയ്യുവാൻ പോകുന്നത്. എങ്കിലും കുട്ടിക്ക് ആ പ്രവൃത്തി ചെയ്താൽ ഉണ്ടാകുന്ന ദോഷവശങ്ങൾ അറിയുകയില്ല. ഈ അവസ്ഥ വലിയവരായ നമ്മിലും ഉണ്ടാകുമോ?

നമ്മുടെ സഭയിലും സമൂഹത്തിലും പല മാറ്റങ്ങളും നമുക്ക് നടപ്പിൽ വരുത്തേണ്ടതുണ്ട്. ചിലപ്പോൾ നഷ്ടം വരുത്തുന്ന കാര്യമായിരിക്കാം. എങ്കിലും ഒന്ന് പരീക്ഷിച്ച് നോക്കുകത്തന്നെ ചെയ്യണം. വിമർശനങ്ങൾ ഉണ്ടാകും. ഉണ്ടാകണം.

ഈ ലോകം എന്നത് എത്രയോ വലുതാണ്. അതിൽ എത്രയോ ചുരുക്കമാണ് ക്രൈസ്തവർ. അതിലും എത്രയോ ചുരുക്കമാണ് കൽദായ സുറിയാനി സഭാംഗങ്ങൾ. മതം ലോകമോഹങ്ങളിൽ ആണ്ട് പോകുന്തോറും അത് ആന്തരികമായി നശിക്കുകയാണ്. വെല്ലുവിളികൾ നേരിടുവാനുള്ള ശക്തി ക്ഷയിക്കുകയാണ്. ലോകമോഹത്തിൻെറ പിന്നാലെയാണ് ഇന്ന് സംഘടിത സഭ പോകുന്നത്.

ശിഷ്യൻമാർ യേശുവിനെ പല വിധത്തിലാണ് കരുതിയിരുന്നത്. റോമാ സാമ്രാജ്യത്തിൻെറ അടിമത്തത്തിൽ കഴിഞ്ഞിരുന്ന യഹൂദാ ജാതിയെ രക്ഷിക്കാൻ മ്ശീഹാ എന്ന ഒരുവനെ അയക്കും എന്ന് ശിഷ്യൻമാരും യഹൂദൻമാരും കരുതിയിരുന്നു. അത് യേശുവിലൂടെ സാധിക്കും

എന്ന് ചില ശിഷ്യൻമാർ കരുതിയിരുന്നു. ഇതുകൊണ്ടാണ് പല ശിഷ്യൻമാരും കയ്യിൽ വടിയും വാളും മറ്റും കരുതിയിരുന്നത്. പെട്ടെന്ന് ഒരു യുദ്ധം യേശുവിൻെറ നേതൃത്വത്തിൽ സംഭവിക്കുകയാണെങ്കിൽ അതിന് അവർ ഒരുങ്ങിയിരുന്നു. ഇന്ന് നമ്മുടെചുറ്റും ചില സായുധ സംഘടനകൾ വടിയും വാളും മറ്റും കൈവശം വയ്ക്കുന്നതുപോലെ. അങ്ങിനെ യേശു യിസ്രായേലിൽ അധികാരത്തിൽ വരികയാണെങ്കിൽ യേശു രാജാവായിരിക്കും. അവൻ തൻെറ പ്രധാനമന്ത്രിമാരായിട്ട് മറ്റ് രണ്ടുപേരെയും നിയമിക്കും. ഇത് തങ്ങളിൽ ആരായിരിക്കും എന്ന് ശിഷ്യൻമാരിൽ ത്തന്നെ സംശയമുണ്ടായിരുന്നു. ഇതിനെ അടിസ്ഥാനമാക്കിയാണ് മത്തായി 20-ാം അദ്ധ്യായത്തിൽ 20-ാം വാക്യം. 'അന്ന് സെബദി പുത്രൻമാരുടെ അമ്മ പുത്രൻമാരുമായി അവൻെറ അടുക്കൽ വന്നു നമസ്കരിച്ച് അവനോട് ഒരപേക്ഷ സമർപ്പിച്ചു. നിനക്ക് എന്തുവേണം എന്ന് അവൻ അവളോട് ചോദിച്ചു. അവൾ അവനോട് ഈ എൻെറ പുത്രൻമാർ ഇരുവരും നിൻെറ രാജ്യത്തിൽ ഒരുവൻ നിൻെറ വലത്തും ഒരുവൻ ഇടത്തും ഇരിപ്പാൻ അരുളി ചെയ്യേണമെ എന്നുപറഞ്ഞു.

ഇതിൻെറ താല്പര്യം ഒരർത്ഥത്തിൽ പറയുകയാണെങ്കിൽ - നീ രാജാവ്. ഞങ്ങളിൽ ഒരുവൻ ധനകാര്യമന്ത്രിയും മറ്റവൻ ആഭ്യന്തര മന്ത്രിയും.

റോമിലെ 23-ാം മാർപാപ്പ ജോൺ വത്തിക്കാനിൽ വെച്ച് 1962ൽ ഒരു സുനഹാദോസ് വിളിച്ചുകൂട്ടി. ഇതിനു മുന്നോടിയായി മാർപാപ്പ തൻെറ സ്വന്തം കൈകൾ കൊണ്ട് തന്നെ വത്തിക്കാനിലെ ആ വലിയ ദേവാലയത്തിലെ അടഞ്ഞ വാതിലുകളും വാതായനങ്ങളും തുറന്നിട്ടു. കർദ്ദിനാൾമാർ ആശ്ചര്യപ്പെട്ടു. ചിലർ പിറുപിറുത്തു. 'കുറച്ച് ശുദ്ധവായു ഈ പള്ളിക്കകത്ത് പ്രവേശിക്കട്ടെ', മാർപാപ്പ പറഞ്ഞു. എന്തായിരുന്നു ആ പ്രവൃത്തിയുടെ അർത്ഥം. പള്ളിയിലും റോമൻസഭയിലും ഉണ്ടായിരുന്ന ദുഷിച്ച പ്രവൃത്തികളും വിചാരങ്ങളും തിരുത്തുക എന്നതായിരുന്നു. ഈ വാതായനങ്ങളെ തുറക്കുന്ന നടപടി നമ്മുടെ സഭയിലും സമൂഹത്തിലും ഇന്ന് നടക്കുമോ എന്നതാണ് പ്രശ്നം. അധികാരത്തിൻെറ ദുഷിച്ച വായുവിന് പകരം സാധാരണ മനുഷ്യൻ ജീവിക്കുന്ന ലോകത്തിലെ സ്വതന്ത്രവായു സഭക്കകത്ത് പ്രവേശിക്കുമോ എന്നതാണ് പ്രശ്നം. □





# 2

## മതാത്മകതയുടെ വിശുദ്ധി

*1-3-1998 രാവിലെ 7.45ന് മാർത്ത മറിയം വലിയ പള്ളിയിൽ കുർബ്ബാനക്ക് ചെയ്ത പ്രസംഗം*

ബൈബിളിലെ വളരെ പ്രസക്തമായ ഒരു ഭാഗത്തെക്കുറിച്ചാണ് ഇവിടെ വിവരിക്കാൻ പോകുന്നത്. ഇന്നും വളരെ പ്രസക്തമായ ഒന്ന്. കള്ളപ്രവാചകൻമാരെ ഒറ്റപ്പെടുത്താൻ യേശു എന്നും ആഗ്രഹിച്ചിരുന്നു. ബാഹ്യമായ ആചാരാനുഷ്ഠാനങ്ങളിൽ മാത്രം മുഴുകിയിരുന്ന പരീശൻമാരുടേയും യഹൂദൻമാരുടേയും കള്ളത്തരത്തെ അനാവരണം ചെയ്തുകൊണ്ടാണ് യേശു ഇതു സാധിച്ചത്. അതിലൂടെ മതത്തിൻെറ അന്തഃസത്ത എന്താണ് എന്ന് അദ്ദേഹം നമുക്കു വിവരിച്ചുതന്നു. ചില കാര്യങ്ങളിലൂടെ ഞാനത് വിശദീകരിക്കാം.

**ഒന്ന് – ബാഹ്യമായ ചില അനുഷ്ഠാനങ്ങൾ നിർവ്വഹിക്കൽ.**

യഹൂദൻമാരുടെ കാര്യമെടുക്കുക. ഓരോ ജാതിക്കും അനുസരിച്ച് വിവിധ വസ്ത്രങ്ങൾ ധരിക്കണമെന്നും പള്ളികളിലേക്കുള്ള പണം മുടക്കമില്ലാതെ കൊടുക്കണമെന്നും ദേവാലയത്തിലെ ചടങ്ങുകളിൽ കൃത്യമായി പങ്കെടുക്കണമെന്നും അവർക്കു നിർബന്ധമായിരുന്നു. അഥവാ ഇത്തരം കാര്യങ്ങൾ അനുഷ്ഠിക്കുന്നതിലൂടെ തങ്ങളുടെ ആത്മാവിനെ മോചിപ്പിക്കാമെന്ന് അവർ കരുതി. എന്നാൽ അനുഷ്ഠാനങ്ങൾ നിർവ്വഹിക്കുന്നതിൽ മാത്രം ആത്മസംതൃപ്തി കണ്ടെത്തുന്ന ഒന്നല്ല യഥാർത്ഥ മതജീവിതം ! അന്ന് അവരോടും ഇന്ന് നമ്മോടുമായി യേശു സംസാരിക്കുന്നതും കേവലാനുഷ്ഠാനങ്ങൾക്ക് എതിരായാണ്.

**രണ്ട് – അരുതാത്ത കാര്യങ്ങൾ ചെയ്യാതിരിക്കലല്ല; മറിച്ച് നല്ല കാര്യങ്ങൾ ചെയ്യലാണ് ശരിയായ മതബോധത്തിൻെറ പ്രേരണ.**

മദ്യം കഴിക്കാത്തതുകൊണ്ടോ പുകവലിക്കാത്തതുകൊണ്ടോ ചീത്ത കൂട്ടുകെട്ടിൽ ഏർപ്പെടാത്തതുകൊണ്ടോ ഒരാൾ മതാനുയായി ആകണമെന്നില്ല. നഷ്ടപ്പെടുത്താൻ തയ്യാറായിക്കൊണ്ട് നല്ല പ്രവർത്തനങ്ങളിൽ ഏർപ്പെടുക ! ദൈവോദ്ദേശ്യം എന്തെന്ന് അറിയാൻ ശ്രമിക്കുക. തൻെറ അഭീഷ്ടങ്ങൾ ദൈവത്തിൻെറ അഭീഷ്ടങ്ങളുമായി സമന്വയിപ്പിക്കാൻ ശ്രമിക്കുക. അരുതാത്തത് ചെയ്യില്ലെന്ന് പറഞ്ഞുകൊണ്ട് മതാനുയായി

ആവാൻ ശ്രമിക്കുകയല്ല വേണ്ടത്; മറിച്ച് കർമ്മത്തിലൂടെ ദൈവസന്നിധി പ്രാപിക്കുകയാണ്. കർമ്മമാണ് യേശു.

**മൂന്ന് – ജീവിതത്തിൽ നിന്ന് കുരിശിനെ മാറ്റുവാനുള്ള പ്രവണത.**

ദൈവം നമ്മെ വിളിക്കുന്നത് സുരക്ഷിതമായ മേഖലകളിലേക്കല്ല; മറിച്ച് സാഹസികമായ മേഖലകളിലേക്കാണ്ടു താനും. എന്നാൽ ജീവിതത്തിൽ നമുക്ക് അനുവദിച്ചു കിട്ടിയിട്ടുള്ള കുരിശിനെ നീക്കം ചെയ്യാനാണ് പണ്ടുമുതലേ പല ഏജൻസികളും പ്രവർത്തിക്കുന്നത്. നമ്മുടെ കാലത്തെ ധ്യാനകേന്ദ്രങ്ങൾ ഇത്തരത്തിൽ മതത്തെ തെറ്റായി പഠിപ്പിക്കുന്ന ഏജൻസികളാണ്. പണം ചെലവഴിച്ച് മാസങ്ങളോളം ധ്യാനിച്ചാൽ കുരിശൊഴിഞ്ഞുപോകുമെന്ന് അവർ പ്രചരിപ്പിക്കുകയും വിശ്വസിപ്പിക്കുകയും ചെയ്യുന്നു.

തൻെറ നാമത്തിൽ രണ്ടോ മൂന്നോ പേർ കൂടുന്നിടത്ത് താനുണ്ട് എന്ന് യേശു പറയുന്നു. ശരിയാണ്, ദൈവനാമത്തെ നാം കൂടിയിരുന്ന് മഹത്ത്വപ്പെടുത്തേണ്ടതുണ്ട്. പക്ഷേ അപ്പോഴും നമ്മുടെ കുരിശ് നാം തന്നെ ചുമക്കണം. അതിനുള്ള ശക്തി ദൈവം തരുമെന്ന് നമുക്ക് പ്രാർത്ഥനയിലൂടെ പ്രത്യാശിക്കാം.

**നാല് – യേശു ഈ ലോകത്തെ നല്ലതായി കണ്ടു. പിന്നെ നാമെന്തിന് വെറുക്കണം.**

ഈ ഭൂതലം മുഴുവൻ ദൈവസൃഷ്ടിയാണ്. പിതാവായ ദൈവം തൻെറ പുത്രനെ ഈ ഭൂമിയിലേക്കയച്ചു, ഒരു വീണ്ടെടുപ്പിനായി. ഈ പുത്രൻെറ വരവോടെ ലോകത്തിലെ വേർത്തിരിവ് ഇല്ലാതായി. അതായത് അതുവരെ സ്വർല്ലോകം ഭൂലോകം എന്നെല്ലാമുണ്ടായിരുന്ന തരംതിരിവ് ഈ വരവോടെ ഇല്ലാതാകുകയായിരുന്നു. ഇനി വേറൊരു ലോകം നമുക്കു ലഭിക്കാനില്ല. അതിനാൽ ഈ ലോകം തന്നെ ശാശ്വതം. ഇത് മായയൊന്നുമല്ല. ഇവിടെ നമുക്കായി ഒരു കൃത്യം മാത്രം. യേശു ഇവിടെ മുഴുമിക്കാതെ പോയത് പൂർത്തിയാക്കുക. അങ്ങനെ ലോകത്തെ വിശുദ്ധമാക്കാനൊരുങ്ങിയ യേശുവിൻെറ ദൗത്യത്തെ പൂർണ്ണമാക്കുക.

കള്ളപ്രവാചകർ ഈ ലോകം മായയാണെന്നു പറയും. നശ്വരമാണെന്നു പ്രഖ്യാപിക്കും. എന്നാൽ നമുക്ക് ഇതാണ് സ്വർഗ്ഗം. ഇതാണ് അനശ്വരം. ഇതിനെ നന്നാക്കാനാണ് യേശു നമ്മെ പഠിപ്പിച്ചത്.

ഓരോ മതവും അതിൻെറ അന്ത:സത്തയിൽ വിശുദ്ധമായ സത്യത്തിൻെറ പൊരുളുകൾ സൂക്ഷിക്കുന്നു. ഒരു മതവും മറ്റൊന്നിനേക്കാൾ ശ്രേഷ്ഠമോ നീചമോ അല്ല. അതിനാൽ സങ്കുചിതമായ മതചിന്ത യേശു വെറുക്കുന്നു. ഈ നോമ്പുകാലം മതത്തിൻേറയും സഭയുടേയും ആന്തരാംശത്തിലേക്കു കടന്നു ചിന്തിക്കാനും പ്രവർത്തിക്കാനും നമ്മെ സഹായിക്കട്ടെ. □





3

# മതം മനുഷ്യരെ പീഡിപ്പിക്കുന്നു

*3-12-1989 രാവിലെ 7.30ന് പീച്ചി മാർ യാക്കോബ് മ്പസ്ക പള്ളിയിൽ കുർബ്ബാനയിൽ ചെയ്ത പ്രസംഗം*

(മത്തായിയുടെ സുവിശേഷം 23-ാം അദ്ധ്യായം 1 മുതൽ 22 വരെ)

ഞാൻ ഇന്നിവിടെ പറയുവാൻ ഉദ്ദേശിക്കുന്നത് മതങ്ങൾ മനുഷ്യന് നൽകുന്ന ഭാരത്തെകുറിച്ചാണ്. യഹൂദൻമാർക്ക് പെസഹയും പെരുന്നാളുകളും അമാവാസികളും ആചരിക്കുന്നതിന് ചില പ്രത്യേക നിയമങ്ങളും ചട്ടങ്ങളും ഉണ്ട്. നമുക്ക് കേൾക്കുമ്പോൾ ചിരിവരുന്ന തരത്തിലുള്ള നിയമങ്ങളും നിബന്ധനകളുമാണ് അധികവും.

യഹൂദൻമാരുടെ ഇടയിൽ അന്ന് മതപുരോഹിതന്മാരും ശാസ്ത്രിമാരും പരീശൻമാരും മതത്തെ തെറ്റായി വ്യാഖ്യാനിക്കുകയും മതനേതൃത്വം ജനങ്ങളെ തെറ്റായി വഴി നടത്തുകയും ചെയ്തിരുന്നു. ഈ പ്രവർത്തനരീതി കൊണ്ടാണ് യേശു അവരെയെല്ലാം എതിർക്കുവാനിടയായത്. യേശു പറഞ്ഞു: "നിങ്ങൾ ഒരുവനെ മതത്തിൽ ചേർക്കുവാനായി കടലും കരയും ചുറ്റി നടക്കുന്നു; ചേർന്നശേഷം അവനെ നിങ്ങളേക്കാൾ ഇരട്ടിച്ച നരകയോഗ്യൻ ആക്കുന്നു."

ഇന്നും നമ്മുടെ ഇടയിലെ മതമേലദ്ധ്യക്ഷൻമാരും മറ്റു നേതാക്കളും വിശ്വാസികളെ എങ്ങിനെയാണ് നയിക്കുന്നത് എന്ന് നോക്കുക.

നാം സഭയായിട്ട്, സമൂഹമായിട്ട് ജീവിക്കുമ്പോൾ സമൂഹത്തിലുണ്ടാകുന്ന മാറ്റങ്ങളോട് പ്രതികരിക്കണം. ക്രൈസ്തവരായ നാം എപ്പോഴും ശബ്ദഹീനൻേറയും ശക്തിഹീനൻേറയും അവകാശങ്ങൾക്കായി വാദിക്കണം. അവരുടെ നാവാകുവാൻ സഭക്ക് കഴിയണം.

പണ്ട് 1945ൽ ജർമ്മനിയിൽ ഹിറ്റ്ലർ യഹൂദവംശത്തെ മുഴുവൻ തന്നെ പീഡിപ്പിച്ച് കൊന്നിട്ടുള്ള കാര്യം മുൻപ് പലപ്പോഴും ഞാൻ നിങ്ങളോട് പറഞ്ഞിട്ടുണ്ട്. എന്നാൽ ജർമ്മനിയിലെ ക്രൈസ്തവർ ഇതിനെതിരെ പ്രതികരിച്ചില്ല എന്നും ഞാൻ പറഞ്ഞിട്ടുണ്ട്. അവർക്കറിയാം ഹിറ്റ്ലറോട് പ്രതികരിച്ചാൽ അദ്ദേഹം തങ്ങളേയും വകവരുത്തും എന്ന്. അതുകൊണ്ട് അവർ മിണ്ടാതിരുന്നു. എന്നാൽ ജർമ്മനിയിലെത്തന്നെ ഒരു ദൈവശാസ്ത്രജ്ഞൻ ഡ്രീറ്റ്ട്രിച്ച് ബോൺഹോഫർ ഇതിനെതിരെ ശക്തമായി പ്രതികരിച്ചു. അദ്ദേഹം പറഞ്ഞു : 'ഹിറ്റ്ലറുടെ ഈ അറുംകൊ

ലകളെ ഒറ്റപ്പെടുത്തുവാനും അതിൽ ശക്തിയായി പ്രതിഷേധിക്കുവാനും കഴിവില്ലാത്ത ഒരു ക്രിസ്ത്യാനിക്കും ഗ്രിഗോറിയൻ സങ്കീർത്തനങ്ങൾ പാടാനുള്ള അർഹതയില്ല' എന്ന്. ഗ്രിഗോറിയൻ സങ്കീർത്തനം എന്ന് പറയുന്നത് അന്ന് ജർമ്മനിയിൽ ക്രൈസ്തവദേവാലയങ്ങളിൽ പാടിയിരുന്ന ഒരു ഗീതമാണ്.

ഹിറ്റ്ലർ ഡീറ്റ്ട്രിച്ച് ബോൺഹോഫറെ പിടിച്ച് തടവിലാക്കി. പീഡിപ്പിച്ച് കോൺസൺട്രേഷൻ ക്യാമ്പിലേക്ക് അയച്ചു. സഖ്യകക്ഷികൾ കോൺസൻട്രേഷൻ ക്യാമ്പിലുള്ളവരെ മോചിപ്പിക്കുന്നതിന് തൊട്ടുമുൻപ്, കൃത്യമായി പറഞ്ഞാൽ, 1945 ഏപ്രിൽ 9-ാം തീയതി ഹിറ്റ്ലർ ഡീറ്റ്ട്രീച്ച് ബോൺഹോഫറെ തൂക്കികൊന്നു.

ഇതുപോലെ നമുക്ക് ചുറ്റും കാണുന്ന അനീതിക്കും അഴിമതിക്കും എതിരെ മരണത്തെ നേരിട്ടുകൊണ്ടുപോലും നാം പ്രതികരിക്കണം. ഒരു ദൈവശാസ്ത്രജ്ഞൻ പണ്ട് പറഞ്ഞിട്ടുണ്ട്. 'മതം ചാകുവാൻ തയ്യാറാകണം' എന്ന്. എന്നുവെച്ചാൽ മതം ചന്ദനത്തിരിപോലെ സ്വയം കത്തി മറ്റുള്ളവർക്ക് നൻമ ചെയ്ത് ചാമ്പലാകണം.

ഇന്ന് നമ്മുടെ ഇടവകദിനമാണ്. ഇവിടെ ഞാൻ പ്രത്യേകം കണ്ട ഒരു കാര്യം പള്ളിമുറ്റത്തെ പുല്ലും മറ്റും വെട്ടിക്കളഞ്ഞ് വെടിപ്പാക്കിയിരിക്കുന്നു. മറ്റ് പല പള്ളികളിലും ഇത് കാണാറില്ല. തീർച്ചയായും നാം ദൈവത്തെ ആരാധിക്കുവാൻ വരുന്ന സ്ഥലം വൃത്തിയായി സൂക്ഷിക്കേണ്ടത് നമ്മുടെ ചുമതലയാണ്. പള്ളി കുമ്മായം പൂശണം. ശുദ്ധീകരിക്കണം. അങ്ങിനെ പലതും. ഇതുപോലെ പള്ളിയിലെ പുരോഹിതർക്കും കപ്യാർക്കും നല്ല ശമ്പളം കൊടുക്കണം. അതിനായി ഇവിടുത്തെ സാമ്പത്തികവും മെച്ചപ്പെടണം. പണ്ട് പാശ്ചാത്യരാജ്യങ്ങളിൽ പള്ളിയിൽ ആളുകൾ കുറയുന്നത് കണക്കാക്കുക തലയെണ്ണിയല്ല. മറിച്ച്, സ്തോത്രകാഴ്ച നോക്കിയാണ്. സ്തോത്രക്കാഴ്ച കുറഞ്ഞാൽ തീർച്ച പള്ളിയിൽ ആളുകൾ കുറവായിരുന്നു.

പക്ഷെ സഭകൾ സാമ്പത്തികമായി മാത്രം മുന്നേറിയാൽ പോര.

ഈ ഇടവക തിരുന്നാൾ ഏതു വിശുദ്ധൻെറ പേരിലാണ് നാം ആഘോഷിക്കുന്നത്. എന്തായിരുന്നു ആ വിശുദ്ധൻെറ ജീവിതരീതി. ആ പരിശുദ്ധൻെറ ജീവിതത്തിൽ നിന്നും നാം പാഠങ്ങൾ സ്വീകരിക്കണം. ഈ പള്ളിയിലെ അംഗങ്ങളായ നാം സമൂഹത്തിലെ മാറ്റങ്ങളെ നോക്കിക്കാണുകയും അതിനോട് ശക്തിയായി പ്രതികരിക്കുകയും വേണം. നാം നമ്മുടെ മക്കളെ പ്രതികരണ ശേഷിയുള്ളവരായി വളർത്തികൊണ്ടു വരേണ്ടതുണ്ട്. മറ്റുള്ളവരെകൂടി കരുതികൊണ്ട് ജീവിക്കുവാനുള്ള മാർഗങ്ങൾ നാം നിരന്തരം ആരായണം. ഈ വിശുദ്ധ ആരാധനയിൽ പങ്കെടുക്കുന്ന നാം തന്നെ അതിന് മുൻകൈ എടുക്കണം. അത് നമ്മുടെ മക്കളും കണ്ട് പഠിച്ച് വളരുവാനിടവരട്ടെ. ഡീറ്റ്ട്രിച്ച് ബോൺഹോഫറെ പോലെ മറ്റനേകം രക്തസാക്ഷികളെപോലെ നമുക്ക് സമൂഹത്തിൽ

ഉണ്ടാകുന്ന മാറ്റങ്ങളോട് പ്രതികരിച്ച് ജീവിക്കാം.

ഉസ്സീയാവ് രാജാവ് യഹൂദ്യ ഭരിക്കുമ്പോഴാണ് യശയ്യാവ് പ്രവാചകൻ തൻെറ പ്രവചനങ്ങളെ യഹൂദ്യയിൽ പ്രചരിപ്പിച്ചിരുന്നത്. അന്ന് യഹൂദ്യരാജ്യം സർവ്വവിധ സമ്പദ്സമൃദ്ധിയിലും ജീവിക്കുകയായിരുന്നു. എന്നിരുന്നാലും ആ സമ്പദ്സമൃദ്ധിക്ക് നടുവിൽ അനേകായിരങ്ങൾ മറ്റാരാലും ശ്രദ്ധിക്കപ്പെടാതെ പട്ടിണി കിടക്കുന്നുണ്ടായിരുന്നു. അതുകൊണ്ടാണ് പ്രവാചകൻ അവിടുത്തെ പുരോഹിതൻമാർക്കും യഹൂദൻമാർക്കും പ്രവചനങ്ങൾ നൽകിയത്. യശയ്യാവ് 1,3, 58 എന്നീ അദ്ധ്യായങ്ങൾ വായിച്ചാൽ അന്ന് യഹൂദ്യയിൽ നിലനിന്നിരുന്ന വ്യവസ്ഥിതിയെ കുറിച്ച് അറിയാം.

ഇതുപോലെത്തന്നെയാണ് യേശുക്രിസ്തുവും അന്നത്തെ മതപുരോഹിതൻമാർക്ക് അവരുടെ വിശ്വാസത്തിൻേറയും നിയമത്തിൻേറയും വ്യാഖ്യാനങ്ങളെ തിരുത്തികൊടുത്തത്. മതത്തിൻെറ അനാചാരങ്ങളേയും അനാവശ്യ വിലക്കുകളേയും യേശുക്രിസ്തു എതിർത്തു. മതം യാതൊരു കാരണവശാലും വിശ്വാസികളെ പീഡിപ്പിക്കുകയോ ഞെരുക്കുകയോ ചെയ്യരുതെന്ന് തൻെറ വചനങ്ങളിലൂടെയും പ്രവൃത്തികളിലൂടെയും യേശു വെളിവാക്കി.

ഒരു കാരണവശാലും മതം വിശ്വാസികൾക്ക് ഒരു ഭാരമായി മാറരുത്. മതം മനുഷ്യൻെറ പരിവർത്തനത്തിന് പ്രചോദനമാകണം. □

# 4

## പോരാട്ടമാകേണ്ട മതജീവിതം

*25-2-1996 വൈകീട്ട് 7 മണിക്ക് കിഴക്കെകോട്ട മാർയോഹന്നാൻ പള്ളിയിൽ വലിയ നോമ്പിനോടനുബന്ധിച്ച് ചെയ്ത പ്രസംഗം*

നാം നോമ്പ് ആചരിച്ച് തുടങ്ങിക്കഴിഞ്ഞു. നോമ്പിൻെറ അർത്ഥമെന്താണ്? വ്യക്തികൾക്ക് അച്ചടക്കമുണ്ടാകുവാനെന്ന നിലയിൽ അത് നല്ലതുതന്നെ. പലപ്പോഴും ചില പ്രത്യേക ലക്ഷ്യസാദ്ധ്യത്തിനായാണ് ആളുകൾ നോമ്പ് നോൽക്കുക.

നമ്മുടെ കാലത്ത് രണ്ടുതരം മതജീവിതം അഥവാ സഭാജീവിതം നമുക്കുകാണാം. ലോകത്തിലെ ഒരു കാര്യത്തിലും ഇടപെടാതെ പള്ളിയും ഇടവകയുമായി കഴിഞ്ഞുപോകുന്ന ജീവിതമാണൊന്ന്. അത്തരം ജീവിതം കഴിക്കുന്നവർ ഒരു നീണ്ട കാത്തിരിപ്പിലാണ്. മതജീവിതം അവർക്ക് സ്വർഗ്ഗത്തിലേക്ക് എൻ.ഒ.സി. ലഭിക്കുന്നതിനുള്ള ഉപാധി മാത്രം. നോമ്പ് സ്വർഗ്ഗപ്രവേശനത്തിനുള്ള ഒരു ക്രെഡിറ്റ് കാർഡ് ആണ് അവർക്ക്.

മറ്റു ചിലർക്ക് മതജീവിതം സ്വന്തം ലാഭത്തിനുള്ള ഉപാധിയല്ല. ഉദാഹരണത്തിന് ജർമ്മൻ തിയോളജിസ്റ്റ് ബോൺഹോഫറുടെ ജീവിതമെടുക്കാം. ഹിറ്റ്ലറുടെ വംശശുദ്ധിയെന്ന ഭ്രാന്തൻ നയത്തിനെതിരെ ശബ്ദമുയർത്തിയ ദൈവശാസ്ത്രജ്ഞനായിരുന്നു അദ്ദേഹം. ആപത്കരമായ ഈ ദൗത്യത്തിൽനിന്ന് അദ്ദേഹത്തെ പിന്തിരിപ്പിക്കാൻ അമേരിക്കയിലുള്ള ചില സുഹൃത്തുക്കൾ തീരുമാനിച്ചു. അമേരിക്കയിലെ യൂണിവേഴ്സി റ്റികളിൽ പ്രഭാഷണ പരമ്പരകൾക്കായി ബോൺഹോഫറെ ക്ഷണിക്കു കയും ജർമ്മനിയിലെ സ്ഥിതിഗതികൾ ശാന്തമാകുമ്പോൾ തിരിച്ചയക്കു കയുമായിരുന്നു പരിപാടി. ബോൺഹോഫർ അമേരിക്കയിലേക്കു ചെന്നു. എന്നാൽ താൻ ചെയ്തത് തെറ്റായെന്ന് പിറ്റേദിവസം തന്നെ ബോണിന് തോന്നി. തൻെറ ജനങ്ങൾ പീഢിപ്പിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്യുമ്പോൾ അവരോടൊപ്പമാണ് താൻ പൊരുതേണ്ടതെന്നും തൻെറ ഒളിച്ചോട്ടം ജർമ്മനിയുടെ പ്രശ്നത്തിന് പരിഹാരമല്ലയെന്നും ബോൺ ഹോഫർ വിശ്വസിച്ചു. അതിനാൽ പിറ്റേ ദിവസം തന്നെ അദ്ദേഹം തിരിച്ചു ജർമ്മനിയിലേക്കു പോന്നു. അധികം താമസിയാതെ ബോൺഹോഫർ കോൺസൻട്രേഷൻ ക്യാമ്പിലായി. അവസാനം സഖ്യകക്ഷികൾ ജർമ്മനി പിടിച്ചെടക്കുന്നതിന് രണ്ടാഴ്ചമുമ്പ് ഹിറ്റ്ലർ

ബോൺഹോഫറെ കൊന്നു. മരിക്കുമ്പോൾ അദ്ദേഹത്തിന് 39 വയസ്സായിരുന്നു.

'ദൈവത്തോടൊപ്പം ജീവിക്കാൻ തീരുമാനിച്ചാൽ നാം അവനോടൊപ്പം മരിക്കാനും തയ്യാറാവണം' എന്ന് ബോൺഹോഫർ പലപ്പോഴും പറയാറുണ്ടായിരുന്നു. അതുതന്നെയാണ് പൗലോസ് അപ്പോസ്തലനും പറഞ്ഞത്. ഭൂലോകത്തെ തലകീഴായി മറിയ്ക്കുക. അങ്ങനെ പുതിയ ആകാശവും പുതിയ ഭൂമിയും നമുക്ക് സൃഷ്ടിക്കണം.

കേരളത്തിൽ മത്സ്യത്തൊഴിലാളികളുടെ പ്രശ്നത്തിൽ ഇടപെട്ട് അവർക്കുവേണ്ടി ശബ്ദിച്ച ഒരു പുരോഹിതനുണ്ടായിരുന്നു. അദ്ദേഹത്തോട് ഇടവകേതര കാര്യങ്ങളിൽ നിന്ന് പിന്തിരിയാൻ സഭ ആവശ്യപ്പെട്ടു. വിസമ്മതിച്ച അദ്ദേഹത്തെ അൾത്താര ശുശ്രൂഷകളിൽ നിന്നും മറ്റും വിലക്കി. ഇതാണ് രണ്ടാമത്തെ കൂട്ടരുടെ മതജീവിതം അഥവാ സഭാജീവിതം. ആദ്യകൂട്ടർ അവരുടെ രക്ഷക്കുവേണ്ടി മതജീവിതം നയിച്ചപ്പോൾ രണ്ടാമത്തെകൂട്ടർ യേശുവിനെ അനുഗമിക്കുകയായിരുന്നു. യേശുവിൻെറ വഴി മുൾവഴിയാണ്. യേശു ഒരു വിധ്വംസക പ്രവർത്തകനായിരുന്നു. ഇന്നാണെങ്കിൽ അദ്ദേഹത്തെ ഒരു കമ്മ്യൂണിസ്റ്റെന്ന് ആക്ഷേപിച്ചേനെ.

അന്ന് നിലവിലുള്ള വ്യവസ്ഥയെ, ഭരണത്തെ, പുരോഹിതരെ, ദുഷിച്ച സാമൂഹ്യപ്രശ്നങ്ങളെ, അങ്ങനെ പലതിനേയും യേശുവിന് നേരിടാനുണ്ടായിരുന്നു. അതിനാലവൻ അവരുടെ നോട്ടപ്പുള്ളിയായി. ചോദ്യം ചോദിക്കാനാണ് യേശു ജനിച്ചത്. ഒരു വിധത്തിൽ പറഞ്ഞാൽ അദ്ദേഹം ഒരു നിരീശ്വരവാദിയായിരുന്നു. ഈ വാക്ക് ബൈബിളിൽ അങ്ങനെത്തന്നെക്കണ്ടില്ലെങ്കിലും അങ്ങനെയും വ്യാഖ്യാനിക്കാം.

യേശുവിനെ അനുഗമിക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. അതിന് അവൻ തരുന്ന കുരിശ് നാം വഹിക്കണം. കുരിശു വഹിക്കുക എന്നാൽ കഴുത്തിലണിഞ്ഞു നടക്കുക എന്നല്ല അർത്ഥം. അന്ന് ആ നാട്ടിൽ കുരിശാണെങ്കിൽ ഇന്ന് ഈ നാട്ടിൽ അതു തൂക്കുമരമായിരിക്കാം. ചിലർ തങ്ങളുടെ കഷ്ടപ്പാടുകൾ വിവരിച്ച് ജീവിതം തങ്ങൾക്ക് കുരിശാണെന്ന് പറയാറുണ്ട്. സ്വന്തം കാര്യത്തിലല്ല കുരിശു കണ്ടെത്തേണ്ടത്. അതു മറ്റുള്ളവരുടെ കാര്യത്തിൽ നാം വഹിക്കേണ്ടതാണ്.

നമ്മുടെ നാട്ടിൽ കഷ്ടതയുടെ കുരിശുകളിൽ നിന്ന് നമ്മളെ മോചിപ്പിക്കാം എന്നു പ്രചരിപ്പിക്കുന്ന വചനോത്സവക്കാരുണ്ട്. രോഗശാന്തിശുശ്രൂഷയിൽ രക്ഷ എന്നവാക്ക് മുഴങ്ങിക്കേൾക്കാം. ഈ രക്ഷ സ്വാർത്ഥത്തിൻേറതാണ്. യേശു ഒറ്റയ്ക്കു രക്ഷപ്പെട്ടിരുന്നില്ല. ലോകത്തിൽ പൊതുവായ കുഴപ്പങ്ങൾ നിലനിൽക്കുമ്പോൾ എങ്ങനെ ഒരാൾ ഒറ്റയ്ക്കു രക്ഷപ്പെടും? യേശു പറയുന്നത് ശ്രദ്ധിക്കുക. ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് തൻെറ കുരിശെടുത്ത്

എന്നെ അനുഗമിക്കട്ടെ. എന്നാൽ വചനോത്സവക്കാർ പറയുന്നത് നിങ്ങളുടെ ജീവിതത്തിലുള്ള കുരിശ് എടുത്ത് മാറ്റാമെന്നാണ്. അങ്ങനെ ത്യജിക്കാനുള്ള. അവസരം നിങ്ങളിൽ നിന്ന് അവർ തന്ത്രപൂർവ്വം എടുത്തു കളയുന്നു. നിങ്ങളുടെ സ്വന്തം രക്ഷയ്ക്കാണ് നിങ്ങൾ ശ്രമിക്കേണ്ടത് എന്ന് നിങ്ങളെ ധരിപ്പിക്കുന്നു.

പ്രശ്നങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടമല്ല മതജീവിതം. അത് പ്രശ്നങ്ങളിലേക്ക് ഇറങ്ങിച്ചെല്ലലായിരിക്കണം. ഈ നോമ്പു കാലത്തിലും ശേഷവും നാം ഏതു മതജീവിതമാണ് പിന്തുടരുക. ഇന്നു നാം പുനരൈക്യപ്പെട്ട സഭയായിരിക്കുന്നു. ഞങ്ങളിപ്പോൾ എണ്ണത്തിൽ കൂടുതലുണ്ട്. വേണമെങ്കിൽ ഒരുകൈ നോക്കാം എന്ന അഹങ്കാരമാണോ നമുക്കുള്ളത്. എങ്കിൽ നാം അയക്കപ്പെട്ടതുകൊണ്ട് ലോകത്തിനൊന്നുമില്ല. അന്യൻെറ ആവശ്യത്തിന് കുരിശു ചുമക്കാൻ നമുക്ക് മാനസികമായി തയ്യാറെടുക്കാം. എന്നുമെന്നും കണ്ണീരൊപ്പുവാനല്ല കണ്ണീരില്ലാത്ത അവസ്ഥയെ സൃഷ്ടിക്കാനാണ് നാം ശ്രമിക്കേണ്ടത്. അതിനാൽ കള്ളപ്രവാചകന്മാരെ നമുക്ക് അകറ്റി നിർത്താം. □





# 5

## നമ്മുടെ ആത്മീയത

*25.9.1988 ഞായറാഴ്ച തൃശൂർ മാർത്ത് മറിയം വലിയപള്ളിയിൽ കുർബ്ബാനാവസരത്തിൽ ചെയ്ത പ്രസംഗം*

എന്താണ് നമ്മുടെ ആത്മീയതയുടെ സ്വഭാവം? ഒരു മുറിയിൽ കയറി വാതിലുകൾ അടച്ചിരുന്ന് പ്രാർത്ഥന നടത്തിയാൽ അതാണ് ആത്മീയത എന്ന് ചിന്തിക്കുന്നവരുണ്ട്. എന്നാൽ എൻെറ അഭിപ്രായത്തിൽ ഇത് ആത്മീയതയല്ല.

ദൈവത്തിൻെറ സുവിശേഷം ഇങ്ങിനെ കേട്ടുകൊണ്ടിരിക്കുക. എന്തൊരു സുഖം. ഇങ്ങിനെ പലരും പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ വാസ്തവത്തിൽ സുവിശേഷം കേൾക്കുമ്പോഴും അതിനെ തുടർന്നുള്ള പ്രവർത്തനങ്ങളിലും കൂടുതൽ അസ്വസ്ഥതയാണ് ഉണ്ടാകേണ്ടത്. എന്തെന്നാൽ ലോകം ഇന്ന് തികച്ചും അടിമത്വത്തിലാണ് എന്ന് സുവിശേഷം നമ്മെ ഓർമ്മപ്പെടുത്തുന്നു. അല്ലാതെ അല്പനേരത്തേക്ക് മാത്രം സുഖം തരുന്ന സുവിശേഷമാണെങ്കിൽ അത് ഒരു തരം മയക്കുമരുന്ന് തന്നെയാണ്. അതുകൊണ്ടായിരിക്കാം കാറൽമാർക്സ് പറഞ്ഞത് 'മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്' എന്ന്. ഒരർത്ഥത്തിൽ ഈ പ്രസ്താവന ശരിയാണ്. സുവിശേഷം ഒരൽപസുഖമാണ് തരുന്നതെങ്കിൽ അത് തികച്ചും ഒരു മയക്കുമരുന്നു തന്നെയാണ്.

ചിലയാളുകൾ മദ്യപിക്കുന്നത് കണ്ടിട്ടില്ലേ? ജീവിതത്തിൻെറ ദുഃഖങ്ങളിൽ നിന്ന് അവർ അല്പസമയം മോചനം കണ്ടെത്തുന്നു. ഇതുപോലെ തന്നെയാണ് ജീവിതപ്രയാസങ്ങളിൽ വിഷമിക്കുന്ന മനുഷ്യന് അല്പനേരത്തേക്ക് സുഖം സുവിശേഷത്തിൽ നിന്ന് ലഭിക്കുന്നതും. അതിൻെറ ലഹരി കഴിഞ്ഞാൽ വീണ്ടും പണ്ടത്തെപ്പോലയോ അല്ലെങ്കിൽ അതിനേക്കാൾ താഴെയുള്ള അവസ്ഥയിലോ എത്തിച്ചേരുന്നു. എന്നാൽ സുവിശേഷം കേൾക്കുമ്പോൾ നമ്മിലുണ്ടാകേണ്ടത് മുൻപറഞ്ഞ അസ്വസ്ഥത അനുഭവിക്കുക എന്നതാണ്. ദൈവവചനം നമ്മെ ആകുലരാക്കുകയാണ് വേണ്ടത്. ആ ആകുലത നമ്മെ കർമ്മനിരതരാക്കും. ഈ കർമ്മങ്ങൾ മനുഷ്യനെ സ്വതന്ത്രനാക്കണം. അങ്ങിനെയുള്ള സ്വാതന്ത്ര്യസ്ഥാപന പ്രവൃത്തിയിലേ ഞാൻ ആത്മീയത കാണുന്നുള്ളൂ. □



# 6

## ദൈവത്തിൻെറ ജാതിയെന്ത്?

*4-5-1997 രാവിലെ 7.45ന് മാർത്ത മറിയം വലിയ പള്ളിയിൽ കുർബ്ബാനക്ക് ചെയ്ത പ്രസംഗം*

അപ്പോസ്തല പ്രവർത്തികൾ എന്ന പുസ്തകത്തിലെ പത്താം അദ്ധ്യായം കൊർണേലിയൂസ് എന്ന ശതാധിപനെ കുറിച്ചാണ്. ഇത്താലിക്കെ എന്ന സൈന്യവിഭാഗത്തിൻെറ അധിപനായ അയാൾ ഒരു പുറംജാതിക്കാരനും ദൈവഭയമുള്ളവനുമായിരുന്നു. കൊർണേലിയൂസിന് ഒരിക്കൽ ദർശനമുണ്ടായി. ''ദാസരെ യോപ്പായിലേക്ക് അയച്ച് പത്രോസ് എന്ന ശിമയോനെ ഇദ്ദേഹത്തിൻെറയടുക്കൽ എത്തിക്കുക' എന്നതായിരുന്നു ദർശനം.

പത്രോസ് ഒരു യഹൂദനായിരുന്നു. അതോടൊപ്പം ഒരു യാഥാസ്ഥിതിക വിശ്വാസിയും ക്രിസ്തുവിൻെറ അനുയായിയും ആയിരുന്നു. ദൈവം പ്രത്യേകം തെരഞ്ഞെടുത്തിരുന്ന ജാതി യഹൂദർ മാത്രമാണെന്ന് പത്രോസ് വിശ്വസിച്ചിരുന്നു. ചരിത്രത്തിൻെറ ഒരു പ്രത്യേകഘട്ടത്തിൽ തങ്ങളാണ് മേലാളർ എന്നു വരുത്തുവാൻ ആണ് യഹൂദർ തങ്ങളിൽ ചില ചട്ടവട്ടങ്ങളും നിയമങ്ങളും അടിച്ചേൽപ്പിച്ചത് എന്ന് പത്രോസിന് അറിയില്ലായിരുന്നു. എന്നാൽ ദൈവസൃഷ്ടിയിൽ എല്ലാം നല്ലതാണ്. എല്ലാ സൃഷ്ടിക്കുശേഷവും 'അവ നല്ലത്' എന്നാണ് ദൈവം പറഞ്ഞത്. കൊർണേലിസൂയിൻെറ ആളുകൾ പത്രോസിനെ സന്ദർശിക്കുന്നതിനുമുമ്പ് പത്രോസിന് ഒരു ദർശനമുണ്ടാകുന്നുണ്ട്. ''സ്വർഗ്ഗം തുറന്നിരിക്കുന്നതും വലിയ വിരിപ്പുപോലുള്ള ഒരു പാത്രം നാലുകോണിലും പിടിച്ച് ഭൂമിയിലേക്കു ഇറക്കുന്നതും അവൻ കണ്ടു. ഭൂമിയിലെ എല്ലാത്തരം നാല്ക്കാലികളും ഇഴജന്തുക്കളും ആകാശപ്പറവകളും അതിലുണ്ടായിരുന്നു. ഒരു സ്വരം അവൻ കേട്ടു 'പത്രോസെ, എഴുന്നേല്ക്കുക; നീ ഇവയെ കൊന്നു തിന്നുക.' പത്രോസ് പറഞ്ഞു: 'കർത്താവേ ഒരിക്കലുമില്ല. മലിനമോ അശുദ്ധമോ ആയ ഒന്നും ഞാൻ ഒരിക്കലും ഭക്ഷിച്ചിട്ടില്ല.'' ഇവിടെ പത്രോസിലെ യാഥാസ്ഥിതിക സ്വഭാവം തെളിയുന്നു. യഹൂദനായ ഞാൻ പുറംജാതികളുടെ ഭക്ഷണം തിന്നില്ല എന്ന ചിന്താഗതി. അപ്പോൾ പത്രോസ് ഒരു സ്വരം കേൾക്കുന്നു: ''ദൈവം വിശുദ്ധികരിച്ചവ മലിനമെന്നു നീ കണക്കാക്കരുത്.'' ഈ സംഭവം പത്രോസിൽ മാറ്റം വരുത്തി.

1937 ൽ ദീനബന്ധു സി.എഫ്. ആൻഡ്രൂസ് ഒരു മതേതര സമ്മേളന ത്തിൽ വെച്ചു പറഞ്ഞു: ''ഇന്ന് മതവിശ്വാസികളല്ലാത്തവരെ വിശ്വാസിക ളാക്കുന്നതിനേക്കാൾ പ്രാധാന്യം വിശ്വാസികളെ മതത്തിൻെറ ആത്മീയത യിലേക്കു കൂട്ടികൊണ്ടുപോകുക എന്നതാണ്.'' എങ്ങനെയെങ്കിലും മാമോദീസ മുക്കി എണ്ണം കൂട്ടുന്നതിൽ യാതൊരു കാര്യവുമില്ല. ഇന്ന് നടക്കുന്നത് അതാണ്. യാഥാസ്ഥിതിക മതവിശ്വാസമാണ് നമ്മുടേത്.

പത്രോസ് കൊർണേലിയൂസിൻെറയടുത്തേക്കു ചെന്നു. കൊർണേ ലിയൂസ് പത്രോസിനെ നമസ്ക്കരിച്ചു. അപ്പോൾ പത്രോസ് 'എഴുന്നേല്ക്ക, ഞാനും ഒരു മനുഷ്യനാണ്' എന്നുപറഞ്ഞു. അതിനുശേഷം ദൈവത്തിനു പക്ഷമില്ല എന്നും എല്ലാ ജാതിയിലും നീതിപ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നുവെന്നും പത്രോസ് ഗ്രഹിച്ചു. യാഥാസ്ഥിതിക വി ശ്വാസത്തിൽ നിന്നു ഉൾക്കാഴ്ചയുള്ള വിശ്വാസത്തിലേക്കു പത്രോസ് വഴിമാറി.

നമുക്കും പത്രോസിനെപോലെ ഹൃദയപരിവർത്തനം സംഭവിക്ക ണം. വിവാഹസമയത്ത് നമ്മൾ തറവാട്ടു മഹിമ നോക്കാറുണ്ട്. എന്നാൽ ഏതെങ്കിലും പ്രത്യേക കുടുംബത്തിൽ ജനിച്ചതു കൊണ്ട് യാതൊരു പ്രത്യേകതയുമില്ലെന്ന് നാമറിയണം. എല്ലാ ജാതിയും ദൈവത്തിനുമുമ്പിൽ സമമാണെന്ന് നാം കരുതണം. പുലയ ക്രിസ്ത്യാനിയും നമ്പൂതിരി ക്രിസ്ത്യാ നിയും ഇല്ലെന്നറിയുമ്പോഴാണ് നാം ക്രിസ്തുവിൻെറ അനു യായി ആകുന്ന ത്. ഇന്ത്യയുടെ ഇന്നത്തെ ഏറ്റവും വലിയ ശാപം ജാതിവ്യവസ്ഥ തന്നെയാണ്. എല്ലാ ജാതികൾക്കും അതീതമായി ദൈവത്തെ പ്രതിഷ്ഠി ക്കുമ്പോഴാണ് നാം യഥാർത്ഥ വിശ്വാസിയാകുന്നത്. ദൈവത്തിൻെറ ജാതി സ്നേഹത്തിൻെറ ജാതിയാണ്. □



# 7

## വിഭജിക്കപ്പെടുന്ന ക്രിസ്തുശരീരം

*കിഴക്കേകോട്ട മാർ യോഹന്നാൻ മംദ്ദാനപള്ളിയിൽ 1990ലെ പെസഹ ദിനത്തിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്.*

ഇന്ന് നാം പെസഹ തിരുന്നാൾ ആഘോഷിക്കുന്നു. നാം പെസഹ ആഘോഷിക്കുന്നതും യഹൂദൻമാർ പെസഹ ആചരിക്കുന്നതും രണ്ടു കാര്യങ്ങൾക്കായിട്ടാണ്. നൂറ്റാണ്ടുകൾക്ക് മുൻപ് ഈജിപ്തിൽ നിന്ന് (മിസ്രയിംദേശത്തുനിന്ന്) തങ്ങളെ സ്വതന്ത്രരാക്കിയതിൻെറ ഓർമ്മയായിട്ടാണ് യഹൂദൻമാർ പെസഹ ആഘോഷിക്കുന്നത്. യഹോവ ചില മാജിക് കാണിച്ച് ഒറ്റദിവസം കൊണ്ട് യിസ്രായേൽ മക്കളെ അടിമത്വത്തിൽ നിന്ന് വിടുവിക്കാം എന്നല്ല പറഞ്ഞതും ചെയ്തതും. അത് വർഷങ്ങളായുള്ള വാഗ്ദത്ത പൂർത്തീകരണത്തിൻെറ കഥയാണ്.

പുറപ്പാട് പുസ്തകം വായിക്കുമ്പോൾ നമുക്ക് കാണാം. മോശെ മുഖാന്തിരം യഹോവ പത്ത് ബാധകൾ ഫറവോൻ രാജാവിന് അനുഭവപ്പെടുത്തി. ഇതിൽ ഒൻപത് ബാധകളും കണ്ട് ഫറവോന് യാതൊരുവിധത്തിലുള്ള മാറ്റവും ഉണ്ടായില്ല. എന്നാൽ പത്താമത്തെ ബാധകണ്ട് ഭയപ്പെട്ട ഫറവോന് യഹോവയുടെ ജനത്തെ സ്വതന്ത്രരാക്കേണ്ടിവന്നു.

ഞാൻ പഠിച്ചിരുന്ന കാലത്ത് കോളേജിൽ യഹൂദൻമാരുടെ പെസഹയോടനുബന്ധിച്ച് ചില പ്രത്യേക ചടങ്ങുകൾ നടക്കാറുണ്ട്. ഇപ്പോഴും യഹൂദർ ഇങ്ങിനെത്തന്നെയാണ് പെസഹ ആചരിക്കുന്നത്. കുടുംബനാഥൻ എവിടെ ഇരിക്കണം. കുടുംബനാഥ എവിടെ ഇരിക്കണം, അവർ ചൊല്ലേണ്ട കീർത്തനങ്ങൾ, ഭക്ഷണം എല്ലാത്തിനും പ്രത്യേക രീതികളും ആചാരങ്ങളുമുണ്ട്. ശരിക്കും ഒരു നാടകത്തിൻെറ സ്റ്റേജ് ക്രമീകരണങ്ങൾപോലെത്തന്നെ. യഹൂദൻമാർ പെസഹായുടെ അപ്പം മുറിക്കുമ്പോൾ പറയുന്നത് 'നമ്മുടെ പൂർവ്വീകൻമാർ ഭുജിച്ച കഷ്ടതയുടെ അപ്പമാകുന്നു ഇത്. ഇത് നമുക്ക് ഭക്ഷിക്കാം'. എന്നാണ്.

എന്നാൽ യേശു ചെയ്യുന്നത് വ്യത്യസ്തമായ രീതിയിലാണ്. 'ഇത് എൻെറ ഓർമ്മക്കായി നിങ്ങൾ കൂടിവരുമ്പോഴെല്ലാം ചെയ്യുവിൻ' എന്ന് പറഞ്ഞാണ് അപ്പം പങ്കുവെക്കുന്നത്. ഇതിൻെറ ഓർമ്മ പുതുക്കലാണ് നാം അർപ്പിക്കുന്ന വിശുദ്ധ കുർബ്ബാന. വിശുദ്ധകുർബ്ബാനയിലൂടെ എന്നും നാം ദൈവത്തിൻെറ ഓർമ്മ പുതുക്കുന്നു.

നമ്മുടെ വിശുദ്ധകുർബ്ബാനയെ, ശരിക്കും പറയുകയാണെങ്കിൽ, ഒരു ഡ്രാമയോട് ഉപമിക്കാം. ഇതുകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് കുർബ്ബാനയുടെ പവിത്രതയെ കുറച്ചുകാണുകയല്ല. നമ്മുടെ കുർബ്ബാനയിലെ ഓരോ കാര്യങ്ങളും പ്രത്യേകം പ്രത്യേകം ഘട്ടങ്ങളായിട്ടാണ് നാം ക്രമപ്പെടുത്തിയിരിക്കുന്നത് എന്ന് പറയുവാനാണ് ഉദ്ദേശിച്ചത്.

സുവിശേഷങ്ങൾ വായിക്കുന്നത്, സ്തോത്രകാഴ്ച സ്വീകരിക്കുന്നത്, ശരീരവും രക്തവും ആനയിച്ച് കൊണ്ടുവരുന്നത്, കബറിടം തയ്യാറാക്കുന്നത് എന്നു തുടങ്ങി എല്ലാം ക്രമത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

മറ്റുള്ള സഭകളെ അപേക്ഷിച്ച് നാം കുർബ്ബാനയെ ഒരു വലിയ വിശുദ്ധ രഹസ്യമായി കരുതുന്നു. ഇന്നത്തെ കുർബ്ബാന സ്വീകരിക്കുവാൻ നാം എത്തിയിരിക്കുന്നത് വ്യക്തിപരമായ പല ഉദ്ദേശങ്ങളോടുകൂടിയായിരിക്കും. ചിലർ പരീക്ഷയിൽ ജയിക്കുവാൻ. ചിലർ മറ്റ് ഉദ്ദിഷ്ട കാര്യങ്ങൾ സാധിക്കുവാൻ. അങ്ങിനെ പലതും. എന്നാൽ അത്തരത്തിലുള്ള ആവശ്യങ്ങളെ മുൻനിർത്തിയാണ് ഇന്ന് കുർബ്ബാന സ്വീകരിക്കുന്നതെങ്കിൽ അതിനോട് എനിക്ക് തീരെ മതിപ്പില്ല. ഇന്നെന്നല്ല എന്നും കുർബ്ബാന സ്വീകരിക്കുന്നത് ഈ താൽപ്പര്യത്തിലാകരുത്.

കാലാകാലങ്ങളിൽ ദൈവം ഈ ലോകത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ലോകത്തിൻെറ സുഖത്തിൻേറയും ദുഃഖത്തിൻേറയും വേലിയേറ്റമായിരിക്കണം വിശുദ്ധകുർബ്ബാന. അടിമക്ക് സ്വാതന്ത്ര്യം നല്കുന്നതും ദരിദ്രർക്ക് സഹായം നല്കുന്നതും വിശുദ്ധ കുർബ്ബാനയുടെ ഒരു ഭാഗമായിരിക്കണം. അല്ലാത്തപക്ഷം കുർബ്ബാന വെറുമൊരു അധരപൂജയായി മാറും. നാം അറിഞ്ഞില്ലെ ഈ അടുത്തകാലത്ത് നമീബിയ സ്വാതന്ത്ര്യം നേടിയത്. ഇവിടെ ദൈവം സ്വാതന്ത്ര്യത്തിൻെറ രൂപത്തിലാണ് പ്രത്യക്ഷപ്പെട്ടത്. ചിലപ്പോൾ തൊഴിൽ ചെയ്തിട്ടും അർഹിക്കുന്ന കൂലി കിട്ടാത്തവന് പോരാട്ടങ്ങളിലൂടെ അത് ലഭിക്കുമ്പോൾ, അവന് ദൈവം പ്രത്യക്ഷപ്പെടുന്നത് വർദ്ധിച്ച കൂലിയുടെ രൂപത്തിലായിരിക്കും. ഇതുപോലെ ദൈവം ഈ ലോകത്തിൽ ഇന്നും പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. ഇങ്ങിനെ പല രൂപത്തിൽ പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കുന്ന ദൈവത്തിൻെറ സാമീപ്യം നാം അർപ്പിക്കുന്ന വിശുദ്ധകുർബ്ബാനയിൽ ഉണ്ടായിരിക്കണം.

പെസഹ ആഘോഷിക്കുന്ന ഈ അവസരത്തിൽ ഞാൻ ഒരു കാര്യം കൂടി നിങ്ങളുടെ ഓർമ്മക്കായി പറയട്ടെ. ഇത് ഞാൻ എല്ലാ പെസഹ വ്യാഴാഴ്ചയും ഓർക്കാറുണ്ട്, പറയാറുമുണ്ട്. ഈ ദിവസം ഞാൻ ഒന്നാമതായി ഓർക്കുന്നത് യേശുക്രിസ്തുവിനെയാണ്. രണ്ടാമതായി ഓർക്കുന്നത് കമ്മിലീത്തെ തോറസ് എന്ന കാത്തോലിക്ക പുരോഹിതനെയാണ്. ഇദ്ദേഹം 1966 ഫെബ്രുവരി 15-ാം തിയതി ഒളിപ്പോരാളികളുടെ ഇടയിൽ കിടന്ന് മരിച്ചു. ലാറ്റിൻ അമേരിക്കയിലെ കൊളംബിയയിൽ ആണ് ആ പുരോഹിതൻ ജനിച്ചത്. തൻെറ രാജ്യത്തിൻെറ സ്വാതന്ത്ര്യത്തിനായി ഒളിപ്പോരാളികളുമായി ചേർന്ന് ആ കാത്തോലിക്കാ

പുരോഹിതൻ പോരാടി. ആ പോരാട്ടത്തിലാണ് അദ്ദേഹം മരണമടഞ്ഞത്. അദ്ദേഹം പറയുമായിരുന്നു - എൻെറ നാടിൻേറയും ജനങ്ങളുടേയും സ്വാതന്ത്ര്യത്തിനായി ഞാൻ യുദ്ധക്കളത്തിൽ ഇറങ്ങിയില്ലെങ്കിൽ, ഈ ളോഹ ഇട്ട് നടക്കുന്നതിൽ യാതൊരു അർത്ഥവുമില്ലെന്ന്. ജൻമനാടിൻെറ സ്വാതന്ത്ര്യത്തിനായി, വേണ്ടിവന്നപ്പോൾ ആ പുരോഹിതൻ പള്ളിയുടെ സുരക്ഷിതത്വം വിട്ട് യുദ്ധക്കളത്തിലേക്ക് ഇറങ്ങി; തോക്കെടുക്കുവാൻ തയ്യാറായി.

ഞാൻ ഈ പറഞ്ഞതിൻെറ അർത്ഥം എല്ലാവരും തോക്കും വടിയും കൈയിൽ എടുക്കണമെന്നല്ല. വേണ്ടിവന്നാൽ സ്വാതന്ത്ര്യത്തിനായി, ദാരിദ്ര്യത്തിന് എതിരായി, രോഗത്തിനും കഷ്ടതകൾക്കും എതിരായി നാം മുന്നിട്ടിറങ്ങി പ്രവർത്തിക്കേണ്ടി വന്നാൽ അതിന് മടിക്കരുത്. ളോഹ ഇട്ടും ഇടാതെയും. ഇന്ത്യയിലെത്തന്നെ പല സ്ഥലങ്ങളിലും നമ്മുടെ സജീവമായ പ്രതികരണം ആവശ്യപ്പെടുന്ന സാഹചര്യങ്ങൾ ഇപ്പോഴും നിലനില്ക്കുന്നുണ്ട്. നാം പള്ളിക്കകത്തും പുറത്തും ഒരുപോലെ പ്രതികരിക്കേണ്ടതുണ്ട്. □





8

# നിങ്ങളുടെ അപ്പം പങ്കുവെക്കുക

*11-1-98 രാവിലെ 7.45ന് കിഴക്കെകോട്ട മാർ യോഹന്നാൻ പള്ളിയിൽ കുർബ്ബാനക്ക് ചെയ്ത പ്രസംഗം*

യേശു 'യെശയ്യാവി'ൻെറ പുസ്തകമാണ് ദേവാലയത്തിൽ ചെന്ന് വായിച്ചത് എന്നാണ് സങ്കല്പം. അതിൽ ദൈവത്തെക്കുറിച്ച് പരാമർശിക്കുന്ന ഭാഗത്ത് അബ്രഹാമിൻെറയും യിസഹാക്കിൻെറയും യാക്കോബിൻെറയും ദൈവമാണ് മനുഷ്യനെ നയിക്കുക എന്ന് പറയുന്നുണ്ട്. പണ്ട് മോശയോട് സീനായിപർവ്വതത്തിൽ വെച്ച് ദൈവം പറഞ്ഞതും അതുതന്നെയായിരുന്നു. പർവ്വതത്തിൽ തീപടർപ്പുകണ്ട് പേടിച്ച മോശയോട് ദൈവം പറഞ്ഞു: ''ഞാനാണ് സാക്ഷാൽ ദൈവം. അബ്രഹാമിനെയും യിസഹാക്കിനെയും യാക്കോബിനെയും വഴി നടത്തിയ ദൈവമാണ് ഞാൻ. ഞാൻ നിന്നേയും വിളിക്കുന്നു. നീ ഭയപ്പെടേണ്ടതില്ല." ഇതു വിശദമാക്കാൻ ഞാൻ മറ്റൊരു കഥപറയാം.

17-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു ഊർജ്ജതന്ത്രജ്ഞനുണ്ടായിരുന്നു. തിയോളജിസ്ററും ഫിലോസഫറുമായിരുന്ന 'ബ്ലെസിങ് പാസ്ക്കൽ'. അദ്ദേഹം കോട്ടിൻെറ ഉൾവശത്ത് ഹൃദയത്തോടു ചേർന്ന ഭാഗത്തെ പോക്കറ്റിൽ ഒരു കടലാസുകഷണം എഴുതി വെക്കുക പതിവായിരുന്നു. അതിങ്ങനെയായിരുന്നു: ''അബ്രഹാമിൻെറയും യാക്കോബിൻെറയും ദൈവം എന്നെ വഴി നടത്തും. എനിക്ക് തത്ത്വചിന്തകന്മാരുടെ ദൈവത്തെ ആവശ്യമില്ല.'' സീനായി മലയിൽവെച്ച് ദൈവം മോശക്ക് പ്രത്യക്ഷപ്പെട്ടതിൻെറ ഭാഗമായാണ് താൻ ഇത് എഴുതിവെക്കുന്നത് എന്നാണ് അദ്ദേഹത്തിൻെറ വിശദീകരണം.

'ദൈവം ജീവിക്കുന്നു', 'ദൈവത്തിൻെറ അസ്തിത്വം' തുടങ്ങിയ ധാരാളം പുസ്തകങ്ങൾ തിയോളജിസ്റ്റുകൾ എഴുതിക്കൂട്ടിയിട്ടുണ്ട്. എന്നാൽ അവർ അന്വേഷിച്ച ദൈവത്തെയല്ല ബ്ലെസിങ്പാസ്ക്കൽ അന്വേഷിച്ചത്. കൈയ്യെത്താത്ത ദൂരത്ത് ജരയും നരയും ബാധിച്ച് പാപം ചെയ്താൽ ശിക്ഷിക്കാൻ വടിയുമായിരിക്കുന്ന ദൈവത്തെയല്ല ബ്ലെസിങ്ങ് പാസ്ക്കൽ വിഭാവനം ചെയ്തത്. അബ്രഹാമിനോടും യാക്കോബിനോടും ഉടമ്പടി ചെയ്ത, നമ്മോടും ഉടമ്പടി ചെയ്യാൻ തയ്യാറായ, അങ്ങനെ നമ്മുടെ വഴി കൃത്യമായി കണ്ടെത്താൻ സഹായിക്കുന്ന, നമ്മുടെതന്നെ

ആന്തരികസാന്നിദ്ധ്യമായ ദൈവം എന്നതാണ് അദ്ദേഹം കല്പിച്ച അർത്ഥം.

യേശു ദേവാലയത്തിൽ ചെന്ന് വേദപുസ്തകം വായിച്ചപ്പോൾ അന്വേഷിച്ചത് മേൽപ്പറഞ്ഞ ദൈവത്തെയായിരുന്നു. അന്ന് പുതിയനിയമം ഉണ്ടായിരുന്നില്ല. പഴയനിയമം തന്നെ ഈ രൂപത്തിലായിരുന്നില്ല. തോറ, പ്രവാചകന്മാർ (നബിയിം), ലിഖിതങ്ങൾ (ക്ത്തുബിം) എന്നിങ്ങനെ മൂന്നായിട്ടായിരുന്നു വിഭജനം. പുറപ്പാടാണ് ആദ്യം എഴുതപ്പെട്ടത്. പിന്നീട് ബൈബിൾ ക്രമീകരിച്ച കാലത്ത് മെസപ്പൊട്ടേമിയൻ പ്രദേശത്തെ ഒരു 'മിത്ത്' ആയിരുന്ന ഉത്പത്തി കഥ ആദ്യം ചേർക്കുകയായിരുന്നു. പണ്ഡിതന്മാർ യേശു ദേവാലയത്തിൽ വെച്ച് വായിച്ച ഈ ഭാഗത്തിനെ 'നസറേത്ത് പ്രകടനപത്രിക' എന്നാണ് പറയുന്നത്. നിങ്ങൾ ധാരാളം പ്രകടനപത്രികകൾ കണ്ടിട്ടുണ്ടാകാം. ഒരിക്കലും നിറവേറ്റപ്പെടാത്ത മോഹന വാഗ്ദാനങ്ങളുമായി ചവറ്റുകുട്ടകളിൽ സ്ഥാനം നേടിയ ധാരാളം പത്രികകൾ. യേശുവും തൻെറ പ്രകടനപത്രികയായിരുന്നു വായിച്ചത്. പക്ഷേ അതിലെ അജണ്ട ഇതായിരുന്നു: ''ദരിദ്രരെ സഹായിക്കുക, കുരുടർക്ക് കാഴ്ച നല്കുക, പീഡിതരെ മോചിപ്പിക്കുക, പിന്നെ കർത്താവിൻെറ പ്രസാദവർഷം ആഘോഷിക്കുക''

എന്താണ് പ്രസാദവർഷം. 50-ാമത്തെ വർഷമാണത്. ജൂബിലി അഥവാ യോബേൽ വർഷം. ആട്ടിൻകൊമ്പ് എന്നർത്ഥം വരുന്ന വാക്കിൽ നിന്നാണ് ഇതിൻെറ ഉത്ഭവം. വർഷാംരംഭത്തിൽ ഈ കൊമ്പുകൊണ്ട് കാഹളം ഊതുന്നു. ഈ കാഹളം കേൾക്കുമ്പോൾ ഇസ്രായേൽ മക്കൾ ഉണരുകയായി. ആ വർഷം അവർ കൃഷി ഇറക്കില്ല. കൃഷി ഇറക്കാതെ ഉണ്ടാകുന്ന വിളവ് അതായത് 'പടുവിള' അവർ അനാഥനും വിധവക്കും ദരിദ്രനും പരദേശിക്കും കാട്ടിലെ മൃഗങ്ങൾക്കും കൊടുക്കുന്നു. അവർ ഒരിക്കൽ അടിമകളായിരുന്നു എന്നതിൻെറ ഓർമ്മക്കും തങ്ങളെപ്പോലെ തങ്ങളുടെ അടിമകളും ഒരു വർഷം സ്വതന്ത്രരായിരിക്കട്ടെ എന്നു കരുതിയുമാണ് ഈ ജൂബിലി ആഘോഷിച്ചിരുന്നത്. ഇന്ന് നാം സ്വാതന്ത്ര്യത്തിൻെറ അമ്പതാംവർഷം ആഘോഷിക്കുകയാണ്. ഇസ്രായേൽ മക്കളുടെ അടിമകളെപ്പോലെ !

കർത്താവിൻെറ പ്രസാദവർഷം ഒരു വർഷത്തെ സന്തോഷമല്ല: അത് അനാദിയായ ആനന്ദമാണ്. ആ ആനന്ദം നേടുവാൻ യേശുവിൻെറ പ്രകടനപത്രിക നടപ്പിലാക്കേണ്ടതുണ്ട്. സഭയുടെ ദൗത്യം അതാണ്. കുർബ്ബാന കാണാനും കൂദാശ കൈക്കൊള്ളാനും മാത്രമുള്ളതല്ല സഭ. സഭ ഒരു പ്രൈവറ്റ് ക്ലബ്ബല്ല. മിതമായ നിരക്കിൽ മാമോദീസ, വിവാഹം എന്നീ കർമ്മങ്ങൾ നടത്തിക്കൊടുക്കുന്ന ഒരു ചാരിറ്റബിൾ ട്രസ്റ്റല്ല സഭ. അതിലൊന്നും കാര്യമില്ലെന്നല്ല ഞാൻ പറയുന്നത്. എൻെറ വാക്കുകൾ ശ്രദ്ധിച്ചു മനസ്സിലാക്കണം. സഭയുടെ ആത്യന്തിക ലക്ഷ്യം യേശുവിൻെറ പ്രകടനപത്രികയിലെ കാര്യങ്ങൾ നടപ്പിൽ വരുത്തുക മാത്രമാണ്. അപ്പോഴാണ്

നാം ദൈവവുമായി ഉടമ്പടിയിൽ ഏർപ്പെടുന്നത്. സ്വാതന്ത്ര്യമാണ് ദൈവമെന്ന ബോധം ഉള്ളവർക്കേ ക്രിസ്തു വിഭാവനം ചെയ്ത ദൈവ സാന്നിദ്ധ്യം അനുഭവിക്കാനാകൂ.

എന്നാൽ ഇന്ന് സഭയുടെ സ്ഥിതിയെന്താണ്. അത് സ്വർഗ്ഗത്തിൽ എത്തിപ്പെടാനുള്ള വഴി തെരഞ്ഞുകൊണ്ടിരിക്കുന്നു. ആത്മീയരോഗം ബാധിച്ചവരുടെ മരുന്നുഷാപ്പായിരിക്കുന്നു. യേശുവിൻെറ പ്രകടനപത്രിക കാറ്റിൽ പറത്തിയിരിക്കുന്നു.

നമുക്കു നമ്മുടെ മക്കളെ പാട്ടു പഠിപ്പിക്കാം. അതിലൂടെ യേശുവിൻെറ പ്രകടനപത്രിക നടപ്പിലാക്കണം. നമ്മുടെ യുവാക്കൾ നാടകം കളിക്കണം. നാടകത്തിൻെറ രാഷ്ട്രീയം യേശുവിൻെറ രാഷ്ട്രീയമായിരിക്കണം. കാരണം യേശുവിൻെറ രാഷ്ട്രീയം പീഢിതൻെറ രാഷ്ട്രീയമാണ്.

ഇന്ന് ഇവിടെ കുർബ്ബാനയിൽ അപ്പം പങ്കുവെക്കും. നിങ്ങളെല്ലാവരും വാങ്ങിക്കഴിക്കും. എന്നാൽ കുർബ്ബാന കഴിഞ്ഞുള്ള അപ്പം പങ്കുവെക്കലാണ് പ്രധാനം. നിങ്ങളുടെ അപ്പം പങ്കുവെക്കുന്നില്ല എങ്കിൽ നിങ്ങൾ ദൈവവുമായി ഉടമ്പടിയിലേർപ്പെടുന്നില്ല. ഓർക്കുക! ദൈവത്തിൻെറ ലക്ഷ്യം പീഢിതൻെറ സൗഖ്യമാണ്. നമ്മുടെ ലക്ഷ്യം യേശുവിൻെറ പ്രകടനപത്രികയുടെ പൂർത്തീകരണവും. ആ ലക്ഷ്യവുമായി സഞ്ചരിക്കുക. നമുക്കു മുമ്പോട്ടാണ് യാത്ര ! □



# 9

## ക്രിസ്തുവിനെ വിററഴിക്കുന്നു.

*6-11-1988 ഞായറാഴ്ച വൈകീട്ട് 6.30ന് കിഴക്കേകോട്ട മാർ യോഹന്നാൻ മംദ്ദാന പള്ളിയുടെ നൂറാംവാർഷികവും യൂത്ത്സ് അസോസിയേഷൻെറ വാർഷികവും സംയുക്തമായി ആഘോഷിച്ച അവസരത്തിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്.*

നൂറ് വർഷമായി കിഴക്കേകോട്ടയിൽ ഈ ദൈവാലയം പണികഴിച്ചിട്ട്. ഈ പള്ളി മൂലം ഇവിടുത്തെ ജനങ്ങൾക്ക് എന്ത് മാറ്റം സംഭവിച്ചു എന്ന് നൂറാം വർഷം ആഘോഷിക്കുന്ന ഈ അവസരത്തിൽ നാം ചിന്തിക്കുന്നത് നന്നായിരിക്കും. ഈ പള്ളി ഇവിടെ ഇല്ലായിരുന്നുവെങ്കിൽ ഇവിടെ എന്തെല്ലാം സംഭവിക്കുമായിരുന്നു എന്നും കണക്കാക്കണം. വിശുദ്ധ കുർബാന, മാമോദീസ, വിശുദ്ധ കർമ്മങ്ങൾ എന്നിവ ഈ പള്ളി മൂലം ഇവിടുത്തെ ജനങ്ങൾക്ക് പ്രയാസങ്ങൾ കൂടാതെ ലഭിച്ചിരിക്കാം. എന്നാൽ ധാർമ്മികമായി ഇവിടുത്തെ ജനങ്ങൾക്ക് എന്തെങ്കിലും മാറ്റം ഈ പള്ളി കൊണ്ട് സംഭവിച്ചിട്ടുണ്ടോ? വളരെയൊന്നും ഇല്ല എന്നാണെനിക്ക് തോന്നുന്നത്. ഈ മൂല്യശോഷണം എന്തുകൊണ്ട് സംഭവിക്കുന്നു? സഭ അല്ലെങ്കിൽ സമൂഹം എന്തുകൊണ്ട് ഇത്രയും അധഃപതിക്കുന്നു?

പലരും പറയുന്നത് കേട്ടിട്ടുണ്ട് പണ്ടത്തെ കാലം ഇന്നത്തേക്കാൾ നന്നായിരുന്നു എന്ന്. തീർച്ചയായും പഴയകാലത്തെ നാം ഓർക്കണം. എന്നാൽ അതിൽ തന്നെ മുറുകെ പിടിക്കരുത്. ഒരു ഡ്രൈവർ വാഹനമോടിക്കുമ്പോൾ വാഹനത്തിൽ മുൻപിലായി ഘടിപ്പിച്ചിട്ടുള്ള കണ്ണാടിയിൽ ഇടക്കിടെ നോക്കുന്നത് കണ്ടിട്ടില്ലേ? എന്തിനാണ് അയാൾ അങ്ങിനെ ചെയ്യുന്നത്? തൻെറ മുഖസൗന്ദര്യം കാണുന്നതിനാണോ? അല്ല. പിന്നെന്തിനാണ്? പിന്നിൽ നിന്ന് വരുന്ന വാഹനങ്ങളെ കാണുന്നതിന് വേണ്ടിയാണ്. മുന്നോട്ടുള്ള യാത്രയിൽ പിന്നിലുള്ള വിവരങ്ങൾ നാം ശരിക്കും അറിയണം. എങ്കിലേ മുന്നോട്ട് യാത്രചെയ്യുവാൻ സാധിക്കുകയുള്ളൂ. അതിനാൽ നാം കണ്ണാടിയിൽകൂടി പിന്നിലേക്ക് നോക്കേണ്ടതുണ്ട്. എന്നാൽ ഏത് നേരവും കണ്ണാടിയിൽ മാത്രം ശ്രദ്ധിച്ചാലും അപകടമുണ്ടാകും. ഇതുപോലെ തന്നെയാണ് നമ്മുടെ ജീവിതത്തിൻെറ കാര്യവും. നമുക്ക് മുന്നോട്ടാണ് പോകേണ്ടത്. പിന്നിലുള്ളതിനെ, കഴിഞ്ഞ കാലത്തിലെ നല്ലതിനെ തീർച്ചയായും നമുക്ക് കാണേണ്ടതുണ്ട്. എന്നാൽ

നാം പിന്നിലേക്ക് മാത്രം നോക്കുന്നവരായിരിക്കരുത്.

പാലിൽ വെള്ളം ചേർത്ത് വില്ക്കുന്നതുപോലെ, ച്യവനപ്രാശ ലേഹ്യവും മറ്റും നല്ല പുതിയ ലേബൽ ഒട്ടിച്ച് പുതിയ പാക്കറ്റിലാക്കി വിപണിയിലിറക്കുന്നതുപോലെ, ക്രിസ്തുവിൻെറ സുവിശേഷങ്ങളെയും ക്രിസ്തുവിനെത്തന്നെയും നാം വിററഴിക്കുന്നു. നിത്യജീവിതത്തിൽ സുവിശേഷത്തിന് യാതൊരു സ്ഥാനവുമില്ല. നാം വേദഭാഗങ്ങൾ നന്നായി പഠിച്ച് അതിനെ നമ്മുടെ ജീവിതവുമായി താരതമ്യം ചെയ്യുന്നവരായിക്കണം.

എസ്.സി.എം എന്നൊരു ക്രിസ്തീയ സംഘടനയുണ്ട്. ഇതിൻെറ ആസ്ഥാനം സിംഗപൂരിലാണ്. ആ സംഘടനയുടെ ആഫീസിലുള്ളവരെ, അതിൻെറ ചുമതലക്കാരെ അവിടുത്തെ ഭരണകൂടം അടിച്ചമർത്തുകയാണ്. ഇവർ കമ്യൂണിസ്റ്റ് അനുഭാവികളാണെന്നാണ് ആരോപണം. എന്നാൽ ഇവർ മനുഷ്യാവകാശത്തിനായി പ്രവർത്തിക്കുന്നു എന്നതാണ് സത്യം. തെക്കേ ആഫ്രിക്കയിലും തെക്കൻ കൊറിയയിലും ഫിലപ്പീൻസിലും നമ്മുടെ കേരളത്തിലെ അവശക്രിസ്ത്യാനികളുടെ കോട്ടയായ കോട്ടയത്തും പ്രവർത്തിക്കുന്ന യഥാർത്ഥ ക്രിസ്തീയ ദർശനമുള്ള ചില സംഘടനകൾ ഉണ്ട്. ഇവർ മനുഷ്യാവകാശത്തിനായി പോരാടുന്നു. ഇങ്ങിനെ മനുഷ്യാവകാശത്തിനായി പോരാടുന്നവർക്ക്, കാര്യങ്ങൾ വെട്ടിത്തുറന്ന് പറയുന്നവർക്ക്, പലപ്പോഴും മറ്റുള്ളവരുടെ വിമർശനങ്ങളും ശകാരങ്ങളും, എന്തിന്, ദേഹോപദ്രവം വരെയും ഏല്ക്കേണ്ടിവരുന്നു. ഇത്തരത്തിലുള്ള പീഢനം നാം ഏൽക്കേണ്ടതാണ്. നമ്മുടെ സഭ, സമുദായം ഒരു പുതിയ രൂപം പ്രാപിക്കേണ്ടതുണ്ട്. അത് നമ്മുടെ തനതായ രൂപം തന്നെയായിരിക്കണം. അതുപോലെ നമുക്ക് സ്വന്തമായ ഒരു ഭാവിപരിപാടിയും ഉണ്ടായിരിക്കണം.

പതിനാലാം നൂറ്റാണ്ടിൽ യൂറോപ്പിൽ ഏതോ ഒരു രോഗം പടർന്നുപിടിച്ചു. ആളുകൾ ഇതിൻെറ കാരണമന്വേഷിച്ച് പരക്കം പാഞ്ഞു. അവസാനം അവർ അത് കണ്ടുപിടിക്കുക തന്നെ ചെയ്തു. 'പാപം'. ജനത്തിൻെറ പാപഫലമായുണ്ടായ ദൈവകോപം മൂലമാണ് ഈ ബാധയുണ്ടാകുന്നത് എന്നവർ കണ്ടെത്തി. രോഗം മൂലം അവിടെ അനേകർ മരിച്ചുവീഴുകയായിരുന്നു. രോഗാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനു പകരം അവിടുത്തെ ഭരണാധികാരികൾ പാപം ചെയ്യാതിരിക്കുന്നതിനുള്ള ജീവിതക്രമങ്ങൾ ജനങ്ങൾക്ക് നിർദ്ദേശിച്ചു കൊടുത്തു. ഇതുമൂലം ദൈവകോപം കുറയുമെന്നും ബാധ ഒഴിയുമെന്നും ഭരണാധികാരികൾ കരുതി. എന്നാൽ അതിനുശേഷവും അനേകമാളുകൾ രോഗബാധമൂലം മരിച്ചു വീഴുകയായിരുന്നു. നാല് നൂറ്റാണ്ടുകൾക്ക് ശേഷമാണ് ഈ രോഗബാധയുടെ യഥാർത്ഥ കാരണം കണ്ടുപിടിക്കപ്പെട്ടത്. ചെള്ള്, പുഴു തുടങ്ങിയ ക്ഷുദ്രജീവികളിൽ കൂടി സംക്രമിക്കുന്ന രോഗാണുക്കളാണ് രോഗബാധക്കും മരണത്തിനും കാരണമായതെന്ന് ലൂയിപാസ്റ്റർ കണ്ടുപിടിച്ചു. ഇതിനുള്ള പ്രതിവിധിമരുന്നും അദ്ദേഹം കണ്ടുപിടിച്ചു. ആ

മരുന്ന് ഉപയോഗിച്ച് തുടങ്ങിയതോടെ അത്തരത്തിലുള്ള രോഗബാധ മൂലം മരണവും വളരെ കുറഞ്ഞു. ഇതിൽ നിന്നും നാം ഒന്ന് മനസിലാക്കേണ്ടതുണ്ട്. കാര്യങ്ങൾ വ്യക്തമായി അറിയാതെ, മനസിലാക്കാതെ, ഉപരിപ്ലവമായി മാത്രം കേട്ടറിവ് വെച്ച് തീരുമാനമെടുക്കരുത്.

പത്രങ്ങളിലോ മാസികകളിലോ കണ്ടു എന്നതുകൊണ്ട് മാത്രം എല്ലാം ശരിയായിരിക്കണമെന്നില്ല. മതമേധാവികൾ പറയുന്നതുപോലും എല്ലാം വിശ്വസിക്കണമെന്നില്ല. നമ്മുടെ ധാരണകൾ സ്വന്തം അന്വേഷണത്തിൻെറ ഫലമായുണ്ടാകുന്നതായിരിക്കണം.

ജീവിതത്തിലേക്ക് തന്നെ വീണ്ടും കടക്കട്ടെ. കുട്ടികളെ നോക്കുക. അവർ രാവിലെ സ്കൂളിൽ പോകുന്നു. സ്കൂൾവിട്ട് വീട്ടിൽ എത്തുന്നു. അവർക്ക് വേണ്ട ആഹാരസാധനങ്ങൾ അവിടെ തയ്യാറായിരിക്കും. അവരുടെ എല്ലാ സൗകര്യങ്ങളും മാതാപിതാക്കൾ ചെയ്തു കൊടുക്കുന്നു. ജീവിതത്തിൻെറ കഷ്ടപ്പാടുകളും ദുഃഖങ്ങളും വിഷമങ്ങളും അവർ അറിയുന്നില്ല. എന്നാൽ അവർക്കും കാണും വിഷമങ്ങൾ. ഒരുപക്ഷേ അത് വിദ്യാഭ്യാസ രംഗത്തെ മാർക്ക് തട്ടിപ്പ് പോലുള്ള അഴിമതിയായിരിക്കും. അതുകൊണ്ടാണ് ചില തത്വചിന്തകൻമാർ പറഞ്ഞിട്ടുള്ളത് 'അഴിമതി നിറഞ്ഞ വിദ്യാഭ്യാസത്തിനേക്കാൾ അമ്മയുടെ ഗർഭപാത്രത്തിൽ ഇരിക്കുകയായിരുന്നു കൂടുതൽ നല്ലത്' എന്ന്. നല്ല എയർകണ്ടീഷൻ ചെയ്ത മുറി, ദുഃഖങ്ങൾ അറിയാത്ത അവസ്ഥ. ഇവിടെയും കഴിഞ്ഞുപോയ നല്ല കാലത്തിൻെറ ആ ഓർമ്മ. എന്നാൽ നമുക്ക് മുന്നോട്ടാണ് നടക്കേണ്ടത്. കഴിഞ്ഞ നൂറുവർഷത്തിൻെറ നൻമയെകൂട്ടിച്ചേർത്ത് നമുക്ക് മുന്നോട്ട് നടക്കാം. അതാണ് ഈ ഇടവകയും ഇവിടുത്തെ യുവജനങ്ങളും ചെയ്യേണ്ടത്. □





# 10

## ഷോപ്പിങ്ങ് ക്രിസ്മസ്

*25-2-98 വൈകീട്ട് 7.30ന് മാർത്തമറിയം വലിയ പള്ളിയിൽ ക്വയർ മീററിംഗിൽ ചെയ്ത പ്രസംഗം*

ഇന്ന് ക്രിസ്മസ് ദിനമാണല്ലോ. ഞാൻ തൊണ്ണൂറിലെ ക്രിസ്മസ്ദി നങ്ങൾ ഓർക്കുകയാണ്. അന്ന് ജപ്പാനിൽ ഹിരോഷിമാ നഗരത്തിലായി രുന്നു ഞാൻ. വളരെ തിരക്കുള്ള ഒരു സ്ഥലം. നഗരത്തിൽവെച്ച് ഒരു പെൺകുട്ടിയെ കണ്ടുമുട്ടാനിടയായി. ഞാൻ അവളോടു ചോദിച്ചു:

"എന്താണിത്ര തിരക്കും ബഹളവും?"

"ഇത് ക്രിസ്മസ് സീസണല്ലേ?"

"എന്നുവെച്ചാൽ?"

"എന്നുവെച്ചാൽ.........ഷോപ്പിങ്ങ് സീസൺ !"

ഞാനാശ്ചര്യപ്പെട്ടു ! ആ കുട്ടി പറഞ്ഞത് സത്യമായിരുന്നു ! ലോകം അത്രയേറെ കമ്പോളവത്കരിക്കപ്പെട്ടു. കൂട്ടത്തിൽ ക്രിസ്മസും കമ്പോളവത്ക്കരിച്ചു.

ടി.വി.യിലും മറ്റും നിങ്ങൾ കമ്പോളപരസ്യങ്ങൾ കണ്ടിരിക്കും. അയൽക്കാരൻെറ അസൂയ നമ്മുടെ അഭിമാനമായി അവതരിപ്പിക്കുന്ന പരസ്യങ്ങൾ. നമ്മുടെ ക്വയർമീറ്റും അപ്രകാരമായിത്തുടങ്ങിയോ എന്നു ഞാൻ സംശയിക്കുന്നു. ഈ മീറ്റിൻെറ ആദ്യവർഷങ്ങളിൽ ഇവിടം എത്രമാത്രം ആനന്ദകരമായിരുന്നു. ആവേശകരമായ കൂട്ടായ്മയിൽ ഞാൻ വികാരഭരിതനായിട്ടുണ്ട്. എന്നാൽ ഇന്ന് ആവേശം തണുത്തു തുടങ്ങി യിരിക്കുന്നു.

ഇന്ന് നാം ഓർക്കുന്നത് ശിശുവായ യേശുവിനെയാണ്. അവൻ നമ്മുടെ അരികിൽത്തന്നെയുണ്ട്. പക്ഷേ നാം ഷോപ്പിങ്ങിൻെറ തിര ക്കിലാണ്. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞനായ ആൽബർട്ട് ഷെറ്റ്സർ പറയുന്നു: യേശു നാം അറിയാതെ നമ്മോടൊപ്പം വരുന്നു, ചോദിക്കുന്നു, നിൽക്കുന്നു – പക്ഷേ നാം അതറിയുന്നില്ല; പ്രത്യേകിച്ച് നമ്മുടെ തിരക്കിനിടയിൽ."

നമ്മുടെ വിചാരം യേശു ഇപ്പോഴും പുൽത്തകിടിയിൽ കിടക്കുക

യാണ് എന്നാണ്. എന്നാൽ അവൻ വളർന്നു വലുതായി. നമുക്കു പല ദർശനങ്ങളും നൽകി. നാം അത് ഒരിക്കലും ശ്രദ്ധിച്ചില്ല. നമുക്ക് നമ്മുടെ തിരക്കുകളായിരുന്നു പ്രധാനം.

നിങ്ങളെ യേശു സന്ദർശിക്കാറുണ്ടോ? പണ്ട് മുക്കുവരെ യേശു സന്ദർശിച്ചു. നിങ്ങളേയോ? എന്നെ സന്ദർശിക്കാറുണ്ട്. നിങ്ങൾ ശ്രദ്ധിക്കണം: എന്നെ മിനിഞ്ഞാന്ന് യേശു സന്ദർശിച്ചു! പ്രച്ഛന്നവേഷത്തിലാണ് അവൻ വന്നത്: ഒരു യുവാവായി. അപ്പനില്ലാത്ത, രോഗിയായ അമ്മയും അനുജനുമുള്ള ഒരു യുവാവ്. പത്താംതരം പസ്സായി. മീൻ വിറ്റു ജീവിക്കാൻ തുടങ്ങി. തപാൽ പരിശീലനത്തിലൂടെ ഡിഗ്രിയെടുത്തു. പിന്നീട് പോസ്റ്റ്ഗ്രാജ്വേഷൻ കഴിഞ്ഞു. അനുജനെ പഠിപ്പിച്ചു. കടം വാങ്ങി വീടുവെച്ചു. ഇപ്പോൾ തമിഴൻമാരുടെ കടക്കെണിയിൽ. എന്നോടല്പം കാശ് ചോദിച്ചു. നിങ്ങളിൽനിന്ന് സ്വരൂപിക്കുന്ന പണത്തിൽനിന്ന് ഞാൻ കുറച്ചു നല്കി. എനിക്കറിയാം അയാൾ യേശുവായിരുന്നു. എൻെറ തിരക്കിനിടയിൽ വേഷപ്രച്ഛന്നനായി കാണാൻ വന്നതായിരുന്നു.

'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സൻമനസ്സുള്ളവർക്കു സമാധാനം' എന്നത് ഭൂമിയിൽ കാശുള്ളവർക്കു കച്ചവടസമയം എന്നാക്കേണ്ട കാലമായിരിക്കുന്നു. ഓരോ കച്ചവടസ്ഥാപനത്തിനു മുമ്പിലും ഇക്കാലത്ത് സാൻറോക്ലോസിനെ കാണാം. കച്ചവടക്കാരുടെ ദല്ലാളായി ക്രിസ്മസ് അപ്പൂപ്പൻ നില്ക്കുന്ന കാഴ്ച വേദനയുണ്ടാക്കുന്നതാണ്. □



# 11

## ദരിദ്രനെ സഹായിക്കുന്നതിനേക്കാൾ ദാരിദ്ര്യത്തെ ഇല്ലാതാക്കാൻ പോരാടുക

*15-11-1988, വൈകീട്ട് 7.30ന് തൃശൂർ വലിയപള്ളിയിൽ യൂത്ത്സ് അസോസിയേഷൻ 34-ാം വാർഷികത്തോട് അനുബന്ധിച്ച് ചേർന്ന യോഗത്തിലെ മുഖ്യപ്രഭാഷണത്തിൽ നിന്ന്.*

നമ്മുടെ സഭയുടെ പണ്ടുകാലംമുതലുള്ള പാരമ്പര്യത്തെ സഭയിലെത്തന്നെ പലരും പുകഴ്ത്തി പറയാറുണ്ട്. വിശ്രുത എഴുത്തുകാരൻ ബഷീർ തൻെറ നോവലിൽ പറയുന്നതുപോലെ ൻറുപ്പൂപ്പാക്കൊരാനേണ്ടാർന്നു. ഞങ്ങളുടെ പള്ളി പണിതത് രാജാവാണ്. ഞങ്ങൾ ഉപയോഗിക്കുന്ന മെഴുകുതിരിക്കാലും മറ്റും വളരെ പുരാതനവും മറ്റാർക്കും ഇല്ലാത്തതുമാണ്, എന്നിങ്ങനെയുള്ള പഴയകാലം മഹത്വവും പാരമ്പര്യവും എപ്പോഴും നാം പറഞ്ഞുകൊണ്ടേയിരിക്കുന്നു.

പലപ്പോഴും പള്ളിമതിൽക്കെട്ടിനുള്ളിൽ മാത്രം ഒതുങ്ങികൂടുന്ന വിശ്വാസമാണ് നമ്മുടേത്. ക്രിസ്തീയത പള്ളിയിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. വിശ്വാസം പള്ളിക്കകത്ത് മാത്രം പോര. അത് കുടുംബത്തിലും സമൂഹത്തിലും നാം പ്രവർത്തിക്കുന്ന മറ്റേതൊരു രംഗത്തും പ്രാവർത്തികമാക്കുവാനുള്ളതാണ്.

നമ്മുടെ സഭയിലെ നിലവിലുള്ള ചട്ടങ്ങൾ അതേപടി തുടർന്നാൽ മതിയെന്നാണ് കൂടുതൽ ആളുകളുടേയും ആഗ്രഹം. അതിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയാൽ അത് കുഴപ്പമാകും. സമാധാന അന്തരീക്ഷത്തിന് ഭംഗം വരും എന്നെല്ലാമാണ് നമ്മുടെ ചിന്ത. എന്നാൽ ഇത് ശരിയല്ല. കാലാകാലങ്ങളിൽ ആവശ്യമെന്ന് തോന്നുന്ന മാറ്റങ്ങൾ നാം തീർച്ചയായും ഉൾകൊള്ളണം. ഇങ്ങിനെ ചെയ്യുമ്പോൾ അഭിപ്രായവ്യത്യാസങ്ങളും വിമർശനങ്ങളും ഉണ്ടാകും. അതിനെകുറിച്ച് ആശയവിനിമയങ്ങളും ചർച്ചകളും നടക്കണം. അത് കൂടുതൽ നല്ല മാറ്റങ്ങളിലേക്ക് നമ്മെ നയിക്കും. ശവപറമ്പിലെ സമാധാനമല്ല നമുക്ക് വേണ്ടത്. മാറ്റങ്ങൾ ഉൾക്കൊള്ളുവാനുള്ള ചേതനയാണ്. നാമെല്ലാം ഇന്ന് ചത്തതിനൊക്കുമേ ജീവിച്ചിരിക്കുന്നവരാണ്. ഈ കാര്യം ഞാൻ മുൻപും പറഞ്ഞിട്ടുണ്ട്. അതിനോട് ചേർത്ത് ഇന്ന് എനിക്ക് പറയുവാനുള്ളത് മറ്റൊരു കാര്യമാണ്. അത് നമ്മുടെ ഇടയിൽ കാണുന്ന സാമൂഹികപ്രവർത്തന

ത്തിൻെറ ശൈലിയെകുറിച്ചാണ്. 'സ്ഥലത്തെ റോട്ടറി ക്ലബ് സാധുക്കൾക്ക് അരികൊടുക്കുന്നു, ബിഷപ്പ് പാവങ്ങൾക്ക് വസ്ത്രദാനം ചെയ്യുന്നു. ഇടവകവികാരി വിധവക്ക് വീടിൻെറ താക്കോൽ ദാനകർമ്മം നിർവഹിക്കുന്നു'. എന്നിങ്ങനെ പലതും ഞാൻ പത്രങ്ങളിൽ കാണുകയും റേഡിയോവിൽ കേൾക്കുകയും ചെയ്യുന്നു. എത്രയോ മനുഷ്യത്വരഹിതമായ പ്രവർത്തനമാണ് ഇത്. ഒരു വിധവയെ അല്ലെങ്കിൽ അനാഥനെ ഈ ചടങ്ങിലേക്കായി ക്ഷണിച്ച് വരുത്തി, ബിഷപ്പ് ദാനം ചെയ്യുന്ന ഫോട്ടോ പത്രത്തിൽ പരസ്യം ചെയ്യുക. റേഡിയോവിൽ വാർത്ത വരുത്തുക. എന്തുതരം സാമൂഹ്യപ്രവർത്തനമാണ് ഇത്? നാം ചെയ്യുന്നത് ആ വിധവയുടെ സാധുവിൻെറ മനുഷ്യത്വത്തെ, സ്വാഭിമാനത്തെ മുറിപ്പെടുത്തുകയാണ്. പബ്ലിസിറ്റിക്കു വേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങളാണിവയെല്ലാം. അല്ലാതെ സാമൂഹ്യസേവനത്തിലുള്ള താല്പര്യം കൊണ്ടല്ല. ദയവ് ചെയ്ത് എന്നെ ഇത്തരം ചടങ്ങുകളിലേക്ക് ക്ഷണിക്കരുത് എന്ന് അപേക്ഷയുണ്ട്. ഞാൻ വരില്ല. 'നിൻെറ വലതുകൈ ചെയ്യുന്നത് എന്ത് എന്ന് നിൻെറ ഇടതുകൈ അറിയരുത്' എന്ന വേദവാക്യം ഓർക്കുന്നത് നന്നായിരിക്കും. നിങ്ങൾക്ക് സാധുക്കളായ കുട്ടികൾക്ക് പുസ്തകം വിതരണം ചെയ്യണമെന്ന് ആഗ്രഹമുണ്ടോ? ദയവു ചെയ്ത് ആ പുസ്തകം പൊതിഞ്ഞ് ആരും അറിയാതെ ആ കുട്ടിയുടെ വീട്ടിൽ എത്തിച്ചു കൊടുക്കുക.

നമുക്ക് സാമൂഹ്യ പ്രവർത്തനം ആവശ്യമില്ലെന്നല്ല ഞാൻ പറഞ്ഞതിനർത്ഥം. ഒരിക്കലും അങ്ങിനെയല്ല. സാമൂഹ്യപ്രവർത്തനം ആവശ്യം തന്നെയാണ്. പക്ഷേ അത് ഇന്നത്തെ രീതിയിലായിരിക്കരുത് എന്നു മാത്രം. മറ്റൊന്നു കൂടിയുണ്ട്. ദരിദ്രനെ സഹായിക്കുക എന്ന അവസ്ഥവിട്ട് ദാരിദ്ര്യത്തെ ഇല്ലാതാക്കുവാനുള്ള പ്രവർത്തനങ്ങളിലേക്ക് നാം വളരണം. അതായത് നമ്മുടെ സാമൂഹ്യ പ്രവർത്തനങ്ങളിലൂടെ ദരിദ്രാവസ്ഥക്ക് ഒരു ശാശ്വതമായ പരിഹാരമാർഗം കണ്ടെത്തുന്നതിന് നമുക്ക് കഴിയണം.

മദ്യപിച്ച് റോഡിലൂടെ വളരെ വേഗത്തിൽ ലക്കും ലഗാനുമില്ലാതെ വാഹനമോടിച്ച് പോകുന്ന ഒരു വ്യക്തി റോഡിലൂടെ യാത്ര ചെയ്യുന്ന ആളുകൾക്ക് അപകടമുണ്ടാക്കുന്നു. ഈ സമയം സ്ഥലത്തെ ഒരു സാമൂഹ്യസംഘടന ഒരു ആംബുലൻസുമായി പിന്നാലെ ചെന്ന് അപകടം പറ്റിയവരെ ആശുപത്രിയിൽ എത്തിക്കുന്നു. നല്ലത് തന്നെ. പക്ഷെ അതുകൊണ്ടുമാത്രം അപകടം വീണ്ടും ഇല്ലാതാകുന്നില്ല. ഇവിടെ ചെയ്യേണ്ട ശരിയായ സാമൂഹ്യസേവനം മദ്യപിച്ച് വാഹനമോടിക്കുന്നയാളെ ആ വണ്ടിയിൽ നിന്നും ഇറക്കുകയാണ്. എങ്കിൽ മാത്രമെ കൂടുതൽ അപകടങ്ങൾ ഉണ്ടാകാതിരിക്കുകയുള്ളൂ. അപകടം സംഭവിച്ചവരെ സഹായിക്കുന്നതിനോടൊപ്പം തന്നെയോ അല്ലെങ്കിൽ അതിനേക്കാൾ പ്രാധാന്യമുള്ളതോ ആയ സാമൂഹ്യസേവനമാണ് അപകടം സംഭവിക്കാതെ നോക്കുക എന്നത്. നമ്മുടെ പ്രവർത്തനങ്ങളും ഇത്തരത്തിലുള്ളതായി

രിക്കണം.

വിയറ്റ്നാം യുദ്ധം രൂക്ഷമായി നടക്കുന്ന സമയം. അമേരിക്ക എല്ലാം മറന്ന് പോരാടുകയാണ്. ഇങ്ങിനെയുള്ള അവസരത്തിൽ അമേരിക്കയിലെ കാലിഫോർണിയ എന്ന സ്ഥലത്തെ ഒരു പള്ളിയിലെ കുർബാന സമയത്ത് പുരോഹിതൻ ഒരു പ്രസംഗം ചെയ്തു. അതിൻെറ സാരാംശം ഇതായിരുന്നു. 'അമേരിക്കൻ പട്ടാളം വിയറ്റ്നാമിൽ നിന്ന് പിൻമാറണം'. ഇക്കാര്യം താൻ കുർബാനയിൽ പറയുമെന്ന് പുരോഹിതൻ അവിടെയുള്ള പ്രധാനികളോട് തലേദിവസം പറഞ്ഞിരുന്നു. അപ്പോൾ അവർ അതിനോട് എതിരു പറഞ്ഞു. കാരണം ഈ സംഗതി പറഞ്ഞാൽ അവിടെ ഭിന്നാഭിപ്രായങ്ങൾ ഉണ്ടാകും. അതുകൊണ്ട് യുദ്ധത്തെപ്പറ്റിയോ ആറ്റംബോംബിനെ പറ്റിയോ അതിൻെറ കെടുതികളെപ്പറ്റിയോ എല്ലാം പറഞ്ഞാലും വിയറ്റ്നാമിൽ നിന്ന് അമേരിക്കൻ പട്ടാളം പിൻമാറണമെന്ന് മാത്രം പറയരുതെന്ന് നിർബന്ധിച്ചു. എന്നാൽ പുരോഹിതൻ അതിന് വഴങ്ങിയില്ല. അടുത്ത ദിവസം കുർബാനക്ക് ഈ വിവരം പറയുക തന്നെ ചെയ്തു. കുർബാന കഴിഞ്ഞു. ആളുകൾ ഈ അഭിപ്രായത്തെ കുറിച്ച് ചേരിതിരഞ്ഞ് ചർച്ചകൾ തുടങ്ങി. പലരും വിമർശിച്ചു. മറ്റു ചിലർ അനുകൂലിച്ചു. അത്രമാത്രം. അല്ലാതെ സൂര്യൻ അസ്തമിക്കാതിരുന്നില്ല. അടുത്ത ദിവസം ഉദിക്കാതെയുമിരുന്നില്ല. എന്നാൽ ചിലർക്കെല്ലാം പുരോഹിതൻ പറഞ്ഞതിൽ കാര്യമുണ്ടെന്ന് തോന്നുകയും അവർ ആ രീതിയിൽ അഭിപ്രായ രൂപീകരണത്തിന് ശ്രമിക്കുകയും ചെയ്തു. ഇതുപോലെത്തന്നെ നമ്മുടെ സഭയിലും പല വിഷയത്തെക്കുറിച്ചും പറയുമ്പോൾ വിമർശനങ്ങളും ചർച്ചകളും ഉണ്ടാകും. ഇതുമൂലം സഭക്ക് തെറ്റുകളെ തിരുത്തി സമൂഹത്തിൽ ഫലവത്തായ പ്രവർത്തനങ്ങൾ ചെയ്യുവാൻ കഴിയും. അനിവാര്യമായ മാറ്റങ്ങളിലൂടെ നമുക്കും ഇതിന് സാധിക്കണം. □



# 12

## സഭയും ദാരിദ്ര്യവും

*14-9-97 രാവിലെ 7.45ന് കിഴക്കെകോട്ട മാർ യോഹന്നാൻ പള്ളിയിൽ കുർബ്ബാനക്ക് ചെയ്ത പ്രസംഗം*

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാരെന്നും സ്വർഗരാജ്യം അവർക്കുള്ളതാണെന്നും നാം ബൈബിളിൽ വായിക്കുന്നു. യേശുവിൻെറ ആഗമനം നിമിത്തം ഭൂമിയിൽ ഉണ്ടാകാൻ പോകുന്ന മാറ്റങ്ങളെയാണ് ഇതു സൂചിപ്പിക്കുന്നത്. ജനങ്ങൾക്ക് വൈയക്തികമായി സംഭവിക്കാനിരിക്കുന്ന മാറ്റങ്ങളെയല്ല ഇതു സൂചിപ്പിക്കുന്നത്. സ്വർഗരാജ്യം ദരിദ്രപക്ഷത്തു നിന്നു സൃഷ്ടിക്കേണ്ടതാണ് എന്ന് യേശുവിനറിയാമായിരുന്നു. അത് ഈ ലോകത്തിനപ്പുറത്തുള്ള ഒന്നാണെന്ന് നമ്മൾ വിചാരിക്കുന്നു. എന്നാൽ സ്വർഗ്ഗം ഈ ഭൂമിയുടെ തുടർച്ച മാത്രമാണ്. മതങ്ങൾ ഈ ലോകത്തിനപ്പുറത്തുള്ള സ്വർഗത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് മനുഷ്യനെ മയക്കത്തിലാഴ്ത്തുന്നു.

ഭൂമിയെ സ്വർഗമായി പരിവർത്തനപ്പെടുത്തുകയാണ് നമ്മുടെ പ്രധാനദൗത്യം. നിലനില്ക്കുന്ന വ്യവസ്ഥയെ കീഴ്മേൽ മറിച്ചുകൊണ്ടേ അത് സാധ്യമാകൂ. അതിനുള്ള ശ്രമം ദരിദ്രപക്ഷത്തു നിന്നാണ് ഉണ്ടാവുക. ദരിദ്രരായവർ ഭാഗ്യവാന്മാരാണ് എന്നു പറയുമ്പോൾ പരിവർത്തനത്തിനു ശേഷമുള്ള സ്വർഗരാജ്യം അവർക്ക് അവകാശപ്പെട്ടത് എന്നാണ് ക്രിസ്തു അർത്ഥമാക്കുന്നത്. ലോകത്തെ മാറ്റിമറിക്കാൻ തുനിഞ്ഞിറങ്ങുമ്പോൾ നമുക്കു പലതും ത്യജിക്കേണ്ടിവരും. പക്ഷേ ആ ത്യാഗങ്ങളുടെ വില സ്ഥായിയായ ആനന്ദമായിരിക്കും. സഭയും വ്യക്തികളും യേശുവിൻെറ ഈ വാക്കുകളുടെ അർത്ഥത്തെ ശരിയായി ഉൾക്കൊള്ളണം. യേശുവിൻെറ വാക്കുകൾ സഭയോട് ചിലത് ആവശ്യപ്പെടുന്നുണ്ട്.

ലാറ്റിനമേരിക്കൻ സഭകൾ പലതും ദരിദ്രപക്ഷത്ത് ചേർന്നു പ്രവർത്തിക്കുന്നു. അതിന് ചിലപ്പോൾ കനത്ത വിലയും കൊടുക്കേണ്ടിവന്നേക്കാം. അൾത്താരയിൽവെച്ച് ഒരു ബിഷപ്പ് വെടിവെച്ചുകൊല്ലപ്പെട്ടത് ലാറ്റിനമേരിക്കയിലാണ്. എന്തുകൊണ്ടിതു സംഭവിക്കുന്നു? കാരണം ലളിതം, അവിടെ കത്തോലിക്ക സഭ നന്മയുടെ നിലപാടെടുക്കുന്നു.

ദാരിദ്ര്യത്തെക്കുറിച്ചും ദു:ഖിക്കുന്നവരെക്കുറിച്ചുമാണ് നമ്മൾ ഇതുവരെ പറഞ്ഞത്. അതിനാൽ ഞാൻ നിങ്ങളുടെ ശ്രദ്ധയെ ഒരു മഹ തിയുടെ ജീവിതത്തിലേക്ക് ക്ഷണിക്കുന്നു. ദരിദ്രരുടേയും രോഗികളുടേയും അനാഥരുടേയും കണ്ണീരൊപ്പുവാൻ ജീവിതാന്ത്യം വരെ യത്നിച്ച മദർ തെരേസയാണ് ആ മഹതി. പോൾ ആറാമൻ മാർപാപ്പ ബോംബെ സന്ദർശിച്ചപ്പോൾ സഞ്ചരിച്ചിരുന്ന കാർ മദറിന് നൽകിയാണ് തിരിച്ചു പോയത്. മദർ അത് വിറ്റ് പണമാക്കി അഗതിമന്ദിരം തുടങ്ങി. നോബൽ സമ്മാനത്തിൽ നിന്ന് ലഭിച്ച പണം അവർ കുഷ്ഠരോഗികൾക്ക് മരുന്നു വാങ്ങാനാണ് വിനിയോഗിച്ചത്. തനിക്കുള്ളതെല്ലാം അവർ അഗതികൾക്കായി വീതിച്ചു നല്കി. മഹത്തായ കർമ്മം! പക്ഷേ അവർക്കു നീതി നടപ്പാക്കിക്കൊടുക്കുവാൻകൂടി നാം സന്നദ്ധരാകണം. ആരോരുമില്ലാത്തവർക്ക് മരണസമയത്ത് ഒരു തുള്ളിവെള്ളം കൊടുക്കുന്നതു നല്ലതു തന്നെ. പക്ഷേ ഒരു രാജ്യത്ത് അഗതിമന്ദിരങ്ങൾ കൂടി വരുന്നത് ആ രാജ്യത്തിൻെറ അഭിവൃദ്ധിയെയല്ല കാണിക്കുന്നത്; മറിച്ച് പാപ്പരത്തത്തെയാണ്. രണ്ടായിരം വർഷമായി നാം ജീവകാരുണ്യപ്രവർത്തനം തുടങ്ങിയിട്ട്. എന്നിട്ടുമെന്തേ ഈ ദാരിദ്ര്യപിശാച് ഇവിടെ നിന്നും മാറിപ്പോകാത്തത്?

ഞാൻ പല സദസ്സുകളിലും പറഞ്ഞകാര്യം ആവർത്തിക്കട്ടെ. ഒരു ദൈവശാസ്ത്രജ്ഞൻ പറഞ്ഞ കഥയാണ്. ഒരു മദ്യപൻ വഴിയിലുള്ളവരെ ഇടിച്ചു വീഴ്ത്തിക്കൊണ്ട് കാറോടിച്ചു പോകുന്നു. നാമെന്തു ചെയ്യും? ഇതിന് രണ്ട് പോംവഴിയാണ് അദ്ദേഹം പറയുന്നത്.

ഒന്ന് - സ്ഥലത്തെ യുവജനങ്ങൾ സംഘടിച്ച് ആംബുലൻസുമായി കാറിനു പുറകേ പായുക. അപകടത്തിൽ പെടുന്നവരെ രക്ഷിക്കുക.

രണ്ട് - മദ്യപൻെറ കാറിൻെറ നിയന്ത്രണം ഏറ്റെടുക്കുക. അല്പം ബുദ്ധിമുട്ടുള്ളതാണെങ്കിലും രണ്ടാമത്തെ പോംവഴിയാണ് നാം സ്വീകരിക്കേണ്ടത്. പിന്നീട് അപകടങ്ങൾ ഒഴിവാക്കാൻ അതു സഹായിക്കും. മദറിനെ പോലെയുള്ളവരുടെ ജീവകാരുണ്യപ്രവർത്തനം തീർച്ചയായും നല്ലതു തന്നെ. പക്ഷേ മരിക്കാൻ കിടക്കുന്നവരുടെ ചുണ്ടിൽ ഒരിററു വെള്ളമിറ്റിച്ച് പുഞ്ചിരിയോടെ മരിക്കാൻ സഹായിക്കുന്നതോടൊപ്പം അവരുടെ ചുണ്ടിൽ ഒരു ചെറുപുഞ്ചിരി കാണത്തക്കവിധത്തിൽ ജീവിച്ചിരിക്കാനുള്ള വഴിയും നാം ഒരുക്കിക്കൊടുക്കണം. യേശുവിൻെറ വാക്കുകൾ നമ്മെ അതിനു സന്നദ്ധരാക്കട്ടെ. □



# 13

## നിന്റെ ദാസനെ സ്വതന്ത്രനാക്കുക

*6-8-1989 ഞായറാഴ്ച മാർത്ത് മറിയം വലിയ പള്ളിയിൽ വിശുദ്ധ കുർബ്ബാനാവസരത്തിൽ ചെയ്ത ധ്യാനപ്രസംഗത്തിൽ നിന്ന്.*

ലൂക്കോസ് എഴുതിയ സുവിശേഷം 14-ാം അദ്ധ്യായം ഒന്നു മുതൽ പതിനാല് വരെ

യഹൂദൻമാർ ശബ്ബത്തുകൾ വളരെ ശ്രദ്ധയോടെ നിഷ്കർഷിച്ച് പരിപാലിച്ചിരുന്നു. ശബ്ബത്ത് ആചരണം എന്ന് കേൾക്കുമ്പോൾ നമുക്ക് ചിരിവരും. ശബ്ബത്തിൽ ഭക്ഷണം പാകം ചെയ്യരുത് എന്നു പോലും പറഞ്ഞിട്ടുണ്ട്. അതായത് ഒരു തരത്തിലുള്ള വേലയും ചെയ്യരുത്. ജനത്തിന് പട്ടിണി കിടക്കുവാൻ കഴിയാത്തതിനാൽ തലേദിവസം ഭക്ഷണം പാകം ചെയ്ത്‌വക്കും. ശബ്ബത്ത് നാൾ ഭക്ഷണം കഴിക്കുന്ന സമയമാകുമ്പോഴേക്ക് അത് തണുത്തിരിക്കും. അതിനാൽ അവർ അതല്പം ചൂടാക്കും. ചൂടാക്കുക മാത്രം. അധികം വേവിക്കുകയൊന്നുമില്ല. ശബ്ബത്ത് ലംഘിക്കരുതല്ലോ!

അതുപോലെത്തന്നെ അസുഖം ബാധിച്ച ഒരു വ്യക്തി മരിക്കുന്ന ഘട്ടമെത്തിയാൽ, അന്ന് ശബത്ത് ആണെങ്കിൽ മരിക്കാതിരിക്കുവാൻ മാത്രം മരുന്ന് നൽകും. ചികിത്സയെല്ലാം പിറ്റേദിവസം മുതലേ തുടങ്ങുകയുള്ളൂ. ഇങ്ങിനെയാണ് യഹൂദൻമാരുടെ ശബ്ബത്താചരണ രീതി.

ഇങ്ങിനെയുള്ള ഒരു ശബ്ബത്തിൽ ആണ് യേശു ഒരു പരീശപ്രമാണിയുടെ വീട്ടിൽ ചെന്നതും മഹോദരമുള്ള ഒരു മനുഷ്യനെ സൗഖ്യമാക്കിയതും. രോഗികൾക്ക് യേശു സൗഖ്യം നൽകുന്നത് ആദ്യമായിരുന്നില്ല. യഹൂദൻമാർ എതിർക്കുന്നതും ആദ്യമല്ലായിരുന്നു. എന്തെങ്കിലും ഒരു കാരണം കിട്ടുവാൻ അവർ അവനെ ഉറ്റുനോക്കുകയായിരുന്നു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

ഇവിടെ 'ഉറ്റുനോക്കുക' എന്നത് ഇന്നത്തെ സ്ഥിതിയിൽ രാഷ്ട്രീയമായി പറയുകയാണെങ്കിൽ എന്തെങ്കിലും രേഖകളോ ആഭരണങ്ങളോ ഒക്കെ തങ്ങൾക്ക് ഏറ്റവും വിരോധമുള്ള വ്യക്തികളെ കരിതേച്ച് കാണിക്കുവാനും കുടുക്കിൽപെടുത്തുവാനുമായിട്ട്, അവരറിയാതെ അവരുടെ സ്ഥലത്ത് കൊണ്ട്ചെന്ന് വക്കും. എന്നിട്ട് ഉയർന്ന ഉദ്യോഗസ്ഥൻമാർക്കും പോലീസിനും അറിവ് കൊടുക്കും. അവർ അവിടെ വന്ന് 'റയ്ഡ്'

നടത്തും. രേഖകളും ആഭരണങ്ങളും പിടിച്ചെടുക്കും. ഇതിനെ ഒരു 'പ്ലാൻ' ചെയ്യൽ എന്നാണ് പറയുക. ഇതുപോലെയായിരുന്നു യഹൂദൻമാർ അന്ന് യേശുവിനെ ഉറ്റുനോക്കിയിരുന്നത്, യേശുവിനെ കുറ്റങ്ങളിൽ അകപ്പെടുത്തുവാനായിട്ട്.

ഇവിടെ ശബ്ബത്തിനെ കുറിച്ച് യഹൂദൻമാർ യേശുവിനോട് ചോദിക്കുന്നതും യേശു അതിന് ഉത്തരം നൽകുന്നതും കാണാം. എങ്ങിനെ ശബ്ബത്ത് ആചരിക്കേണം എന്ന് യേശു അവർക്ക് വിശദമാക്കുന്നുണ്ട്.

ആവർത്തന പുസ്തകം 5, പുറപ്പാട് 20 എന്നീ അദ്ധ്യായങ്ങളിൽ ശബ്ബത്തിനെ കുറിച്ച് വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രധാനമായും രണ്ട് കാര്യങ്ങളാണ് ഇവിടെ പറയുന്നത്.

1. നീ മിസ്രയീം ദേശത്ത് അടിമയായിരുന്നു. അവിടെ നിന്ന് നിന്നെ വിടുവിച്ച് കൊണ്ടുവന്നത് നിൻെറ കഴിവല്ല. അത് പ്രവർത്തിച്ചത് നിൻെറ യഹോവയായ ഞാൻ ആകുന്നു.

2. ശബ്ബത്തിൽ നീയും നിൻെറ വേലക്കാരനും നിൻെറ വേലക്കാരത്തിയും നിനക്കുള്ളതൊക്കെയും ഒരു വേലയും ചെയ്യരുത്. നിൻെറ വേലക്കാരനും വേലക്കാരത്തിയും നിന്നെപ്പോലെ സ്വസ്ഥമായിരിക്കേണ്ടതിന് തന്നെ.

അപ്പോൾ നാം വിചാരിക്കും വേലക്കാർക്ക് പണിയെടുത്താൽ എന്താണ്. അവർ വേല ചെയ്യുവാനുള്ളവരാണല്ലോ എന്ന്. എന്നാൽ ഇതിൻെറ അർത്ഥം നിന്നെപ്പോലെത്തന്നെയാണ് മറ്റുള്ളവരും എന്ന് നീ ഓർക്കുക എന്നതാണ്. എൻെറ, എൻെറ എന്ന സങ്കുചിത ചിന്ത കൈവെടിയുക എന്നാണ്. മിസ്രയീം ദേശത്ത് നീ അടിമയായിരുന്നു. എന്നാൽ ഞാൻ ഇന്ന് നിനക്ക് സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. ആ സ്വാതന്ത്ര്യം എല്ലാർക്കുമുള്ളതാണ്.

നാം തെറ്റായി ധരിച്ചിരിക്കുന്ന ഒരു വാക്കാണ് സ്വാതന്ത്ര്യം. പലരും സ്വാതന്ത്ര്യവും ലൈസൻസും ഒന്നായിട്ടാണ് കാണുന്നത്. എന്നാൽ ഇത് രണ്ടും രണ്ടാണ്.

സ്വാതന്ത്ര്യം എന്നത് എന്തും ചെയ്യുവാനുള്ള അവകാശമല്ല. സ്വാതന്ത്ര്യം നമ്മിൽ പല ഉത്തരവാദിത്വങ്ങളും ഏല്പിച്ചുതരുന്നു. ലൈസൻസ് എന്നത് ഏതെങ്കിലും ഒരു പ്രത്യേകകാര്യം മറ്റുള്ളവരെയോ അവരുടെ താല്പര്യങ്ങളേയോ പരിഗണിക്കാതെ സ്വന്ത താല്പര്യം മാത്രം കരുതി ചെയ്യുക എന്നതാണ്. ഇവ രണ്ടും വളരെയേറെ വ്യത്യസ്തമാണ്. രണ്ടാമത്തേത് ശരിയുമല്ല.

പണ്ട് യഹൂദൻമാർ ശനിയാഴ്ച ശബ്ബത്ത് ആചരിച്ചിരുന്നു എങ്കിൽ യേശുക്രിസ്തുവിൻെറ ഉയിർത്തെഴുന്നേൽപ്പിനുശേഷം ക്രിസ്ത്യാനികൾ ഞായറാഴ്ചയെയാണ് ശബ്ബത്ത് ആയി കാണുന്നത്. (ഞായറാഴ്ചയാണ് ക്രിസ്ത്യാനികൾക്ക് ദൈവത്തെ ആരാധിക്കുവാൻ പ്രത്യേകമായി വച്ചിട്ടുള്ള ദിനം!)

എന്നാൽ എൻെറ അഭിപ്രായത്തിൽ ഞായറാഴ്ചക്ക് ഒരു പ്രത്യേകതയുമില്ല. ഞായർ നല്ലതാണെങ്കിൽ തിങ്കളും വ്യാഴവും ശനിയും അതുപോലെതന്നെ നല്ല ദിവസങ്ങളാണ്. പലരും ശനിയെ വളരെ ചീത്തദിവസമായാണ് കാണുന്നത്. ചിലർ ഞായറാഴ്ച പള്ളിയിലേക്ക് വരികയും അവരുടെ കുട്ടികളെ വേദപഠനം മാത്രം അന്നേദിവസം പഠിക്കുവാൻ അനുവദിക്കുകയും ചെയ്യുന്നു. സ്കൂളിലെ മറ്റ് പാഠഭാഗങ്ങൾ ഞായറാഴ്ച പഠിപ്പിക്കുകയില്ല. ഇത് തെറ്റാണ്. ഞായറാഴ്ച പാഠങ്ങൾ പഠിക്കുന്നത് കൊണ്ട് ഒരു കുഴപ്പവുമില്ല. ഞായറാഴ്ച മുടക്കമായതു കൊണ്ട് കിട്ടിയ സമയം സിനിമക്കും നാടകത്തിനും മാത്രമായി ചിലവഴിക്കുന്നവരുണ്ട്. അതും തെറ്റാണ്.

ഞായറാഴ്ച ദൈവത്തെ ആരാധിക്കാമെങ്കിൽ തിങ്കളും വെള്ളിയും ശനിയും ഒക്കെ ദൈവത്തെ ആരാധിക്കാം. ഞായറാഴ്ച സിനിമ കാണാമെങ്കിൽ അതുപോലെത്തന്നെയാണ് മറ്റേതൊരു ദിവസവും സൗകര്യമെങ്കിൽ സിനിമക്ക് പോകുന്നത്. ഞായറാഴ്ച വേദപഠനം നടത്താമെങ്കിൽ മറ്റ് പഠനങ്ങളും അന്ന് ആവാം. മറ്റുള്ള ദിവസങ്ങളിൽ സ്കൂൾ പഠനഭാഗങ്ങൾ പഠിക്കുന്നതിനോടൊപ്പം തന്നെ അല്പം വേദപഠനവും ആകാം. ചുരുക്കത്തിൽ ഞാൻ പറഞ്ഞുവന്നത് ദിവസങ്ങൾക്ക് പ്രത്യേകതയൊന്നുമില്ലെന്നതാണ്. ചിലർ ശനിയിലെ 'രാഹുവും ഗുളികനും' പോയാൽ നല്ല കാലം വരും എന്നൊക്കെ പറയാറുണ്ട്. ഇവയൊന്നും ശരിയായി ഞാൻ കാണുന്നില്ല. എല്ലാ ദിവസങ്ങളും ദൈവം സൃഷ്ടിച്ചതാണ്. അതുകൊണ്ട് തന്നെ എല്ലാ ദിവസങ്ങളും നല്ലതാണ്. നാം എന്ത് പ്രവൃത്തി ചെയ്യുകയാണെങ്കിലും അത് ഏത് ദിവസം ചെയ്യുന്നു എന്നല്ല നോക്കേണ്ടത്. നമ്മുടെ പ്രവൃത്തി ദൈവഹിതത്തിന് അനുസൃതമാണോ എന്നാണ് ശ്രദ്ധിക്കേണ്ടത്. ദൈവഹിതമെന്നാൽ വിവക്ഷിക്കുന്നത് മനുഷ്യൻെറ വിമോചനത്തിന് (മിസ്രയിം ദേശത്ത് നിന്നായാലും രോഗങ്ങളിൽ നിന്നായാലും) ഉതകുന്ന പ്രവൃത്തി എന്നാണ്. കഷ്ടപാടിൽ നിന്ന് മനുഷ്യനെ മോചിപ്പിക്കുവാൻ ഉതകുന്ന പ്രവർത്തി ഏതാണോ അത് നീ ചെയ്യുക. അതാണ് ദൈവഹിതം. □





# 14

## ചിന്തയെ പുതുക്കുക

*2-11-97 വൈകീട്ട് 7ന് വലിയ പള്ളി തിരുന്നാൾ ദിനത്തിൽ ചെയ്ത പ്രസംഗം*

ഇന്ന് ഞാൻ നിങ്ങളോട് ചിന്തകളെ പുതുക്കുന്നതിനെ കുറിച്ച് സംസാരിക്കാം. നമ്മുടെ ആരാധനയിലും അജപാലനത്തിലും സംഭവിക്കേണ്ട നവീകരണങ്ങളെ കുറിച്ച് ഓർമ്മിപ്പിക്കാം.

നമ്മുടെ സഭയിൽ, സമൂഹത്തിൽ, പുരുഷൻ സ്ത്രീയോട് എങ്ങനെയാണ് പെരുമാറുന്നത്? സമൂഹമദ്ധ്യത്തിലെ സ്ത്രീ നമുക്ക് ഒരു ഉപഭോഗവസ്തു മാത്രമാണ്. നമ്മുടെ ദിനപത്രങ്ങളിലൂടെ കണ്ണോടിക്കൂ.

ആലപ്പുഴയിൽ ഗർഭിണിയായ ഒരു സ്ത്രീ ഭർത്താവിനോടൊപ്പം ഡോക്ടറെ കണ്ടുമടങ്ങുമ്പോൾ ചില യുവാക്കൾ ആ ഗർഭിണിയെ സംഘം ചേർന്ന് ബലാത്സംഗം ചെയ്തത് പത്രങ്ങൾക്ക് ഒരു സാധാരണ വാർത്തയായിരുന്നു. തിരുവനന്തപുരത്ത് ഒരു യാചകി തൻെറ രണ്ടു വയസ്സായ മകളോടൊപ്പം കടത്തിണ്ണയിൽ ഉറങ്ങിക്കിടക്കുമ്പോൾ ആ രണ്ടു വയസ്സുകാരി ബലാത്സംഗം ചെയ്യപ്പെട്ടത് നാം എത്ര നിസ്സാരമായാണ് നമ്മുടെ 'ബെഡ്കോഫി'ക്കൊപ്പം ചവച്ചിറക്കിയത്.

ഇത്തരം വാർത്തകൾ കേട്ടും വായിച്ചും 'ഇതിലിപ്പൊ എന്താ ഇത്ര പറയാൻ?'എന്നായിരിക്കുന്നു നാം. സ്വന്തം വീടുകളിലെ സ്ഥിതിയും മറിച്ചല്ല. അതിഥി വരുമ്പോൾ ഒന്ന് ചിരിച്ച് സത്ക്കരിച്ച് കൂടുതൽ സംസാരിച്ചതിന് എത്രയോ ഭാര്യമാർ നമ്മുടെ വീടുകളിൽ ക്രൂരമായി പീഡിപ്പിക്കപ്പെടുന്നു. നമ്മുടെയിടയിലെ മിക്ക പുരുഷന്മാർക്കും ഭാര്യ വരുതിയിൽ നിൽക്കേണ്ട സ്വകാര്യസ്വത്താണ്. വാതിൽപ്പാളിക്കു വെളിയിലേക്ക് ഒരിക്കലും പ്രവേശനമില്ലാത്ത 'അലങ്കാര വസ്തു'.

വർഷങ്ങൾക്കുമുമ്പ് ഒറീസ്സയിൽ രൂപ്കൻവാർ എന്ന 17 കാരി പെൺകുട്ടിയെ 'സതി'യുടെ പേരിൽ ഭർത്താവിൻെറ ചിതയിലേക്ക് തള്ളിയിട്ടു കൊന്നത് നമ്മിൽ പലരും മറന്നിരിക്കില്ല. വേണ്ടത്ര തെളിവുകളില്ലാത്തതുകൊണ്ട് കോടതി വെറുതെ വിട്ട പ്രതികളെ ആ ഗ്രാമം ആഘോഷത്തോടെ വരവേറ്റുവത്രെ ! അവർ 'സതി' യുടെ അമ്പലം സ്വപ്നം കാണുന്നവരായിരുന്നു. 'സതി' നിർത്തലാക്കാൻ അക്ഷീണം

പ്രയ ത്നിച്ചയാളായിരുന്നു 'രാജാറാംമോഹൻറോയി' എന്ന് കുട്ടികളെ പഠി പ്പിക്കുമ്പോൾ ഓർക്കുക, നമ്മുടെ ഭാരതത്തിൽ ഇത് ഇപ്പോഴും സംഭവിച്ചു കൊണ്ടിരിക്കുന്നു. റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒരുപാട് രൂപ്കൻവാർമാർ ബലിമൃഗങ്ങളായിക്കൊണ്ടിരിക്കുന്നു.

ബംഗ്ലാദേശിലെ തസ്ലീമാനസ്റീൻ എന്ന എഴുത്തുകാരിയെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടോ? അവരുടെ 'ലജ്ജ' എന്ന നോവൽ ഞാൻ വായിച്ചിട്ടുണ്ട്. അവർ മതത്തെ അധിക്ഷേപിച്ചിട്ടില്ല. മതത്തിലെ കടുത്ത പുരുഷമേധാവിത്വ പ്രവണതയേയും അത് അരക്കിട്ടുറപ്പിക്കുന്ന കടുത്ത മതയാഥാസ്ഥിതികത്വത്തെയുമാണ് അവർ ആക്രമിച്ചിരിക്കുന്നത്. എന്നാൽ മതം അവർക്കെതിരെ അതിൻെറ പീരങ്കികൾ തിരിച്ചു. ദു:സ്വപ്നങ്ങളാൽ അവൾ ഓരോ രാത്രിയിലും ഞെട്ടിയുണർത്തപ്പെടുന്നുണ്ടാവണം.

സ്ത്രീകളുടെ അടിമത്തത്തെ കുറിച്ചു പറഞ്ഞാൽ വേദപുസ്തകം ഉയർത്തിപ്പിടിച്ച് ചിലർ അതിനെ ന്യായീകരിക്കാൻ ശ്രമിക്കാറുണ്ട്. എന്നാൽ വേദപുസ്കത്തിൽ തന്നെ സ്ത്രീസ്വാതന്ത്ര്യത്തെ പറ്റി പരസ്പര വിരുദ്ധ വാക്യങ്ങൾ ഉള്ളത് അവർ ശ്രദ്ധിക്കാറില്ല.

1. കൊരിന്ത്യർ 14ൽ 34ഉം 35ഉം വാക്യങ്ങൾ സ്ത്രീകൾ നിശ്ശബ്ദ രായിരിക്കണമെന്ന് അനുശാസിക്കുന്നു. എന്നാൽ ഗലാത്യർ 3ൽ 25 മുതൽ 29 വരെയുള്ള വാക്യങ്ങളിൽ സ്ത്രീയും പുരുഷനും തുല്യരാ ണെന്നാണ് സാരാംശം. ഇനിയും എത്രയോ വാക്യങ്ങൾ ! വേദപുസ്തകം ഒരുവിധത്തിൽ ചരിത്രരേഖയും അതിനേക്കാൾ ഉപരി ദൈവഹിതം എന്ത് എന്ന് പഠിപ്പിക്കുന്നതുമാണ്. ഓരോ കാലത്തിൻെറ ആവശ്യമനുസരിച്ച് ചിലത് അതിൽ കാണുമ്പോൾ നാം ശരിക്കും മനസ്സിലാക്കി വായിക്കേ ണ്ടതുണ്ട്. അല്ലെങ്കിൽ അബദ്ധധാരണകളാൽ നമ്മുടെ മനസ്സ് കലുഷിത മാകാനിടയുണ്ട്.

വേദപുസ്തകമായാലും മറ്റേത് മതഗ്രന്ഥമായാലും പതിരും കാമ്പും വേർത്തിരിച്ച് വായിക്കാൻ നാം പഠിക്കണം. 137-ാം സങ്കീർത്തനത്തിൽ 'നിങ്ങളുടെ കുട്ടികളെ പാറമേൽ അടിക്കുവിൻ' എന്നു പറയുന്നു. നാം അങ്ങനെ ചെയ്യുമോ? അടിമനാട്ടിൽ നിന്ന് സ്വതന്ത്രനാട്ടിലേക്കുള്ള പലാ യനത്തിന്നിടയിൽ തങ്ങളുടെ പില്ക്കാല തലമുറകളെങ്കിലും കൊടും പീഡനങ്ങളിൽ നിന്ന് രക്ഷപ്പെടണമെന്ന വൈകാരിക പ്രകടനമാണ് ആ വാക്യത്തിൻെറ ചരിത്രപശ്ചാത്തലം. ആ ചരിത്രപശ്ചാത്തലത്തിൽ മാത്രമേ ആ വാക്യം നമ്മോട് സംവദിക്കൂ. വേദപുസ്തകം നിങ്ങളെയല്ല; നിങ്ങൾ വേദപുസ്തകത്തെയാണ് വായിക്കേണ്ടത്. ഇത് കൂടുതൽ വ്യക്ത മാക്കാൻ ഞാൻ നിങ്ങളോട് മറ്റൊരു കഥ പറയാം.

ഒരിക്കൽ ഒരു പാവം മനുഷ്യൻ ഒരു പുരോഹിതൻെറയടുക്കൽ 'സമാധാനം' അന്വേഷിച്ചു ചെന്നു. വേദപുസ്തകം കണ്ണടച്ചു തുറന്നു കിട്ടുന്ന ഭാഗം വായിച്ച് അതനുസരിച്ച് പ്രവർത്തിക്കാനാണ് പുരോഹിതൻ

ഉപദേശിച്ചത്. ആ പാവം പോയി അങ്ങനെ ചെയ്തു. കിട്ടിയത് മത്തായി 27 ൽ 5-ാം വാക്യം ആയിരുന്നു. യൂദാസ് കെട്ടിത്തൂങ്ങി ചത്തു കളഞ്ഞ ഭാഗം വായിച്ചാൽ അയാൾക്ക് സമാധാനം ലഭിക്കുമോ? ഒരിക്കൽകൂടി അയാൾ പുരോഹിതനെ സമീപിച്ചു. ഒരു തവണ കൂടി ശ്രമിച്ചു നോക്കാൻ പുരോഹിതൻ മറുപടി നല്കി. ഇത്തവണ കിട്ടിയ വാക്യം ''നീയും അങ്ങനെത്തന്നെ ചെയ്യുക'' എന്നതായിരുന്നു. പോരേ! എങ്ങനെയുണ്ട് സമാധാനത്തിന് പോയവന് ലഭിച്ച സമാധാന സുവിശേഷം !

അതിനാൽ വേദപുസ്തകത്തെ നിങ്ങൾ നിങ്ങളുടെ ആവശ്യാനുസരണം എടുത്തുപയോഗിക്കുന്ന പ്രവണത ആദ്യമേ ഉപേക്ഷിക്കുക.

യേശു പുതുക്കത്തിൻെറ പ്രവാചകനായിരുന്നു. ഓരോ തവണയും അദ്ദേഹം തൻെറ കാലത്തിനനുസൃതമായി വിശുദ്ധ നിയമങ്ങളെ പുതുക്കിക്കൊണ്ടിരുന്നു. കാരണം, മാറുന്ന ചരിത്രകാലം പുതിയ ചരിത്രത്തെ പിൽക്കാലത്തിനു വേണ്ടി സൃഷ്ടിക്കുന്നു എന്നദ്ദേഹം മനസ്സിലാക്കിയിരുന്നു. മോശയുടെ നിയമത്തെ അടിസ്ഥാനമാക്കി ഭാര്യയെ ഉപേക്ഷിക്കുന്നതിന് വിരോധമില്ല എന്നു പറഞ്ഞ പരീശന്മാരോട് യേശു ചോദിച്ചത് അന്നത്തെ നിയമം തന്നെ ഇന്നും പിന്തുടരുകയാണോ വേണ്ടത് എന്നാണ്. നാമും ആ ചോദ്യം നമ്മോട് ചോദിക്കേണ്ടതുണ്ട്.

വേദപുസ്തകം കൈകാര്യം ചെയ്യാൻ യേശുവിൻെറ കാലത്ത് സ്ത്രീകൾക്ക് അവകാശമുണ്ടായിരുന്നില്ല. എന്നാൽ തൻെറ ഉയിർപ്പിൻെറ സന്ദേശം യേശു ആദ്യമായി ഏൽപ്പിച്ചത് സ്ത്രീകളെയായിരുന്നു. സ്ത്രീസ്വത്വത്തെ അംഗീകരിക്കുകയും, ആദരിക്കുകയുമാണ് യേശു അപ്പോൾ യഥാർത്ഥത്തിൽ ചെയ്തത്. 'സ്വതവേ ദുർബല പോരെങ്കിൽ ഗർഭിണി' എന്ന ചിന്ത ആദ്യം പുരുഷന്മാരായ നാം ഉപേക്ഷിക്കുക. പുരുഷൻെറ വാരിയെല്ലിൽ നിന്ന് സ്ത്രീയെ സൃഷ്ടിച്ചു എന്നു പറയുന്ന ഉല്പത്തി പുസ്തകം തന്നെ 'ദൈവം സ്വന്തം രൂപത്തിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു' എന്നു പറയുന്നു. ബാക്കിയെല്ലാം അതതു മതങ്ങൾ കാലാകാലങ്ങളിൽ പുരുഷമേധാവിത്വം അരക്കിട്ടുറപ്പിക്കാൻ ആവിഷ്ക്കരിച്ച കാഴ്ചപ്പാടുകളാണ്. നമുക്കും ഒന്ന് നവീകരിക്കാൻ ശ്രമിക്കാം. ഓരോ സ്ത്രീയും തങ്ങളുടെ സ്വാതന്ത്ര്യവും സ്വത്വവും സമത്വവും വ്യക്തിത്വവും കണ്ടെത്താൻ ശ്രമിക്കുക. വെറും വസ്തുവോ, അടുക്കള പാത്രമോ, കിടക്കറ പങ്കാളിയോ മാത്രമാകാതെ കഴിയാൻ അവൾ ശ്രമിക്കേണ്ടതുണ്ട്. ഭാവിയിൽ 21-ാം നൂറ്റാണ്ടിൻെറ ചരിത്രമെഴുതുമ്പോൾ കഴിഞ്ഞു പോയ 20 ശതകങ്ങളിലും സ്ത്രീകൾ നേരിട്ട അവശതകളും അതിനെതിരെ അവർ നടത്തിയ പോരാട്ടങ്ങളും ആയിരിക്കും പ്രതിപാദിക്കുക. □



# 15

## നോമ്പുകാല ചിന്തകൾ

*8-4-1990 കിഴക്കേകോട്ട മാർ യോഹന്നാൻ മാംദ്ദാന പള്ളിയങ്കണത്തിൽ വലിയ നോമ്പിനോടനുബന്ധിച്ച് സംഘടിപ്പിച്ച സഭാ സുവിശേഷയോഗത്തിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്*

ഇന്നിവിടെ ഞാൻ പറയുവാൻ ഉദ്ദേശിച്ചിരിക്കുന്നത് മത്തായി എഴുതിയ സുവിശേഷം 21-ാം അദ്ധ്യായം മുതലുള്ള സംഭവങ്ങളെക്കുറിച്ചാണ്. അതായത് ഓശാന മുതൽ കർത്താവിൻെറ ക്രൂശാരോഹണം വരെയുള്ള ദിവസങ്ങളിൽ യേശു പറഞ്ഞതും പ്രവർത്തിച്ചതുമായ കാര്യങ്ങളെ കുറിച്ച്.

കഷ്ടാനുഭവ ആഴ്ചയിൽ നാം ഇവിടെ സാധാരണ ചെയ്യുന്നത് ഓശാന കഴിഞ്ഞാൽ പിന്നെ പെസഹായേയും ദുഃഖവെള്ളിയാഴ്ചയേയും കുറിച്ച് ഓർക്കുകയും കുരിശിനെ വണങ്ങി ഇരിക്കലുമാണ്.

എന്നാൽ ഇതിനിടയിലുള്ള ദിവസങ്ങളിൽ യേശു ചിലതെല്ലാം പറഞ്ഞു. ചിലതെല്ലാം പ്രവർത്തിച്ചു എന്ന് നാം മനസ്സിലാക്കണം. യേശുവിനെ ഹോശന്നാ പാടി എതിരേറ്റ അതേ ജനങ്ങൾതന്നെ ആർത്ത് അട്ടഹസിച്ച് പറയുന്നു: 'അവനെ ക്രൂശിക്ക!' എന്തൊരു മാറ്റം. അതും ഇത്രയും കുറച്ച് ദിവസങ്ങൾക്കുള്ളിൽ എങ്ങനെ ഉണ്ടായി?

യേശുവാണെങ്കിലോ തനിക്ക് സംഭവിക്കുവാനുള്ള അന്ത്യം എപ്രകാരമാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ, യഹൂദൻമാരോടും പുരോഹിതൻമാരോടും വളരെ കർക്കശമായ രീതിയിൽ പുച്ഛം കലർന്നഭാവത്തിൽ, ഉരുളക്ക് ഉപ്പേരിക്കണക്കേ, ചോദ്യത്തിന് മറുചോദ്യം എന്ന രീതിയിൽ എല്ലാ വിധത്തിലും അവരുടെ അനാചാര രീതികളെയും അനാവശ്യമേൽക്കോയ്മയേയും ചോദ്യം ചെയ്തും പെരുമാറിയും പോന്നു.

യേശു യെരുശലേം ദേവാലയത്തിൽ ചെന്ന് പ്രവർത്തിച്ചത് 21-ാം അദ്ധ്യായം 12-ാം വാക്യം മുതൽ നാം വായിക്കുന്നു. ആരാധന സ്ഥലം ശുദ്ധമായിരിക്കണം എന്ന ഉദ്ദേശമായിരിക്കും പ്രധാനമായും ഈ സമയത്ത് യേശുവിനെ നയിച്ചത്. അതോടൊപ്പം ഇത് ഒരു രാഷ്ട്രീയ പ്രശ്നമായും ഞാൻ കാണുന്നുണ്ട്. അന്ന് യെരുശലേം ദേവാലയമായിരുന്നു ജനങ്ങളുടെ ജീവിതത്തിൽ-ആത്മീകതയിലും ലൗകീകതയിലും-ചുക്കാൻ പിടിച്ചിരുന്നത്. അവിടുത്തെ രാഷ്ട്രീയാധികാരം തന്നെ യെരുശലേം ദേവാലയത്തെ ചുറ്റിപ്പറ്റിയായിരുന്നു. താൻ ഇവിടെ പറയുകയും പ്രവർ

ത്തിക്കുകയും ചെയ്യുന്ന കാര്യങ്ങൾ അധികാരികളിൽ എന്ത് പ്രതികരണമാണ് ഉണ്ടാക്കുക എന്ന് അറിയുവാനും കൂടിയാണ് യേശു കച്ചവടക്കാരെയും മറ്റും പുറത്താക്കിയത് എന്ന് ഞാൻ കരുതുന്നു.

ഈ ആഴ്ചയിലെ മാതൃഭൂമി'യിൽ കെ.പി അപ്പൻ എന്നയാൾ ഒരു ലേഖനം എഴുതിയിട്ടുണ്ട്. നിങ്ങൾ അതൊന്ന് വായിച്ചു നോക്കണം. വാസ്തവത്തിൽ അതിൽ പറഞ്ഞിരിക്കുന്നതിനോട് ഞാനും യോജിക്കുന്നു. ഇന്ന് കുരിശുമരണത്തെ പറ്റി നാം ഇടവകയായിട്ടും സഭയായിട്ടും പറഞ്ഞുപറഞ്ഞ് ചിന്തിച്ച് ചിന്തിച്ച് ക്രിസ്തുവിനെ വെടിഞ്ഞ് കുരിശ് മാത്രം വണങ്ങുന്ന പരിതാപകരമായ അവസ്ഥയിലെത്തിച്ചേർന്നിരിക്കുന്നു.

ക്രിസ്തു ഹോശാനക്ക് ശേഷവും ക്രൂശാരോഹണത്തിന് മുൻപും ചെയ്ത പ്രവൃത്തികളും വാക്കുകളും നാം പ്രത്യേകം ഓർക്കണം. തന്നെ തടവിലാക്കുവാൻ ആളുകൾ വരുന്നുണ്ടെന്ന് മനസ്സിലാക്കിത്തന്നെയാണ് അവൻ അവസരം കിട്ടിയപ്പോഴെല്ലാം കുറിക്കു കൊള്ളുന്ന ഭാഷയിൽ കാര്യങ്ങൾ പറഞ്ഞത്. അല്ലാതെ റീജിയണൽ തിയറ്ററിലോ ടൗൺഹാളിലോ സ്വകാര്യസദസ്സിൽ പറയുകയല്ല ചെയ്തത്.

യേശുവിൻെറ പ്രവർത്തനങ്ങളും അവൻെറ വാക്കുകളുമാണ് സുവിശേഷമെന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ സുവിശേഷം കേൾക്കുമ്പോൾ വാസ്തവത്തിൽ നമുക്ക് സന്തോഷമല്ല ഉണ്ടാകേണ്ടത്. അത് നമ്മെ അലോസരപ്പെടുത്തുന്നതായിരിക്കണം.

പലരും പറയുന്നു ഇന്ന് മതവിശ്വാസികൾ നിരീശ്വരപ്രസ്ഥാനവുമായി ബന്ധപ്പെടുന്നു, നിരീശ്വരവാദികൾ മതസംഘടനകളിലേക്ക് നുഴഞ്ഞുകയറുന്നു എന്നൊക്കെ. എന്നാൽ കാലത്തിൻെറ ചുവരെഴുത്തുകളെ മനസിലാക്കിയില്ലെങ്കിൽ ഒരു മതത്തിനും ഒരു രാഷ്ട്രീയ തത്വസംഹിതക്കും നിലനിൽപ്പ് ഉണ്ടായിരിക്കയില്ല. നിലവിലുള്ള പല മാമൂലുകളും പാരമ്പര്യ ആചാരങ്ങളും കാലത്തിനനുസരിച്ച് മാറുക തന്നെ വേണം. പഴയ കാനോനും പറഞ്ഞിരുന്നതു കൊണ്ടു മാത്രം കാര്യമില്ല. പണ്ട് മതം, പ്രത്യേകിച്ച് യേശുവിൻെറ കാലത്തെ യഹൂദമതം, മനുഷ്യൻെറ മേൽ സർവ്വവിധ മേൽക്കോയ്മകളും അടിച്ചേൽപ്പിച്ചിരുന്നു. ഇന്നും എല്ലാ മതങ്ങളും ഏറെക്കുറെ അങ്ങനെത്തന്നെ.

'ഞങ്ങൾ കൈപിടിക്കാം. ഞങ്ങൾ നടക്കുവാൻ പറയുമ്പോൾ നിങ്ങൾ നടക്കുക: നില്ക്കുവാൻ പറയുന്നേടത്ത് നില്ക്കുക; തിരിയുവാൻ പറയുന്നേടത്ത് തിരിയുക: ഞങ്ങളെ അനുസരിക്കുക - ഇതാണ് ഇന്നും സംഘടിതമതം മനുഷ്യനോട് പറയുന്നത്. മനുഷ്യനെ സ്വതന്ത്രരായി ചിന്തിക്കുവാൻ മതം അനുവദിക്കുകയില്ല. മതത്തിൻെറ ചിട്ടകളും നിയമങ്ങളും പറഞ്ഞ് അവനെ നിയന്ത്രിക്കുന്നു. എന്നാൽ മതം ഒന്ന് മനസിലാക്കണം. എല്ലാ നിയമങ്ങളും മനുഷ്യർക്കു വേണ്ടിയാണ്. അല്ലാതെ മനുഷ്യർ നിയമങ്ങൾക്കു വേണ്ടിയല്ല.

ഞാൻ ഈ പറഞ്ഞതിനർത്ഥം നിയമങ്ങൾ വേണ്ടെന്നല്ല. മതമായാലും സഭയായാലും ചില നിയമങ്ങൾ ആവശ്യമാണ്.ഒരു അച്ചടക്കമുള്ള ജനതയായിത്തീരുന്നതിന് നിയമങ്ങൾ നമ്മെ സഹായിക്കും. എന്നാൽ മനുഷ്യൻെറ സ്വതന്ത്രചിന്തയെ മനുഷ്യത്വത്തെത്തന്നെയും ഹനിച്ചുകൊണ്ടുള്ള നിയമങ്ങൾ നാം എത്രയും വേഗം മാറ്റേണ്ടതാണ്.

21-ാം അദ്ധ്യായം 33 മുതൽ ഉള്ള വാക്യങ്ങൾ നോക്കുക. ഇവിടെ യേശു സഭയെ മുന്തിരിത്തോട്ടത്തോട് ഉപമിച്ചിരിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഈ മുന്തിരിത്തോട്ടത്തെ നമ്മുടെ കഴിവുകേട് കൊണ്ട് മറ്റ് ചിലർക്ക് ചിലപ്പോൾ നിരീശ്വരവാദികൾക്ക് തന്നെ ഏല്പിച്ചു കൊടുക്കുവാനിടയുണ്ട്. അതിനാൽ സഭ, മതം അന്നുംഇന്നും എന്നും നിലനില്ക്കണമെങ്കിൽ കാലത്തിനനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാൻ തയ്യാറാകണം.

വിശുദ്ധ മാർക്കോസ് എഴുതിയ സുവിശേഷത്തിൻെറ 13-ാം അദ്ധ്യായം ഒന്നും രണ്ടും വാക്യങ്ങൾ വായിച്ചു നോക്കുക, "ഈ ദേവാലയത്തിൻെറ കല്ലിൻമേൽ കല്ല് അവശേഷിക്കാതെ നശിക്കു"മെന്ന് യേശു അവരോട് പറയുന്നു. യെരൂശലേം ദേവാലയം എന്നത് യഹൂദജീവിതത്തിൻെറ തന്നെ പ്രതീകമാണ്. അതിന് നാശം വരുകയെന്നാൽ ഓരോ യഹൂദനും തൻെറ ജീവൻ നല്കിയും അതിനെ സംരക്ഷിക്കും. ഓരോ യഹൂദനും തൻെറ ജീവിതവും മരണവും യെരുശലേം ദേവാലയത്തെ ചുറ്റിപ്പറ്റിയായിരിക്കണമെന്ന് സ്വപ്നം കാണുന്നവനാണ്. അവരോടാണ് യേശു പറയുന്നത് കല്ലിൻമേൽ കല്ല് ശേഷിക്കാതെ ഈ വലിയ ദേവാലയം നശിക്കുമെന്ന്. കാരണം, യേശുവിനറിയാം അവിടെ ആ ദേവാലയത്തിൽ പ്രധാനമായും നടക്കുന്നത് ബലഹീനരെ ചൂഷണം ചെയ്യലാണെന്ന്. വളരെക്കാലം ഇത് തുടരുവാൻ കഴിയില്ലെന്ന് യേശുവിനറിയാമായിരുന്നു. അതുകൊണ്ടാണ് യേശു ഇപ്രകാരം പറഞ്ഞത്.

ഇന്ന് നമ്മുടെ മതങ്ങളെല്ലാം തന്നെ അതിലെ അംഗങ്ങളുടെ ബലഹീനതകളെ, ഭരണനേതൃത്വത്തിലിരിക്കുന്ന ഒരു ന്യൂനപക്ഷം ഓരോരോ മുടന്തൻ ന്യായങ്ങൾ പറഞ്ഞ്, ചൂഷണം ചെയ്യുകയാണ്. യേശു കല്ലിന്മേൽ കല്ല് ശേഷിക്കാതെ ഈ ദേവാലയം നശിക്കുമെന്ന് പറഞ്ഞത് ശരി. പക്ഷെ അതുകൊണ്ട് ആ സംസ്കാരം നശിക്കുന്നില്ല. അവ എവിടെയെങ്കിലും പൊട്ടിമുളച്ച് വളരും. മതം വാസ്തവത്തിൽ ഒരു സംസ്കാരമാണല്ലോ? ഒരു സംസ്കാരവും അത്രപെട്ടന്ന് വേരറ്റ് പോവുകയില്ല.

ഇന്ന് മതം ചെയ്യുന്നത് ബലഹീനരുടെ അരിഷ്ഠത മുതലെടുത്ത് ഗോതമ്പ്, സോപ്പ്, മാവ്, റൊട്ടി എന്നിവ നല്കി ജനങ്ങളെ മതത്തിൽ ചേർക്കുവാൻ ശ്രമിക്കുക എന്നതാണ്. എന്നാൽ മത്തായി എഴുതിയ സുവിശേഷം 23-ാം അദ്ധ്യായം 14-ാം വാക്യം ഒന്നുകൂടി ശ്രദ്ധിച്ചു നോക്കൂ. തുടർന്ന് അതേ അദ്ധ്യായത്തിലെ 23,24 എന്നീ വാക്യങ്ങൾ കൂടെ വായിച്ചു നോക്കണം. എന്നിട്ട് നിന്നെത്തന്നെ ശ്രദ്ധിക്കുക.

നാം കഴിയുന്നതും എല്ലാ അവസരങ്ങളിലും നോമ്പ് നോൽക്കാറുണ്ട്. കുട്ടിക്ക് കൊടുക്കുവാൻ വെച്ചിരിക്കുന്ന പാൽ അറിയാതെങ്ങാനും ഒരു തുള്ളി തനിക്ക് മാറ്റിവച്ചിരിക്കുന്ന കട്ടൻകാപ്പിയിൽ വീണാൽ നോമ്പ് തെറ്റി. എന്നാൽ നമ്മുടെ വീട്ടിലെ അലമാരയിൽ ആവശ്യത്തിലധികമായി നാം ഉപയോഗിക്കാനിരിക്കുന്ന വസ്ത്രങ്ങളിൽ ഒന്നുപോലും വളരെ പാവപ്പെട്ടവന് എടുത്തുകൊടുക്കുവാൻ നോമ്പിലായാൽപ്പോലും നാം തയ്യാറല്ല. ഇവിടെ നോമ്പ് ശരീരത്തിനാണ്. മനസ്സിലല്ല. ഇവിടെയുള്ളത് കപടഭക്തിയും പുറമേക്കുള്ള ആചാരാനുഷ്ഠാനങ്ങളും മാത്രം. ഉള്ളിലോ കാപട്യം മാത്രം. നോമ്പുകാലത്ത് ആവശ്യമായ മാനസാന്തരം ആരിലും സംഭവിക്കുന്നില്ല.

വീണ്ടും മത്തായിയുടെ സുവിശേഷം 21-ാം അദ്ധ്യായം 23 മുതൽ 28 വരെയുള്ള വാക്യങ്ങൾ നമുക്ക് ശ്രദ്ധിക്കാം. ഇന്നത്തെ സഭകൾ ഈ ചോദ്യം ശ്രദ്ധിക്കുന്നുണ്ടോ എന്നറിയില്ല. വളരെ അസ്വസ്ഥരായ ജനങ്ങൾ സഭയോട്, മതത്തിനോട് ചില ചോദ്യങ്ങൾ ചോദിക്കുന്നുണ്ട്.

'നീ എന്ത് അധികാരം കൊണ്ട് ഇത് ചെയ്യുന്നു' എന്ന് യേശുവിനോട് യഹൂദൻമാർ ചോദിച്ചപ്പോൾ പതിവുപോലെ മറുചോദ്യം ചോദിച്ച് യേശു അവരെ ഉത്തരം മുട്ടിച്ചു. ലോകത്തിൽ ഇന്ന് നടക്കുന്ന അനീതികളും അക്രമങ്ങളും അസ്വാസ്ഥ്യങ്ങളും കണ്ടുകൊണ്ട് മതം എന്തു പറയുന്നു? ഒന്നും പറയുന്നില്ലേ? മതം യഥാർത്ഥത്തിൽ പറയേണ്ടത് ഞങ്ങൾക്ക് മിണ്ടാതിരിക്കുവാൻ കഴിയുന്നില്ല'. എന്നാണ്.

നിങ്ങൾക്ക് ഓർമ്മയുണ്ടായിരിക്കും 1970ലെ അമേരിക്കൻ പ്രസിഡണ്ട് തിരഞ്ഞെടുപ്പിൻെറ കഥ. 'വാട്ടർഗേറ്റ്' എന്ന പേരിൽ കുപ്രസിദ്ധിയാർജ്ജിച്ച സംഭവം. റിപ്പബ്ലിക്കൻ പാർട്ടിയും ഡെമോക്രാറ്റിക് പാർട്ടിയും തമ്മിലുള്ള മത്സരത്തിൽ ജയിക്കുന്നതിനായിട്ട് ഡെമോക്രാറ്റുകളുടെ രഹസ്യരേഖകളും തിരഞ്ഞെടുപ്പ് തന്ത്രങ്ങളും അത്യാധുനിക സാങ്കേതികജ്ഞാനത്തിൻെറ സഹായത്തോടെ ചോർത്തിയെടുക്കുക. പ്രശ്നം ഗുരുതരമായി. അന്വേഷണം ആരംഭിച്ചു. അത് വളരെ വലിയ ഒരു കഥയാണല്ലോ! അവസാനം പ്രസിഡണ്ട് നിക്സന് വരെ ആ സംഭവത്തിൽ പങ്കുണ്ടെന്ന് വിധി വന്നു. എന്നാൽ വളരെയേറെ കോലാഹലം സൃഷ്ടിച്ച ഈ സംഭവത്തെക്കുറിച്ച് അവിടുത്തെ ബിഷപ്പായ 'ബിൽഗ്രഹാം' ഒന്നും തന്നെ പറഞ്ഞില്ല. ആളുകൾക്ക് അതിശയമായി. ബിഷപ്പാണെങ്കിൽ പ്രസിഡണ്ടിൻെറ ഉറ്റ ചങ്ങാതിയുമാണ്. ഒരു ദിവസം കുറെ ചെറുപ്പക്കാർ ബിഷപ്പിനെ കണ്ട് ചോദിച്ചു. ബിഷപ്പ് എന്താണ് ഇത്രയും വലിയ ഒരു പ്രശ്നം നമ്മുടെ നാട്ടിൽ നടന്നിട്ട് ഒരക്ഷരംപോലും അതിനെക്കുറിച്ച് പറഞ്ഞില്ലല്ലോ! ഇക്കാര്യത്തിൽ ഞങ്ങൾക്ക് അങ്ങയുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം. ബിൽഗ്രഹാം പറഞ്ഞു; 'ഞാൻ സുവിശേഷം മാത്രമെ പറയുകയുള്ളൂ!' എങ്ങിനെയുണ്ട്? എന്നാൽ എനിക്കും നിങ്ങൾക്കും അറിയാം. ബിൽഗ്രഹാം എന്തുകൊണ്ട് ഉത്തരം പറഞ്ഞില്ല എന്ന്. ഇതുപോലുള്ള അവസരങ്ങളിൽ, മതമേധാവിത്വവും രാഷ്ട്രീയാധികാര

വും ഒന്ന്ചേർന്ന് സാധാരണക്കാരന് നീതി നിഷേധിക്കുമ്പോൾ നാം ശബ്ദിക്കണം. തീർച്ചയായും ഉറക്കെ ശബ്ദിക്കണം - "ഞങ്ങൾക്ക് അറിയണം, ഞങ്ങൾ മിണ്ടാതിരിക്കില്ല".

രണ്ട് മാസങ്ങൾക്ക് മുമ്പ് എനിക്ക് അമേരിക്കയിൽ ഒരു സ്ഥലത്ത് പതിവായി കുറച്ച് ദിവസങ്ങളിൽ പ്രസംഗിക്കേണ്ടി വന്നു. തനി യാഥാസ്ഥിതികരായിരുന്നു അവിടെയുണ്ടായിരുന്നവർ. അവർക്ക് ഒരേ ഒരു വിചാരമേ ഉള്ളൂ. യേശുവിനെ കാണണം. പ്രസംഗപീഠമെല്ലാം ഭംഗിയായി അലങ്കരിച്ചിട്ടുണ്ട്. പ്രാസംഗികന് കാണാവുന്ന രീതിയിൽ അവർ അവിടെ ഒരു പോസ്റ്റർ പതിച്ചു വച്ചിരിക്കുന്നു. 'ഞങ്ങൾക്ക് യേശുവിനെ കാണണം' ഇതാണ് പോസ്റ്ററിലെ താല്പര്യം. ഞാൻ ഒരു കുസൃതിചെയ്തു. ചോക്കുകൊണ്ട് അതിനടിയിൽ 'നിങ്ങൾക്ക് തീർച്ചയായും യേശുവിനെ കാണണമോ?' എന്ന് എഴുതിവച്ചു. അവിടെയുള്ളവരിൽ ഒരാൾ പറഞ്ഞു തിരുമേനി ഇതൊന്നും ഇവിടെ വിലപോകില്ല എന്ന്.

അവർക്ക് പറച്ചിലിൽ മാത്രം യേശുവിനെ കണ്ടാൽ മതി. എന്നാൽ യഥാർത്ഥത്തിൽ അത് സാധ്യമാകണമെങ്കിൽ എന്തെല്ലാം പ്രവർത്തിക്കണം. എങ്ങിനെയെല്ലാമുള്ള പ്രവർത്തനത്തിലൂടെയാണ് അത് സാധ്യമാകുക. അതിന് നാം കഷ്ടവും ക്ലേശവും സഹിക്കുവാൻ തയ്യാ റുണ്ടോ?

ഞാനിവിടെ പറഞ്ഞ കാര്യങ്ങൾ നിങ്ങൾ വീണ്ടുംവീണ്ടും ചിന്തിക്കുക. ഹോശാനയും കൊഴുക്കട്ടയും കഴിഞ്ഞ് നാം ദുഃഖവെള്ളിക്കായി വെറുതെ കാത്തിരുന്നാൽ മതിയോ? അതിനിടയിൽ യേശു പറഞ്ഞതും പ്രവർത്തിച്ചതുമായ കാര്യങ്ങൾ, താൻ പിടിക്കപ്പെടുവാൻ പോകുന്നു എന്നറിഞ്ഞുകൊണ്ടുതന്നെ സമൂഹത്തിനു നേരെ ഉയർത്തിയ വിമർശനങ്ങൾ, ഇതെല്ലാം ഓർക്കുവാനും ധ്യാനിക്കുവാനുമുള്ള സമയമാണിത്. അതനുസരിച്ച് പ്രവർത്തിക്കുവാനും. □





16

# ഇടവക - ഒരു പ്രസ്ഥാനം

*26-10-97 രാവിലെ 7.45ന് ചേറൂർ മാർ ഗീവർഗ്ഗീസ് സഹ്ദാ പള്ളിയിൽ കുർബ്ബാനക്ക് ചെയ്ത പ്രസംഗം*

ഇന്ന് ഇടവകപ്പെരുന്നാളാണ്. ഒരു ഇടവക യഥാർത്ഥത്തിൽ എന്തായിരിക്കണം? നമ്മുടെ ധാരണ ഇടവക ഒരു ക്ലബ്ബാണ് എന്നാണ്. ക്ലബ്ബുകൾ പല നല്ല പ്രവർത്തനങ്ങളും നടത്താറുണ്ട്. കാലിക പ്രാധാന്യമുള്ള വിഷയങ്ങളെ അധികരിച്ച് സംഭാഷണം നടത്താറുണ്ട്. പാവപ്പെട്ടവർക്ക് അല്ലറചില്ലറ സഹായങ്ങൾ നല്കാറുണ്ട്. എന്നാൽ ഇടവക തീർച്ചയായും ഒരു ക്ലബ്ബായിരിക്കരുത്.

കഴിഞ്ഞ നൂറ്റാണ്ടിൽ ജർമ്മനിയിൽ നിരീശ്വരവാദിയായ ഒരു പണ്ഡിതൻ ജീവിച്ചിരുന്നു. യൂറോപ്പിൽ വിദ്യാഭ്യാസം ചെയ്യുകയായിരുന്ന തന്റെ മകന് അദ്ദേഹം കത്തുകൾ എഴുതാറുണ്ട്. അതിലെ ഉള്ളടക്കം ഏതാണ്ട് ഇപ്രകാരമായിരുന്നു. "മകനെ, നീ എല്ലാ ആഴ്ചയും മുടങ്ങാതെ പള്ളിയിൽ പോകണം. കൂദാശകളിൽ പങ്കു കൊള്ളണം. എങ്കിലേ നിനക്ക് യുറോപ്യൻ സമൂഹത്തിൽ സ്ഥാനം ലഭിക്കയുള്ളൂ"

നമ്മുടെ മതജീവിതവും ഏതാണ്ട് ഇപ്രകാരം തന്നെ. മാമോദീസക്കും വിവാഹത്തിനും ശവസംസ്ക്കാരത്തിനും ചില കൂദാശകൾക്കും ഉള്ള ഏജൻസി പോലെയാണ് ഇന്ന് നമുക്കു മതം. തീർച്ചയായും ഇടവകാംഗങ്ങൾക്ക് മേൽപ്പറഞ്ഞകാര്യങ്ങൾ സഭ നടത്തിക്കൊടുക്കേണ്ടതു തന്നെ. പക്ഷേ സ്വന്തം അഭിവൃദ്ധി മാത്രം ലക്ഷ്യമിടുന്ന സംഘടനകളുടെ സ്വഭാവമായിരിക്കരുത് സഭയുടേയും ഇടവകയുടേയും. ഇടവക ഒരു പ്രസ്ഥാനമായിരിക്കണം `Church is a movement' എന്നാണ് പറയുക. ഒരു പ്രസ്ഥാനം എല്ലായ്പ്പോഴും ബഹുമുഖമായിരിക്കുന്നതുപോലെ സഭയും ബഹുമുഖമായിരിക്കണം. അതിന് ആദിമ ക്രൈസ്തവരുടെ ജീവിതം നമുക്ക് പാഠമായിരിക്കട്ടെ. അവർക്ക് പള്ളികൾ ഉണ്ടായിരുന്നില്ല. വേദപുസ്തകം തന്നെ രൂപം കൊണ്ടിരുന്നില്ല. ആഴ്ചകളിൽ അപ്പോസ്തലന്മാരുടെ നേതൃത്വത്തിൽ അവർ ഒന്നിച്ചു കൂടും. ധനികനും ദരിദ്രനും തങ്ങൾക്കാവുന്നതുപോലെ ഭക്ഷണവും വസ്ത്രവും കൊണ്ടുവരികയും അത് പങ്കിട്ടെടുക്കുകയും ചെയ്യും. അവരുടെ പരിപാടി വിജയിച്ചോ പരാജയപ്പെട്ടോ എന്നത് വേറെ കാര്യം. പക്ഷേ അവർ പങ്കിടാൻ മനസ്സു

ള്ളവരായിരുന്നു. അവർ രാജാക്കന്മാരുടേയും ഭരണാധികാരികളുടേയും മനുഷ്യത്വരഹിതമായ ചെയ്തികളെ ചോദ്യം ചെയ്തിരുന്നു. മനുഷ്യരേക്കാൾ കൂടുതൽ ദൈവത്തെ അനുസരിക്കണമെന്ന് പറഞ്ഞപ്പോൾ രാജാവ് ദൈവമല്ലെന്നു പ്രഖ്യാപിക്കുകയാണ് പൗലോസ് അപ്പോസ്തലൻ ചെയ്തത്. മതവും ഇടവകയും ഇന്നു ചെയ്യേണ്ടത് ഇതൊക്കെത്തന്നെ. കൂദാശയും മറ്റു കർമ്മങ്ങളും ചെയ്യേണ്ടത് മതവിശ്വാസമെന്ന നിലയിൽ വേണ്ടതുതന്നെ. പക്ഷേ അതുകൊണ്ട് മാത്രമാകരുത് സംതൃപ്തി. നിലവിലുള്ള സമൂഹത്തിൽ ഗുണകരമായ പരിവർത്തനത്തിന് കൂടി സഹായകമാകുന്ന അവസ്ഥയിലായിരിക്കണം ഒരു വിശ്വാസിയുടെ പ്രവർത്തനങ്ങൾ.

ഇന്ന് ഇടവകപ്പെരുന്നാളാണ്. വെടിക്കെട്ട് കഴിഞ്ഞു. അതില്ലാത്ത തിരുന്നാൾ മതിയെന്ന് നിങ്ങളോട് പറഞ്ഞിട്ടും നിങ്ങൾ കേട്ടില്ല. ഇനി വല്ല നാടകഗ്രൂപ്പിൻെറയോ ഗാനമേള ട്രൂപ്പിൻെറയോ പരിപാടിയുണ്ടാകും. നിങ്ങൾ സന്തോഷിക്കും. കല മനുഷ്യന് സന്തോഷം നല്കണം. കലയും സാഹിത്യവും ദൈവത്തിൻെറ മാലാഖമാരാണ്. ദൈവമാകട്ടെ മികച്ച നർത്തകനും. നൃത്തം ചെയ്യാത്ത ദൈവത്തിൽ എനിക്കു വിശ്വാസമില്ല. നമ്മുടെ ഉള്ളിൽ കലാകാരന്മാരുണ്ട്. നമ്മുടെ ഉള്ളിൽ ദൈവമുണ്ട്. നമ്മുടെ കുട്ടികളിലെ ദൈവസാന്നിദ്ധ്യത്തെ അവരുടെ കലാപ്രവർത്തനം വഴി നമുക്ക് കാണിച്ചു കൊടുക്കണം. ഇത്തരം ആഘോഷങ്ങളിൽ നമ്മുടെ കുട്ടികൾ പാട്ടുപാടുകയും നൃത്തം ചെയ്യുകയും വേണം. ദൈവത്തെ നമുക്ക് അപ്പോൾ നേരിൽ കാണാം. പണം പിരിച്ച് ആഘോഷിക്കുന്ന തിരുനാൾ കത്തിച്ചു കളയാനുള്ളതല്ല; നമ്മുടെ കുട്ടികളിലെ പ്രതിഭകളെ കണ്ടെടുക്കുന്നതിനാണ് വിനിയോഗിക്കേണ്ടത്. അതിന് ആദ്യം നമുക്കു വേണ്ടത് കൂട്ടായ്മയാണ്. അതുണ്ടെങ്കിൽ നമുക്ക് ഇടവകയെ ഒരു മഹാപ്രസ്ഥാനമാക്കി മാറ്റാം. □





# 17

## ഉയിർപ്പ് - ഒരു വിശ്വാസ പ്രഖ്യാപനം

*തൃശൂർ എക്യുമെനിക്കൽഗ്രൂപ്പ് സംഘടിപ്പിച്ച ക്രിസ്തീയ സഭകളുടെ ഉയിർപ്പ് തിരുന്നാൾ ആഘോഷയോഗത്തിൽ മുഖ്യപ്രഭാഷണം നിർവ്വഹിച്ചുകൊണ്ട് കിഴക്കേകോട്ട മാർയോഹന്നാൻ മംദാനപള്ളിയിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്.*

യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റത് ഒരു ചരിത്രസത്യമാണോ? അതോ വിശ്വാസ പ്രഖ്യാപനമോ? ചരിത്രസത്യമാണെങ്കിൽ ആയിക്കൊള്ളട്ടെ. അങ്ങിനെത്തന്നെയായിരിക്കണം. നാം ഉയിർപ്പിനെ ഒരു ചരിത്ര സത്യം എന്നതിനേക്കാൾ ഉപരിയായി ഒരു വിശ്വാസപ്രഖ്യാപനമായിട്ടാണ് കരുതേണ്ടത്. യേശുവിൻെറ ശിഷ്യൻമാരും അങ്ങിനെത്തന്നെയാണ് ഉയിർത്തെഴുന്നേറ്റ യേശുവിനെ കണ്ടിരുന്നത്.

ജീവിച്ചിരിക്കുമ്പോൾ അവർ യേശുവിനെ പലതരത്തിൽ കരുതിയിരുന്നു. അവരുടെ ആഗ്രഹങ്ങൾ യേശുവിനോട് ഉണർത്തിച്ചിരുന്നു. ഞങ്ങൾ നിൻെറ പിന്നാലെ വരുന്നതുകൊണ്ട് എന്ത് ഞങ്ങൾക്ക് ലഭിക്കും? നീ രാജത്വം പ്രാപിച്ച് വരുമ്പോൾ ഞങ്ങളെ ഇടത്തും വലത്തും നിറുത്തേണമേ എന്നു തുടങ്ങി പലതും. യേശു അതിനെല്ലാം പ്രത്യക്ഷത്തിൽ ഉത്തരം പറയാതെ പരോക്ഷമായി ഉത്തരം നല്കുകയാണ് ചെയ്തത്. തൻെറ ശിഷ്യൻമാരെല്ലാം സാധാരണക്കാരായിരുന്നു. കാലം ചെല്ലുംതോറും നാം ശിഷ്യൻമാരുടെ തലക്കു ചുറ്റും ഒരു പ്രഭാവലയം തീർത്തു. അവരെ വിശുദ്ധന്മാരാക്കി.

യേശുവിൻെറ ഉയിർപ്പിനെ തുടർന്ന് ശിഷ്യൻമാർക്കുണ്ടായ വിശ്വാസ പ്രഖ്യാപനം. അത് നമുക്കും ഉണ്ടാകണം. മരിച്ചവന് മാത്രമെ ഉയിർപ്പ് ഉള്ളൂ എന്ന് കരുതരുത്. ഇന്ന് നാം ചത്തതിനൊക്കുമേ ജീവിച്ചിരിക്കുകയാണ്. നാം ഇന്ന് ഇപ്പോൾ ഈ അവസ്ഥയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കണം.

ഭാരതത്തിലെ ക്രൈസ്തവസഭകൾ ഇന്ന് തങ്ങൾ ന്യൂനപക്ഷമാണെന്ന് പറഞ്ഞ് അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ശ്രമിക്കുകയാണ്. നല്ലത് തന്നെ. എന്നാൽ യേശുവിൻെറ ശിഷ്യൻമാർ യേശുവിൻെറ ഉയിർത്തെഴുന്നേൽപ്പിനു ശേഷം സ്വയം ത്യജിക്കുകയാണ് ഉണ്ടായത്. നാമും ക്രിസ്തുയേശുവിൻെറ പിൻഗാമികളെന്ന് അഭിമാനിക്കുന്നവരല്ലെ?

അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന യേശുവിൻെറ പിന്നാലെ ആദ്യം

അവർ ചെന്നത് തങ്ങളുടെ മെച്ചത്തിനായിരുന്നു. യേശു മരിച്ചു എന്നറിഞ്ഞപ്പോൾ മുതൽ അവർ ചിന്നിച്ചിതറി. യേശു ഉയിർത്തെഴുന്നേറ്റപ്പോൾ അവർ വീണ്ടും ഒത്തു കൂടുന്നത് നാം കാണുന്നു. പിന്നീട് മറ്റുള്ളവർക്കായിട്ടാണ് തങ്ങളുടെ ജീവിതം നീക്കിവച്ചത്. തന്നത്താൻ ത്യജിച്ചു കൊണ്ട് ലോകത്തിൻെറ പലഭാഗങ്ങളിൽ അവർ സുവിശേഷമറിയിച്ചു.

അതുപോലെയായിരിക്കണം ഭാരതത്തിലെ ക്രൈസ്തവസഭകളും. തങ്ങളുടെ നിലനിൽപ്പിനൊപ്പം തന്നെ മറ്റുള്ളവരുടെ ആവശ്യങ്ങൾക്കും സഭ പ്രാധാന്യം നല്കണം, പ്രവർത്തിക്കണം. ചിലപ്പോൾ നിലനില്പിനെ അപകടപ്പെടുത്തി കൊണ്ടുതന്നെ. ഈ വിധത്തിൽ മാത്രമേ നാം ഒരു ക്രൈസ്തവ സമൂഹമായിത്തീരുകയുള്ളൂ. നമ്മുടെ ജീവിതവും പ്രവർത്തനവും മറ്റുള്ളവരുടെ വിമോചനത്തെ ലക്ഷ്യമാക്കിയുള്ളതായിരിക്കണം. പക്ഷെ ഇക്കാര്യങ്ങളെ കുറിച്ചുള്ള തീരുമാനങ്ങൾ പലപ്പോഴും വിവിധ പരിഗണനകൾ വച്ചുള്ളതായിരിക്കും. താൻ എങ്ങിനെയാണ് ഉയിർപ്പിൻെറ വക്താവാകുക എന്ന് ഒരു ബിഷപ്പ് - പാതിരി മാസ്റ്റർ-കച്ചവടക്കാരൻ - വിദ്യാർത്ഥി - ഉദ്യോഗസ്ഥൻ - ആരായാലും സ്വയം തീരുമാനിക്കണം. പലപ്പോഴും നാം സ്വയം തീരുമാനമെടുക്കാതെ നമുക്കു വേണ്ടി തീരുമാനങ്ങൾ എടുക്കുവാൻ ഗവൺമെൻറിനോ, അദ്ധ്യാപകർക്കോ മാതാപിതാക്കൾക്കോ സഭക്കോ അവസരങ്ങൾ നല്കുകയാണ് പതിവ്. ഇത് തെറ്റാണെന്നാണ് ഞാൻ കരുതുന്നത്. അതുകൊണ്ട് തന്നെ ഇന്ന് നിലനിൽക്കുന്ന അവസ്ഥയെ പരിഷ്കരിച്ച് അടിമത്ത മനോഭാവം അവസാനിപ്പിച്ച് ഉയിർപ്പിൻെറ സ്വഭാവത്തെ സ്വീകരിക്കുകയാണ് വേണ്ടത്.

ഭാരതത്തിൽ ജനങ്ങൾ പൊതുവെ അലസൻമാരാണെന്ന് എന്നോട് ഒരു ജർമ്മൻകാരൻ പറയുകയുണ്ടായി. ഇതിൽ വാസ്തവമുണ്ടെന്ന് എനിക്കും തോന്നുന്നു. ഇവിടെ കുറച്ച് അദ്ധ്വാനം കൂടുതൽ വിശ്രമം, കൂടുതൽ പണം കൂടുതൽ ലാഭം എന്നിങ്ങനെയാണ് നമ്മുടെ മുദ്രാവാക്യം. ഉയിർപ്പല്ല, നിദ്രാവസ്ഥയാണ് നമുക്ക് താല്പര്യം. നിങ്ങൾക്കറിയാമല്ലോ രണ്ടാംലോകമഹായുദ്ധത്തിൽ ജർമ്മനി തകർന്ന് തരിപ്പണമായത്. എന്നാൽ ഇത്രയും കാലത്തിനുള്ളിൽ ആ ജർമ്മനി സാങ്കേതികജ്ഞാനത്തിലും സമ്പത്തിലും മറ്റ് പല രംഗങ്ങളിലും വളരെ വലിയ നേട്ടം കൈവരിക്കുകയുണ്ടായി. അവിടത്തെ ജനങ്ങൾ ഒത്തൊരുമിച്ച് കഠിനാദ്ധ്വാനം ചെയ്തു. അതുകൊണ്ട് ഭൂപടത്തിൽ നിന്ന് ജർമ്മനി മാഞ്ഞുപോയില്ല. എന്നാൽ ഇത്രയും വലിയ രാജ്യമായ നമുക്ക് സ്വാതന്ത്ര്യത്തിനുശേഷം സാധിക്കുന്നിടത്തോളം പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ അലസതയാണ് ഇതിന് മുഖ്യകാരണം.

ഫ്രഞ്ചുവിപ്ലവത്തിൻെറ തലേദിവസം റൂസ്സോ പറഞ്ഞിരുന്നു: 'മനുഷ്യൻ ജനിക്കുന്നത് സ്വതന്ത്രനായാണ്. എന്നാൽ അവൻ എല്ലായിടത്തും ചങ്ങലയാൽ ബന്ധിതനാണ്.' ഇന്ന് നാം ഒരു ചങ്ങലക്കെട്ടിൽ കിടക്കുകയാണ്. രാഷ്ട്രീയത്തിൻെറ, മതത്തിൻെറ, വിഭാഗീയതയുടെ

ചങ്ങലക്കെട്ടിൽ, നാം ആ ചങ്ങലക്കെട്ടുകളെ പൊട്ടിക്കുക, സ്വതന്ത്രരാവുക.

ഈ അടുത്ത കാലത്ത് നമീബിയ സ്വതന്ത്രമായത് നാം വായിച്ചുവല്ലോ? ഇതുപോലെ പല അടിമ ചങ്ങലകളും ഭാരതത്തിൽ, കേരളത്തിൽ, ഈ തൃശൂരിൽതന്നെ നമ്മുടെ മുന്നിലുണ്ട്. നാം അവയെ തച്ചുടക്കുക.

ഇന്ന് ക്രൈസ്തവസഭകളുടെ സംയുക്താഭിമുഖ്യത്തിൽ ചേർന്നിരിക്കുന്ന ഈ ഈസ്റ്റർ ആഘോഷത്തിൽ പ്രത്യേകമായി നാം ഓർക്കേണ്ട ചില കാര്യങ്ങളുണ്ട്.

1. നാം ന്യൂനപക്ഷമാണെങ്കിൽ സ്വന്തം അവകാശങ്ങൾ സംരക്ഷിക്കുവാൻ ശ്രമിക്കുന്നതിനോടൊപ്പം അന്യൻെറ അവകാശവും സ്വാതന്ത്ര്യവും സംരക്ഷിക്കുക

2. നാം സ്വയം ചിന്തിച്ച് തീരുമാനങ്ങളെടുക്കുക

3. അലസരായിരിക്കാതെ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുക

യേശുവിൻെറ ശിഷ്യൻമാർ ചെയ്തതുപോലെ നിങ്ങൾ സ്വയം ത്യജിക്കുന്നവരാകുവിൻ. യേശുക്രിസ്തുവിൻെറ ഉയിർപ്പ് ഒരു ചരിത്രസത്യം എന്നതിനേക്കാളുപരി ഒരു വിശ്വാസപ്രഖ്യാപനമായിത്തീരട്ടെ. ഈ വിഷയത്തെ കുറിച്ച് തൃശൂർ എക്യുമെനിക്കൽ ഗ്രൂപ്പ് കൂടുതൽ പഠനങ്ങൾ നടത്തുമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നമുക്ക് എല്ലാവർക്കും ചത്തിരിക്കുന്ന ഇന്നത്തെ ഈ അവസ്ഥയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കാം. യേശുക്രിസ്തുവിനെ മാതൃകയാക്കി. താൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റതുപോലെ നിർജ്ജീവമായിരിക്കുന്ന നമ്മുടെ ഈ അവസ്ഥയിൽ നിന്ന് നമുക്ക് ഉയിർത്തെഴുന്നേൽക്കാം. □



# 18

## സ്വർഗരാജ്യമെന്നാൽ

*29-10-95 രാവിലെ 7.45ന് മാർത്തമറിയം വലിയ പള്ളിയിൽ കുർബ്ബാനക്ക് ചെയ്ത പ്രസംഗം*

വ്യത്യസ്ത സമയങ്ങളിൽ ജോലിക്കു വന്നവരുടെ ഉപമ നാം മത്തായിയുടെ സുവിശേഷത്തിൽ വായിക്കുന്നു. സ്വർഗരാജ്യത്തിൽ ആദ്യമെത്തിയവനെന്നോ അവസാനമെത്തിയവനെന്നോ ഇല്ല എന്നാണ് ഇതിൻെറ വ്യാഖ്യാനം. ഒരു മെറിറ്റും സ്വർഗ്ഗരാജ്യത്തിലേക്കുള്ള പ്രവേശനത്തിന് മാനദണ്ഡമല്ല. ഗ്രെയ്സിൻെറ അടിസ്ഥാനത്തിലാണ് അത് തീരുമാനിക്കുക.

സ്വർഗരാജ്യം അഥവാ സമത്വലോകം ഈ ലോകത്തിലെ പ്രശ്നങ്ങളെ അവഗണിച്ച് നേടിയെടുക്കാവുന്നതല്ല. നാം ചെയ്യുന്ന ഏതൊരു ജോലിയായാലും അതിൽ ആത്മാർത്ഥതയുണ്ടായിരിക്കണം. അതാകട്ടെ ഫലേച്ഛയില്ലാതെയും വേണം. അപ്പോൾ ദൈവത്തിൽ നിന്നും ലഭിക്കുന്ന ദാനമാണ് സ്വർഗരാജ്യം.

ഏതെങ്കിലും ഒരു പ്രത്യേക ഉദ്ദേശ്യം മാത്രം കരുതി പാട്ടിലും ഉപവാസത്തിലും ധ്യാനത്തിലും മാത്രം കേന്ദ്രീകരിച്ചിരുന്നാൽ ദൈവരാജ്യം ലഭ്യമല്ല. അത് തീർത്തും തെറ്റാണെന്നല്ല: പക്ഷേ, തികച്ചും ശരിയല്ലതാനും.

ചിറ്റിക്കമ്പനിയിൽ ഇൻസ്റ്റാൾമെൻറ് അടച്ച് നിർവൃതി അടയുന്നതുപോലെയായിരിക്കരുത് നമ്മുടെ ഉപവാസവും പ്രാർത്ഥനയും. അത്തരം കർമ്മങ്ങളിലൂടെ ദൈവരാജ്യം ലഭിക്കുകയില്ല.

ഗ്രീക്കു പുരാണകഥകളിലെ ഒരു കഥാപാത്രമാണ് ഇക്കാസ്. ഇക്കാസിൻെറ പിതാവ് അത്ഭുതപ്രവൃത്തികൾ കാണിക്കുന്ന വ്യക്തിയായിരുന്നു. അങ്ങനെയിരിക്കെ ഇക്കാസിന് ഒരു മോഹം. പക്ഷികളെ പോലെ തനിക്കും പറന്നു നടക്കണം! പിതാവിനോടാവശ്യപ്പെട്ടു. മെഴുകുകൊണ്ട് ചിറകുണ്ടാക്കി ഇക്കാസിൻെറ ശരീരത്തിൽ ഘടിപ്പിച്ച പിതാവു പറഞ്ഞു: "നീ കൂടുതൽ ഉയരത്തിൽ പറക്കരുത്." എന്നാൽ ഇക്കാസ് അനുസരിച്ചില്ല. ഫലമോ? സൂര്യ താപത്തിൽ ചിറകുകൾ ഉരുകി താഴേക്കു പതിച്ചു.

ലഭിച്ച കഴിവുകളെ വേണ്ടവിധത്തിൽ ഉപയോഗിക്കാതിരുന്നതായിരുന്നു ഇക്കാസിൻെറ ദുരന്തം. നമ്മളും അതുപോലെയാണ്. ദൈവ

ദാനങ്ങളെ വേണ്ടവിധത്തിൽ ഉപയോഗിക്കാതിരുന്നുകൊണ്ട് നാം സ്വർഗ്ഗരാജ്യം നഷ്ടപ്പെടുത്തുന്നു. പകരം ഭൂമിയെ പൂർണമായി മറന്നു കൊണ്ട് സ്വർഗമഹത്വങ്ങളെ പ്രകീർത്തിക്കുന്നു.

ഹിറ്റ്ലറുടെ കാലത്ത് സെമിറ്റിക് വംശത്തിൽപ്പെട്ട 60 ലക്ഷത്തോളം ജൂതന്മാരെ കോൺസെൻട്രേഷൻ ക്യാമ്പിൽ വച്ച് പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തിട്ടുണ്ട്. എന്തിന് വേണ്ടി? ആര്യവംശം മാത്രമാണ് ശ്രേഷ്ഠമെന്ന് സ്ഥാപിക്കുന്നതിനായി. ഇന്ന് നമ്മളും അങ്ങനെ പെരുമാറുന്നു. 500 വർഷം മുമ്പ് ക്രിസ്ത്യാനിയായതുകൊണ്ട് 50 കൊല്ലം മുമ്പ് ക്രിസ്ത്യാനിയായവനേക്കാൾ ശ്രേഷ്ഠനാകുമെന്ന് ഏതു ക്രിസ്തുവാണ് നമ്മെ പഠിപ്പിച്ചത്? എന്നാൽ നാം 500 വർഷം പഴക്ക മുള്ളവരെ തറവാടികൾ എന്നു വിളിക്കുന്നു. ദൈവത്തിനു മുമ്പിൽ 500 ഉം 50ഉം ഭേദമില്ല. ഞാൻ മുമ്പ് സൂചിപ്പിച്ച ഉപമയെ ഇങ്ങനെയും വ്യാഖ്യാനിക്കാം.

ഫലേച്ഛ കൂടാതെയുള്ള കർമ്മമല്ലാതെ സ്വർഗരാജ്യത്തിന് മറ്റ് വഴികളില്ല. നിങ്ങൾ എന്നും ഞങ്ങളുടെ വിറകു കീറുന്നവരും വെള്ളം കോരുന്നവരും ആയിരിക്കണം എന്ന മനോഭാവത്തിന് മാറ്റം വരണം. ഹിറ്റ്ലറുടെ ഭ്രാന്തൻ സ്വഭാവത്തിൻെറ അനുരണനങ്ങൾ നമ്മിൽ ഉണ്ടാകരുത്. നമുക്ക് എത്ര മെറിററുണ്ടായാലും സ്വർഗരാജ്യസ്ഥാപനത്തിനുള്ള അവസരമുണ്ടാകില്ല. അതിന് ദൈവകാരുണ്യം വേണം. ഫലേച്ഛകൂടാതെയുള്ള കർമ്മമാണ് ദൈവകാരുണ്യം അനുഭവിപ്പിക്കുക. കർമ്മം പരിശുദ്ധമാകുന്നത് സ്നേഹത്താൽ ഹൃദയം ആർദ്രമാകുമ്പോഴാണ്. സ്നേഹമാണ് സ്വർഗം. അതിനുമുമ്പിൽ വലിപ്പചെറുപ്പമില്ല, അതിന് പകരമില്ല! □



# 19

## നമ്മുടെ പെരുന്നാളുകൾ

*(1990 ഫെബ്രുവരി നാലാം തിയ്യതി വൈകീട്ട് 7.30ന് കുരിയച്ചിറ മാർ മാറിശ്ലീഹപള്ളിയിലെ തിരുന്നാൾ പ്രസംഗത്തിൽ നിന്ന്)*

പെരുന്നാളുകൾ എങ്ങിനെയാണ് ആഘോഷിക്കേണ്ടത് എന്നതിനെപ്പറ്റി അല്പം ചിന്തിക്കാം.

വെടിക്കെട്ടും ബാൻറുമേളവും ആയിരിക്കണോ നമ്മുടെ പ്രധാന പെരുന്നാൾ ആകർഷണം.

രണ്ടാഴ്ച മുൻപ് ഈ വഴിയിലൂടെ നെഹ്റുനഗറിലെ ഒരു വീട്ടിൽ പോകുവാൻ ഇടയായി. വഴി മുഴുവൻ പടക്കം പൊട്ടിക്കലും തിക്കും തിരക്കും ബഹളവും മൂലം ചുറ്റിവളഞ്ഞ് മാത്രമാണ് ഉദ്ദിഷ്ട സ്ഥലത്ത് എത്തിച്ചേരുവാൻ കഴിഞ്ഞത്. ഇന്നലെ ഞാൻ കൊരട്ടിയിലേക്ക് ഒരു പരിപാടിയിൽ സംബന്ധിക്കുവാൻ പോയപ്പോൾ എൻെറ കൂടെ തൃശൂരിലെ ഒരു പ്രമുഖ വ്യക്തിയായ ക്രൈസ്തവേതരനും ഉണ്ടായിരുന്നു. വഴിക്ക് ഞങ്ങൾ തലോർ എന്ന സ്ഥലത്തെത്തിയപ്പോൾ അവിടെ തിരുന്നാൾ. അതുകഴിഞ്ഞ് പുതുക്കാട് തിരുന്നാൾ. ചാലക്കുടി എത്തിയപ്പോൾ അവിടെയും തിരുന്നാൾ. വഴി നീളെ പടക്കം പൊട്ടിക്കലും വഴി തടസ്സവും ബഹളവും തന്നെ. എൻെറ കൂടെ ഉണ്ടായിരുന്ന സുഹൃത്ത് കൈ രണ്ടും ചെവിയിൽ വച്ച് കഷ്ടം പറഞ്ഞു. ഇങ്ങിനെയും ഒരു തിരുന്നാളാഘോഷമുണ്ടോ? ഏത് ദേവനെ ആരാധിക്കുകയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.ഞാനും എൻെറ മനസ്സിൽ ഇതേ ചോദ്യം ചോദിച്ചുകൊണ്ടിരിക്കുകയായിരുന്നു.

തിരിച്ചു വരുമ്പോൾ ഉദ്ദേശം രാത്രി എട്ടേ മുക്കാൽ ആയിക്കാണും കുരിയച്ചിറ എത്താറായി. ഇവിടെയും പെരുന്നാളാണ്. നാമും പടക്കം പൊട്ടിക്കലും മറ്റുമായിയാണോ പെരുന്നാൾ ആഘോഷിക്കുക. സ്വാഭാവികമായും എൻെറ മനസ്സിൽ ആശങ്കയുണ്ടായിരുന്നു.

ഞങ്ങൾ കുരിയച്ചിറയിൽ എത്തി. എൻെറ കൂടെയുണ്ടായിരുന്ന സുഹൃത്ത് പറഞ്ഞു ഇവിടെ ഒരു പള്ളിയുണ്ടല്ലോ? ഈ പള്ളിയിലും തിരുന്നാളുണ്ട്. പക്ഷെ പടക്കമോ ബഹളമോ ഒന്നുംതന്നെ ഇല്ലല്ലോ? ഇത് കേട്ടപ്പോൾ ഞാൻ അന്തസ്സോടെ പറഞ്ഞു. ഇത് ഞങ്ങളുടെ പള്ളിയാണ്.

പടക്കം പൊട്ടിക്കുന്നതിനോട് എനിക്ക് യാതൊരു വിരോധവുമില്ല. മദ്യനിരോധനം പോലെ പടക്ക നിർമ്മാണ നിരോധനം വേണമെന്ന് ഞാൻ ആവശ്യപ്പെടുന്നുമില്ല. ഇത് ഒരു തൊഴിലാക്കി എത്രയോ പേർ ജീവിക്കുന്നു.

എന്നാൽ ഞാൻ വിഭാവനം ചെയ്യുന്ന പെരുന്നാളിൽ പടക്കം പൊട്ടിക്കൽ ഉണ്ടായിരിക്കുകയില്ല.

അടുത്തതായി എനിക്ക് തിരുന്നാൾ പ്രദക്ഷിണത്തെ കുറിച്ചാണ് പറയുവാനുള്ളത്. ആദ്യകാലങ്ങളിൽ നമ്മുടെ പള്ളിയെ വലംവെച്ചു മാത്രമെ പ്രദക്ഷിണം ഉണ്ടാകുമായിരുന്നുള്ളൂ. ഏതോ ഒരു സുപ്രഭാതത്തിൽ അത് റോഡിലേക്ക് ഇറങ്ങി. ദേശീയപാതയിലൂടെ (മറ്റ് ഏത് റോഡിൽകൂടിയായാലും) തിരുന്നാൾ പ്രദക്ഷിണവും വെടിക്കെട്ടും നടത്തിയാൽ അത് ആ വഴിക്ക് യാത്ര ചെയ്യുന്നവരുടെ യാത്രയെ തടസ്സപ്പെടുത്തുമെന്ന് തീർച്ചയാണ്. വഴിയാത്രക്കാരന് ദേശീയപാതയിലൂടെ യാത്ര ചെയ്യാൻ തീർച്ചയായും അവകാശമുണ്ട്. നാം തിരുന്നാൾ ആഘോഷത്തിൻെറ പേരിൽ അത് മുടക്കരുത്.

തിരുന്നാളിനെ കുറിച്ച് എനിക്ക് പറയാനുള്ള മറ്റൊരു കാര്യം തിരുന്നാൾ കമ്മിറ്റിയെക്കുറിച്ചാണ്. ഇടവക തിരുന്നാൾ എന്നത് ആ ഇടവകയുടെ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ ആകെത്തുകയെ ഓർമ്മിപ്പിക്കുന്നതും വിലയിരുത്തുന്നതുമായിരിക്കണം. ഇന്ന് നാമിവിടെ കാണുന്നത് ഭൂരിഭാഗം ആളുകളും കാണികളാവുകയും ചുരുക്കം ചിലർ മാത്രം കമ്മിറ്റിക്കാരാവുകയും ചെയ്യുക എന്നതാണ്. കമ്മിറ്റിക്കാർ പറയുന്നത് മറ്റുള്ളവർ അനുസരിക്കുക. ന്യൂനപക്ഷം ഭൂരിപക്ഷത്തിനുവേണ്ടി തീരുമാനമെടുക്കുക. എൻെറ മനസിലുള്ള തിരുന്നാൾ കമ്മറ്റിയിൽ എല്ലാവരും അംഗങ്ങളായിരിക്കണം. എല്ലാവരും അഭിപ്രായം പറയണം. എല്ലാവരും പ്രവർത്തനം വിലയിരുത്തണം. എല്ലാവരും അതിന് മിനക്കെടണം. എല്ലാവർക്കും പങ്കാളിത്തമുണ്ടാകണം.

പല പള്ളികളിലും ഇന്ന് നാം കണ്ടുവരുന്നത് കാലത്ത് ബിഷപ്പിനെ കൊണ്ടുവന്ന് ആഘോഷമായി പെരുന്നാൾ കുർബ്ബാന. രാത്രി ഒരു സിനിമ. പാൽക്കാരി, പാവാടക്കാരി എന്ന് തുടങ്ങി പല സിനിമകളും തിരഞ്ഞെടുക്കപ്പെടുന്നു, പള്ളിയിൽ പ്രദർശിപ്പിക്കുന്നതിനായി. ആവശ്യക്കാർ വന്ന് കണ്ടുകൊള്ളട്ടെ എന്ന ചിന്തയോടെ സംഘടിപ്പിക്കുന്നു. നാനൂറോ അഞ്ഞൂറോ രൂപ കൊടുത്ത് കളിപ്പിക്കുന്ന ഇത്തരം സിനിമകൾ പള്ളികളിൽ ആശാസ്യമാണോ? വികാരിമാർക്കും പെരുന്നാൾ കമ്മിറ്റിക്കാർക്കും പണി വളരെ ഒതുങ്ങിക്കിട്ടും. ഇത്തരം സിനിമകളോ നാടകങ്ങളോ കളിച്ചാൽ കാണുവാനാണെങ്കിൽ പള്ളിപറമ്പ് നിറയെ ആളുകളും. പണം ചിലവായാലും നാം പണിയെടുക്കുവാൻ തയ്യാറല്ല. ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നതിനു പകരം ഇവിടെ ഇരിക്കുന്ന ഈ കുട്ടികളിലെ കലാവാസനകളെ പ്രോത്സാഹിപ്പിക്കുകയാണ് നാം ചെയ്യേണ്ടത്. അവരായിരിക്കണം തിരുന്നാളിനോടനുബന്ധിച്ച് കലാപരി

പാടികൾ നടത്തേണ്ടത്. നാം കുറച്ചൊക്കെ ബുദ്ധിമുട്ടേണ്ടി വരും, എങ്കിലും അതിൻെറ സംതൃപ്തി വലുതായിരിക്കും.

പലരും എന്നെപ്പറ്റി പറയും സിനിമയും നാടകവും മറ്റ് വിനോദങ്ങളും ഇഷ്ടമില്ലാത്ത ഒരു സന്യാസിയാണ് ഞാൻ എന്ന്. ഞാൻ ഒരു കാര്യം വ്യക്തമായിപ്പറയട്ടെ. ഞാൻ ധരിച്ചിരിക്കുന്ന ഈ കാവി ഖദർ വസ്ത്രം (ളോഹ) എൻെറ മതബോധത്തിൻെറയോ വിശ്വാസത്തിൻെറയോ പ്രതിഫലനമല്ല. നമ്മുടെ പൊതുവെയുള്ള വേനൽക്കാലാവസ്ഥക്ക് യോജിച്ചതിനാൽ ഖദർ വസ്ത്രം ഉപയോഗിക്കുന്നു എന്നേയുള്ളൂ. ഞാൻ വിനോദങ്ങളിൽ ഏർപ്പെടാറുണ്ട്. ചിലപ്പോൾ സിനിമ കാണും - തിയ്യറ്ററിൽവെച്ചായിരിക്കാം, ഏതെങ്കിലും ബന്ധുക്കളുടെ വീട്ടിൽവെച്ചുമാകാം. നാടകങ്ങളും കാണാറുണ്ട്. എല്ലാവർക്കും എൻെറ ഈ രീതി ഇഷ്ടമല്ലെന്ന് എനിക്കറിയാം. ഒരു ബിഷപ്പ് കൊള്ളാവുന്ന ഒരു സിനിമ കണ്ടാൽ അത് നാട്ടിൽ പരക്കെ വിവാദമാക്കുന്ന തലതിരിഞ്ഞ സംസ്കാരമാണ് നമ്മുടേത്. ഞാൻ സിനിമ കാണുന്നത്, അതുകൊണ്ട് പ്രത്യേകമായി ബുദ്ധി ഉദിക്കും എന്നുള്ളതുകൊണ്ടല്ല. ഒരു വിനോദത്തിനായി മാത്രമാണ് അങ്ങനെ ചെയ്യുന്നത്. കലയും സംഗീതവും മനുഷ്യൻെറ അസ്തിത്വത്തെ പരിപോഷിപ്പിക്കുന്നു എന്ന് ഞാൻ കരുതുന്നു. ഒരു ചിന്തകൻ പണ്ട് പറഞ്ഞിട്ടുണ്ട്, 'നൃത്തം ചെയ്യാത്ത ദേവനെ ഞാൻ ആരാധിക്കുകയില്ല എന്ന്. എൻെറ കൈവശം നൃത്തം ചെയ്യുന്ന ഒരു ദേവൻെറ ബിംബമുണ്ട്. നടരാജവിഗ്രഹം. ഇതിനെ ഞാൻ വളരെ ഇഷ്ടപ്പെടുന്നു.

ഈ അടുത്ത ദിവസം ഞാൻ പത്രത്തിൽ ഒരു വാർത്ത കണ്ടു. നമ്മുടെ സഭയിലെ (കിഴക്കേകോട്ട ഇടവകയിലെ) ഒരു പെൺകുട്ടി കലാതിലകമായി തിരഞ്ഞെടുക്കപ്പെട്ടു എന്ന്. അപ്പോൾ തന്നെ ഞാൻ ആ കുട്ടിയെ ഫോണിൽ വിളിച്ച് എൻെറ അഭിനന്ദനങ്ങൾ അറിയിച്ചു.

ഇന്ന് ഇവിടെ ഇരിക്കുന്ന കൊച്ചു ബാലികാ-ബാലൻമാരിൽ എത്ര പേർ ഇതുപോലെയുള്ള തിലകങ്ങളും ബഹുമതികളും ലഭിക്കുവാൻ സാധ്യതയുള്ളവരാണ്. അതുകൊണ്ട് അവരിൽ ഒളിഞ്ഞിരിക്കുന്ന നല്ല വാസനകളെ നാം ഉണർത്തണം. അതിനായി നാം അല്പം മിനക്കെടണം. തിരുന്നാൾ സന്തോഷമുള്ള ഒരു ചടങ്ങായിരിക്കണം. അതുകൊണ്ട് തീർച്ചയായും സന്തോഷിക്കുവാനുള്ള വിഭവങ്ങൾ തിരുന്നാൾ പരിപാടിയിൽ അടങ്ങിയിരിക്കണം.

അടുത്തതായി എനിക്ക് പറയുവാനുള്ളത് ഈ ഇടവകയിലെ സാധു സംരക്ഷണഫണ്ടിനെ കുറിച്ചാണ്. ഇത് നല്ലതു തന്നെ. സഭക്ക് പൊതുവേ ഒരു സാധു സംരക്ഷണ ഫണ്ട് ഉണ്ട്. അത് കൂടാതെ ഓരോ ഇടവകക്കും ഓരോ ഫണ്ട് വേണം. മാത്രമായില്ല. നമ്മുടെ ഓരോരുത്തരുടെ വീട്ടിലും ഇതുപോലുള്ള ഒരു ഫണ്ട്, മറ്റുള്ളവരോടുള്ള കരുതലിനായി ഒരു ചെറിയ ശേഖരം ഉണ്ടായിരിക്കണം.

അയ്യായിരമോ പതിനായിരമോ രൂപ പിരിച്ചെടുത്ത് ഒരു ഫണ്ടുണ്ടാക്കി ഈ കുരിയച്ചിറയിലുള്ള സാധുക്കൾക്ക് ഭക്ഷണത്തിനായും വസ്ത്രത്തിനായും രോഗചികിത്സക്കായും നല്കിയതു കൊണ്ടുമാത്രം അവരുടെ പട്ടിണിയും കഷ്ടപ്പാടും തീരുവാൻ പോകുന്നില്ലെന്ന് എനിക്കും നിങ്ങൾക്കുമറിയാം. എങ്കിലും ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് മതം, സഭ, ഇടവക, കുടുംബം, വ്യക്തി എന്നിങ്ങനെയുള്ള സമൂഹത്തിന്റെ പരിച്ഛേദ ഘടകങ്ങൾ തങ്ങളുടെ സമസൃഷ്ടികളോടുള്ള സഹജാവത്വം പ്രകടിപ്പിക്കുക എന്നതാണ്. അതിനായി നാം കരുതിവെക്കണം. ഇന്ന് നാം അങ്ങിനെ ചെയ്യുന്നുവെങ്കിൽ തീർച്ചയായും നമ്മുടെ മക്കൾ അത് കണ്ട്പഠിക്കും.

ധനശേഷിയുള്ള ആളുകൾ തങ്ങളുടെ മരണപത്രം എഴുതിവക്കുമ്പോൾ ഒരു അയ്യായിരമോ പതിനായിരമോ രൂപ അല്ലെങ്കിൽ, തങ്ങൾക്ക് കഴിയുന്നതുപോലെ ഒരു സംഖ്യ ഈ ഫണ്ടിലേക്ക് സഹായിച്ചു കൂടെ. നാം ഒന്ന് ആലോചിച്ച് നോക്കൂ. എത്ര വീടുകളിൽ പഴയ വസ്ത്രങ്ങൾ, ഫാഷൻ മാറിയതുകൊണ്ടും മറ്റും ഉപയോഗിക്കാതെ ഇരിക്കുന്നു. എങ്കിലും നാം അത് മറ്റാർക്കും കൊടുക്കുകയില്ല. നമ്മളാണെങ്കിൽ ഉപയോഗിക്കുന്നുമില്ല. നമ്മുടെ ഈ മനോഭാവത്തിന് മാറ്റം വരണം. സാധുക്കൾക്കായി ഒരു കരുതൽ. അത് സഭയായിട്ടും ഇടവകയായിട്ടും മാത്രം പോര. കുടുംബമായിട്ടും വ്യക്തിയായിട്ടും കൂടിവേണം. □



# 20

## ചൂട്ടിൻെറ വെളിച്ചം ദൈവത്തിൻെറയും

*6-9-92 വൈകീട്ട് 5ന് കിഴക്കെകോട്ട മാർ യോഹന്നാൻ മാംദ്ദാന പള്ളിയിൽ ചെയ്ത ഓണവാര ധ്യാനപ്രഭാഷണം*

കർശനമായ നിയമങ്ങളും നിർബന്ധങ്ങളുമുള്ള ഒരു വീട്ടിലായിരുന്നു എൻെറ ജനനം. ശനിയാഴ്ച ദിവസങ്ങളിൽ ഞാനും രണ്ട് ജ്യേഷ്ഠൻമാരും ചേർന്ന് മാറാല അടിച്ചു വൃത്തിയാക്കണമെന്നായിരുന്നു വീട്ടിലെ ചട്ടം. വേലക്കാരി മാറാല അടിക്കുമായിരുന്നില്ല. ചിലപ്പോൾ വീട്ടിൽ അമ്മ മാത്രമേ ഉണ്ടാകൂ. ഞങ്ങൾ അമ്മയുടെ കണ്ണുവെട്ടിക്കും. എന്നാൽ ഞങ്ങളുടെ സഹോദരിമാർ എപ്പോഴും ഞങ്ങളെ പിന്തുടർന്നുകൊണ്ടിരുന്നു. അവരെ പറ്റിക്കുക എളുപ്പമായിരുന്നില്ല.

ചുമരിലെ ഓരോ ഫോട്ടോയും എടുത്ത് അതിനടിയിലെ പൊടിയും മാറാലയും കൂടി ഞങ്ങൾ തട്ടിക്കളയണമായിരുന്നു. ചുമരിൽ ഒരുപാടു ഫോട്ടോകൾ ഉണ്ടായിരുന്നു. മഹാത്മാഗാന്ധി, നെഹ്റു, പട്ടേൽ, പേരറിയാത്ത ഏതോ ഒരു അയ്യർ... കൂട്ടത്തിൽ ഒരു വാചകം മാത്രമെഴുതിയ ഒന്നും. അത് എന്നെ വല്ലാതെ ആകർഷിച്ചു. അത് ഇപ്രകാരമായിരുന്നു: ‘‘നിൻെറ വചനം എൻെറ കാലിനു ദീപവും എൻെറ പാതയ്ക്കു പ്രകാശവും ആകുന്നു’’. അത് എന്തിനെകുറിക്കുന്നു എന്ന് എനിക്കാദ്യം മനസ്സിലായില്ല. പിന്നീട് സൺഡേസ്കൂളിൽ പോയി തുടങ്ങിയപ്പോൾ അത് ബൈബിൾ വാക്യമാണെന്ന് ഞാനറിഞ്ഞു. പക്ഷേ, അതിൻെറ ധ്വനികൾ.. അത് നമ്മിലുണർത്തുന്ന ഉത്ക്കണ്ഠകൾ.. ആ വാക്യത്തിലെ വെളിച്ചത്തിൻെറ നിഗൂഢസൗന്ദര്യം.... അവയെല്ലാം എനിക്ക് പിന്നീടാണ് വെളിപ്പെട്ടത്. തിയോളജിക്കൽ പഠനം പൂർത്തിയാക്കിയപ്പോൾ പോലും അത് എങ്ങനെ പ്രായോഗികമാക്കണമെന്ന് എനിക്കറിവില്ലായിരുന്നു. അത് എന്നെ അനുഭവിപ്പിച്ചത് ശ്രീ. ചേറുവേട്ടനായിരുന്നു. തിരൂരുള്ള സെമിനാരിയിൽ അന്നും ഇന്നും താമസിക്കുന്ന ചേറുവേട്ടൻ.

ഒന്നര വർഷമാണ് ഞാൻ തിരൂരെ സെമിനാരിയിൽ താമസിച്ചത്. തൃശൂരിൽ ചില കുർബ്ബാനകളിൽ പങ്കെടുത്തു മടങ്ങുമ്പോൾ ഇരുട്ടാവും. വടക്കാഞ്ചേരി റോഡിൽ കത്തിച്ച ചൂട്ടുമായി ചേറുവേട്ടൻ കാത്തു നിൽക്കും. എനിക്കാണെങ്കിൽ ചൂട്ടിൻെറ വെളിച്ചത്തേക്കാൾ ഒരാൾ കൂടെയുണ്ടല്ലോ എന്ന ആശ്വാസമായിരുന്നു കൂടുതൽ. അല്ലാതെ ചൂട്ടുകൊണ്ട്

എന്തുവെളിച്ചം! പക്ഷേ, ആ ചൂട്ട് ആണ് നമ്മുടെ അടുത്ത കാൽവെപ്പിനു വേണ്ട വെളിച്ചം തരുന്നത്. ആ ചൂട്ട് എന്നെ സങ്കീർത്തനത്തിലെ മേൽപ്പറഞ്ഞ വാചകം ഓർമ്മിപ്പിച്ചു. എനിക്ക് അത് പ്രയോഗത്തിൽ മനസ്സിലായി.

നമ്മുടെ വേദപുസ്തകവും നമുക്ക് ഇത്തരത്തിലുള്ള വെളിച്ചമാണ് നൽകുന്നത്. നമ്മുടെ അടുത്ത കാൽവെപ്പിനുള്ള ഒരു ചൂട്ടു വെളിച്ചം. വേദപുസ്തകം നമ്മുടെ വിശാലമായ ഭാവിയിലേക്കല്ല വെളിച്ചം വീശുന്നത്. തിരുവചനം ഒരു ടോർച്ചിൻെറയോ കാറിൻെറയോ വെളിച്ചമല്ല. ഒരു ചൂട്ടിനെപ്പോലെ അത് നിങ്ങളുടെ വർത്തമാനകാലത്തെ പ്രകാശമാനമാക്കുന്നു. ഇരുളിലൂടെ നടക്കുമ്പോൾ അത് ഇരുളിനെയല്ല; മറിച്ച് നിങ്ങളെത്തന്നെയാണ് പ്രകാശവത്താക്കുന്നത്.

മതവിശ്വാസികളല്ലാത്തവർ പോലും ഇന്ന് മതഗ്രന്ഥങ്ങൾ വായിക്കുകയും പഠിക്കുകയും ചെയ്യുന്നു. കമ്യൂണിസ്റ്റ് ബുദ്ധിജീവിയായ പി. ഗോവിന്ദപിള്ള എനിക്ക് അടുത്തു പരിചയമുള്ള ആളാണ്. ഓരോതവണയും എന്നെ കാണുമ്പോൾ അദ്ദേഹം ബൈബിളിനെക്കുറിച്ച് പുതിയ ചോദ്യങ്ങൾ ചോദിക്കുന്നു! എന്നേക്കാൾ കൂടുതലായി ഗോവിന്ദപിള്ളക്ക് ബൈബിൾ അറിയാമെന്ന് എനിക്ക് തോന്നുന്നു. നമ്മൾ ബൈബിൾ വായിക്കുന്നു. പക്ഷേ ചിലരുടെ ധാരണ അത് ഭാവിയിലേക്കുള്ള വഴിയാണെന്നാണ്. അതിനാൽ അവർ അതിനെച്ചൊല്ലി അവകാശവാദങ്ങളുന്നയിക്കുന്നു. ചിലർ ദു:സ്വപ്നത്തിൽ നിന്ന് രക്ഷപ്പെടാൻ ബൈബിൾ തലയിണയാക്കുന്നു. തിയോളജിക്കലായും വിശ്വാസപരമായും ഇത് തെറ്റ്. മന:ശാസ്ത്രപരമായി ശരിയാണോ എന്ന് ഞാൻ തർക്കിക്കുന്നില്ല. ബൈബിൾ നിങ്ങളെ ദു:സ്വപ്നത്തിൽ നിന്ന് രക്ഷപ്പെടുത്താനുള്ളതല്ല. ദൈവം നിങ്ങൾക്ക് 'റേഷൻ' തരികയുമില്ല. എന്നാൽ നിങ്ങൾക്ക് അത് വെളിച്ചത്തിൻെറ ഒരു കവചം നൽകും. നിങ്ങളെ ആത്മാവിൽ പ്രകാശിതരാക്കും.

ഒരിക്കൽ എന്നോട് ഒരാൾ ചോദിച്ചു "ബിഷപ്പ്, എന്തുകൊണ്ട് യേശു ചെയ്തതു പോലെ ഇന്ന് അത്ഭുതങ്ങൾ നടക്കുന്നില്ല?" നമ്മൾ അങ്ങനെയുള്ളവരാണ്: ഏതെങ്കിലും അത്ഭുതത്തിനു വേണ്ടി കാത്തുനിൽക്കുന്നവർ. ചരിത്രത്തിൻെറ ആദ്യഗതിയിൽ ദൈവം ധാരാളം അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ പ്രകൃതിയുടെ ഓരോ ആവരണങ്ങളും മനുഷ്യൻ തന്നെ അഴിക്കണമെന്ന് ദൈവം മോഹിച്ചപ്പോൾ നാം അത്ഭുതങ്ങൾക്കു വേണ്ടി മോഹിക്കുന്നു!

ചരിത്രത്തിൻെറ ഗതിമാറുന്നതിനനുസരിച്ച് അത്ഭുതങ്ങളുടെ സ്വഭാവവും മാറുന്നു. അഞ്ചപ്പം അയ്യായിരമായി പെരുപ്പിച്ചത് ക്രിസ്തുവിൻെറ മാജിക്കൽ പവറിനെയല്ല; മറിച്ച് അദ്ദേഹത്തിൽ കുടികൊണ്ടിരുന്ന വിശാലമാനവികതയെയും മനുഷ്യ സ്നേഹത്തെയുമാണ് പ്രത്യക്ഷീകരിക്കുന്നത്.

അതേ അത്ഭുതം ഇന്ന് കൂടുതലുള്ള സ്ഥലത്തു നിന്നും ഇല്ലാത്തിട ത്തേക്ക് കൊടുത്തയക്കലാണ് എന്ന് നാം മനസ്സിലാക്കണം. പക്ഷേ, നാമിന്ന് അരിക്കും ഗോതമ്പിനും പകരം ആയുധങ്ങൾ കയറ്റി അയക്കുന്നു. അങ്ങനെയാണ് മനുഷ്യർ ദൈവത്തോട് പ്രതികാരം ചെയ്യുന്നത്.

ഞാൻ എത്യോപ്യയിലും ഹിരോഷിമയിലും പോയിട്ടുണ്ട്. 1985 ൽ എത്യോപ്രയിൽ പട്ടിണി മരണം ഉണ്ടായപ്പോൾ ലോകത്തിൻെറ നാനാഭാഗത്തു നിന്നും അവിടേക്ക് ഭക്ഷണ സാധനങ്ങൾ എത്തുക യുണ്ടായി. അത് ദൈവത്തിൻെറ അത്ഭുതമായി ഞാൻ മനസ്സിലാക്കി. കാരണം മനുഷ്യസ്നേഹം ദൈവസാന്നിദ്ധ്യത്തെ നമുക്ക് ബോദ്ധ്യ പ്പെടുത്തുന്നു.

ഞാൻ ഹിരോഷിമ സന്ദർശിച്ചിട്ടുണ്ട്. അവിടുത്തെ ഭയാനകസ്ഥിതി കണ്ടറിഞ്ഞിട്ടുണ്ട്. അണുശക്തിയുടെ പിതാവായ ഐൻസ്റ്റീൻ ഒരിക്കലും അത് വിനാശത്തിനായി ഉപയോഗിക്കരുത് എന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ, അമേരിക്കൻ ഭരണാധികാരികൾ അത് ചെവികൊണ്ടില്ല. യുദ്ധം ഒത്തുതീർന്നതിനു ശേഷമായിരുന്നു ഹിരോഷിമയിലും നാഗസാക്കിയിലും അമേരിക്ക ബോംബു വർഷിച്ചത്. അവർ ഒരു പുതിയ സ്ഥലം അന്വേഷി ക്കുകയായിരുന്നു; തങ്ങളുടെ ശക്തി മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താൻ!

ഹിരോഷിമ പർവ്വതങ്ങളാൽ ചുറ്റപ്പെട്ട ഒരു സ്ഥലമാണ്. ബോംബി ങ്ങിനായി അവർ തെരഞ്ഞെടുത്ത സമയം 8 മണിക്കും 8.30നും ഇടയിലാ യിരുന്നു. കാരണം ആ സമയത്താണ് ജനങ്ങൾ പുറത്തിറങ്ങുക. അങ്ങനെ അവർ അതിൻെറ അസുരശക്തിയെ പ്രയോഗിച്ചറിഞ്ഞു. അത് മനുഷ്യൻ ദൈവത്തോടു ചെയ്ത ക്രൂരപ്രതികാരമായിരുന്നു.

ഞാൻ വീണ്ടും പഴയ വാചകത്തിലേക്ക് പോകുകയാണ്: "നിൻെറ വചനം എൻെറ കാലിനു ദീപവും എൻെറ പാതയ്ക്കു പ്രകാശവും ആ കുന്നു"

നാം ദൈവത്തെ നമ്മുടെ ആത്മാവിലെ പ്രകാശനത്തിനുള്ള ഉപാ ധിയാക്കണം. ആത്മാവിൽ പ്രകാശിതരായവർ അത്ഭുതങ്ങളെ കാത്തി രിക്കുകയില്ല. അവർ അത്ഭുതങ്ങളുടെ സ്രഷ്ടാക്കളാകുന്നു.

എന്തുകൊണ്ട് ഇന്ന് അത്ഭുതങ്ങളില്ല എന്ന് എന്നോടു ചോദിച്ച സുഹൃത്തിനോടു പറഞ്ഞ ഉത്തരം ഞാൻ ഇപ്പോൾ നിങ്ങളോട് ആവർ ത്തിക്കാം:

ചരിത്രത്തിൻെറ ഗതിയിൽ മാറ്റം വരുന്നതിന് അനുസൃതമായി ഇന്ന് ദൈവത്തിൻെറ നാമത്തിലുള്ള അത്ഭുതങ്ങൾക്കും മാറ്റം വരുന്നു. □



# 21

## യുവാക്കൾക്കൊരു പ്രകടനപത്രിക

*22-1-1989 കിഴക്കേകോട്ട പള്ളിയിലെ യൂത്ത്സ് അസോസിയേഷൻ വാർഷികത്തിന് നടത്തിയ പ്രസംഗത്തിൽ നിന്ന്, വൈകീട്ട് ഏഴ് മണി*

യൂത്ത്സ് അസോസിയേഷൻെറ സമ്മേളനം എന്നു പറയുന്ന ഈ ചടങ്ങിൽ യുവാക്കൾ വളരെ കുറവാണ് എന്നതാണ് സത്യം. അതുപോകട്ടെ. നീബ്ബൂർ എന്ന ദൈവശാസ്ത്രജ്ഞൻ സഭയെകുറിച്ചുള്ള മനുഷ്യരുടെ വ്യത്യസ്ത ധാരണകളെ കുറിച്ച് പറയുന്നുണ്ട്. അതിൽ ചിലത് നിങ്ങളുമായി ഇന്ന് പങ്കുവെക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

ഒരു വിഭാഗം ജനങ്ങൾ കരുതുന്നത് ക്രിസ്തുമതം ഒരു ഒറ്റപ്പെട്ട ദ്വീപ് പോലെയാണെന്നാണ്. ലോകത്തിൽ എന്തു സംഭവിച്ചാലും നമുക്കതിൽ കാര്യമില്ല. നാം അത് ശ്രദ്ധിക്കേണ്ടതില്ല. നമുക്ക് നമ്മുടെ കാര്യം. ലോകം എങ്ങിനെയെങ്കിലും ആകട്ടെ. പുതിയ ശാസ്ത്ര സാങ്കേതിക സത്യങ്ങൾക്ക് കടകവിരുദ്ധമാണ് ഈ ക്രിസ്തുസഭ. തീർച്ചയായും ഇതായിരിക്കില്ല ക്രിസ്തു ഉദ്ദേശിച്ച സഭ എന്നാണ് എൻെറ അഭിപ്രായം.

ഇനിയും മറ്റൊരു കൂട്ടർ ധരിച്ചിരിക്കുന്നത് ക്രിസ്തുമതം, അത് നിലനിൽക്കുന്ന നാട്ടിലെ സംസ്കാരത്തിൽ അലിഞ്ഞില്ലാതെയാകണം എന്നാണ്. ഇവിടെ നിലവിലുള്ള സംസ്കാരത്തിൽ തന്നെ തുടർന്നാൽ മതി ക്രിസ്ത്യാനികളും എന്ന ചിന്ത. രണ്ടും ശരിയായ രീതിയല്ല.

ബൈബിൾ പഴയ നിയമം രണ്ട് അദ്ധ്യായവും പുതിയ നിയമം ഒരു അദ്ധ്യായവും ദിവസേന വായിച്ചാൽ വർഷാവസാനം ബൈബിൾ ഒരാവർത്തി വായിച്ച് തീരുമല്ലോ? ആത്മീയജീവിതത്തിന് ഇത് തന്നെ ധാരാളം എന്ന് കരുതുന്നവരാണധികവും. ഇത് പോര. ബൈബിൾ നിരന്തരം പുതുതായി പഠിച്ച് മനസിലാക്കണം. പഴയ കാലഘട്ടത്തിൽ യഹൂദൻമാരും ഇതായിരുന്നു ചെയ്തത്. അവർക്ക് സംസ്കാരത്തെകുറിച്ച് വലിയ ധാരണയൊന്നുമില്ലായിരുന്നു. അവർ പെരുന്നാളുകളും ആരാധനകളും കൃത്യമായി മുറതെറ്റാതെ ആചരിച്ചിരുന്നു. സ്വന്തം രാജ്യം ആര് ഭരിച്ചാലും വിരോധമില്ല. തങ്ങൾ അടിമയായാലും വിരോധമില്ല എന്നായിരുന്നു അവരുടെ ചിന്താഗതി. ഇതുമൂലം റോമാ സാമ്രാജ്യത്തിൻെറ അധിപൻമാർക്ക് ഇസ്രായേലിൽ ഭരണം നടത്തുവാൻ വളരെ എളുപ്പമായിരുന്നു. നടക്കുന്ന രീതിയിൽ പോകട്ടെ. പുതിയതൊന്നും വേണ്ട എന്ന തോന്നൽ.

വീണ്ടും ചിലർക്ക് ക്രിസ്തുമതവും മാറുന്ന സംസ്കാരവുമാണ് പ്രധാനം. എന്താണ് മാറുന്ന സംസ്കാരം? മാറ്റം എന്നത് പഴയതിലേക്കോ പുതിയതിലേക്കോ? സുറിയാനി ഭാഷക്കും ലാറ്റിൻ ഭാഷക്കും പകരം സംസ്കൃതവും മലയാളവും മതി എന്ന് നമുക്ക് തോന്നുന്നു. ഒരുപക്ഷെ അത് നല്ലത് തന്നെ. അതുപോലെ സോക്രട്ടീസിനും പ്ലേറ്റോക്കും അരിസ്റ്റോട്ടിലിനും പകരം ശങ്കരനും രാമാനുജനും മതിയെന്നു നാം പറയുന്നു. ഇതും ഒരുപക്ഷെ നല്ലതുതന്നെ. എന്നാൽ യഥാർത്ഥത്തിൽ മാറ്റം ആർക്കാണ് വേണ്ടത്? എന്തിനാണ് വേണ്ടത് എന്ന് നാം ചിന്തിച്ചുറക്കണം.

ആദ്യമായി നാം കണ്ടെത്തേണ്ടത് ഭാരതത്തിൻെറ ആത്മാവിനെയാണ്. അവിടെയായിരിക്കണം മാറ്റങ്ങൾ ഉണ്ടാകേണ്ടത്. അത് മാറുന്നതോടൊപ്പം ഇവിടുത്തെ സാധാരണക്കാരനും മാറ്റം വരും. ഇവിടുത്തെ സാധാരണക്കാരൻെറ - ദരിദ്രൻെറ - മാറ്റമാണ് ഭാരതത്തിൻെറ ആത്മാവിൻെറ മാറ്റം.

ഇത്തരത്തിലുള്ള മാറ്റത്തിനാണ് ഇവിടുത്തെ യുവാക്കൾ ഇക്കാലത്ത് ശ്രമിക്കേണ്ടത്. ഇത് എങ്ങിനെ നടപ്പിൽ വരുത്താം. യഥാർത്ഥ ക്രിസ്ത്യാനികൾ എന്ന നിലയിൽ അറിയപ്പെടുവാൻ നമുക്ക് അർഹതയുണ്ടോ? യഥാർത്ഥ ക്രിസ്ത്യാനികൾക്ക് പലവിധത്തിലും ബുദ്ധിമുട്ടുകൾ ഉണ്ടാകാം. അതെല്ലാം അഭിമുഖീകരിക്കുവാൻ നാം തയ്യാറുണ്ടോ?

ചില ഉദാഹരണങ്ങൾ ഞാൻ പറയാം.

1. സി.എസ്.ഐ സഭയിലെ അവശക്രൈസ്തവരിൽ നിന്ന് ടി. എസ്. ജോസഫ് എന്ന ഒരച്ചനെ, വളരെ നാളത്തെ നിരന്തരമായ പ്രക്ഷോഭങ്ങൾക്ക് ശേഷം ബിഷപ്പായി വാഴിച്ചു. അവശ ക്രൈസ്തവരിൽ നിന്നുതന്നെ ഒരു ബിഷപ്പിനെ വേണം എന്ന അവരുടെ ഉൽക്കടമായ ആഗ്രഹത്തിൻേറയും അതിനുവേണ്ടിയുള്ള അവരുടെ പോരാട്ടത്തിൻേറയും ഫലമായാണ് അവശക്രൈസ്തവർക്ക് അവരുടെ ഇടയിൽ നിന്നുതന്നെ ഒരു ബിഷപ്പിനെ ലഭിച്ചത്. തുടർന്നും അവർ നീതിക്കും തങ്ങളുടെ ന്യായമായ അവകാശങ്ങൾക്കും വേണ്ടി പൊരുതുന്നു. എതിർപ്പുകളെ നേരിട്ടുകൊണ്ടുതന്നെ.

2. സിങ്കപ്പൂരിലെ എസ്.സി.എം പ്രവർത്തകർ മനുഷ്യാവകാശങ്ങൾക്കായി പ്രവർത്തിക്കുന്നതിനെ കുറിച്ച് ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ട്. 1987 മെയ് മാസത്തിൽ അവരെ അവിടുത്തെ ഭരണകൂടം അറസ്റ്റ് ചെയ്തു. അവരെ ടെലിവിഷനിൽ പ്രദർശിപ്പിച്ചു. തങ്ങൾ കമ്യൂണിസ്റ്റ് ഭീകരൻമാരാണെന്ന് അവരെകൊണ്ട് തന്നെ ടെലിവിഷനിൽ പറയിച്ചു. പിന്നിൽനിന്ന് പട്ടാളം തോക്കും ചൂണ്ടിയിട്ടാണ് അവർ അങ്ങിനെ പറഞ്ഞത്. ഈ ക്രിസ്ത്യൻ പ്രവർത്തകർക്ക് കമ്യൂണിസ്റ്റ് ചായ്വ് ഉണ്ട്. അല്ലെങ്കിൽ അവർ കമ്യൂണിസ്റ്റുകൾ തന്നെയാണ് എന്നാണ് അവിടുത്തെ ഭരണകൂടം പ്രചരിപ്പിക്കുന്നത്. ക്രിസ്തീയതയുടെ, പോരാട്ടത്തി

ൻെറ മറ്റൊരു മുഖമാണിത്.

3. ഫിലിപ്പൈൻസിലെ സ്വത്തു മുഴുവൻ കട്ട് മുടിച്ച പ്രസിഡൻറ് മാർക്കോസിനെ കെട്ടുകെട്ടിക്കുവാൻ വളരെയേറെ പീഡനങ്ങൾ സഹിച്ചുകൊണ്ട് സമരം ചെയ്തത് അവിടുത്തെ ക്രിസ്ത്യൻ യുവാക്കളാണ്.

ഇങ്ങിനെ ലോകത്തിൽ പല ഭാഗത്തും ക്രിസ്തുമത വിശ്വാസികൾ, പ്രത്യേകിച്ച് യുവാക്കൾ പൊരുതുന്നുണ്ട്. ഇങ്ങനെ പടവെട്ടുന്നവർക്ക് ജയിലോ, വെടിയുണ്ടയോ, കല്ലേറോ ആയിരിക്കും കിട്ടുക. അല്ലാതെ പൂമാല കിട്ടുകയില്ല. ഇങ്ങിനെയുള്ള പ്രവർത്തനങ്ങളിലേക്കാണ് നമ്മുടെ യുവാക്കൾ യഥാർത്ഥത്തിൽ ഇറങ്ങിപുറപ്പെടേണ്ടത്. എതിർപ്പും വിമർശനവും ദേഹോപദ്രവും ഉണ്ടാകും. എങ്കിലും ധൈര്യം അവലംബിക്കുക.

ക്രിസ്തുവിൽ മാറ്റപ്പെടേണ്ട സംസ്കാരം ഇതായിരിക്കണം. യുവാക്കൾ ഇവിടെ ഒരു ചലനാത്മക പ്രക്രിയയിൽ ഏർപ്പെടട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. എന്നാൽ യുവജനങ്ങളുടെ ഇന്നത്തെ പ്രവർത്തന ശൈലി കണ്ടാൽ "ജനനം, മരണം, യാത്രയയപ്പ്, പെരുന്നാളുകൾ എന്നിവ മൊത്തമായും ചില്ലറയായും നടത്തി കൊടുക്കും" എന്ന ഒരു ബോർഡ് വക്കുകയാകും നല്ലത് എന്നെനിക്ക് തോന്നുന്നു. ഇതെല്ലാം ആവശ്യമുള്ള കാര്യങ്ങൾ തന്നെ. പക്ഷെ യഥാർത്ഥ പ്രശ്നം എന്താണെന്ന് നാം മനസിലാക്കണം. □



# 22

## ദൈവം ലോകത്തെ സ്നേഹിച്ചു; സഭയുടെ അജണ്ടയെന്ത്?

*1-2-98 രാവിലെ 7.45ന് മാർ അപ്രേം പള്ളിയിൽ കുർബ്ബാനക്ക് ചെയ്ത പ്രസംഗം*

യോഹന്നാൻെറ സുവിശേഷം 3-ാം അദ്ധ്യായം 16-ാമത്തെ വാക്യം 'ദൈവം ഭൂമിയെ അത്രമാത്രം സ്നേഹിച്ചു' എന്നാണ്. ഭൂമിയെ സ്നേഹിച്ച ദൈവം പ്രത്യേകം തെരഞ്ഞെടുത്തത് ഇസ്രായേൽ ജാതിയെ മാത്രമാണ്. എന്തുകൊണ്ടായിരുന്നു അത്? അന്നും ലോകത്തിൽ അനവധി രാഷ്ട്രങ്ങളും ജാതികളും ഉണ്ടായിരുന്നു. എന്നിട്ടും ദൈവം ഇസ്രായേൽ ജാതിയെ തൻെറ സന്ദേശവാഹകരാക്കി? അതിനുള്ള ഉത്തരം അത് ഇസ്രായേൽ ജാതിയുടെ ചുമതലയായിരുന്നു; അവർക്കുള്ള ആനുകൂല്യമായിരുന്നില്ല എന്നാണ്.

പലരും വിശ്വസിക്കുന്നത് ദൈവം ഇസ്രായേൽ ജാതിക്ക് പ്രത്യേക ആനുകൂല്യം നല്കിയെന്നാണ്. എന്നാൽ ദൈവവുമായുള്ള ഉടമ്പടികൾ ആ ജാതി ലംഘിക്കുന്നത് നാം ബൈബിളിൽ നിന്ന് അറിയുന്നു. അതിനുള്ള ശിക്ഷ അവർ ഏറ്റുവാങ്ങുകയും ചെയ്യുന്നു.

നാം അധിവസിക്കുന്ന ഈ ഗ്രഹം മാത്രമല്ല ; മറ്റു ഗ്രഹങ്ങളും നക്ഷത്രങ്ങളും പ്രപഞ്ചവും, എന്തിന് ഒരു അണുപോലും സുഖമായും സന്തോഷമായും ഇരിക്കണമെന്നാണ് ദൈവത്തിൻെറ ആഗ്രഹം. ദൈവം ഈ ലോകത്തെ അത്രയ്ക്കു സ്നേഹിച്ചു. നാമെന്തിനു വെറുക്കണം?

ലോകചിന്തകളിൽ ഒട്ടും മുഴുകാതെ ആത്മീയ കാര്യങ്ങളിൽ മാത്രം അഭിരമിക്കുന്നതിലൂടെ ദൈവസാന്നിധ്യം അനുഭവിക്കാം എന്നു വിശ്വസിക്കുന്നവരുണ്ട്. ദൈവത്തിന് ലോകത്തെക്കുറിച്ച് ഉത്കണ്ഠയുണ്ട്. പിന്നെ നാമെന്തു കൊണ്ട് ലോകത്തെ മറക്കുന്നു? ലോകത്തിലെ കാര്യങ്ങളിൽ ഇടപെടുമ്പോഴാണ് നാം ദൈവോദ്ദേശ്യം നിറവേറ്റുന്നത് ; ദൈവത്തിൻെറ സന്ദേശവാഹകരാകുന്നത് !

നാം സൺഡേ സ്കൂൾ നടത്തിയാലും മഹിളാസമാജം നടത്തിയാലും യൂത്ത്സ് അസോസിയേഷൻ നടത്തിയാലും വികസനപ്രവർത്തനം നടത്തിയാലും കൂദാശയോ തിരുന്നാളോ നടത്തിയാലും അതിൻെറയൊക്കെ പിന്നിൽ ദൈവത്തിൻെറ സന്ദേശം വഹിക്കുന്നവരാകണം.





നീബൂർ എന്ന ഒരമേരിക്കൻ ദൈവശാസ്ത്രജ്ഞനുണ്ട്. അദ്ദേഹത്തിൻെറ ഒരു പുസ്തകത്തിൽ ദൈവത്തെ മൂന്നു കാറ്റഗറികളിലായി പരിശോധിക്കുന്നുണ്ട്.

**ഒന്ന് : ദൈവം സംസ്ക്കാരത്തിന് എതിരാണ്.**

ലോകത്തിലെ ഏതു സാങ്കേതികവിദ്യയും ദൈവവിരുദ്ധമാണ് എന്ന് പ്രചരിപ്പിക്കുന്ന സഭകൾ ഇപ്പോഴുമുണ്ട്. ഉദാഹരണത്തിന് അമേരിക്കയിലെ പെൻസിൻവാനിയായിലെ 'ആമിഷ' എന്ന ജാതിക്കാർ ഇപ്പോഴും അപരിഷ്കൃതരീതിയിൽ കഴിയുന്നു. അവർ കാർ ഉപയോഗിക്കാറില്ല. അമേരിക്കയിലാണെന്ന് ഓർക്കണം. ലോകത്തിൽ എന്തു നടന്നാലും സഭക്ക് ബാധകമല്ലെന്ന് അവർ വിശ്വസിക്കുന്നു. സഭ ഒറ്റത്തിരിഞ്ഞു നില്ക്കുന്നു. സഭക്കു മാത്രമേ രക്ഷയുള്ളൂ; ലോകത്തിന് രക്ഷയില്ല എന്നാണവരുടെ വിശ്വാസം. ഇതാണ് ദൈവം സംസ്കാരത്തിനെതിരാണെന്ന ഒന്നാം കാറ്റഗറി.

**രണ്ട് : ദൈവം സംസ്കാരത്തിനൊപ്പം.**

ലോകത്തിലെ എല്ലാ കാര്യങ്ങളേയും അനുകരിക്കുന്ന സഭയുടെ സ്വഭാവമാണ് നിബൂർ ഇതിലൂടെ വ്യക്തമാക്കുന്നത്. അന്ധമായ അനുകരണഭ്രമം ക്രൈസ്തവസഭയുടെ ശാപമാണെന്ന് അദ്ദേഹം സ്ഥാപിക്കുന്നു.

**മൂന്ന് : ദൈവം സംസ്ക്കാരത്തെ രൂപാന്തരപ്പെടുത്തുന്നു.**

ആദിമ ക്രൈസ്തവർ ഭരണകൂടത്തെ വെല്ലുവിളിക്കുന്നവരായിരുന്നു. അതിന് അവർക്ക് കനത്തവിലയും നല്കേണ്ടിവന്നു. സംസ്കാരം ഭരണകൂടം നിർണയിക്കുന്നതാകയാൽ അതിനെ അപ്പാടെ സ്വീകരിക്കുന്നവരാകാതിരിക്കലാണ് ഒരു വിശ്വാസിയുടെ ധാർമ്മികമായ ഉത്തരവാദിത്വം എന്ന് നിബൂർ പറയുന്നു.

സഭ ലോകത്തിൽ നിന്ന് പഠിക്കണം; ലോകത്തെ പഠിപ്പിക്കുകയും ചെയ്യണം. ആദിമ ക്രൈസ്തവർക്കും ഇതുണ്ടായിരുന്നു. അവർ "താദാത്മ്യം" പ്രാപിച്ചിരുന്നു. അപ്പോഴും 'ഐഡൻറ്റിറ്റി' നിലനിർത്തിയിരുന്നു താനും.

താദാത്മ്യം പ്രാപിക്കുന്നതോടൊപ്പം തനിമ നിലനിർത്തുകയെന്നതാണ് ഇന്നത്തെ നമ്മുടെ ആവശ്യം. സംസ്കാരത്തിനൊപ്പമോ സംസ്കാരത്തിനെതിരായോ അല്ല; മറിച്ച് സംസ്കാരത്തെ രൂപാന്തരപ്പെടുത്തുകയാണ് സഭയുടെ ഇന്നത്തെ കർത്തവ്യം. അങ്ങനെ നാം ദൈവത്തിൻെറ സന്ദേശവാഹകരാകണം.

നമുക്ക് ലോകത്തിൽ നിന്ന് പഠിക്കാം. ലോകത്തെ പഠിപ്പിക്കുകയും ചെയ്യാം. ദൈവം ലോകത്തെ സ്നേഹിക്കുന്നതുപോലെ നാമും ഈ ലോകത്തെ സ്നേഹിക്കണം. സഭക്കും നമുക്കും സ്നേഹമല്ലാതെ മറ്റൊരു അജണ്ടയും ആവശ്യമില്ല. □



# 23

## പ്രാർത്ഥനകളുടെ ഉള്ളടക്കം

*6-5-90 രാവിലെ 7.30ന് മാർത്തമറിയം വലിയ പള്ളിയിൽ കുർബ്ബാനക്ക് ചെയ്ത പ്രസംഗം*

ഞാൻ ഇന്ന് നമ്മുടെ ചിന്തക്കും ധ്യാനത്തിനുമായി തിരഞ്ഞെടുത്തിരിക്കുന്നത് അപ്പൊസ്തല പ്രവൃത്തികളിൽ 8-ാം അദ്ധ്യായം 4 മുതൽ 25 വരെയുള്ള വാക്യങ്ങളാണ്.

ശമര്യക്കാരുടെ ഗ്രാമത്തിൽ ദൈവവചനം കേട്ട് വിശ്വസിച്ച ആളുകളുടെ കൂട്ടത്തിൽ ശീമോൻ എന്നു പേരുള്ളൊരു പൗരപ്രമുഖൻ ഉണ്ടായിരുന്നു. അദ്ദേഹം ജനങ്ങൾക്കിടയിൽ നിന്നുകൊണ്ട് അപ്പോസ്തലൻമാർക്കുമുള്ള കഴിവുകൾ (പരിശുദ്ധാത്മാവിൻെറ ആവാസം, കൈവെപ്പ് മുതലായവ) തനിക്കും ലഭിക്കുമെങ്കിൽ എത്ര പണം വേണമെങ്കിലും മുടക്കാം എന്ന് പത്രോസിനോടും യോഹന്നാനോടും പറയുന്നതായി കാണുന്നു. ഈ ശീമോൻ അതുവരെ ജനങ്ങൾക്കിടയിലെ ഒരു ആഭിചാരകനായിരുന്നു. ആഭിചാരകൻ എന്നാൽ ചില ചെപ്പടിവിദ്യകൊണ്ട് തനിക്ക് ചില കഴിവുകൾ ഉണ്ടെന്നും തനിക്ക് പണം തന്നാൽ താൻ വേണ്ടവർക്ക് ഉദ്ദിഷ്ടകാര്യം സാധിപ്പിച്ച് കൊടുക്കാം എന്നും അവകാശപ്പെടുന്നയാളാണ്. ശീമോൻെറ ആരാധനാമൂർത്തി 'മഹതി' എന്ന ശക്തിയായിരുന്നു. ഈ ശക്തിയെവെച്ചു കൊണ്ടാണ് ശീമോൻ ജനങ്ങൾക്കിടയിൽ ആഭിചാരം നടത്തിയിരുന്നത്. പിന്നീട് ഫിലിപ്പോസിൻെറ കയ്യിൽനിന്ന് ശീമോൻ സ്നാനം ഏറ്റു എങ്കിലും അദ്ദേഹം ആഭിചാരം നിറുത്തിയിരുന്നില്ല. കൂടുതൽ ശക്തി ഏത് ദേവനാണോ അതിനെ ഞാൻ സേവിക്കും. സ്നാനം ഏറ്റു എന്നു പറയുന്നത് ശരിതന്നെ. ഇതായിരുന്നു ശീമോൻെറ പക്ഷം. ഇന്ന് നമ്മുടെ ഇടയിൽ ചാത്തൻ, അവണേങ്ങാടൻ എന്നിങ്ങനെ പറഞ്ഞ് ചില ശക്തികളുണ്ട്. എന്താണ് ഇവരുടെ ഉദ്ദേശ്യം. അവശജനങ്ങളെ, ദുർബ്ബലരെ, വിദ്യാഹീനരെ ഉദ്ദിഷ്ടകാര്യങ്ങൾ നേടിത്തരും എന്ന് പറഞ്ഞ് പണം വാങ്ങി പറ്റിക്കൽ. ഇന്ന് ക്രൈസ്തവരുടെ ഇടയിലും ഇത്തരം ചില ദുഷ്പ്രവണതകൾ കടന്നുകൂടിയിട്ടുണ്ട്. ഇത്ര പ്രാവശ്യം കുരിശിൽ തല മുട്ടിച്ചാൽ, ഇത്രപ്രാവശ്യം ശയനപ്രദക്ഷിണം വെച്ചാൽ, ഇത്ര എണ്ണം തിരികത്തിച്ചാൽ, ഇത്ര അളവ് എണ്ണ ഒഴിച്ചാൽ നാം ഉദ്ദേശിച്ച കാര്യം സാധിക്കും എന്ന വിചാരം. ശീമോൻ ചെയ്തതുതന്നെയാണ് ഇവിടെയും സംഭവിക്കുന്നത്. ദ്രവ്യം കൊടുത്ത്

പരിശുദ്ധാത്മാവിൻെറ ശക്തി നേടാൻ പാടുപെട്ട ശീമോനെപ്പോലെ. ഇവിടെ ദ്രവ്യം കൊടുത്ത് ദൈവത്തിൻെറ ശക്തിയെ, ദൈവത്തെ കൈവശം വക്കുവാൻ നാം ആഗ്രഹിക്കുന്നു.

പണ്ടൊക്കെ പണം കൊടുത്ത് പുരോഹിതനാകാനും ബിഷപ്പാകുവാനും സഭയിലെ ഉന്നതസ്ഥാനങ്ങളിലേക്ക് വരുവാനും ആളുകൾ ശ്രമിച്ചിരുന്നു. ഈ പ്രവണത ഇന്നുമുണ്ടോ? ഉണ്ടെങ്കിൽ ശീമോൻെറ മാനസികാവസ്ഥയാണത്.

ശീമോൻെറ ആഗ്രഹം തനിക്ക് ജനങ്ങളുടെ ഇടയിൽ ആഭിചാര പ്രവൃത്തികൾ നടത്താനുള്ള സൗകര്യം എപ്പോഴും ഉണ്ടാകണമെന്നതാണ്. അത് ഏത് ദേവൻേറയും ദേവിയുടേയും ശക്തികൊണ്ടായാലും വിരോധമില്ല. ഈ പ്രവണത ഇന്ന് നമ്മുടെ ഇടയിലുണ്ട്. വിശുദ്ധകുർബ്ബാനക്കും മറ്റും ഞാൻ പോകും. സഭാംഗമായി പ്രവർത്തിക്കും എങ്കിലും എൻെറ കാര്യം നടക്കുവാനായി ഞാൻ മറ്റ് എവിടെയെങ്കിലും പോകും. നേർച്ചകൾ ചെയ്യും. ഉരുളും തിരിക്കത്തിക്കും.

പലപ്പോഴും നാം ദൈവത്തെ കൂട്ട് പിടിക്കുന്നത് നമ്മുടെ കാര്യങ്ങൾ യാതൊരു അല്ലലും ഇല്ലാതെ നാം ചിന്തിക്കുന്നതുപോലെ നടക്കുന്നതിനാണ്. ആ കാര്യങ്ങൾ നടക്കാതാവുമ്പോൾ നാം പിറുപിറുക്കും. മറ്റ് ശക്തികളെ ആശ്രയിക്കും. എന്നാൽ നാം ദൈവത്തെ ഒരു കമ്പ്യൂട്ടറായി കണക്കാക്കരുത്. ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാം ഉടനെ ഉത്തരം നല്കുന്നവനായി ദൈവത്തെ കാണരുത്.

ശിമോൻെറ ചോദ്യത്തിന് അഥവാ ആഗ്രഹത്തിന് പത്രോസ് തക്കതായ ഉത്തരം നൽകുന്നുണ്ട് (20-22 വാക്യം)

ഇന്ന് നാം ദൈവത്തോട് കൂടി ജീവിക്കുന്നു എങ്കിൽ നമുക്ക് കഷ്ടങ്ങൾ ഉണ്ടാകുകയില്ലെന്ന് നാം കരുതരുത്. മറിച്ച് ഉണ്ടാകുന്ന കഷ്ടതകളും ദുരിതങ്ങളും സഹിക്കുവാൻ ദൈവം നമ്മെ ശക്തിപ്പെടുത്തും. ഈ ബലമാണ് ദൈവത്തോട് ചേർന്നാൽ നമുക്ക് ലഭിക്കുന്നത്.

എങ്ങിനെയാണ് നാം ദൈവത്തോട് ചേരുവാൻ പോകുന്നത്? നമ്മുടെ ആഗ്രഹങ്ങൾ ദൈവത്തിൻെറ ആഗ്രഹങ്ങൾക്കൊപ്പം ആകുക. നമ്മുടെ ആഗ്രഹങ്ങൾക്ക് കടിഞ്ഞാണിടുക. പരിവർത്തനങ്ങൾ വരുത്തുക, തൻെറ മാത്രം എന്ന സ്വാർത്ഥ ചിന്ത മനുഷ്യൻ ഉപേക്ഷിക്കണം. എൻെറ ഈ വാക്കുകൾ കേട്ടിട്ട് ഇവിടെ ഇരിക്കുന്നവരിൽ യാതൊരു ഭാവവ്യത്യാസവും ഞാൻ കാണുന്നില്ല. നിശ്ചലരായി നിങ്ങൾ ഇരിക്കുന്നുണ്ടല്ലോ? നാട്ടുഭാഷയിൽ പറഞ്ഞാൽ ഉലക്ക വിഴുങ്ങിയതുപോലെ. അതോ ദേവാലയത്തിൽ വെച്ച് മുഖത്തിന് ഭാവവ്യത്യാസം വരുത്തുവാൻ പാടില്ല എന്ന് കരുതിയാണോ? എന്തുകൊണ്ടായാലും ഞാൻ വേദനയോടെ പറയുന്നു. നമ്മുടെ വിശ്വാസത്തെ പുനഃപരിശോധിക്കേണ്ടിയിരിക്കുന്നു. യേശു, യേശു എന്ന് പല പ്രാവശ്യം ഉരുവിട്ടതുകൊണ്ടോ ഒരു മൂലയിൽ ഇരുത്തി കുട്ടിയെക്കൊണ്ട് അത് പറയിപ്പിച്ചതുകൊണ്ടോ അവന് റാങ്ക് ലഭിക്കുമോ? നമ്മുടെ ഓരോരുത്തരുടേ

യും ആഗ്രഹം തൻെറ കുട്ടിക്ക് റാങ്ക് ലഭിക്കണമെന്നാണ്. എന്നാൽ റാങ്ക് ഒരാൾക്ക് മാത്രമെ ലഭിക്കുകയുള്ളൂ. അപ്പോൾ പിന്നെ എല്ലാവരും റാങ്കിനുവേണ്ടി പ്രാർത്ഥിച്ചാൽ എന്തുണ്ടാകും?

നാം ക്രൈസ്തവദർശനത്തിൽ കാര്യങ്ങളെക്കുറിച്ച് യാഥാർത്ഥ്യ ബോധമുള്ളവരാകണം. നമ്മുടെ കുട്ടിയുടെ കഴിവിനും അവനെ കുറിച്ചുള്ള ദൈവത്തിൻെറ ആഗ്രഹത്തിനും അനുസരിച്ച് അവന് മാർക്ക് ലഭിക്കട്ടെ. പരിശ്രമം ആവശ്യമല്ല എന്നല്ല അർത്ഥമാക്കുന്നത്. ദശാബ്ദങ്ങളും ശതാബ്ദങ്ങളുമായി മനുഷ്യനിൽ ഒരു തെറ്റായ ചിന്താഗതി വളർന്നുവന്നിട്ടുണ്ട്. ദൈവം നാം ചോദിക്കുന്നതെല്ലാം മുൻപിൻ നോക്കാതെ നൽകുന്നതാണ്. ആവർത്തിച്ച് വിളിച്ച് അവനെക്കൊണ്ട് നമ്മുടെ ഏത് സ്വാർത്ഥകാര്യവും സാധിപ്പിക്കാൻ കഴിയും എന്നുള്ളതാണത്.

എന്നാൽ വേദപുസ്തകം മുഴുവനും പഠിച്ച് പരിശോധിക്കുകയാണെങ്കിൽ ഇത് തെറ്റാണെന്ന് കാണുവാൻ കഴിയും. ഞാൻ വീണ്ടും പറയട്ടെ. ദൈവത്തോട് കൂടെയായിരിക്കുമ്പോൾ നമുക്ക് കഷ്ടവും ദുരിതങ്ങളും ഉണ്ടാകില്ലെന്നല്ല മറിച്ച് അവ സഹിക്കുവാനുള്ള ശക്തി ദൈവം നമുക്ക് നൽകും എന്നുള്ളതാണ്. അതിനാൽ നമ്മുടെ ആവശ്യങ്ങൾ എണ്ണിപ്പറഞ്ഞുകൊണ്ടുള്ള പ്രാർത്ഥനാരീതിയിൽ നമുക്ക് മാറ്റംവരുത്താം. ദൈവമേ, നിൻെറ ഉദ്ദേശ്യങ്ങളോട് ഞങ്ങളുടെ ആഗ്രഹങ്ങളെ അടുപ്പിക്കേണമേ എന്ന് പറഞ്ഞ് നമുക്ക് പ്രാർത്ഥിക്കുവാൻ ആരംഭിക്കാം. □





# 24

## സഖറിയായുടെ കീർത്തനവും ലോകത്തിൻെറ മോചനവും

*15-12-96 രാവിലെ 7.45ന് മാർത്തമറിയം വലിയ പള്ളിയിൽ കുർബ്ബാനക്ക് ചെയ്ത പ്രസംഗം*

ഇന്ന് ലൂക്കായുടെ സുവിശേഷത്തിലെ 57 മുതൽ 80 വരെയുള്ള വാക്യങ്ങളാണ് നമ്മൾ വായിക്കുവാൻ പോകുന്നത്. എലിസബത്തും സഖറിയാവും തങ്ങളുടെ കുഞ്ഞിന് പേരിടൽ ചടങ്ങ് നിർവ്വഹിക്കുന്നു. അതിനുശേഷം സഖറിയ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടു ഒരു കീർത്തനം ആലപിക്കുന്നു. വളരെയേറെ പ്രാധാന്യമുള്ള ഒന്നാണീ കീർത്തനം. മൂന്നു ഭാഗങ്ങളിലായി ഇതിനെ തിരിക്കാം. ശത്രുക്കളുടെ കയ്യിൽനിന്നും വിടുതൽ, ആയുഷ്ക്കാലം മുഴുവൻ നിർഭയം വിശുദ്ധി യിലും നീതിയിലും ആരാധിപ്പാനുള്ള സ്വാതന്ത്ര്യം, ഇരുളിലും മരണ ത്തിൻെറ നിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം പരത്തൽ.

സകലവിധ ശത്രുക്കളുടെ കയ്യിൽ നിന്നും മനുഷ്യർക്ക് വിടുതൽ വേണം. രോഗങ്ങളിൽ നിന്നും പട്ടിണിയിൽ നിന്നും വിദ്യാഭ്യാസ മില്ലായ്മയിൽനിന്നും സമാധാനമില്ലായ്മയിൽനിന്നും ഉള്ള മോചനം വേണം. നമുക്കു ചുറ്റുപാടും ഒരുപാടു പ്രശ്നങ്ങൾ ഉണ്ട്. ഇതിനിടയിൽ ചില കേന്ദ്രങ്ങളിൽ നിന്ന് താങ്കൾ രക്ഷപ്രാപിച്ചുവോ, എന്ന ചോദ്യം ഉയരുന്നു. കൈപൊക്കി കൈപൊക്കി നാം തളരുന്നു. എന്നിട്ടും രക്ഷ പ്രാപിച്ചില്ല എന്നറിയുമ്പോൾ മാനസികമായി കൂടുതൽ തകരുന്നു.

ഇന്നലെ എന്നെ കാണാൻ ഒരു ഡോക്ടർ വന്നു. അദ്ദേഹത്തെ കാണാൻ ദിനംപ്രതി രണ്ടു എയ്ഡ്സ് രോഗികളെങ്കിലും വരുന്നുണ്ടത്രെ. നമ്മുടെ ഭാരതത്തിൽ എയ്ഡ്സ് പടർന്നുപന്തലിക്കുകയാണ്. ഭാരതത്തിലെ ക്രൈസ്തവസഭകൾ ഇതിനെതിരെ ബോധവത്ക്കരണം നടത്താൻ സന്നദ്ധമാകണം.

ശരിയായ വിദ്യാഭ്യാസത്തിൻെറ പ്രശ്നങ്ങൾ, പട്ടിണി, ദാരിദ്ര്യം, സാമൂഹിക സംഘർഷങ്ങൾ തുടങ്ങിയവയാൽ നമ്മുടെ സമൂഹം കലുഷിതമാണ്. ഈ ചുറ്റുപാടിൽ നിന്നാണ് നാം ചില കേന്ദ്രങ്ങളിലേക്കു ആഴ്ചകളോളം ക്യാമ്പിനും ജപത്തിനും പ്രത്യേക മതാനുഷ്ഠാനങ്ങൾ ക്കുമായി പോകുന്നത്. ലോകത്തിലെ എല്ലാ പ്രശ്നങ്ങളിൽ നിന്നും അകന്നാണ് നമ്മുടെ ആത്മീയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. നോമ്പും

മതാചാരങ്ങളും മാത്രമല്ല യഥാർത്ഥ മതജീവിതം. ലോകത്തിൽ എവിടെ ഒരാൾ അടിമയായിരിക്കുന്നുവോ എങ്കിൽ ഇവിടെ ആർക്കും സ്വാതന്ത്ര്യ മില്ല എന്നാണ് യഥാർത്ഥ മതബോധമുള്ളവർ മനസ്സിലാക്കേണ്ടത്.

മരിച്ചതിനുശേഷം സ്വർഗ്ഗം ലഭിക്കുമെങ്കിൽ ലോകത്ത് ദു:ഖം അനുഭവിക്കുന്നതിൽ കുഴപ്പമില്ലെന്ന് വിചാരിക്കുന്നവരുണ്ട്. എന്നാൽ സഖറിയായുടെ കീർത്തനം മരിച്ചു കഴിഞ്ഞ് ലഭിക്കുന്ന സ്വർഗ്ഗത്തെ കുറിച്ചല്ല ലോകത്തിൽ നമുക്കു ലഭിക്കാവുന്ന സുഖത്തെക്കുറിച്ചാണ് നമ്മോടു പറയുന്നത്.

രണ്ടാമതായി, ആയുഷ്ക്കാലം മുഴുവൻ നിർഭയം വിശുദ്ധിയിലും നീതിയിലും ആരാധിപ്പാനുള്ള സ്വാതന്ത്ര്യമാണ്. ലോകത്തിൽ ആരും ആരെയും ഭയപ്പെടാതെയുള്ള ഒരു ജീവിതക്രമം. പല ഭരണകൂടങ്ങളും പല വ്യവസ്ഥകളും മനുഷ്യനെ ഭയപ്പെടുത്തുന്നവയാണ്. റഷ്യൻവിപ്ലവം, ഫ്രഞ്ചുവിപ്ലവം, ക്യൂബൻവിപ്ലവം തുടങ്ങിയവയ്ക്കൊന്നും മനുഷ്യൻെറ ഭയപ്പാടുകൾ അകറ്റുവാൻ കഴിഞ്ഞില്ല. മനുഷ്യനിലെ അഹങ്കാരത്തിനും സ്വാർത്ഥത്തിനും മാറ്റം വരുമ്പോഴാണ് ഭയപ്പാടുകൾ അകലുന്നത്. നമ്മുടെ കുറവുകൾ നാം ആദ്യം അറിയണം. അപ്പോൾ നമുക്കു കഴിയുന്നവയെന്തെന്ന് നമുക്കു ശരിയായി ബോധ്യപ്പെടും. സ്വാതന്ത്ര്യത്തിലേക്കുള്ള വഴി ഈ തിരിച്ചറിവാണ്.

മൂന്നാമതായി, ഇരുളിലും മരണത്തിൻെറ നിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം പരത്തുക എന്നതാണ്. നമുക്കു ലഭിച്ച കൃപകൾ നാം മറ്റുള്ളവർക്ക് പങ്കിട്ടുകൊടുക്കണമെന്നാണ് അതിനർത്ഥം. ലോകപ്രശസ്തമായ ഒരു ചിത്രമുണ്ട്. കടലിൽവെച്ച് തകർന്ന കപ്പലിൽ നിന്ന് രക്ഷപ്പെട്ട ഒരാൾ ഒരു പാറയിലെ കുരിശിൽ കെട്ടിപിടിച്ച് ആശ്വാസം കൊള്ളുന്ന ചിത്രം. ഒരുപാടാളുകൾ ആ ചിത്രം നന്നെന്നു പറഞ്ഞു. എന്നാൽ ആ ചിത്രത്തിലെ ക്രൈസ്തവ വീക്ഷണം ചിലരാൽ വിമർശിക്കപ്പെട്ടു. കുരിശ് കെട്ടിപിടിച്ചിരുന്ന ആൾ ഒരു കൈകൊണ്ട് കുരിശിൽ പിടിക്കുകയും മറുകൈകൊണ്ട് ഒരാളെ രക്ഷിക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോഴാണ് ക്രിസ്തീയത പൂർണ്ണമാകുന്നത്. ഇരുളിൽ നടക്കുന്നവർക്ക് പ്രകാശം കൊടുക്കണമെന്നു പറയുമ്പോൾ ഇതാണ് അർത്ഥമാക്കുന്നത്.

നാം സഖറിയായുടെ കീർത്തനം ശരിക്കും പഠിക്കാൻ തയ്യാറാവണം. പരലോകത്തിലെ സുഖത്തിനല്ല; ഈ ലോകത്തിലെ സുഖത്തിന് വേണ്ടി. ഒരുപക്ഷേ റോമാസാമ്രാജ്യത്തിൻെറ അടിമത്വത്തിൽ കഴിഞ്ഞിരുന്ന ഇസ്രായേൽ മക്കൾക്ക് സഖറിയായുടെ കീർത്തനം ആശ്വാസപ്രദമായി തോന്നിയിരിക്കണം. അവരുടെ ജീവിതം അത്രമേൽ നിഷ്ഠൂരമായിരുന്നു. നമ്മുടെ കാലവും വ്യത്യസ്തമല്ല. അതിക്രൂരമായ വിധത്തിൽ സ്ഥിതിഗതികൾ മാറിക്കൊണ്ടിരിക്കുന്നു. അതിനാൽ പ്രതിവിധിക്കായി നാം കൂട്ടായി ചിന്തിക്കണം. സഖറിയായുടെ കീർത്തനം അതിനായി ഉപയോഗപ്രദമാകട്ടെ. □





# 25

## ചെയ്യേണ്ടത് ഇപ്പോൾ തന്നെ ചെയ്യുക

*1990 ഏപ്രിൽ 29 രാവിലെ 7.30ന് മാർത്തമറിയം വലിയ പള്ളിയിൽ കുർബ്ബാനക്ക് ചെയ്ത പ്രസംഗം*

നമ്മുടെ ചിന്തക്കായി ഞാൻ ഇന്ന് തിരഞ്ഞെടുത്തിരിക്കുന്ന ഭാഗം അപ്പോസ്തല പ്രവൃത്തികളിൽ അഞ്ചാം അദ്ധ്യായത്തിൽ 33 മുതൽ 42വരെയുള്ള വാക്യങ്ങളാണ്. അതിൽ 33-ാം വാക്യം ശ്രദ്ധിക്കുക. 'ഈ ആലോചനയോ പ്രവർത്തിയോ മാനുഷം എന്നുവരികിൽ അത് നശിച്ചുപോകും. ദൈവികം എങ്കിലോ നിങ്ങൾക്ക് അത് നശിപ്പിക്കാൻ കഴികയില്ല.

ഈ പ്രസ്താവന നടത്തുന്ന ഗമാലീയേൽ ഒരു പരീശനാണ്. പണ്ഡിതനാണ്. അപ്പൊസ്തലനായ പൗലോസിൻെറ ഗുരുവാണ്. അദ്ദേഹം ഒരു പുരോഗമനചിന്താഗതിക്കാരനുമാണ്. ഒരു ദീർഘകാല വീക്ഷണത്തിലൂടെ നോക്കുമ്പോൾ ഇത് ശരിയായിരിക്കാം. എന്നാൽ ഹ്രസ്വകാല വീക്ഷണത്തിലൂടെ നോക്കുമ്പോൾ ഇത് തെറ്റാണ്.

ഇന്ന് നമുക്ക് ചുറ്റും പല അനീതികളും നടമാടുന്നു. നാം അവയോട് പ്രതികരിക്കേണ്ടത് എങ്ങിനെയായിരിക്കണം. ഗമാലീയേലിൻെറ പ്രതികരണരീതിയനുസരിച്ചാണോ? ഞാൻ ഒരുദാഹരണം പറയാം. രണ്ടാം ലോകമഹായുദ്ധ കാലത്ത് ഹിറ്റ്ലർ 120 ലക്ഷം യഹൂദൻമാരെയും അവരോട് അനുഭാവം പുലർത്തുന്നവരെയും പീഡിപ്പിച്ച് കൊന്നു. കുഞ്ഞുങ്ങളും സ്ത്രീകളും യുവാക്കളും വൃദ്ധൻമാരും അതിൽ ഉണ്ടായിരുന്നു. കോൺസൻട്രേഷൻ ക്യാമ്പിലടച്ച് മൃഗീയമായി കൊലപ്പെടുത്തുകയായിരുന്നു. ചിലരെ കഠിനമായി ജോലി ചെയ്യിച്ചു. പട്ടിയെയും എലിയെയും പരീക്ഷണ വിധേയരാക്കുന്നതുപോലെ ചിലരെ പരീക്ഷണങ്ങൾക്ക് വിധേയരാക്കി. യഹൂദൻമാരായിരുന്നു എന്ന ഒരൊറ്റ കുറ്റം മാത്രമെ അവർ ചെയ്തിരുന്നുള്ളൂ. യഹൂദൻമാർക്ക് സഹായം കൊടുത്തതിൻെറ പേരിൽ യഹൂദരിൽ നിന്ന് ബന്ധുത്വം എടുത്തതിൻെറ പേരിൽ അവരെയെല്ലാം ഹിറ്റ്ലർ കൊല ചെയ്തു. വംശ ശുദ്ധിക്കായിട്ടാണത്രെ ഇത് ചെയ്തത്. ശുദ്ധ ആര്യവംശജർ മാത്രമെ ലോകത്തിൽ ഉണ്ടാകുവാനും രാജ്യം ഭരിക്കുവാനും പാടുള്ളൂ എന്ന ഭ്രാന്തൻ നയമായിരുന്നു ഹിറ്റ്ലർക്ക്.

അന്ന് ജർമ്മനിയിൽ ഒരു ക്രിസ്തീയ സഭ നിലവിലുണ്ടായിരുന്നു.

ജർമ്മൻ ക്രിസ്ത്യൻ സഭ. അവർ ഈ ക്രൂരതയെക്കുറിച്ച് ഒന്നും പറ ഞ്ഞില്ല. അവർ ഗ്രിനോറിയൻ കീർത്തനങ്ങൾ ഉച്ചത്തിൽ ഉരുവിട്ടിരി ക്കാം. എന്നാൽ ഈ അനീതിക്കെതിരെ നരഹത്യക്കെതിരെ ഒന്നും ഉരി യാടിയില്ല. ഒരുപക്ഷെ അവർ അതിനെ ദീർഘകാല വീക്ഷണത്തിൽ കണ്ട് ഇങ്ങനെ പറഞ്ഞിരിക്കാം. ഹിറ്റ്ലർ ചെയ്യുന്നത് ദൈവികമാണെങ്കി ൽ അങ്ങിനെ തന്നെ വേണം. മാനുഷികമാണെങ്കിൽ കാലക്രമേണ അത് നിന്നു കൊള്ളും. ഇതിനെ ദീർഘകാല വീക്ഷണത്തോടു കൂടി നോക്കു മ്പോൾ ശരിയായിക്കാണാം. 1940 മുതൽ 1945 വരെ ഇത് തുടർന്നു. ഒടുവിൽ ഹിറ്റ്ലർ തോറ്റു. ഇത് നമുക്കറിയാവുന്ന ചരിത്രമാണല്ലോ? ഗമാലീയേലും ജർമ്മൻ ക്രിസ്ത്യൻസഭയും ഈ വിഷയത്തിൽ ഒരുപോ ലെയായിരിക്കാം ചിന്തിച്ചത്.

ഭാരതത്തിൽ അടിയന്തിരാവസ്ഥയുടെ കാലഘട്ടത്തിൽ അതിനെ അനുകൂലിച്ചു കൊണ്ടാണ് ഭാരതത്തിലെ, കേരളത്തിലെ ക്രൈസ്തവസ ഭകളിലെ ബിഷപ്പുമാരും അവരുടെ പ്രസിദ്ധീകരണങ്ങളും ലേഖനങ്ങൾ എഴുതിയത്. ഒരുപക്ഷെ അവരുടെ ലേഖനത്തിലും ഇതുപോലെ കാ ണാം. 'ഇത് മാനുഷികമാണെങ്കിൽ താനെ നശിക്കും. ദൈവീകമാണെ ങ്കിലോ ശ്വാശ്വതമായി നിലനില്ക്കും.' പക്ഷെ ഇത് രഹസ്യമായിരുന്നു. പുറത്ത് വാർത്ത വന്നിരുന്നില്ല.

ദൈവം പ്രവർത്തിക്കും. നമുക്ക് നോക്കിയിരുന്ന് കാണാം. നല്ലത ല്ലെങ്കിൽ കാലാന്തരത്തിൽ മാറ്റം വന്നുകൊള്ളും. നാം പ്രതികരിക്കേണ്ട തോ മാറ്റേണ്ടതോ ആയ ആവശ്യമില്ല. ഇതാണ് നമ്മുടെ ചിന്താഗതി. നമുക്ക് ഗമാലിയേലിനെപ്പോലെയല്ല ആകേണ്ടത്. നമുക്ക് അപ്പോസ്തല ൻമാരെപ്പോലെയാണ് ആകേണ്ടത് (അ.പ്ര.5;28-32). നഷ്ടസാധ്യതകളും വെല്ലുവിളികളും ഏറ്റെടുത്ത് പറയേണ്ടത് യദാവസരത്തിൽ പറയുക. തീവണ്ടി നേരത്തിന് വരുമായിരുന്നു. സ്കൂളുകളിൽ സമരമില്ലായിരു ന്നു. ഇതുകൊണ്ടുമാത്രം അടിയന്തിരാവസ്ഥയെ നല്ലതെന്നു പറയാമോ? അത് വരുത്തിവച്ചത് മറ്റ് പലർക്കും അനേകം ദുരിതങ്ങളാണ്. കേരള ത്തിൽ ഒരു രാജൻ മാത്രമല്ല പീഡിപ്പിച്ച് കൊലചെയ്യപ്പെട്ടത്. ദില്ലിയിലും ബോംബയിലും മറ്റു പലയിടത്തും അനേകം രാജൻമാർ പീഡിപ്പിക്കപ്പെ ട്ടു. പ്രതികരിക്കുക.

ഉയർപ്പിൻെറ സന്ദേശം ഉൾകൊണ്ട ശിഷ്യൻമാർ സ്വന്തം കാര്യ ത്തിനല്ലാതെ മറ്റുള്ളവർക്കുവേണ്ടി പ്രവർത്തിച്ചതുപോലെ നമുക്കും സ്വാ ർത്ഥതാല്പര്യങ്ങളെ മാറ്റിനിർത്തികൊണ്ട് മറ്റുള്ളവരുടെ നൻമക്കായി പ്ര വർത്തിക്കാം. ദൈവം തക്കതായ നല്ല ഉപദേശങ്ങളും വഴികളും നമുക്ക് കാണിച്ചു തരുമാറാകട്ടെ. □





# 26

## വിശ്വാസമെന്നാൽ ......................

*23-2-97 വൈകീട്ട് 7ന് കിഴക്കെകോട്ട മാർ യോഹന്നാൻ മാംദ്ദാന പള്ളിയിൽ ചെയ്ത നോമ്പ് പ്രഭാഷണം*

നമ്മുടെ വിശ്വാസത്തെ നാം എപ്പോഴും പുതുക്കാൻ ശ്രമിക്കണം. വിശ്വാസമുണ്ടായാൽ എല്ലാം ശരിയാംവണ്ണം ദൈവം നടത്തിത്തരുമെന്ന ധാരണയെ നാം തിരുത്തണം. ഞാൻ ചില ചെറിയ ഉദാഹരണങ്ങൾ പറയാം.

ഉപരിപഠനകാലത്ത് എനിക്കൊരു സഹപാഠിയുണ്ടായിരുന്നു. അയാൾ ഒരിക്കലും പുറത്തിറങ്ങി ഭക്ഷണം കഴിക്കാറില്ല. വളരെ കഷ്ടിച്ചാണ് ഞങ്ങൾ അക്കാലത്ത് ജീവിച്ചിരുന്നത്. വൈകീട്ട് ഭക്ഷണം കഴിച്ചു വരുമ്പോൾ ഞാൻ അയാൾക്കുള്ളത് കൊണ്ടുചെന്നു കൊടുക്കുമായിരുന്നു. എന്തുകൊണ്ടാണ് ഞങ്ങളോടൊപ്പം വരാത്തത് എന്ന ചോദ്യത്തിന് അയാൾ പറഞ്ഞത് തനിക്കുള്ളത് ദൈവം തരും എന്നാണ്. പിറ്റേന്ന് മുതൽ ഞാൻ ഭക്ഷണം അയാൾക്ക് കൊടുക്കാതായി. ദൈവം നേരിട്ട് ഭക്ഷണം കൊടുക്കാത്തതിനാൽ അയാൾ പിന്നീട് ഞങ്ങൾക്കൊപ്പം വരാൻ നിർബന്ധിതനായി. ഇത്തരം വിശ്വാസം നമുക്കു ഗുണം ചെയ്യില്ല.

ഒരിക്കൽ ഒരു ഗർഭിണിയും ഭർത്താവും നടന്നുപോകുകയായിരുന്നു. കുഞ്ഞിനെ ഒരു വണ്ടിയിൽ ഇരുത്തി ഉന്തികൊണ്ട് മറ്റൊരു കുടുംബം അവരെ കടന്നുപോയി. പിറക്കാനിരിക്കുന്ന കുഞ്ഞിന് അത്തരമൊരു വണ്ടി വാങ്ങിവെച്ചിരുന്നെങ്കിൽ എന്നവർ ആശിച്ചു. അവർക്ക് പണമുണ്ടായിരുന്നില്ല. പിറ്റേ ഞായറാഴ്ച അവർ പള്ളിയിൽ ചെന്നപ്പോൾ ഏതോ ആളുകൾ ഉപയോഗം കഴിഞ്ഞ് അത്തരമൊരു വണ്ടി ആവശ്യക്കാർക്കു കൊടുക്കാനായി പള്ളിയിൽ ഏല്പിച്ചത് അവർ കണ്ടു. അവർ അതേറ്റുവാങ്ങി. ദൈവകൃപയായി അവർ അതിനെ വ്യാഖ്യാനിച്ചു. എന്നാൽ എനിക്കു തോന്നുന്നു, അത് ഒരു ആകസ്മികസംഭവം മാത്രമാണ്. അത്തരം സംഭവങ്ങളല്ല, നമ്മെ വിശ്വാസിയാക്കേണ്ടത്. അത്തരം വിശ്വാസമാകട്ടെ അന്ധവുമാണ്.

പണ്ട് അമേരിക്കയിൽ ഒരു സംഭവം നടന്നു. അവിടുത്തെ ഒരു പള്ളിയിൽ പുരോഹിതൻെറ അറിവോടെ ചില യാഥാസ്ഥിതികർ കുർബ്ബാന സമയത്ത് പാമ്പുകളെ കയറ്റിവിട്ടു. നിരവധിപേർക്ക് കടിയേറ്റു.

വേദപുസ്തകം ഉദ്ധരിച്ചുകൊണ്ട് മാതാന്ധൻമാർ അവരെ ആശ്വസിപ്പിച്ചു. അവർ മരിച്ചു. മൂന്നാം നാൾ അവർ ഉയർത്തെഴുന്നേല്ക്കുമെന്ന് യാഥാസ്ഥിതികപുരോഹിതർ പ്രചരിപ്പിച്ചു. മൂന്നാംനാൾ പോലീസ് ഇടപെട്ട് ശവങ്ങൾ മറവു ചെയ്തു. ഇത്തരം വിശ്വാസങ്ങളുടെ പരിഹാസ്യതയെ നാം ഉൾക്കൊള്ളണം.

ഞാൻ പഠിച്ചിരുന്ന സമയത്ത് വസ്തുക്കൾ ഭൂമിയിൽ വീണിരുന്നത് $9.8\ m/s^2$ പ്രവേഗത്തിലായിരുന്നു. ഇപ്പോഴും മാറ്റമുണ്ടെന്ന് കരുതുന്നില്ല. കല്ല് വീണാലും വേദപുസ്തകം വീണാലും ഞാൻ വീണാലും നിരീശ്വരവാദി വീണാലും ഇതുതന്നെയായിരിക്കും പ്രവേഗം. നമ്മെ സഹായിക്കലല്ല ദൈവത്തിൻെറ കർത്തവ്യം; നമ്മിൽ പ്രകാശം പരത്തലാണ്. അസുഖം വന്നാൽ നാം ആദ്യം ഡോക്ടറെ കാണണം. പ്രാർത്ഥിച്ചാൽ മാത്രം മാറിയെന്നു വരില്ല. നമ്മുടെ വിശ്വാസം ഇത്തരത്തിലാകരുത്.

അപ്പോൾ എന്താണ് വിശ്വാസം? അത് ദൈവത്തോടൊപ്പമുള്ള സാഹസികയാത്രയാണ്. ഒരു പർവ്വതം കീഴടക്കുന്നതുപോലെ, സമുദ്രം നീന്തിക്കടക്കുന്നതുപോലെ ഒരു യാത്ര. ഈ യാത്രയിൽ നഷ്ടങ്ങൾ ആദ്യമേ കണ്ടുകൊണ്ടാണ് ഒരാൾ പുറപ്പെടുന്നത്. ദൈവത്തോടൊപ്പമുള്ള യാത്രയിലും നഷ്ടം മാത്രമേ സംഭവിക്കൂ. നേടാനുള്ള ദൈവം എന്നൊന്നില്ല. വിശ്വാസമെന്നാൽ ത്യജിക്കലാണ്. നമ്മെ പൂർണമായി ത്യജിക്കുന്ന ഒന്ന്.

മനുഷ്യന് നിരവധി പ്രശ്നങ്ങളുണ്ട്. അതിനാൽതന്നെ വിശ്വാസത്തിന് പതർച്ച സംഭവിക്കാം. അബ്രഹാം മുതലായവർ ബൈബിളിൽ തന്നെയുള്ള ഉദാഹരണങ്ങളാണ്. അപ്പോഴെല്ലാം നാം സ്വയം ത്യജിക്കാൻ തയ്യാറാവണം. നമ്മുടെ വിശ്വാസം കൂടുതൽ ബലപ്പെടുന്നതു കാണാം. പട്ടുസാരി കിട്ടാനും ഉദ്യോഗം കിട്ടാനും അങ്ങനെ ഓരോരുത്തരും സ്വന്തം താല്പര്യത്തെ ബലപ്പെടുത്തുന്ന വിശ്വാസമല്ല പറഞ്ഞുവരുന്നത്. വേദപുസ്തകപഠനത്തിൽ സ്വാർത്ഥത്തിന് പ്രസക്തിയില്ല.

ചിലർക്ക് വേദപുസ്തകത്തിലെ വാക്യങ്ങൾ മന:പാഠം അറിയാം. അത് ഒരു ഗൈഡിന് വേണ്ടതുതന്നെ. എന്നാൽ അതായിരിക്കരുത് നമ്മുടെ വിശ്വാസത്തിൻെറ ആണിക്കല്ല്. ഈ ലോകം എല്ലാ കാലത്തും എല്ലാവർക്കും എന്നും സുഖത്തിലും സന്തോഷത്തിലും സമാധാനത്തിലും ആയിരിക്കണം. അതിനുള്ള പണി പൂർത്തിയായിട്ടില്ല. അതിലേക്കാണ് നമ്മെ വിളിച്ചു കൊണ്ടിരിക്കുന്നത്.

ബാങ്ക് അക്കൗണ്ടിൽ പതിച്ച് പണം വാങ്ങുന്നതുപോലെയാകരുത് നമ്മുടെ വിശ്വാസത്തിലെ ആചാരാനുഷ്ഠാനജീവിതം. അനുഷ്ഠാനങ്ങൾ അച്ചടക്കത്തിനു ഗുണകരമാണ്. എന്നാൽ മനുഷ്യസ്നേഹത്തിലാണ് നമ്മൾ ദൈവപ്രാർത്ഥനയെ പ്രതിഷ്ഠിക്കേണ്ടത്. അതിനായി നമുക്ക് പരിശ്രമിക്കാം. □





# 27

## ആരാധനയിലെ ചില ചിട്ടകൾ

*4-2-90 രാവിലെ 7.30ന് കുരിയച്ചിറ മാർമാറിശ്ലീഹ പള്ളിയിൽ കുർബ്ബാനക്ക് ചെയ്ത പ്രസംഗം*

നമ്മുടെ സഭയിലെ പുതിയ 'കുർബ്ബാന ക്രമ'ത്തെപ്പറ്റിയാണ് ഞാൻ പറയുവാൻ പോകുന്നത്. ഒരു വീട്ടിൽ ഒരു പുതിയ 'കുർബ്ബാനക്രമ'മെങ്കിലും ഉണ്ടാകണം. ഓരോരുത്തരും അത് വായിച്ച് മനസ്സിലാക്കണം. ഓരോ ദിവസവും കുർബ്ബാന ആരംഭിക്കുന്ന അവസരത്തിൽ അത് പദ്യരൂപത്തിലാണോ ഗദ്യരൂപത്തിലാണോ എന്ന് ശ്രദ്ധിക്കണം. അതനുസരിച്ചാണ് ജനങ്ങൾ കുർബ്ബാനയിലെ പ്രതിവാക്യങ്ങൾ ഏറ്റുപറയേണ്ടത്.

ശബ്ദമാധുര്യം കുറഞ്ഞവർ ശബ്ദം കുറക്കുന്നത് നന്നായിരിക്കും. മറ്റുള്ളവരെ കൊണ്ട് നിങ്ങളുടെ ശബ്ദം മോശമാണെന്ന് പറയിക്കേണ്ടതില്ലല്ലോ? വാസ്തവം പറഞ്ഞാൽ എനിക്കും യേശുദാസിനെപ്പോലെ പാടണമെന്ന് ആഗ്രഹമുണ്ട്. പക്ഷെ സാധിക്കുന്നില്ല. എല്ലാവർക്കും ഈ ആഗ്രഹമുണ്ടായിരിക്കാം. എന്തു ചെയ്യാം. പക്ഷെ നന്നായി പാടുവാൻ കഴിഞ്ഞില്ലെങ്കിൽപോലും നന്നായി പാടുന്നവരോട് നമുക്ക് ശബ്ദമുണ്ടാക്കാതെ സഹകരിക്കുവാൻ സാധിക്കും.

അടുത്തത് സ്തോത്രകാഴ്ചയെക്കുറിച്ചാണ്. ഇത് ധ്യാനപ്രസംഗം കഴിഞ്ഞ ഉടനെയായിരിക്കണം. അതിനെതിരെയുള്ള പ്രധാന തടസ്സവാദം ആ സമയത്ത് പള്ളിയിൽ ആരുമുണ്ടായിരിക്കുകയില്ല എന്നുള്ളതാണ്. കുർബ്ബാന മുഴുവൻ ക്രമീകരിച്ചിരിക്കുന്നത് പ്രത്യേക ചില ഘട്ടങ്ങളായിട്ടാണ്. അതുകൊണ്ട് അപ്പവും വീഞ്ഞും ബലിപീഠത്തിൽ കൊണ്ടുവരുന്നതിന് മുമ്പായി സ്തോത്രക്കാഴ്ച കൊണ്ടുവരേണ്ടതുണ്ട്. വൈകിവരുന്നവർക്ക് സ്തോത്രക്കാഴ്ച അർപ്പിക്കുന്നതിനായി ഒരു സ്വീകരണസഞ്ചി പള്ളിക്കകത്ത് വക്കണം. അതിൽ അവർ സ്തോത്രപണം നിക്ഷേപിക്കട്ടെ. എന്നാൽ ഇത് എന്നും പള്ളിയിൽ വൈകി വരുന്നതിനുള്ള ലൈസൻസ് ആയി കാണരുത്.

ജൻമദിനം ആഘോഷിക്കുന്നവരുടെ പേര് വിളിച്ച് പ്രാർത്ഥിക്കുന്ന രീതി ചിലയിടത്തെങ്കിലുമുണ്ട്. വാസ്തവത്തിൽ ഈ പേർ വിളി കേട്ടാൽ തോന്നും മാർക്കറ്റിൽ ലേലം വിളിക്കുകയാണോ എന്ന്. പേര് വിളിക്കുന്ന പുരോഹിതൻമാരെ കുറ്റപ്പെടുത്തുകയല്ല. പേർ വിളിക്കുന്നവർ എഴുന്നേറ്റ് നിന്ന് അവർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയാണ്

വേണ്ടത്. നിർഭാഗ്യവശാൽ, ആരും എഴുന്നേറ്റ് നില്കുന്നില്ല. അതുകൊണ്ട് ഇനി മുതൽ പേര് വിളിക്കാതെ ജൻമദിനമുള്ളവർക്കും രോഗികൾക്കും വേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുകയാണ് ചെയ്യേണ്ടത്. രോഗിയായി കിടക്കുന്നവരുടേയും മറ്റും പേര് മുൻകൂട്ടി വികാരിയെ ഏല്പിക്കുകയാണെങ്കിൽ അവർക്ക്വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാൻ സാധിക്കും.

നാം കുർബ്ബാനാവസരത്തിൽ വിശ്വാസപ്രമാണം ചൊല്ലുന്നതിനെക്കുറിച്ചാണ് നിങ്ങളോട് എനിക്ക് പ്രത്യേകം പറയുവാനുള്ളത്. ഇത് കേട്ടാൽ തോന്നും പെന്തക്കോസ്ത് സഭക്കാർ പരിശുദ്ധാത്മാവ് ഇറങ്ങുമ്പോൾ അന്യഭാഷയിൽ സംസാരിക്കുന്നതുപോലെയാണല്ലോ എന്ന്. മുഖ്യ കാർമ്മികൻ ആദ്യം തുടങ്ങണം. അതിനുശേഷം ശമ്മാശനും ജനങ്ങളും. നിറുത്തേണ്ടിടത്ത് നിറുത്തി വേണം ചൊല്ലുവാൻ. പാട്ടുകളായാലും വാക്യങ്ങളായാലും ക്രമത്തിൽ യോജിച്ച രീതിയിൽ ചൊല്ലണം. അല്ലെങ്കിൽ അന്യഭാഷ സംസാരിക്കുന്നതു പോലെയാകും.

ഇന്ന് ഞാൻ ഇവിടെ പറഞ്ഞതൊന്നും ഒരു പ്രസംഗമായിട്ടല്ല. വാസ്തവത്തിൽ ഞാൻ ഏത് ചെറിയ പ്രസംഗത്തിന് പോകുമ്പോൾ പോലും വേണ്ട കുറിപ്പുകൾ തയ്യാറാക്കി കൊണ്ടു പോകാറുണ്ട്. ഇന്നിവിടെ അത്തരം ഒരു തയ്യാറെടുപ്പോടുകൂടിയല്ല വന്നിട്ടുള്ളത്. എന്റെ മനസിലുള്ള ചില ചിന്തകൾ നിങ്ങളുമായി പങ്കുവെക്കാമെന്ന് കരുതി വന്നതാണ്. ഈ സന്ദർഭം നമുക്ക് ഒരു ചർച്ചാവേദിയായി മാറ്റാമായിരുന്നു. തമ്മിൽ അഭിപ്രായങ്ങൾ കൈമാറുവാൻ കഴിയുമായിരുന്നു. എന്നാൽ ഇതിനുശേഷം കലാപരിപാടികൾ ഉള്ളതുകൊണ്ട് ചർച്ചക്ക് വേണ്ട സമയം കിട്ടുകയില്ല. □





# 28

## ത്യാഗം – സ്വാർത്ഥത്തിൻെറ ശത്രു

*9-11-97 രാവിലെ 7.45ന് മാർത്തമറിയം വലിയ പള്ളിയിൽ കുർബ്ബാനക്ക് ചെയ്ത പ്രസംഗം*

പ്രൊട്ടസ്റ്റൻറ് സഭകൾ വിളവെടുപ്പ് മഹോത്സവം എന്നു വിളിക്കാറുള്ള ദശാംശതിരുന്നാൾ നാമെല്ലാവരും ആഘോഷിക്കാറുണ്ട്. തങ്ങളുടെ എല്ലാ വസ്തുക്കളിൽ നിന്നും പത്തിലൊന്ന് യഹോവക്കു കൊടുക്കണമെന്ന യഹൂദന്മാരുടെ ആചാരത്തിൻെറ പിൻതുടർച്ചയാണിത്. ഇന്ന് സഭയും ദേവാലയവും നിലനിന്നു പോകണമെങ്കിൽ പണം കൂടിയേ തീരൂ. പള്ളിയിലേക്ക് പത്തിലൊന്ന് കൊടുക്കുന്നവരും അതിൽ കൂടുതലോ കുറവോ, ഒന്നും തന്നെ കൊടുക്കാത്തവരോ നമുക്കിടയിലുണ്ടാകാം. എന്നാൽ പ്രധാന വസ്തുത സഭക്ക് അവർക്കു വേണ്ടിയും ചില കാര്യങ്ങൾ ചെയ്യാനുണ്ട് എന്നതത്രേ.

പഴയകാലങ്ങളിൽ ദശാംശം കൊടുക്കേണ്ടതിൻെറ പ്രസക്തിയെ വിവരിക്കുന്ന ചില ഭാഗങ്ങൾ പള്ളികളിൽ വായിക്കാറുണ്ടായിരുന്നു. ഈയിടെയായി ആ പതിവില്ല. നാമതു ശരിക്കും വായിച്ചു മനസ്സിലാക്കുകയാണെങ്കിൽ പള്ളിയിൽ നിന്ന് കുറ്റബോധത്തോടെയായിരിക്കും മടങ്ങുക. പഴയ നിയമത്തിലെ സങ്കീർത്തനപുസ്തകത്തിൽ പറയുന്നു: ''ഭൂമിയും അതിൻെറ പൂർണതയും ഭൂതലവും അതിലെ നിവാസികളും യഹോവക്കുള്ളതാകുന്നു.'' അതിൻെറ അർത്ഥം നാം വെറും കാര്യവിചാരകർ മാത്ര മാണ് എന്നാണ്. ഒരു ട്രസ്റ്റി. നമുക്കു ലഭിച്ചിരിക്കുന്ന കാര്യവിചാരകസ്ഥാനം എപ്രകാരം വിനിയോഗിക്കും എന്നതാണ് ദശാംശ തിരുന്നാൾ നമുക്കു മുന്നിൽ ഉയർത്തുന്ന പ്രശ്നം. നടാതേയും നനയ്ക്കാതെയും ഉണ്ടാകുന്ന ധാന്യങ്ങളോ, ഉപയോഗശൂന്യമായ തുണിയോ, ഫർണീച്ചറോ മറ്റുള്ളവർക്ക് കൊടുത്ത് എൻെറ ബാധ്യത കഴിഞ്ഞു എന്ന് പറഞ്ഞുകൂടാ. അല്പം പണം നല്കി തൻെറ ചുമതല കഴിഞ്ഞു എന്ന് സമാധാനിച്ചുകൂടാ............ ദൈവം നമുക്ക് അനുവദിച്ചു തന്നിരിക്കുന്ന വസ്തുവകകളെ എങ്ങനെ വിനിയോഗിക്കുന്നു എന്നതാണ് കാതലായ കാര്യം.

നാമെല്ലാം സമ്പാദ്യശീലമുള്ളവരായിരിക്കും. പണം സമ്പാദിച്ച് നമ്മുടെ സ്വാർത്ഥതാൽപര്യങ്ങൾക്കുവേണ്ടി മാത്രം വിനിയോഗിച്ച് ശീലമുള്ളവർ. നമ്മുടെ ആവശ്യങ്ങൾക്കൊപ്പം സമൂഹനന്മക്കുതകുമോ എന്നു കൂടി നാം അന്വേഷിക്കേണ്ടതുണ്ട്. പണം ഉണ്ടാക്കുന്നത് തെറ്റാണ് എന്ന് ബൈബിളിൽ പറയുന്നില്ല. പക്ഷേ അത് എങ്ങനെ ഉപയോഗിക്കണം

എന്നത് പരമപ്രധാനമായി വേദപുസ്തകം കണക്കാക്കുന്നു. നമുക്കു നമ്മുടെ ജീവിതമേഖലയിലെ ചില ഘടകങ്ങൾ എടുത്തു പരിശോധിക്കാം.

ഇന്നത്തെ ഏറ്റവും വലിയ കച്ചവടമായി വിദ്യാഭ്യാസം മാറിയിരിക്കുന്നു. ഉന്നതവിദ്യാഭ്യാസമേഖലകൾ സാധാരണക്കാരന് അപ്രാപ്യം തന്നെ. വിദ്യാസമ്പന്നരാകട്ടെ തങ്ങളുടെ സമൂഹത്തെ മറന്നു കളയുന്നു. ഡോക്ടറും അദ്ധ്യാപകനും കൂടുതൽ പണത്തിനായി മാത്രം ജോലി ചെയ്യുന്നു. ഫലമോ, ഡോക്ടർമാർക്കുണ്ടായിരിക്കേണ്ട പരമമായ കാരുണ്യം അവർക്കില്ലാതെ പോകുന്നു. അദ്ധ്യാപകരുടെ അർപ്പണബോധം നഷ്ടപ്പെട്ടിരിക്കുന്നു.

''സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ച് നാണം കെട്ടു നടക്കുന്നിതു ചിലർ'' എന്ന് ജ്ഞാനപ്പാനയിലാണ് ഉള്ളത്. ഇന്ന് നമ്മുടെ സമൂഹത്തിൽ അത് അക്ഷരംപ്രതി ശരിയായിരിക്കുന്നു. നമുക്കു ലഭിച്ച സ്ഥാനം നമ്മുടെ മാത്രം ഉന്നതിക്കായല്ല നല്കപ്പെട്ടിരിക്കുന്നത് എന്ന ബോധം നമുക്കില്ലാതായിരിക്കുന്നു.

നമ്മുടെ മക്കൾ ദൈവത്തിൻെറ ദാനമാണെന്ന ബോധം ഇന്ന് നമുക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. പപ്പായ മാത്രം ദശാംശം കൊടുക്കുവാനല്ല നാം മക്കളെ പഠിപ്പിക്കേണ്ടത്. സ്വയം ത്യജിക്കാനാണ് യേശു നമ്മെ പഠിപ്പിച്ചിരിക്കുന്നത്.

നമുക്കു നമ്മുടെ തൊഴിലിൽ ഉത്തരവാദിത്വം നഷ്ടപ്പെട്ടിരിക്കുന്നു. അനേകം പേർ തൊഴിൽരഹിതരായിരിക്കുമ്പോഴാണ് നമ്മിൽ ചിലർക്ക് തൊഴിൽ ലഭിക്കുന്നത്. എന്നാൽ നാം ആ തൊഴിലിൻെറ മഹത്വം നഷ്ടപ്പെടുത്തുന്നു. പ്രതിഫലത്തിൽ മാത്രം കേന്ദ്രീകരിക്കുന്ന കണ്ണ് തൊഴിലിൻെറ പവിത്രത നഷ്ടപ്പെടുത്തുന്നു.

നമ്മുടെ സമയം കൂടുതൽ വിശ്രമത്തിനായാണ് ഇന്ന് മാറ്റിവെച്ചിരിക്കുന്നത്. സമയം ദൈവത്തിൻെറ വരമാണ്. അതിനെ ശ്രദ്ധയോടും സൂക്ഷ്മതയോടും കൂടി ചെലവഴിക്കണം. നാം ഏറ്റവും കൂടുതൽ അവഗണിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നത് നമ്മുടെ പ്രകൃതിയെ തന്നെയാണ്. പണത്തിലും ലാഭത്തിലും മാത്രം മനസ്സൂന്നിക്കൊണ്ട് നാം പരിസ്ഥിതിയെ മലിനീകരിക്കുന്നു. മുപ്പതോ നാല്പതോ വർഷത്തിനുള്ളിൽ നമുക്ക് ഈ ഭൂമിയിൽ ജീവിക്കാൻ പറ്റാതാകും. ഭൂമി എല്ലാക്കാലത്തും മനുഷ്യനെ പോറ്റുമെന്നാണ് നമ്മുടെ ധാരണ. എന്നാൽ തിരിച്ച് ഭൂമിയോടു പാലിക്കേണ്ട ചില കാര്യങ്ങൾ നാം മറന്നുപോകുന്നു. ഗാന്ധി പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക: ''എല്ലാവർക്കും അത്യാവശ്യത്തിനുള്ള വിഭവങ്ങൾ ഭൂമിയിലുണ്ട്; എന്നാൽ ആർക്കും അത്യാഗ്രഹത്തിനുള്ളതില്ലതാനും.''

ദശാംശതിരുന്നാൾ മേൽസൂചിപ്പിച്ച കാര്യങ്ങളെ കുറിച്ച് ചിന്തിക്കാൻ നമ്മെ പ്രേരിപ്പിക്കട്ടെ. കാരണം ത്യാഗമാണ് സ്വാർത്ഥത്തിൻെറ ശത്രു. നമ്മെ ഏല്പിച്ച ട്രസ്റ്റി സ്ഥാനം മനുഷ്യനന്മക്കായി നമുക്കു വിനിയോഗിക്കാം. □



# 29

## മൂന്ന് സ്ഫോടനങ്ങൾ

*സൺഡെ സ്കൂൾ സമ്മാനദാനത്തോടനുബന്ധിച്ച് 24-12-1989 വലിയ പള്ളി അങ്കണത്തിൽ ചേർന്ന പൊതുയോഗത്തിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്*

ഇന്ന് ഇവിടെ സമ്മാനർഹരായി വന്നിട്ടുള്ള എല്ലാ കുട്ടികളെയും അദ്ധ്യാപിക-അദ്ധ്യാപകൻമാരേയും ഞാൻ അനുമോദിക്കട്ടെ. അവർക്ക് തുടർന്നും ഞാൻ വിജയങ്ങൾ നേരുന്നു. ഇതുപോലെയുള്ള സമ്മാനദാന ചടങ്ങ് അവർക്ക് തങ്ങളുടെ വിജയപാതയിൽ മുന്നേറുവാൻ പ്രചോദനമാകട്ടെ എന്നുകൂടെ ഈ അവസരത്തിൽ ഞാൻ ആശംസിച്ചു കൊള്ളട്ടെ.

അതോടൊപ്പം ചില ഗൗരവമേറിയ കാര്യങ്ങളും നിങ്ങളോടൊപ്പം പങ്കുവെക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ചില വാക്യങ്ങളോ കഥകളോ മനഃപാഠമാക്കി പഠിക്കലായിരിക്കരുത് സൺഡെ സ്കൂളിൻെറ ലക്ഷ്യം. ആഗോളവ്യാപകമായി സൺഡെസ്കൂളിൻെറ പ്രവർത്തനത്തിൽ എങ്ങിനെ മാറ്റം വരുത്തണമെന്ന് ചിന്തിച്ചു കൊണ്ടിരിക്കുന്ന സമയമാണിത്. നമുക്കും അവരോടൊപ്പം ചിന്തിച്ച് സൺഡെ സ്കൂളിൻെറ ഗുണപരമായ മാറ്റത്തിന് പ്രവർത്തിക്കാം.

ലോകത്തിൻെറ മുന്നോട്ടുള്ള പ്രയാണത്തിൽ പല വിസ്ഫോടനങ്ങളും സംഭവിക്കുന്നതായി ഒരു ചിന്തകൻ പറഞ്ഞിട്ടുണ്ട്. അദ്ദേഹം പ്രധാനമായും മൂന്ന് സ്ഫോടനങ്ങളെ ഉദ്ദേശിച്ചാണ് ഇക്കാര്യം പ്രസ്താവിച്ചിരിക്കുന്നത്. ഇവയെ കുറിച്ച് ഞാൻ അല്പം സംസാരിക്കാം.

1. ജനസംഖ്യാ സ്ഫോടനം
2. വിജ്ഞാനവർദ്ധനവിലെ സ്ഫോടനം
3. മനുഷ്യബന്ധങ്ങളിലെ സ്ഫോടനം

**1. ജനസംഖ്യാ സ്ഫോടനം**

ലോകത്തിലെ ജനസംഖ്യ അതിവേഗം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. എൻെറ ധാരണയിൽ ലോകത്തിലെ മൊത്തം ജനസംഖ്യ 400 കോടിയാണ്. അതിൽ 80 കോടി ജനങ്ങളും ഇന്ത്യയിലാണ്. (ഇപ്പോൾ 100 കോടി ജനങ്ങളുണ്ട്) നമ്മുടെ ഇന്ത്യാ രാജ്യത്ത് വർഷതോറും പതിനാറ് പതിനേഴ് ദശലക്ഷം കുട്ടികൾ പിറന്നുവീഴുന്നു.

ആസ്ട്രേലിയ എന്ന രാജ്യത്തിൽ ആകെയുള്ള ജനസംഖ്യ 17 ദശലക്ഷം മാത്രമാണ്. അപ്പോൾ വർഷംതോറും ഓരോ ആസ്ട്രേലിയ ഇന്ത്യയിൽ ജൻമം കൊള്ളുന്നു.

മൂട്ടയും എലിയും ഈച്ചയും പെറ്റുപെരുകുന്നതു പോലെ മനുഷ്യനും പെറ്റ് പെരുകിയാൽ ഭൂമുഖത്ത് മനുഷ്യൻെറ നിലനിൽപ്പ് തന്നെ അവതാളത്തിലാകും. ഇന്ന് മൂന്ന് മക്കൾ ഉള്ള ഒരു വീട്ടിൽ പതിനഞ്ച് പതിനാറ് കുട്ടികൾ ഉണ്ടെന്നിരിക്കട്ടെ. എന്തായിരിക്കും ആ കുടുംബത്തിൻെറ സ്ഥിതി. ഉള്ള വിഭവങ്ങൾ എല്ലാവർക്കും തികയാതെ പകുതി സംതൃപ്തരായി കഴിയേണ്ടി വരും. ജനസംഖ്യയിലുള്ള ക്രമാതീതമായ വർദ്ധനവ് ഭൂമുഖത്ത് മനുഷ്യൻെറ നിലനിൽപ്പ് തന്നെ ചോദ്യം ചെയ്യുന്നു. ഇത് ജനസംഖ്യ പ്രശ്നത്തിൻെറ ഒരു സ്ഫോടനമാണ്.

ഇതിനെ ലോകം നേരിടുന്ന ഒരു രീതി ജനസംഖ്യാ നിയന്ത്രണമാണ്. അത് നാമും മറ്റു ലോകരാഷ്ട്രങ്ങളും നടത്തുന്നുമുണ്ട്. പക്ഷെ അതിനേക്കാൾ കൂടുതലായി ലോകത്തിൽ ഓരോരുത്തനും അവൻെറ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുകയാണ് വേണ്ടത്. ഇന്ന് പലപ്പോഴും സ്വന്തം കാര്യം സിന്ദാബാദ് എന്ന ചിന്താഗതിയാണ് അധികം പേർക്കും. കൂട്ടായ ഒരു കരുതലും സമൂഹത്തോടുള്ള കടപ്പാടും മനുഷ്യൻ മറക്കുന്നു. ദൈവം മനുഷ്യന് ഭൂമിയിൽ ജനിച്ച് ജീവിക്കുന്നതിനും മറ്റുമുള്ള അധികാരങ്ങളും അവകാശങ്ങളും നൽകിയിട്ടുണ്ട്. അതുകൊണ്ട് മനുഷ്യന് ഈ ഭൂമിയിൽ തീർച്ചയായും അവകാശമുണ്ട്. അധികാരമുണ്ട്. എന്നിരിക്കലും നാം കരുതലോടെ, ഉത്തരവാദിത്വത്തോടെ കൂട്ടായി പ്രവർത്തിച്ചില്ലെങ്കിൽ നമ്മുടെ അല്ലെങ്കിൽ അടുത്ത തലമുറയുടെ നിലനിൽപ്പ് അപകടത്തിലാവും. അതുകൊണ്ട് ജനസംഖ്യാനിയന്ത്രണം ഏർപ്പെടുത്തുന്നത് ലോകത്തിൻെറ നിലനില്പിന് തന്നെ ആവശ്യമായിരിക്കുന്നു. അതുപോലെത്തന്നെ പ്രധാനമാണ് നാം കരുതലോടെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് ജീവിക്കുക എന്നത്.

**2. വിജ്ഞാനവർദ്ധനവിലെ സ്ഫോടനം**

മനുഷ്യൻ ഇന്ന് കാളവണ്ടി യുഗത്തിൽ നിന്ന് ആറ്റം യുഗത്തിലോ ഇലക്ട്രോണിക് യുഗത്തിലോ എത്തിചേർന്നിരിക്കയാണ്. അവൻ പ്രകൃതിയുടെമേലുള്ള ഓരോ ആവരണങ്ങളും അഴിച്ചു മാറ്റികൊണ്ടിരിക്കുന്നു. ശാസ്ത്രം പൊതുവെയും അതിൻെറ ഓരോ മേഖല പ്രത്യേകിച്ചും അതിവേഗം വികാസം പ്രാപിച്ചു കൊണ്ടിരിക്കുന്നു. ഉദാഹരണമായി ജൈവശാസ്ത്രം. ഇന്ന് മനുഷ്യശരീരത്തിലെ ഏത് അവയവങ്ങളും മറ്റൊരാളിൽ നിന്ന് വാങ്ങി സ്വന്തം ശരീരത്തിൽ വെച്ച് പ്രവർത്തിപ്പിക്കാം. ഈ അടുത്ത കാലത്ത് ഞാൻ ഒരു രാജ്യം സന്ദർശിക്കുവാൻ പോയിരുന്നു. അവിടെ തീവണ്ടിയിൽ ഞാൻ സഞ്ചരിക്കുകയുണ്ടായി. തൃശൂരിൽ നിന്ന് മദ്രാസിലേക്ക് പോകുവാനുള്ളത്രയും ദൂരം ആ വണ്ടിയിൽ ഞാൻ വെറും മൂന്ന് മണിക്കൂറുകൾ കൊണ്ട് പിന്നിട്ടു. കോട്ടയത്തു നിന്നും അമേരിക്കയിലെ ഒരു സംസ്ഥാനമായ കോളറാഡോവിലേക്ക് ഫോൺ

ചെയ്യുവാൻ വെറും അരസെക്കൻറ് മാത്രം. മനുഷ്യൻ ചന്ദ്രനിലിറങ്ങിയ വിവരം നാം പത്രത്തിലൂടെ വായിച്ചു. പിന്നീട് ടി.വിയിലൂടെയും ന്യൂസ് റീലിലൂടെയും കണ്ട് കഴിഞ്ഞു. അതിനർത്ഥം ശാസ്ത്രം ദൂരത്തെയും സമയത്തെയും പ്രകൃതിയുടെ ഓരോ അതിർ വരമ്പിനെയും കവച്ചു വെച്ചു കൊണ്ടിരിക്കുന്നു എന്നാണ്.

എന്നാൽ ഇതിന് ഒരു ദോഷവശവുമുണ്ട്. കണ്ടുപിടിക്കുന്ന പുതിയ പുതിയ ഉപകരണങ്ങൾ മനുഷ്യൻ ശരിയായ രീതിയിൽ ഉപയോഗിക്കുന്നില്ല എന്നുള്ളതാണ്. പലപ്പോഴും പല മരുന്നുകളും രോഗമില്ലാത്ത ഒരു രാജ്യത്ത് ഒരു പുതിയ രോഗം ആരുമറിയാതെ എങ്ങിനെ ഉണ്ടാക്കാം എന്ന് ശ്രമിക്കുന്നതിനിടയിലാണ് കണ്ടെത്തുന്നത്. അതിൽ ചിലത് മനുഷ്യന് ഉപകാരപ്രദമാകുന്നു.

ഇതുപോലെത്തന്നെ അണുശക്തിയിലും. മനുഷ്യജാതിയെത്തന്നെ ചുട്ടെരിച്ചു നശിപ്പിക്കുവാനുള്ള പലതരം പരീക്ഷണങ്ങൾ നടത്തുന്നു. ഈ പരീക്ഷണങ്ങൾ നടത്തുന്നത് സ്വന്തം രാജ്യത്തെ ചാരൻമാർക്കിടയിലും ശത്രു മനോഭാവമുള്ള മറ്റു രാജ്യങ്ങൾക്കിടയിലുമാണ്. പലപല കണ്ടുപിടുത്തങ്ങളും ശത്രുരാജ്യത്തിൻെറ രഹസ്യങ്ങൾ എങ്ങിനെ ചോർത്താം, എങ്ങിനെ ഭരണാധികാരികളെ വധിക്കാം, അല്ലെങ്കിൽ അട്ടിമറിക്കാം എന്നിങ്ങനെയുള്ള ഗൂഢമായ അന്വേഷണങ്ങളുടെ ഫലമായിട്ടാണ് നടക്കുന്നത്. ഇതിനായി പ്രവർത്തിക്കുന്ന സംഘടനകളാണ് സി.ഐ.എ.യും മറ്റും. ഇങ്ങിനെ മനുഷ്യനെ, സമൂഹത്തെ നശിപ്പിക്കുവാൻ പലതും കണ്ടുപിടിക്കുവാനുള്ള ശ്രമത്തിൻെറ ഭാഗമായി പരീക്ഷണങ്ങൾ നടത്തുമ്പോൾ വാലും തുമ്പുമായി അതിനോട് ബന്ധപ്പെട്ട് മറ്റ് പലതും കണ്ടുപിടിക്കപ്പെടുന്നു. വൻ ശക്തികളുടെ കണക്കനുസരിച്ച് ലോകത്തെ 24 പ്രാവശ്യം ചുട്ടെരിക്കുവാനുള്ള അണുശക്തി അവരുടെ കൈവശമുണ്ട്. ഈ അടുത്തകാലത്തായി വൻശക്തികൾ തമ്മിൽ അടുക്കുന്നത് കാണാനുണ്ട്. അവർ പറയുന്നത് അണുശക്തി ശേഖരത്തിൻെറ അളവ് 24 പ്രാവശ്യം എന്നത് 14 പ്രാവശ്യമായി കുറക്കുവാൻ ഞങ്ങൾ ശ്രമിക്കാമെന്നാണ്. എന്നാൽ ലോകത്തെ ഒരിക്കൽ ചുട്ടെരിക്കുന്നതും 14 തവണ ചുട്ടെരിക്കുന്നതും തമ്മിൽ എന്താണ് വ്യത്യാസം.

നമ്മിൽ പലരും പറയും ഇതെല്ലാം അമേരിക്കയുടേയും റഷ്യയുടേയും കാര്യമാണ്. നമുക്ക് ഇതിൽ ഇടപെടേണ്ട കാര്യമില്ലെന്ന്. എന്നാൽ നാമും ഈ ലോകത്തിൻെറ ഒരു ഭാഗമാണ്. ഈ ഭൂലോകത്തിലെ ലോകഗ്രാമങ്ങളിലെ ഒരു ഗ്രാമമാണ് നമ്മുടെ നാട്. നമുക്കും ഇതിൽ ഇടപെട്ടേ മതിയാകൂ.

ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ കഴിഞ്ഞു. അപ്പോൾ ഇരു വിഭാഗങ്ങൾക്കും മനസിലായി ഇങ്ങിനെപ്പോയാൽ മനുഷ്യജാതി ചത്തൊടുങ്ങുകയായിരിക്കും ഫലം. അതുകൊണ്ട് അവർ കൂടിയാലോചിച്ചു. 'ഐക്യരാഷ്ട്രസംഘടന' രൂപീകരിച്ചു. ഇതു എല്ലാ രാഷ്ട്രങ്ങളും ചേർന്നുള്ള ഒരു ലോക ഗവൺമെൻറൊന്നുമല്ല. എങ്കിലും ലോകത്തിലെ

പല കാര്യങ്ങളിലും ഈ സംഘടനക്ക് പ്രതികരിക്കുവാൻ കഴിയുന്നു, ഇതുപോലെ ലോകത്തിൽ ഇന്ന് പല സംഘടനകളുമുണ്ട്, ലോകത്തിലുണ്ടാകുന്ന വിവിധ പ്രശ്നങ്ങളോട് പ്രതികരിക്കുന്നതായിട്ട്. ക്രൈസ്തവരായ നാം വിജ്ഞാന രംഗത്തുണ്ടായ ഈ വർദ്ധനവിനെ മനുഷ്യപുരോഗതിയും സമാധാനവും ലാക്കാക്കി ഉപയോഗിക്കണം.

**3. മനുഷ്യബന്ധങ്ങളിലെ സ്ഫോടനം**

ലോകമഹായുദ്ധങ്ങൾക്ക് ശേഷം മനുഷ്യൻ കൂടുതൽ അടുത്ത് അടുത്ത് വരുന്നുണ്ട്. വിവിധ പ്രത്യയശാസ്ത്രങ്ങളിൽ വിശ്വസിക്കുന്നവർ ഒന്നിച്ച് ഒരു മേശക്ക് ചുറ്റും ഇരുന്ന് മനുഷ്യപുരോഗതിക്ക് വേണ്ടി എന്തെല്ലാം കാര്യങ്ങളിൽ നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം എന്നതിനെപ്പറ്റി ആലോചിക്കുന്നു. ഉദാഹരണത്തിന് രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം കിഴക്കൻ ജർമ്മനിയും പടിഞ്ഞാറെ ജർമ്മനിയും തമ്മിൽ വേർതിരിച്ചിരുന്നു. മനുഷ്യ നിർമ്മിത മതിൽ ഇന്ന് പൊളിച്ചു കളഞ്ഞിരിക്കുന്നു. മനുഷ്യബന്ധങ്ങളിലുണ്ടായിട്ടുള്ള സ്ഫോടനമാണ് ഇതിന് കാരണം. കാലക്രമത്തിൽ ജർമ്മനി വീണ്ടും ഒന്നായിത്തീർന്നേക്കാം. (ഇത് യാഥാർത്ഥ്യമായ കാര്യം നമുക്കറിയാം!) എങ്കിലും ഇതിനൊരു മറുവശവുമുണ്ട്. മനുഷ്യബന്ധങ്ങൾ ഇന്ന് പല മേഖലകളിലും ദൃഢമല്ല. കൊറിയൻ പ്രശ്നം തന്നെ ഉദാഹരണം. ഒരേ സംസ്കാരവും പാരമ്പര്യവുമുള്ള ഒരു രാജ്യം രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. പക്ഷെ അവർ ഒന്നായിത്തീരുവാൻ ചർച്ചകൾ നടക്കുന്നു എന്നത് ആശ്വാസകരമാണ്. മനുഷ്യൻ വേർപിരിച്ചതിനെ വീണ്ടും കൂട്ടിചേർക്കുവാൻ അവർ ആവുംവിധം ശ്രമിക്കുന്നു. കാലക്രമത്തിൽ കൊറിയൻ പ്രശ്നം പരിഹരിക്കുമെന്ന് പ്രത്യാശിക്കട്ടെ. പഞ്ചാബ്, കാശ്മീർ, ശ്രീലങ്ക, അയോദ്ധ്യ, ഭഗൽപ്പൂർ ഇവയെല്ലാം ഉദാഹരണങ്ങൾ തന്നെ. പഞ്ചാബിലെ എല്ലാ ജനങ്ങളും ഭീകരൻമാരാണ് എന്ന് നാം ധരിക്കരുത്. വളരെ നല്ലവരും അദ്ധ്വാനശീലരുമാണ് പഞ്ചാബികൾ. സിക്കുമതത്തിലെ തീവ്രവാദികളായ ചില പുരോഹിതൻമാർ അവരുടെ സ്വാർത്ഥ ലാഭത്തിനു വേണ്ടി വിശ്വാസികളായ അണികളെ ആവേശം കൊള്ളിച്ചു. വാളും തോക്കും നൽകി സ്വന്തം ജനതയെത്തന്നെ ആക്രമിക്കുന്നതിനായി അണിനിരത്തി.

ശ്രീലങ്കൻ പ്രശ്നം എന്താണ്? തമിഴരും ശ്രീലങ്കക്കാരായ സിംഹളരും തമ്മിലുള്ള വർഗീയ പ്രശ്നങ്ങളല്ല പ്രധാനമായും അവിടുത്തെ സായുധ കലാപത്തിന് കാരണം. ലങ്കയിലെ ചില തീവ്രവാദികളായ ബുദ്ധഭിക്ഷുക്കൾ സ്വാർത്ഥതാല്പര്യങ്ങളെ പ്രതി അണികളിൽ ആവേശം ജ്വലിപ്പിച്ച് വളർത്തി എടുത്ത് വഷളാക്കിയതാണ് ശ്രീലങ്കൻ പ്രശ്നം.

അപ്പോൾ ഏത് മതത്തിലായാലും ചില തീവ്രവാദികൾ സ്വാർത്ഥമോഹത്തിൻെറ പൂർത്തീകരണത്തിനു വേണ്ടി അക്രമങ്ങൾ നടത്തുന്നു. വിശ്വാസികളായ അണികൾക്ക് മതത്തിൻെറ വിശ്വാസ ആചാരങ്ങൾക്കനുസൃതമായി ജീവിക്കണം എന്നു മാത്രമെ ലക്ഷ്യമുള്ളൂ. ഉദാഹരണമായി അമ്പലത്തിൽ പോകുന്നവൻ അവിടെ പോയി തൊഴുത് പ്രാർത്ഥിച്ച്

സ്വൈരമായി ജീവിക്കുക എന്നതാണ് അവൻെറ ലക്ഷ്യം. പള്ളിയിൽ പോകുന്നവനായാലും മറ്റേതൊരു ആരാധനാലയത്തിൽ പോകുന്നവനായാലും അവൻെറ ആഗ്രഹം ഈശ്വരനെ ആരാധിച്ച് സ്വൈരമായും സമാധാനമായും ജീവിക്കുക എന്നതാണ്. എന്നാൽ മത നേതാക്കൻമാർക്ക് അത് മാത്രം മതിയാകില്ല. അവർ അണികളെ ഇളക്കുന്നു. പല പുതിയ പ്രശ്നങ്ങളും ഉണ്ടാക്കിപ്പിക്കുന്നു. ഇതൊക്കെത്തന്നെയാണ് അയോദ്ധ്യയിലും ഭഗൽപ്പൂരും കാശ്മീരിലും പഞ്ചാബിലും ശ്രീലങ്കയിലുമെല്ലാം നടന്നു കൊണ്ടിരിക്കുന്നത്. പേര് എടുത്തു പറയാത്ത മറ്റ് പല സ്ഥലങ്ങളിലും ഇത് സംഭവിക്കുന്നുണ്ട്.

ഇവിടെയെല്ലാം ക്രൈസ്തവരായ നമ്മുടെ കടമ എന്താണ്? മത തീവ്രവാദികളുടെ പക്ഷം നാം ഒരിക്കലും പിടിക്കരുത്. മതം മനുഷ്യൻെറ നൻമയെ ലക്ഷ്യമാക്കുന്നതായിരിക്കണം. ഒരു വിഭാഗം മനുഷ്യരുടെ മാത്രമല്ല: എല്ലാ വിഭാഗം മനുഷ്യരുടെയും നൻമയാണ് ലക്ഷ്യമാക്കേണ്ടത്.

ലോകത്തിൻെറ മുന്നോട്ടുള്ള പ്രയാണത്തെ സ്വാധീനിക്കുന്ന മൂന്ന് സ്ഫോടനങ്ങളെകുറിച്ചാണ് ഞാനിവിടെ നിങ്ങളോട് സംസാരിച്ചത്. ഈ മൂന്ന് സ്ഫോടനങ്ങളിലെയും നല്ല വശങ്ങൾ ക്രൈസ്തവരായ നാം സ്വീകരിക്കണം. നമ്മുടെ പൈതങ്ങൾ സൺഡെ സ്കൂളുകളിലും മറ്റും ഇതിനോടനുബന്ധിച്ചുള്ള പാഠങ്ങളും പഠിക്കുന്നവരായി വളരട്ടെ. □



# 30

## പാപവും പ്രായശ്ചിത്തവും

*19-8-92 രാവിലെ 7.45ന് മാർത്തമറിയം വലിയ പള്ളിയിൽ കുർബ്ബാനക്ക് ചെയ്ത പ്രസംഗം*

ലൂക്കോസ് എഴുതിയ സുവിശേഷത്തിൻെറ 15-ാം അദ്ധ്യായം മൂന്നു ഉപമകളുടേതാണ്.

1. കാണാതായ ആടിൻെറ ഉപമ
2. കാണാതായ നാണയത്തിൻെറ ഉപമ
3. ധൂർത്തുപുത്രൻെറ ഉപമ

ഇവ മൂന്നും നഷ്ടപ്പെട്ടതിനെ വീണ്ടു കിട്ടുന്നതും അതിൽ സന്തോഷിക്കുന്നതുമാണ്. ആദ്യത്തെ രണ്ടെണ്ണത്തേക്കാൾ പ്രധാനം മൂന്നാമത്തേതാണ്. കാരണം ആടിനും സ്വർണ്ണനാണയത്തിനും ചിന്തിക്കാനാവില്ല. ദൈവം സ്വന്തം സാദൃശ്യത്തിലും സ്വരൂപത്തിലുമാണ് മനുഷ്യരെ സൃഷ്ടിച്ചത്. അത്തരത്തിലൊരു മനുഷ്യനാണ് മൂന്നാമത്തേത്. ആദ്യത്തെ രണ്ടിലും നഷ്ടപ്പെട്ടതിനെ തേടിപ്പോകുമ്പോൾ, മൂന്നാമത്തേത് തേടിവരികയാണ്. ചിന്തിക്കാനുള്ള സ്വാതന്ത്ര്യമാണ് അവനെ തിരിച്ചെത്തിച്ചത്.

ദൈവം മനുഷ്യനു സ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. സൃഷ്ടിയുടെ കഥയിൽ തന്നെ നമുക്ക് അതു കാണാം. വെറും കളിപ്പാവകളെ പോലെ മനുഷ്യർ കഴിഞ്ഞുകൂടാൻ ദൈവം ആഗ്രഹിച്ചിട്ടില്ല. പക്ഷെ മനുഷ്യൻ ആ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്തു. അത്തരത്തിലൊരു മനുഷ്യനാണ് മുടിയനായ പുത്രൻ.

പാലസ്തീനിലെ യഹൂദർക്കിടയിലെ ആചാരമനുസരിച്ച് പിതാവ് ജീവിച്ചിരിക്കുമ്പോൾ തന്നെ മക്കൾക്ക് സ്വത്ത് വീതിച്ചു കൊടുക്കുമായിരുന്നു. എന്നാൽ മക്കൾ പിതാവിനെ വിട്ടുപോയിരുന്നില്ല. എന്നാൽ ധൂർത്തുപുത്രൻെറ കഥയിൽ സംഗതി മറിച്ചാണ്. അവന് തൻെറ സ്വാതന്ത്ര്യം ആസ്വദിക്കണമെന്നുതോന്നി. അവൻ പിതാവിനെ വിട്ടുപോയി. യൗവ്വനകാലം അവൻ ഹോമിച്ചു. അങ്ങനെ സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തി. പണം തീർന്നപ്പോൾ അവൻ പന്നികളെ മേയ്ക്കുന്ന പണിയെടുത്തു. അന്ന് ഏറ്റവും നികൃഷ്ടമൃഗമായി കണക്കാക്കിയിരുന്ന പന്നിയെ മേക്കുന്നവനാകകൊണ്ട് അവനേയും ആളുകൾ നികൃഷ്ടനെന്നു

കരുതി. എന്നാൽ പിന്നീടവന് പശ്ചാത്താപമുണ്ടായി. എന്താണ് പശ്ചാത്താപം?

ചില തെറ്റുകൾക്കു പരിഹാരമായി രണ്ടുമാസം ഇറച്ചിയും മീനും കഴിക്കാതിരിക്കുന്നതും രാവിലെ പെരുമഴയുള്ളപ്പോൾ കുടയെടുക്കാതെ പള്ളിയിൽ പോകുന്നതുമല്ല പശ്ചാത്താപം. സോക്രട്ടീസ് പറയുന്നതു പോലെ നമ്മെത്തന്നെ അറിയലാണത്. നമ്മുടെ കുറവ് നാം കണ്ടെത്തുമ്പോഴാണ് നാം പശ്ചാത്തപിക്കുന്നത്. മകൻ തന്നെ അറിഞ്ഞപ്പോൾ പശ്ചാത്തപിച്ചു. അവന് സുബോധം വന്നു. അവൻ ചെയ്ത പാപമെന്തായിരുന്നു? തൻെറ സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്തതു തന്നെ. തനിക്കില്ലാത്തത് ഉണ്ട് എന്ന് നടിച്ചുകൊണ്ടു നടക്കുന്നതാണ് ഏറ്റവും വലിയ പാപമെന്ന് ദൈവശാസ്ത്രജ്ഞനായ റെറ്റോൾ പറയുന്നുണ്ട്. നമുക്ക് എല്ലാവരുടേയും അധിപനാവാനാണ് മോഹം. തൻെറ സങ്കുചിത പരിഗണനകൾക്കു വിധേയമായി അവൻ സ്വന്തം സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്യുന്നു. അന്നത്തെ ധൂർത്തുപുത്രന്മാർ ഇന്നും നമ്മുടെ വീടുകളിൽ ആവർത്തിക്കുന്നു. മദ്യവും മയക്കുമരുന്നും നമ്മുടെ സ്വാതന്ത്ര്യമായി നാം ഇന്ന് കണക്കാക്കാൻ തുടങ്ങിയിരിക്കുന്നു. ഭാര്യയേയും മക്കളേയും ആലോചിക്കാതെ ചെയ്യുന്ന ഈ സ്വാതന്ത്ര്യവിനിയോഗം കൊടിയ പാരതന്ത്ര്യത്തിലേക്കാണ് നമ്മെ നയിക്കുക. ചിലർ ഭാര്യമാരെ ചൊല്പടിക്കു നിർത്തുന്നവരാണ്. ഭാര്യ അവർക്ക് മറ്റെന്തും പോലെ ഒരുപഭോഗവസ്തു മാത്രം. ഒരു വ്യക്തിയെന്ന നിലയിൽ സ്ത്രീയെ മനസ്സിലാക്കാൻ ഇത്തരക്കാർ തുനിയാറില്ല. വീട്ടിൽ പോലും അവൾക്ക് ശബ്ദം നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇന്നത്തെ പാപങ്ങളിൽ പ്രധാനം അതാണെന്ന് എനിക്കു തോന്നുന്നു. അത് തെറ്റാണെന്ന് അറിയലാണ് ഇന്നത്തെ പശ്ചാത്താപം. നമുക്ക് സുബോധം വരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു ! അതിനായി നമുക്കു പ്രാർത്ഥിക്കാം ! ☐



# 31

## ദുഃഖത്തിലെ പങ്കാളികൾ

*9-10-1988 ഞായറാഴ്ച വലിയ പള്ളിയിലെ വിശുദ്ധ കുർബാന യിൽ ചെയ്ത ധ്യാനപ്രസംഗത്തിൽ നിന്ന്.*

വിശുദ്ധ മത്തായി എഴുതിയ സുവിശേഷം 14-ാം അദ്ധ്യായം 14 മുതൽ 21 വരെ വാക്യങ്ങൾ

യേശു ഒരിക്കൽ തൻെറ ശിഷ്യൻമാരുടെ പക്കലുണ്ടായിരുന്ന അഞ്ച് അപ്പവും രണ്ടുമീനും വാങ്ങി അനുഗ്രഹിച്ച് നുറുക്കി ജനത്തിന് ഭക്ഷിപ്പാനായി കൊടുത്തു. അവർ തിന്ന് തൃപ്തരായി ശേഷിച്ചത് പന്ത്ര ണ്ട് കുട്ട നിറയെ ശേഖരിച്ചു. സ്ത്രീകളും പൈതങ്ങളും കൂടാതെ ഏക ദേശം അയ്യായിരം പുരുഷൻമാരുമായിരുന്നു അത് ഭക്ഷിച്ചത്.

യേശുവിൻെറ പ്രസംഗങ്ങൾ കേട്ട് അത്ഭുതപ്രവർത്തികൾ കണ്ട് അദ്ദേഹത്തെ നിരന്തരം അനുഗമിച്ചിരുന്ന അനേകം പേർ ഉണ്ടായിരു ന്നു. ഇവർക്ക് ഭക്ഷണം കൊടുക്കണം എന്ന് യേശുവിന്ന് വിചാരവു മുണ്ടായിരുന്നു. സാത്താൻ തന്നെ പരീക്ഷിച്ച അവസരത്തിൽ യേശു തന്നെ പറഞ്ഞിട്ടുണ്ട് മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ജീവിക്കുന്നത് ദൈവത്തിൻെറ വായിൽ കൂടി വരുന്ന സകല വചനം കൊണ്ടും ജീവി ക്കുന്നു എന്ന്. യേശുവിന് തന്നെ അനുഗമിക്കുന്ന പുരുഷാരത്തിന് ഭക്ഷണം കൊടുക്കാതെ തന്നെ വിശപ്പടക്കുവാൻ വല്ല തന്ത്രവും പ്രായോ ഗിക്കാമായിരുന്നു. യേശു അങ്ങിനെ ചെയ്യുന്നതായി നാം കാണുന്നില്ല. ശിഷ്യൻമാരുടെ പക്കലുള്ള അഞ്ച് അപ്പവും രണ്ടു മീനും കൊണ്ട് താനൊരു മന്ത്രവിദ്യ കാട്ടി അവിടെയുള്ളവരെ പരിഭ്രാന്തരാക്കി അവർ ക്ക് ആഹാരം കൊടുത്താൽ അവർ തന്നിലേക്ക് ആകൃഷ്ടരാകും എ ന്നുമായിരിക്കില്ല യേശു വിചാരിച്ചത്.

യേശുവിൻെറ ഉദ്ദേശ്യം ഇതല്ലായിരുന്നുവെങ്കിൽ പിന്നെ ഈ സു വിശേഷഭാഗത്തിലെ സന്ദേശം എന്താണ്? തങ്ങൾക്ക് ഈ മരുഭൂമിയിൽ ഭക്ഷിപ്പാനായി മറ്റൊന്നും തന്നെ ലഭിക്കയില്ല എന്നറിഞ്ഞിട്ടും ശിഷ്യ ൻമാർ തങ്ങളുടെ പക്കലുണ്ടായിരുന്ന അപ്പവും മീനും, അത് വളരെ കുറച്ചായിരുന്നിട്ടുപോലും, മറ്റുള്ളവരുമായി പങ്കുവക്കുവാൻ തയ്യാറായി എന്നുള്ളതാണ്. ഇതുപോലെ നാമും നമ്മുടെ കൈവശമുള്ള സ്വത്തും പണവുമെല്ലാം മറ്റുള്ളവരുമായി പങ്കുവെക്കുവാൻ തയ്യാറാണോ? അതി ൻെറ ഒരു വിഹിതമെങ്കിലും മറ്റുള്ളവർക്കു വേണ്ടി നീക്കിവെക്കുവാൻ നമുക്ക് കഴിയുന്നുണ്ടോ?

ഇന്ത്യയിലെ ദാരിദ്ര്യത്തിന് കാരണം നമ്മുടെ രാജ്യത്തെ ഉല്പാദന കുറവല്ല. മറിച്ച് വിതരണത്തിലുള്ള തകരാറുകളാണ്. വിതരണം ചെയ്യുന്ന വസ്തുക്കളും പണവുമെല്ലാം തന്നെ ഒരു വിഭാഗം ആളുകളിലേക്ക് മാത്രം ചെന്ന് ചേരുന്നു. എന്തുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്. ഗവൺമെൻറിൻെറ സ്ഥിതിവിവരകണക്കുകൾ നോക്കിയാൽ വർഷം തോറുമുള്ള രാജ്യത്തിൻെറ അഭിവൃദ്ധിയുടെ പട്ടികയായിരിക്കും നമ്മുടെ മുമ്പിൽ നിരത്തിവക്കുന്നത്. കൃഷി, വ്യവസായം, ശാസ്ത്രം തുടങ്ങി മറ്റ് ഏത് രംഗത്തും വമ്പിച്ച പുരോഗതി നാം കൈവരിച്ചിരിക്കുന്നതായി അതിൽ കാണിച്ചിരിക്കും. എന്നാൽ ഇവിടെ സാധാരണക്കാരൻ എന്നും ദാരിദ്ര്യത്തിലാണ്. ഭാരതത്തിലെ അൻപത് ശതമാനം ആളുകളും ദാരിദ്ര്യരേഖക്ക് താഴെയാണ് ജീവിക്കുന്നത്. പ്രകൃതിവിഭവങ്ങളുടെ കുറവല്ല നമ്മുടെ ഈ ദാരിദ്ര്യത്തിന് കാരണം. ഭൂകമ്പം തുടങ്ങിയ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന പ്രശ്നവുമല്ല ഇത്.

ആഫ്രിക്കയിലെ ചില രാജ്യങ്ങളെപ്പോലെ പ്രകൃതി തീരെ കനിയാത്ത, പ്രകൃതികോപം കൊണ്ട് കഷ്ടതയനുഭവിക്കുന്ന രാജ്യങ്ങളുണ്ട്. ഇവിടുത്തെ ദാരിദ്ര്യത്തിന് കാരണം പ്രകൃതിയിലെ പ്രശ്നങ്ങളാണ്. എന്നാൽ ഭാരതത്തിലെ സ്ഥിതി മറിച്ചാണ്. ഇവിടെ വിഭവങ്ങൾ ഇല്ലാത്തതല്ല പ്രശ്നം. വിഭവങ്ങൾ പങ്കുവക്കുന്ന രീതിയിലാണ് തകരാറ്. വിതരണത്തിലെ ഈ തകരാറാണ് പ്രശ്നം. ഭാരതത്തിലെ ഈ വ്യവസ്ഥിതിക്ക് എതിരെ പ്രക്ഷോഭം ചെയ്യുവാൻ നമുക്ക് സാധിക്കണം.

പ്രക്ഷോഭം എന്ന് കേൾക്കുമ്പോൾ ക്രിസ്ത്യാനികളായ നാം പെട്ടെന്ന് ഞെട്ടിയെന്ന് വരും. പക്ഷെ ഭയപ്പെടേണ്ട. കാരണം പൗലോസ് അപ്പോസ്തലൻ 'ഈ ഭൂലോകത്തെ തലകീഴായ് മറിക്കുന്നവൻ, ഭൂലോകത്തെ പിടിച്ച് കുലുക്കുന്നവൻ, ജനങ്ങളെ കലഹിപ്പിക്കുന്നവൻ' എന്നെല്ലാം യേശുവിനെ വിശേഷിപ്പിച്ചതായി വിശുദ്ധഗ്രന്ഥത്തിൽ കാണാം. യേശുവിൻെറ കാലത്ത് നിലനിന്നിരുന്ന സാമൂഹ്യ വ്യവസ്ഥിതിക്കെതിരെ യേശു പ്രവർത്തിച്ചതിനാലാണ് ഇത്തരം വിശേഷണങ്ങൾ യേശുവിന് ലഭിച്ചത്. അതുപോലെ തന്നെ നാമും സംഗതികളെ വ്യക്തമായി ഗ്രഹിച്ച് ഈ വ്യവസ്ഥിതിക്ക് എതിരെ പോരാടുവാൻ തയ്യാറാകേണ്ടതാണ്.

നാം ഇന്ന് ഈ സമയത്ത് ഉടുത്തൊരുങ്ങി ദൈവത്തെ ആരാധിക്കുവാൻ ഇവിടെ ഒത്തു കൂടിയിരിക്കുന്നു. നാം സമൃദ്ധിയിലാണ് ജീവിക്കുന്നത്. എന്നാൽ നമ്മുടെ രാജ്യത്ത് തന്നെ ഉടുതുണിക്കുപോലും വകയില്ലാതെ സ്വന്തം കൂരകളിൽ കഴിയുന്ന ദരിദ്രർ ധാരാളമുണ്ട്. അവർക്ക് നമ്മെപോലെ ജിവിക്കുവാൻ കഴിയുന്നില്ല. അത്രക്കും ദാരിദ്ര്യം നമ്മുടെ നാട്ടിലുണ്ട്. ഇതിനെതിരെ നാം എന്ത് ചെയ്യുന്നു? നമുക്കുള്ള സമൃദ്ധിയെ പങ്കുവെക്കുവാൻ നമുക്ക് സാധിക്കുമോ? ആലോചിച്ചു നോക്കേണ്ടതാണ്. ശിഷ്യൻമാർ തങ്ങൾക്കുള്ളത് അയ്യായിരം പേർക്കായി പങ്കുവച്ചു എന്ന് വായിക്കുന്നതും ആ അത്ഭുതപ്രവൃത്തി ഓർത്ത് നിർവൃതി അടയുന്നതും എളുപ്പമാണ്. പക്ഷെ മറ്റുള്ളവരുടെ ആവശ്യത്തിൽ പങ്കുകാരാകുമ്പോഴാണ് നാം യഥാർത്ഥത്തിൽ സുവിശേഷം ശ്രവിക്കുന്നവരും ഗ്രഹിക്കുന്നവരുമാകുന്നത്. □



# 32

## മനുഷ്യനെ പൂജിക്കരുത്

18.9.1984 ഞായറാഴ്ച രാവിലെ 10മണിയ്ക്ക് പറവട്ടാനി മാർ അദ്ദായ് ശ്ലീഹ പള്ളിയിൽ തൻെറ പട്ടാഭിഷേകത്തിൻെറ ഇരുപതാം വാർഷികത്തോടനുബന്ധിച്ച് ചേർന്ന അനുമോദനയോഗത്തിൽ ചെയ്ത മറുപടി പ്രസംഗം.

ഇന്ന് എൻെറ പട്ടാഭിഷേകത്തിൻെറ ഇരുപതാം വാർഷികമാണ്. ജൻമദിനമായാലും ചരമദിനമായാലും പട്ടാഭിഷേകമായാലും വെറും ഒരു ചടങ്ങുമാത്രം പോര. അഭിനന്ദിക്കപ്പെടുന്ന വ്യക്തിക്ക് ഒരു പൂച്ചെണ്ട് നൽകുക, ഒരു പ്രസംഗം നടത്തുക ഇതെല്ലാം പതിവാണ്. എന്നാൽ ഇതുകൊണ്ടു മാത്രം ഞാൻ തൃപ്തനല്ല.

എൻെറ അഭിപ്രായത്തിൽ അഭിനന്ദനത്തിന് അർഹനാകുന്ന വ്യക്തി നാളിതുവരെ ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങളെയും കുറിച്ച് ഒരു ചർച്ച സംഘടിപ്പിക്കുക. ആ വ്യക്തി ചിലപ്പോൾ തെറ്റ് ചെയ്തിരിക്കാം. എങ്കിൽ അതുംകൂടി ആ ചർച്ചയിൽ ഉൾപ്പെടുത്തണം. വിമർശിക്കേണ്ട സംഗതികൾ വിമർശിക്കുക തന്നെ വേണം. അതിന് മടിക്കരുത്. അപ്പോൾ ആ വ്യക്തിക്ക് തെറ്റ് തിരുത്തി മുന്നോട്ട് പോകുന്നതിന് ഒരു നല്ല സന്ദർഭം ഉണ്ടാകുന്നു.

പിന്നെ എൻെറ അഭിപ്രായത്തിൽ വ്യക്തിപൂജ തെറ്റാണ്. പൂജ ദൈവത്തിനു മാത്രമുള്ളതാണ്. മനുഷ്യരെ പൂജിക്കരുത്. ഒരു മഹത്വ്യക്തി മരിച്ചു കഴിഞ്ഞാൽ നാം ചെയ്യേണ്ടത് അദ്ദേഹത്തിൻെറ ശവകുടീരത്തിൽ പോയി പൂജിക്കലല്ല. മറിച്ച് അദ്ദേഹം നമുക്ക് തന്ന വിലയേറിയ തത്വങ്ങളും ആശയങ്ങളും നമ്മുടെ ജീവിതത്തിലൂടെ നാം പ്രാവർത്തികമാക്കുവാൻ ശ്രമിക്കുകയാണ് വേണ്ടത്. നിങ്ങൾ ഒരുക്കിയ ഈ അനുമോദനത്തിന് നന്ദി പറയുന്നു. എന്നാൽ അനുമോദനം അർത്ഥം ഉള്ളതാകണമെങ്കിൽ ഇക്കാര്യങ്ങൾ കൂടെ ശ്രദ്ധിക്കേണ്ടതുണ്ട്. □





# 33

## മുന്നോട്ട് നടക്കുവിൻ

*25.9.88 ശിശുദിനാഘോഷത്തോടനുബന്ധിച്ച് വൈകീട്ട് 5 മണിക്ക് വലിയപള്ളി അങ്കണത്തിൽ ചെയ്ത പ്രസംഗം*

മാർ തോമോ ധർമ്മോ തിരുമേനി ഒരു വലിയ പണ്ഡിതനൊന്നുമായിരുന്നില്ല. എന്നാൽ അദ്ദേഹം ഈ സഭക്കുവേണ്ടി പല നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ട്. സഭയിലെ ചില അനാചാരങ്ങൾ നിർത്തലാക്കിയിട്ടുണ്ട്. ഹുദ്ര തുടങ്ങിയ പുസ്തകങ്ങൾ തർജ്ജമ ചെയ്തിട്ടുണ്ട്. ഒരു പക്ഷേ ഞാൻ ഈ നിലയിൽ ആയത് അദ്ദേഹത്തിൻെറ ഉപദേശവും പ്രോത്സാഹനവും കൊണ്ടുകൂടെയാണ് എന്ന് ഞാൻ കരുതുന്നു.

സുറിയാനി ക്രിസ്ത്യാനികൾക്ക് ഒരു ശവശരീരം കിട്ടുന്നതിൽ വളരെ താല്പര്യമുണ്ട്. അവർക്ക് അതുകൊണ്ട് പല കാര്യങ്ങളും നേടുവാൻ സഹായിക്കും. എന്നാൽ നാം അതിനെയും കടത്തിവെട്ടിയിരിക്കുന്നു. ബിഷപ്പിൻെറ ശവശരീരം ഇല്ലാതെയും നാം ഓർമ്മക്കായി ഒരു കല്ലറ കെട്ടിയിരിക്കുന്നു.

പഴയ പലതിനേയും നമുക്ക് വലിച്ചെറിയേണ്ടതുണ്ട്. പുതിയവ തിരഞ്ഞ് പിടിച്ച് സമൂഹത്തിൽ അവതരിപ്പിക്കുവാൻ നമുക്ക് കഴിയണം. വിമർശനം തീർച്ചയായും ഉണ്ടാകും. വിമർശനത്തിലൂടെ വളരുവാൻ നമുക്ക് കഴിയണം.

റഷ്യയിൽ ഇന്ന് കാണുന്നതുപോലെ ഗ്ലാസ്നോസ്റ്റ്, പെരിസ്ട്രോയിക്ക എന്നിവ നടപ്പാക്കണം. ചരിത്രം പരിശോധിച്ച് നാം എത്രത്തോളം മുന്നോട്ട് പോയിട്ടുണ്ട് എന്ന് വിലയിരുത്തണം. ഞാൻ കരുതുന്നത് നാം വളരെയധികം പിന്നോട്ട് പോയിരിക്കുന്നു എന്നാണ്.

ക്രൈസ്തവർ മുന്നോട്ട് നടക്കുന്നവരാണ്. ഇത്രയുംകാലം നാം പിന്നോട്ടാണ് നടന്നതെങ്കിൽ നാം ക്രൈസ്തവരായിരുന്നില്ല എന്ന് വരുന്നു. ഇത് നമുക്ക് തീർച്ചയായും അഭിമാനകരമല്ല. നമുക്ക് മുന്നോട്ട് നടക്കുവാൻ കഴിയട്ടെ. □



# 34

## അദ്ധ്വാനിച്ച് ഭക്ഷണം തേടുക

*2.10.1988 വലിയപള്ളിയിലെ കുർബ്ബാനയിലെ ധ്യാനപ്രസംഗം*

മത്തായിയുടെ സുവിശേഷം 17-ാം അദ്ധ്യായം 24 മുതൽ 27 വരെ

* ദ്വിദ്രഹ്മപണം കൊടുക്കുന്നത് ന്യായമോ എന്ന് പത്രോസ് യേശുവിനോട് ചോദിക്കുന്ന സന്ദർഭം. യേശു അതിന് തീർച്ചയായും കൊടുക്കേണ്ടത് തന്നെ എന്ന് ഉത്തരം പറയുന്നു. രാജ്യത്തിലെ നിയമത്തിന് ഇടർച്ച വരുത്തരുത്. നീ കടലിലേക്ക് ചെല്ലുക. ചൂണ്ടൽ ഇട്ട് ആദ്യം കിട്ടുന്ന മീനിൻെറ വായ്തുറക്കുമ്പോൾ നിനക്ക് ഒരു ചതുർദ്രഹ്മപ്പണം ലഭിക്കും. അത് എനിക്കും നിനക്കും വേണ്ടി കൊടുക്കുക എന്ന് പറഞ്ഞു.

യേശുവിൻെറ ഇങ്ങിനെയുള്ള ഒരാഹ്വാനം നമുക്കുണ്ടായാൽ നാം എന്ത് ചെയ്യും? നാം ഉപയോഗിക്കാത്ത വൈദ്യുതിയുടെ വിലപോലും സർക്കാരിലേക്ക് അടക്കുവാൻ പറയുന്ന ഈ കാലഘട്ടത്തിൽ നാം യേശുവിൻെറ ഇത്തരത്തിലുള്ള ഒരു വാക്ക് കേൾക്കുവാനായിട്ടായിരിക്കും ഇരിക്കുന്നത്.

എന്നാൽ യേശു പറഞ്ഞതിൻെറ അർത്ഥം നാം മനസ്സിലാക്കണം. യേശു തന്നെയാണ് പത്രോസിനെ വല ഉപേക്ഷിച്ച് എൻെറ കൂടെ വരിക എന്നും ഞാൻ നിന്നെ മനുഷ്യനെ പിടിക്കുന്നവൻ ആക്കും എന്നു പറഞ്ഞത്. അതേ യേശുക്രിസ്തു തന്നെയാണ് പത്രോസിനോട് നീ കടലിൽ പോക. അവിടെ നിന്ന് നീ ഉപജീവനം കണ്ടെത്തുക എന്ന് പറയുന്നതും. നമ്മോട് ഒരുപക്ഷെ കടലിലേക്ക് പോവുക എന്നായിരിക്കുകയില്ല യേശു ആവശ്യപ്പെടുന്നത്. നാം നമ്മുടെ പണിസ്ഥലങ്ങളിലേക്കോ, വ്യവസായശാലകളിലേക്കോ, കൃഷിസ്ഥലങ്ങളിലേക്കോ, ഓരോരുത്തരുടേയും ജോലിസ്ഥലങ്ങളിലേക്കോ പോവുക എന്നായിരിക്കും പറയുന്നത്. നീ നിൻെറ മുഖത്തെ വിയർപ്പിനാൽ ഉപജീവനം കഴിക്കണം. അദ്ധ്വാനിക്കാതെ ജീവിക്കരുത് എന്നത്രെ യേശു നമ്മോട് പറയുന്നത്.

പത്രോസ് യേശു പറഞ്ഞതുപോലെ കടലിലേക്ക് പോയോ? മീനിനെ കിട്ടിയോ? വായ് പിളർന്നപ്പോൾ പണം കിട്ടിയോ എന്നൊന്നും വേദപുസ്തകം പറയുന്നില്ല. ആദ്യം ലഭിക്കുന്ന മത്സ്യത്തിൻെറ വായിൽ

നിന്നും പണം ലഭിക്കുമെന്ന് പ്രവചിക്കുന്ന യേശുവിൻെറ അത്ഭുതകരമായ കഴിവല്ല ഇവിടെ പ്രകടമാകുന്നത്. മനുഷ്യൻെറ ജീവിതത്തോടുള്ള സമീപനമാണിവിടെ വെളിവാകുന്നത്. നീ വെറുതെ സുവിശേഷം മാത്രം ഘോഷിക്കുകയല്ല വേണ്ടത്. അത് നിൻെറ നിത്യ ജീവിതത്തിൽ പ്രാവർത്തികമാക്കണം. നീ അദ്ധ്വാനിക്കണം.

ഞാൻ ഒരു സംഭവം പറയാം. ഏകദേശം ഒരു വർഷം മുൻപ് ഞാൻ താമസിക്കുന്ന അരമനയിലേക്ക് ഒരു മധ്യവയസ്ക്കൻ കയറി വന്ന് എന്നെ കാണണമെന്ന് ആവശ്യപ്പെട്ടു. എന്താണ് കാര്യം എന്നാരാഞ്ഞപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു: ഞാൻ ആത്മഹത്യ ചെയ്യുവാൻ പോവുകയാണ്. പോകുന്നത് കൊടൈക്കനാലിലേക്കാണ്. പോകുന്ന വഴി ഈ അരമനയുടെ മുന്നിൽ എത്തിയപ്പോൾ എനിക്ക് തിരുമേനിയെ ഒന്ന് കാണണം എന്ന് തോന്നി. അതുകൊണ്ട് ഇവിടെ കയറിവന്നതാണ്.

കൂടുതൽ വിവരങ്ങൾ അന്വേഷിച്ചപ്പോൾ അദ്ദേഹം സാമാന്യം ഒരു ഉയർന്ന കുടുംബത്തിലെ അംഗമാണ്. ഭാര്യയും കുട്ടികളുമുണ്ട്. ആത്മഹത്യ ചെയ്യുവാൻ തീരുമാനിക്കുന്നതിനുള്ള കാരണവും അയാൾ പറഞ്ഞു. അയാളുടെ കൈവശം കുറെ പണം ഉണ്ടായിരുന്നു. അത് പെരുപ്പിക്കുവാൻ അയാൾ ബ്ലേഡ് കമ്പനിയിൽ (അമിത പലിശക്ക് പണം കടം കൊടുക്കുന്ന സ്ഥാപനം) നിക്ഷേപിച്ചിരുന്നു. പക്ഷെ ആ കമ്പനി പൊളിഞ്ഞുപോയി. അയാളുടെ പണവും പോയി. ഇതിൽ അയാൾ നിരാശനാണ് പോലും. ആത്മഹത്യാ തീരുമാനത്തിനുള്ള കാരണവും ഇതുതന്നെ.

ഏതുവിധത്തിലും പണമുണ്ടാക്കണം എന്ന ചിന്തയാണ് ആ ചെറുപ്പക്കാരനെ അപകടത്തിലാക്കിയത്. നന്നായി അദ്ധ്വാനിക്കണം. അങ്ങിനെ വേണം ഉപജീവനം കഴിക്കുവാൻ. ലാഭക്കൊതി പൂണ്ട് നാം പണം പലവിധത്തിൽ ഉപയോഗിക്കുന്നു. എന്നാൽ നഷ്ടമാണ് നമുക്ക് സംഭവിക്കുന്നതെങ്കിൽ നാം ദുഃഖിക്കുന്നു. നിരാശനാകുന്നു. മറ്റുള്ളവരുടെ അദ്ധ്വാനത്തിലാണ് നാം ചീർക്കുന്നത് എന്ന് മറന്ന്, ലാഭമുണ്ടായാൽ സന്തോഷിക്കുകയും ചെയ്യുന്നു. ഇങ്ങിനെയായിരിക്കുവാനല്ല പത്രോസിനോട് യേശു നിർദ്ദേശിക്കുന്നത്. നമ്മോടും യേശു നിർദ്ദേശിക്കുന്നതും മറ്റൊന്നല്ല.

** ദ്വിദ്രഹ്മപണം: യരൂശലേം ദൈവാലയത്തിൻെറ അറ്റകുറ്റപണികൾക്കായി പ്രായപൂർത്തിയായ ഓരോ യഹൂദപുരുഷനും വർഷംതോറും ദൈവാലയത്തിന് നൽകുവാൻ നിശ്ചയിക്കപ്പെട്ടിരുന്ന തുക രണ്ട് പണം. ഇത് റോമാ സർക്കാർ അനുവദിച്ചിരുന്നതാണ്.* □



# 35

## പങ്കാളിത്തത്തിനുള്ള ആഹ്വാനം

*30-10-1988 മാർത്തമറിയം വലിയപള്ളിയിൽ വച്ച് വിശുദ്ധ കുർബാന മദ്ധ്യേ ചെയ്ത പ്രസംഗത്തിൽ നിന്ന്.*

വിശുദ്ധ ലൂക്കോസിൻെറ സുവിശേഷം 8-ാം അദ്ധ്യായം 40 മുതൽ 42 വരെയും 49 മുതൽ 56 വരെയും വാക്യങ്ങൾ.

പള്ളിപ്രമാണിയായ യായിറോസിൻെറ മകളുടെ സൗഖ്യമാണ് ഇന്ന് നമ്മുടെ ചിന്താവിഷയം. ഏകദേശം പന്ത്രണ്ടു വയസുള്ള ആ കുട്ടി മരിച്ചുപോയി എന്ന് അവിടെ എല്ലാവരും വിശ്വസിക്കുമ്പോൾ, കുട്ടി മരിച്ചിട്ടില്ല, ഉറങ്ങുകയത്രെ എന്ന് യേശു വ്യക്തമായി പറയുന്നത് നമുക്ക് വേദപുസ്തകത്തിൽ കാണാം. ഏതാണ് ശരി. കുട്ടി മരിച്ചിട്ടില്ലേ? അതോ മരിച്ച കുട്ടിയെ തൻെറ അത്ഭുതപ്രവൃത്തിയിലൂടെ യേശു പുനർജ്ജീവിപ്പിക്കുകയായിരുന്നോ? ഇതിനെകുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. നമുക്ക് അതിവിടെ പരാമർശിക്കേണ്ട കാര്യമില്ല.

ഇവിടുത്തെ പ്രധാന പ്രശ്നം ഇതൊന്നുമല്ല. പ്രധാന കാര്യമായി എനിക്ക് തോന്നുന്നത് പള്ളി പ്രമാണിയായ യായിറോസ് - സമൂഹത്തിൽ വളരെ ഉന്നതസ്ഥാനമുള്ള ഒരു വ്യക്തി- ഒരു നിസ്സാരനെ സമീപിക്കുന്നു എന്നുള്ളതാണ്. അതും തൻെറ മകളുടെ ജീവൻ രക്ഷിക്കണം എന്ന വളരെ പ്രധാനപ്പെട്ട ഒരാവശ്യവുമായി.

ഇവിടെ യേശുവിനെ നിസ്സാരൻ എന്ന് പറയുന്നത് എന്തുകൊണ്ടാണ്? യേശുവിനെകുറിച്ച് ജനങ്ങൾ പൊതുവേയും പള്ളിപ്രമാണികളും സമൂഹത്തിലെ ഉന്നതവ്യക്തികളും പ്രത്യേകിച്ചും കരുതിയിരുന്നത് അവൻ സമൂഹത്തെ കലഹിപ്പിക്കുന്നവനോ, കുറ്റവാളിയോ, ദൈവദൂഷണം പറയുന്നവനോ ഒക്കെയായിരുന്നു. ഇങ്ങിനെയുള്ള ഒരു നിസ്സാരനെയാണ് യായിറോസ് സമീപിക്കുന്നത്. യായിറോസ് യേശുവിനെ പൂർണമായി മനസിലാക്കി. അവനെ അന്വേഷിച്ചു. അവൻെറ കാല്ക്കൽ വീണ് തൻെറ കാര്യം ഉണർത്തിച്ചു.

നാം സമൂഹത്തിലും സഭയിലും കച്ചവടത്തിലും മറ്റും ഉയർന്ന സ്ഥാനമാനങ്ങൾ വഹിക്കുന്നവരായിരിക്കും. എങ്കിലും ചില വിഷമഘട്ടങ്ങളിൽ നമുക്ക് നമ്മുടെ ചുറ്റും ജീവിക്കുന്ന, നാം വളരെ നിസ്സാരൻ എന്നു കരുതുന്ന ഒരുവനെ സഹായത്തിനായി സമീപിക്കേണ്ടി വന്നേക്കാം. അത്തരമൊരവസ്ഥയിൽ നാമതിന് തയ്യാറാകുമോ? അതോ

അവൻ എന്നെക്കാൾ നിസ്സാരൻ. ഞാൻ അവനെ സമീപിക്കുകയില്ല എന്ന് നാം ചിന്തിക്കുമോ?

സമൂഹത്തിൻെറ ആരോഗ്യകരമായ നിലനില്പിന്നാധാരം പാരസ്പര്യവും പങ്കാളിത്തവുമാണ്. സമൂഹത്തിലെ മനുഷ്യനിർമ്മിതമായ ഉച്ചനീചത്വങ്ങൾക്കപ്പുറത്ത് പരസ്പര പങ്കാളിത്തത്തിൻേറയും സഹകരണത്തിൻേറയും ശൈലി സ്വീകരിക്കുവാൻ നമുക്ക് കഴിയുമാറാകട്ടെ. ☐



# 36

## വിവേചനത്തിൻെറ മുഖം

*15-1-89ന തൃശൂർ മാർത്തമറിയം വലിയപള്ളിയിൽ കുർബ്ബാനാവസരത്തിൽ ചെയ്ത ധ്യാനപ്രസംഗത്തിൽ നിന്ന് ലൂക്കോസ് 2: 21 മുതൽ 52 വരെ*

തികച്ചും പ്രാകൃതമായ ഒരാചാരമാണ് സ്ത്രീകളെ പ്രസവത്തിന് ശേഷം ശുദ്ധീകരണകാലം തികയുംവരെ ദൈവാലയത്തിൽ പ്രവേശിപ്പിക്കരുത് എന്നുള്ളത്. ശിശു ആണാണെങ്കിൽ 40ഉം പെണ്ണാണെങ്കിൽ 80ഉം ദിവസം അമ്മ അശുദ്ധിയുള്ളവളാണ് എന്ന് യഹൂദൻമാർ വിശ്വസിച്ചിരുന്നു. ഇത് സ്ത്രീകൾക്കെതിരെയുള്ള വിവേചനമാണ്.

ആദ്യകാലങ്ങളിൽ യഹൂദൻമാർ രാവിലെ പ്രാർത്ഥിക്കുമ്പോൾ 'ദൈവമേ, നീ എന്നെ ഒരു പുരുഷനായി സൃഷ്ടിച്ചതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു' എന്ന് പറഞ്ഞിരുന്നു. സമൂഹത്തിൽ അത്രയും ഇകഴ്ത്തപ്പെട്ടവരായിരുന്നു സ്ത്രീകൾ അന്ന്. പക്ഷെ ഇന്നും സ്ത്രീകളോടുള്ള നമ്മുടെ മനോഭാവം അതുതന്നെയാണ് എന്നു വരുന്നത് അതിശയകരം തന്നെ.

പലപ്പോഴും പല വീടുകളിലും പുരുഷൻമാർ തങ്ങളുടെ സ്ത്രീകളെ വേദപുസ്തക ദൃഷ്ടാന്തത്തിൽ ശകാരിക്കുന്നത് കാണാം. ഇത് ശരിയല്ല. പഴയ നിയമ കാലഘട്ടത്തിലെ ആചാരവട്ടങ്ങളും അനുഷ്ഠാനങ്ങളും നാം അപ്പടി പകർത്തി ആചരിക്കുകയല്ല വേണ്ടത്. ഇക്കാര്യത്തിൽ നമുക്ക് ഇന്ന് ഏറ്റവും ആവശ്യമായിട്ടുള്ളത് യേശുക്രിസ്തുവിലുള്ള വിശ്വാസവും അതിനനുസരിച്ച് കാലാനുസൃതമായ ധാരണകളുടെ വളർച്ചയുമാണ്.

അന്ന് ഒരു വീട്ടിൽ ജനനം നടന്നാൽ ദേവാലയത്തിൽ ബലിയർപ്പിക്കുന്ന പതിവുണ്ടായിരുന്നു. ആദ്യം ജനിക്കുന്ന കുഞ്ഞിനെത്തന്നെ ബലി നൽകുകയായിരുന്നു പതിവ്. പിന്നീട് ആ ആചാരം മാറി. മനുഷ്യകുഞ്ഞുങ്ങൾക്ക് പകരം ഒരു ആട്ടുകൊറ്റനെയോ പ്രാവിനെയോ ബലി നൽകിയാൽ മതിയെന്നാക്കി. അതുമല്ലെങ്കിൽ അതിനുള്ള വില നൽകിയാലും മതി എന്നുവന്നു. ഇങ്ങിനെയായപ്പോൾ പണമുള്ളവർ ആട്ടുകൊറ്റനേയും പണമില്ലാത്തവർ പ്രാവുകളേയും വഴിപാടായി കൊടുത്തുപോന്നു.

മറിയ ആചാരപ്രകാരം വഴിപാടായി കൊടുത്തത് രണ്ട് കുറുപ്രാ

വുകളെയാണ്. ഇതിൽ നിന്നും യേശുവിൻെറ കുടുംബത്തിൻെറ സാമ്പത്തികസ്ഥിതി നമുക്ക് മനസിലാക്കാം. സാധാരണക്കാരിൽ സാധാരണക്കാരുടെ കുടുംബമായിരുന്നു യേശുവിൻേറത്. സാധാരണക്കാരനായ യേശു ജനിച്ചത് സാധാരണക്കാർക്ക് വേണ്ടി. സാധാരണക്കാരിൽ ഒരുവനായി ജീവിച്ച യേശുക്രിസ്തു മരിച്ചതും സാധാരണക്കാർക്ക് വേണ്ടിയായിരുന്നു. കാരണം യേശുവിനെ നഗരവാതിൽക്കലിനപ്പുറമാണ് ക്രൂശിച്ചത്. യേശുവിൻെറ ജനനവും ജീവിതവും മരണവും ദരിദ്രർക്കും സാധാരണക്കാർക്കും വേണ്ടിയുള്ളതായിരുന്നു.

വീണ്ടും നാം യേശുവിനെക്കുറിച്ച് വായിക്കുമ്പോൾ, യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിൻേറയും മനുഷ്യരുടേയും കൃപയിലും മുതിർന്നുവന്നു എന്ന് വായിക്കുന്നു. ഈ രീതിയിൽ വളരുന്നതിന് നാം നമ്മുടെ മക്കളെ പഠിപ്പിക്കുമോ? അതോ നല്ല വിദ്യാഭ്യാസം, നല്ല ജോലി, മൂന്നോ നാലോ ലക്ഷം രൂപ സ്ത്രീധനം എന്നീ ലക്ഷ്യങ്ങൾ മാത്രം വച്ചുകൊണ്ടായിരിക്കുമോ നാം അവരെ വളർത്തുവാൻ പോകുന്നത്. വിദ്യാഭ്യാസവും ജോലിയും വേണ്ടതുതന്നെ. അതോടൊപ്പം ദൈവസ്നേഹവും മറ്റുള്ളവർക്കുവേണ്ടിയുള്ള കരുതലും ഉള്ളവരായി ജീവിക്കുവാൻ തക്കവണ്ണം നാം നമ്മുടെ മക്കളെ ചെറുപ്പത്തിൽ തന്നെ പഠിപ്പിക്കണം.

ധാരാളം സമ്പത്തുള്ള ഒരു വ്യക്തി എന്നോട് എപ്പോഴും പറയാറുണ്ട്: ഞാൻ ഈ നിലയിൽ ആയത് എൻെറ കുട്ടിക്കാലത്ത് അപ്പൻ ഞങ്ങളെ പിടിച്ചിരുത്തി വീട്ടുകാരെല്ലാവരും ചേർന്ന് എല്ലാ ദിവസവും കൃത്യനിഷ്ഠയോടെ ചെയ്യുന്ന കുടുംബപ്രാർത്ഥനയും, അപ്പൻ ഞങ്ങൾക്ക് പറഞ്ഞുതന്നിട്ടുള്ള നല്ല മൂല്യമുള്ള കഥകളും കാരണമാണെന്ന്. എത്രയോ വലിയ സാക്ഷ്യമാണത്. ഇപ്രകാരം നമ്മുടെ മക്കളും നമ്മെകുറിച്ച് നല്ല അഭിപ്രായം പറയുവാൻ നാം ഇടയാക്കി കൊടുക്കുക. യേശു വളർന്നതുപോലെ വളരുവാൻ നമ്മുടെ മക്കൾക്കും സാഹചര്യമുണ്ടാക്കുക. □



# 37

## സ്വർഗരാജ്യം കടുകുമണിയാണ്

*11-10-92 രാവിലെ 7.45ന് മാർത്തമറിയം വലിയ പള്ളിയിൽ കുർബ്ബാനക്ക് ചെയ്ത പ്രസംഗം*

സ്വർഗരാജ്യത്തെ കടുകുമണിയോടാണ് യേശുക്രിസ്തു ഉപമിച്ചിരിക്കുന്നത്. വിത്തുകളിൽ വെച്ച് ചെറിയതാണെങ്കിലും വളർന്ന് മരമാകുമ്പോൾ അത് മറ്റുള്ളവക്ക് ഒരു ആവാസകേന്ദ്രമാകും എന്നദ്ദേഹം വിശദീകരിക്കുന്നു. സ്വർഗരാജ്യമെന്നത് ഒരു സംരംഭമാണ്. നാമോരോരുത്തരും തുടങ്ങിവെക്കേണ്ടതും മുഴുമിക്കേണ്ടതുമായ മഹാസംരംഭം. ചിലപ്പോൾ തുടക്കം നിസ്സാരമട്ടിലാവാം. എങ്കിലും അതിലടങ്ങിരിക്കുന്ന നന്മ അതിനെ മഹാപ്രസ്ഥാനമാക്കി മാറ്റും.

15,16 നൂറ്റാണ്ടുകളിൽ യൂറോപ്പിലും പിന്നീട് ലോകം മുഴുവനും പടർന്നു പിടിച്ച നവീകരണ പ്രസ്ഥാനം ആദ്യം ഒരു ചെറിയ സംരംഭമായിരുന്നു. ജർമ്മനിയിൽ മാർട്ടിൻ ലൂഥറാണ് അത് തുടങ്ങിവെച്ചത്. ക്രൈസ്തവരിൽ നടമാടിയിരുന്ന പല അനാചാരങ്ങളേയും അദ്ദേഹം എതിർത്തു. പോപ്പിനോടു പോലും അദ്ദേഹത്തിന് എതിരിടേണ്ടി വന്നു. എന്നാൽ പിന്നീട് ആ പ്രസ്ഥാനം ശക്തിപ്രാപിച്ചു. ഫ്രാൻസിൽ ജോൺ കെൽവിൻ, ഇംഗ്ലണ്ടിൽ ജോൺ മെനോം, സ്വിറ്റ്സർലണ്ടിൽ സ്വിറ്റ്സൺ തുടങ്ങിയവർ നവീകരണ പ്രസ്ഥാനത്തിൻെറ പ്രചാരകരായി. ലോകത്തിലെ നാനാഭാഗങ്ങളിലും അതിൻെറ അലയൊലികളുയർന്നു. അവർക്കൊക്കെ തക്കവില കൊടുക്കേണ്ടതായും വന്നു. എങ്കിൽ തന്നെയും അത് അന്ന് വലിയ പ്രതിഫലനങ്ങൾ സൃഷ്ടിച്ചു.

ക്രൈസ്തവർ എപ്പോഴും അറിഞ്ഞിരിക്കേണ്ട ചരിത്രമുണ്ട്. 'റ്റെലമറ്റലസി' ൻെറ കഥ. ഒരു സന്യാസിയായി ജീവിച്ചിരുന്ന അദ്ദേഹം പെട്ടന്നൊരു ദിവസം റോമിലേക്ക് യാത്ര തിരിച്ചു. എന്താണ് ലക്ഷ്യമെന്ന് അദ്ദേഹത്തിനറിയില്ലായിരുന്നു. ഒരുപക്ഷേ ദൈവത്തിന് താൻവഴി എന്തെങ്കിലും പ്രവർത്തിക്കാനുണ്ടാകുമെന്ന് അദ്ദേഹം കരുതി. അന്നത്തെ റോമിലെ ജീവിതം ജീർണിച്ചതും കുത്തഴിഞ്ഞതുമായിരുന്നു. ക്രൈസ്തവ ചിന്തകൾക്കും വിശ്വാസങ്ങൾക്കും എതിരായുള്ള അത്തരം പ്രവൃത്തികളെ റെറലമറ്റലസ് എതിർത്തു. ഒരു ദിവസം അദ്ദേഹം ഒരു ഗുസ്തി മത്സരവേദിയിലെത്തി. ആരുടെയെങ്കിലും മരണത്തിലായിരുന്നു മത്സരം

അവസാനിക്കുക. ആയിരക്കണക്കിനാളുകൾ ചുറ്റുമിരുന്ന് അതാസ്വദിച്ചുകൊണ്ടിരുന്നു. റെറലമറ്റലസ് ആ വേദിയിലേക്ക് കടന്നുചെന്ന് പോരാളികളെ പിടിച്ചുമാറ്റി. ആളുകളുടെ രസച്ചരട് പൊട്ടി. അവർ കൂവി വിളിച്ചു. പോരാളികൾ റെറലമറ്റലസിനെ ദൂരേക്കെറിഞ്ഞു. ആളുകൾ ആർത്തു വിളിച്ചു. വീണ്ടും പോരാട്ടം തുടങ്ങി. എന്നാൽ റെറലമറ്റലസ് വീണ്ടും അവർക്കിടയിലേക്കു ചെന്ന് അവരെ തടഞ്ഞു. കളിയെ നിയന്ത്രിച്ചിരുന്ന ആൾക്ക് ഇത്തവണ ദ്വേഷ്യം വന്നു. അയാളുടെ ആജ്ഞയുയർന്നു. കളിക്കളത്തിന് കാവൽ നിന്നിരുന്ന ഭടന്മാർ റെറലമറ്റലസിൻെറ ശിരസ്സ് വെട്ടിയെടുത്തു. റൈലമറ്റലസിൻെറ കബന്ധം ആ കളിക്കളത്തിൽ അനാഥമായി കിടന്നു. പക്ഷേ പിന്നീടൊരിക്കലും മരണത്തിൽ കലാശിക്കുന്ന മത്സരം റോമിൽ ആവർത്തിച്ചിട്ടില്ല. റെറലമറ്റലസിൻെറ മരണം ആ കാണികളെ ചിന്തിപ്പിച്ചിരിക്കാം. എന്തായാലും അതൊരു ചെറിയ തുടക്കമായിരുന്നു. അതിനദ്ദേഹം വലിയ വില നല്കി. പക്ഷേ പിൽക്കാലത്ത് ഒരു പാട് ജീവനുകൾ രക്ഷപ്പെടാൻ അത് കാരണമായി.

യേശുവിൻെറ അനുയായികൾ സാധാരണക്കാരായ മനുഷ്യരായിരുന്നു. അവരുടെ ചിന്തകൾ സാധാരണമായിരുന്നു. അവർക്ക് സമൂഹമാറ്റങ്ങളിൽ വലിയ പങ്കു വഹിക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ അവർക്കാകുന്ന കൊച്ചുകാര്യങ്ങളുണ്ടായിരുന്നു. അത് അർപ്പണ ബുദ്ധിയോടെ നിർവ്വഹിച്ചാൽ സ്വർഗതുല്യമായ അവസ്ഥ സംജാതമാകുമെന്ന് യേശുവിനറിയാമായിരുന്നു. അതിനാലവൻ അവരോട് കടുകുമണിയുടെ ഉപമ പറഞ്ഞു. നാം എണ്ണത്തിൽ കുറവായിരുന്നാലും കടുകുമണിയോളം നിസ്സാരമായിരുന്നാലും ഒരു നല്ല സംരംഭത്തിന് തുടക്കം കുറിക്കണമെന്ന് യേശു നമ്മെ ഓർമ്മിപ്പിക്കുന്നു. ഭൂമിയിൽ സ്വർഗം വിളയിക്കുന്നത് നമ്മുടെ പ്രവൃത്തികളാണ്. □



# 38

## കുട്ടികളെ ഗൗരവമായെടുക്കുക

*25-12-1988. വലിയപള്ളി അങ്കണത്തിൽ വച്ച് സൺഡെ സ്കൂൾ സമ്മാനദാന വേളയിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്. സമയം വൈകീട്ട് അഞ്ച് മണി.*

മുപ്പതോ മുപ്പത്തിയഞ്ചോ വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്നത്ര താല്പര്യവും ശുഷ്ക്കാന്തിയും മാതാപിതാക്കൾക്കും കുട്ടികൾക്കും സൺഡെസ്കൂൾ പഠനത്തിൽ ഇന്ന് കാണുവാനില്ല. എന്തുകൊണ്ടാണ് കുട്ടികൾക്ക് വേദപഠനത്തിലുള്ള താല്പര്യം കുറഞ്ഞുവരുന്നത് എന്ന് നാം ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. എന്നാൽ ഇപ്പോൾ അതിനുള്ള സമയമല്ലാത്തതിനാൽ ഞാൻ ആ വിഷയത്തിലേക്ക് കടക്കുന്നില്ല. എങ്കിലും ഒന്ന് രണ്ട് കാര്യങ്ങൾ ഇവിടെ പറഞ്ഞുകൊള്ളട്ടെ.

സമയം ചിലവഴിക്കുന്നതിന് ടെലിവിഷനും മറ്റു സൗകര്യങ്ങളും വീട്ടിലുള്ളപ്പോൾ കുട്ടികൾ വേദപഠനത്തിന് ആവശ്യമായ സമയം കണ്ടെത്തുന്നില്ല. കുട്ടികളുടെ വേദപഠനത്തിൽ മാതാപിതാക്കളും വലിയ താല്പര്യമെടുക്കുന്നില്ല. ഒരു കുട്ടിക്ക് ഏതു തരത്തിലുള്ള വിദ്യാഭ്യാസമാണോ നാം നൽകുന്നത്. അവർ അതിനനുസരിച്ച് വളർന്നുവരും. ഇക്കാര്യം മാതാപിതാക്കൾ ഓർക്കുന്നത് നല്ലതാണ്.

വലിയ ഡിഗ്രിയും മറ്റും എടുക്കണം. നല്ല ഉദ്യോഗം ലഭിക്കണം അല്ലെങ്കിൽ എം.എൽ.എയോ മന്ത്രിയോ ഒക്കെ ആകണം എന്നെല്ലാമാണ് മാതാപിതാക്കളുടെ ആഗ്രഹം. നാം അതിനുവേണ്ടിയുള്ള അന്തരീക്ഷം ഒരുക്കുകയും കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. എന്തുകൊണ്ട് കുട്ടികളുടെ വേദപഠന കാര്യത്തിലും നാം ഇതുപോലെ പ്രാധാന്യം നൽകുന്നില്ല. അത് പോരാ എന്നാണ് എനിക്ക് തോന്നുന്നത്. നാം കുറെ കൂടി താല്പര്യമെടുക്കേണ്ടതുണ്ട്. ഇതാണ് ഒന്നാമതായി പറയുവാനാഗ്രഹിച്ചത്.

പഴയ നിയമത്തിലെ ഒരു കാര്യമാണ് തുടർന്ന് എനിക്ക് പറയുവാനുള്ളത്. വിഗ്രഹങ്ങളെ തകർത്ത് കളയുന്നു എന്ന് പഴയനിയമത്തിൽ പലയിടത്തും ഞാൻ വായിച്ചിട്ടുണ്ട്. ഈ കഥകൾ അദ്ധ്യാപകർ സൺഡേ സ്കൂളിൽ കുട്ടികൾക്ക് വിവരിച്ചു കൊടുക്കുമ്പോൾ ഒരു കാര്യം കൂടെ അവരെ പറഞ്ഞ് മനസിലാക്കേണ്ടതുണ്ട്. 'ഇന്നും അതുപോലുള്ള അല്ലെങ്കിൽ അതിൻെറ മറ്റൊരു അവതാരമായ വിഗ്രഹങ്ങൾ നമുക്ക്

പുറ്റും ഉണ്ട്. അവയെയും നാം തച്ചുടക്കേണ്ടതാണ് എന്ന്. ഈ സന്ദേശം നൽകാതെയാണ് അദ്ധ്യാപകർ ക്ലാസെടുക്കുന്നതെങ്കിൽ അത് വെറും കഥയായി അവശേഷിക്കും. എത്രയോ നൂറ്റാണ്ടുകൾക്ക് മുൻപ് സംഭവിച്ച ഒരു കഥ. ഇന്ന് ആ കഥയിൽ നിന്ന് നമുക്ക് ഒന്നുംതന്നെ പഠിക്കുവാൻ സാധിച്ചില്ല എന്ന് വന്നേക്കാം.

സൺഡേ സ്കൂളിൽ മൂന്നാംക്ലാസിൽ പഠിക്കുമ്പോൾ എന്റെ അദ്ധ്യാപകൻ ഒരു ദിവസം ക്ലാസിൽ ഇങ്ങനെ പറഞ്ഞു. നെഹ്റു കുടുംബത്തിൽ വിരുന്നിന് ആളുകൾ വരുമ്പോൾ അവരെ സൽക്കരിക്കുന്നതിനായി ഭക്ഷണം പാകം ചെയ്യുവാനായി വിറകിനു പകരം നെഹ്റുവിന്റെ വീട്ടുകാർ ഉപയോഗിച്ചിരുന്നത് നൂറുരൂപ നോട്ടുകെട്ടുകളായിരുന്നു. ഞാനിത് വളരെ ആശ്ചര്യത്തോടെയാണ് കേട്ടത്. ശരിയായിരിക്കില്ല എന്ന് തോന്നിയിട്ടും എതിര് പറഞ്ഞില്ല. പറഞ്ഞാൽ ക്ലാസിലെ നല്ലകുട്ടി എന്ന പേര് പോകും. അതുകൊണ്ട് കേൾക്കുക മാത്രം ചെയ്തു.

ഇവിടെ ഇതുകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് സൺഡെ സ്കൂളിൽ ക്ലാസുകൾ എടുക്കുവാൻ വരുന്ന അദ്ധ്യാപകർ വേണ്ടത്ര ഒതുങ്ങി വരുന്നില്ല എന്നുള്ളതാണ്. അവർ വേണ്ടത്ര തയ്യാറെടുപ്പോടെയായിരിക്കണം ക്ലാസിൽ വരുന്നത്. കുട്ടികളെയും വിഷയത്തേയും ഒരുപോലെ ഗൗരവമായെടുക്കുക. □



# 39

## ദശാംശ തിരുന്നാൾ ചിന്തകൾ

*(19-11-1989 ദശാംശതിരുന്നാൾ വേളയിൽ വലിയപള്ളിയിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്)*

(മത്തായി 12-ാം അദ്ധ്യായം 1 മുതൽ 14വരെ ഭാഗങ്ങൾ)

ഇന്ന് ദശാംശ തിരുന്നാൾ ആണല്ലോ? ഏറെക്കുറെ എല്ലാ ക്രിസ്തീയ സഭകളും ഈ തിരുന്നാൾ ആചരിക്കാറുണ്ട്. നമുക്ക് ഇന്നുവരെ ദൈവത്തിൽ നിന്ന് ലഭിച്ചതിൽ നിന്ന് നന്ദി സൂചകമായി ഒരു അംശം തിരികെ ദൈവത്തിന് വേണ്ടി സമർപ്പിക്കുക എന്നതാണല്ലോ ഈ തിരുന്നാൾ കൊണ്ടുദ്ദേശിക്കുന്നത്. പലപ്പോഴും നാം എന്തെങ്കിലും കൊടുത്ത് ആ ചടങ്ങ് എങ്ങനെയെങ്കിലും നിർവഹിക്കുകയായിരിക്കും ചെയ്യുക.

നമ്മിൽ പലരും ചെയ്യാറുള്ളത്, 'നടാതെയും നനക്കാതെയും' ലഭിച്ചത് ആയിരിക്കും ദൈവത്തിന് സമർപ്പിക്കുന്നത്. ഇത് ശരിയായ പ്രവർത്തിയാണ് എന്നെനിക്ക് തോന്നുന്നില്ല. ഞാൻ ഇന്നത്തെ നമ്മുടെ ചിന്തക്കായി തെരഞ്ഞെടുത്തിട്ടുള്ളത് ഹബക്കൂക്കിൻെറ പുസ്തകം മൂന്നാം അദ്ധ്യായത്തിലെ 17 മുതൽ 19 വരെയുള്ള വാക്യങ്ങളാണ്. ഹബക്കൂക്കിൻെറ ഇപ്പോഴത്തെ അവസ്ഥ (പശ്ചാത്തലം) നാം മനസിലാക്കണം.
"മുന്തിരിവള്ളിയിൽ അനുഭവം ഇല്ലെങ്കിലും ഒലിവുമരം നിഷ്പ്രയോജനമായിരുന്നാലും നിലങ്ങളിൽ ആഹാരമില്ലെങ്കിലും ആട്ടിൻ തൊഴുത്ത് ശൂന്യമായിരുന്നാലും ഞാൻ യഹോവയിൽ ആനന്ദിക്കും. ദൈവത്തിൽ ഘോഷിച്ച് ഉല്ലസിക്കും. അവൻ എൻെറ കാലുകൾ പേടമാൻെറ കാലുകൾ പോലെ ആക്കും." എത്ര വിഷമഘട്ടങ്ങൾ വന്നാലും താൻ ദൈവത്തിൽ ആശ്രയിക്കും എന്നാണ് ഇതിൻെറ ചുരുക്കം. ഇത് കൂടുതൽ വിശദമാകണമെങ്കിൽ ഹബക്കൂക്ക് ഒന്നാം അദ്ധ്യായം 2-ാം വാക്യം മുതൽ 4-ാം വാക്യം വരെ വായിക്കണം. ഇതിൽ ഹബക്കൂക്ക് ദൈവത്തെ കഴിവില്ലാത്തവനായി ചിത്രീകരിക്കുന്നു. "എത്രത്തോളം ഞാൻ അയ്യം വിളിക്കുന്നു. നീ കേൾക്കുന്നില്ല. പീഡനം നീ വെറുതെ നോക്കി കാണുന്നു. കവർച്ച, സാഹസം ഇവിടെ നടമാടുന്നു. കലഹം, ശണ്ഠ എല്ലാമുണ്ട്. ദുഷ്ടൻ നീതിമാനെക്കാൾ വളരുന്നു. ഇതെല്ലാം കണ്ടിട്ടും നിനക്ക് നിൻെറ ചെറുവിരൽ പോലും അനക്കുവാൻ കഴിയാത്തത് എന്തുകൊണ്ട്? യഹോവേ, നിനക്ക് യാതൊന്നിനും കഴിവില്ലേ?" ഇങ്ങനെയാണ് ഹബ

ക്കൂക്ക് ദൈവത്തോട് ചോദിക്കുന്നത്.

അതിന് ദൈവം പറയുന്ന മറുപടി കേൾക്കൂ. 5-ാം വാക്യം മുതൽ 11-ാം വാക്യം വരെ "ഞാൻ നിങ്ങളുടെ ഇടയിൽ ശക്തിയുള്ള ഒരു ജാതിയായ 'കല്ദായരെ' ഉയർത്തും". ഇവിടെ കല്ദായർ എന്നുപറയുന്നത് നമ്മുടെ സഭയാണെന്ന് നാം തെറ്റിദ്ധരിക്കരുത്. ഇവിടെ പറയുന്ന കല്ദായർ പണ്ട് ബാബിലോണിയയിൽ ഉണ്ടായിരുന്ന ഒരു ജാതിയായിരുന്നു. ഒരു പ്രത്യേക വംശമാണ് ഇവർ. അവർ അക്രമപ്രിയരും ഉഗ്രതയുള്ളവരും വേഗതയുള്ളവരും ഒക്കെ ആയിരുന്നു. ഒരു പക്ഷെ നമ്മിൽ ചിലർക്ക് തോന്നും നാമും (നമ്മുടെ സഭയും) ഇതുപോലെയെല്ലാം തന്നെയല്ലെയെന്ന്. എന്നാൽ ഈ വേദഭാഗത്ത് പറഞ്ഞിരിക്കുന്ന കല്ദായർ നമ്മൾ അല്ല.

ഹബക്കൂക്ക് ദൈവത്തെ കഴിവില്ലാത്തവനായി ചിത്രീകരിച്ചപ്പോൾ ദൈവം അവന് കൊടുക്കുന്ന ഉത്തരം കടുപ്പമേറിയതായിരുന്നു. ഒന്നാം അദ്ധ്യായത്തിലെ 5-ാം വാക്യം മുതലുള്ളത്. പിന്നീട് ഹബക്കൂക്ക് മറ്റെല്ലാത്തിൽ നിന്നും വിട്ടുനിന്ന് ദൈവത്തിൻെറ കല്പനക്കായി കൊത്തളത്തിൽ കാത്തിരിക്കുന്നത് നമുക്ക് കാണാം.

തിരക്ക് പിടിച്ച വിഷമ ഘട്ടങ്ങളിൽ അതിൽ നിന്ന് ഒഴിഞ്ഞ് ദൈവത്തിൻെറ കല്പന ലഭിക്കുന്നതിന് ഹബക്കൂക്ക് കൊത്തളത്തിൽ മിനക്കെട്ട് ഇരുന്നു. അപ്പോൾ യഹോവയുടെ അരുളപ്പാട് അവനുണ്ടായി. ഹബക്കൂക്കിൻെറ പുസ്തകം മുഴുവനും പഠിക്കുകയാണെങ്കിൽ അദ്ദേഹത്തിൻെറ പരിണാമത്തിൻെറ പ്രക്രിയ നമുക്ക് വെളിവാകുന്നതാണ്.

തൻെറ പശ്ചാത്തലത്തിൽ നിന്ന് കൊണ്ട് ദൈവത്തെ കഴിവില്ലാത്തവനായി ചിത്രീകരിക്കുന്നത്, അങ്ങിനെ ദൈവത്തെ നിഷേധിക്കുന്നത്, പിന്നീട് മനം തിരിഞ്ഞ് മറ്റെല്ലാത്തിൽ നിന്നും വിട്ടകന്ന് ദൈവത്തിൻെറ കല്പനക്കായി കാത്തിരിക്കുന്നത്, തനിക്കുള്ളതൊക്കെയും തന്നെത്തന്നെയും ദൈവത്തിന് സമർപ്പിച്ച് കീർത്തനം പാടുന്നത്.

ഇതിൽ അവസാന അദ്ധ്യായത്തിലെ 17,18,19 എന്നീ വാക്യങ്ങൾ ശ്രദ്ധിക്കൂ. എനിക്കെന്തെല്ലാം അനർത്ഥങ്ങൾ സംഭവിച്ചാലും ഞാൻ യഹോവയിൽ ആനന്ദിക്കും എന്നവൻ ഉദ്ഘോഷിക്കുന്നു. അവൻ എൻെറ കാലുകൾ പേടമാൻ കാലുകൾപോലെയാക്കും എന്ന് അവിടെ പറയുന്നുണ്ട്. സാധാരണ സാഹിത്യകാരൻമാരും മറ്റും പേടമാൻ എന്ന പേര് ഉപയോഗിക്കുന്നത് വേഗതയുടെ സൂചനക്കായിട്ടാണ്.

ഹബക്കൂക്കിൻെറ പുസ്തകത്തിൽ നാം കണ്ട സംഭവങ്ങളെല്ലാം തന്നെ നമ്മുടെ സഭയിലും സമൂഹത്തിലും രാഷ്ട്രീയത്തിലും നടമാടുന്നു. അക്രമം, സംഘട്ടനം, അഴിമതി, കളവ്, പ്രകൃതിക്ഷോഭം എന്നിവയെല്ലാം ഉള്ള ഈ ലോകത്ത് നമുക്ക് നമ്മെത്തന്നെ മാറ്റത്തിന് വിധേയമാക്കേണ്ടതുണ്ട്. നമുക്ക് പരിണാമപ്രക്രിയയിൽ ഏർപ്പെടാം. നീതിമാൻ

വിശ്വാസത്തിൽ ജീവിക്കും എന്നതും തിരക്കുപിടിച്ച ഈ ജീവിതാവസരങ്ങളിൽ പോലും ദൈവത്തിൻെറ കല്പനക്കായി കൊത്തളങ്ങളിൽ കാത്തിരിക്കുക എന്നതും നമുക്ക് ചെയ്യാം. നമുക്ക് ലഭിക്കുന്ന ദൈവകല്പന പ്രയാസമുള്ളതാണെങ്കിൽ പോലും നഷ്ടസാധ്യതയോടെ ലോകത്തിൻെറ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് നമുക്ക് പ്രവർത്തിക്കാം. അങ്ങിനെ ഈ ദശാംശതിരുന്നാളിൽ നമുക്ക് നമ്മെത്തന്നെ മുഴുവനായും ദൈവത്തിന്, ദൈവഹിതത്തിന് സമർപ്പിക്കാം. □





# 40

## കഷ്ടതകൾ ഏറ്റെടുക്കാൻ തയ്യാറാവുക

*1989 വർഷാവസാനദിവസം വലിയ പള്ളിയിൽ ചെയ്ത കുർബ്ബാന ധ്യാനപ്രസംഗത്തിൽ നിന്ന്*

ഈ വർഷത്തിലെ അവസാന ദിവസമാണല്ലോ ഇന്ന്. കഴിഞ്ഞുപോയ വർഷത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കുകയാണെങ്കിൽ നമുക്ക് വിജയത്തിൻേറയും പരാജയത്തിൻേറയും നേട്ടത്തിൻേറയും കോട്ടത്തിൻേറയും വലിയൊരു പട്ടിക നിരത്തുവാനുണ്ടാകും. നാം ജീവിതത്തിൻെറ ഒരു പാർട്ട്ടൈം സ്റ്റോക്കെടുപ്പ് നടത്തുകയാണ്. പോയവർഷത്തിലെ നല്ല കാര്യങ്ങൾ നമുക്ക് വീണ്ടും ആവർത്തിക്കാം. പക്ഷെ പോയ വർഷത്തെ വിജയങ്ങളെകുറിച്ച് ഊറ്റം കൊണ്ടും പരാജയങ്ങളെ കുറിച്ച് ദുഃഖിച്ചും ഇരിക്കലല്ല നാം പുതുവർഷത്തിൽ ചെയ്യേണ്ടത്. ഭാവിയുടെ വിധാതാവും പ്രത്യാശയുമായ ദൈവത്തിലായിരിക്കണം നമ്മുടെ ആശ്രയം. പലരും പുകവലിക്കുന്നത് നിറുത്തുക, മദ്യപാനം പാടെ ഒഴിവാക്കുക, രാവിലെ നേരത്തെ ഉണരുക....എന്നിങ്ങനെ ചില അല്ലറ ചില്ലറ കാര്യങ്ങളാണ് പുതുവർഷത്തേക്കായി തങ്ങളുടെ ദിനചര്യയിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഇത്തരം ക്രമീകരണങ്ങൾ നല്ലതുതന്നെ. പക്ഷെ ദൈവഹിതം മനസിലാക്കി പ്രവർത്തിക്കുവാനും ആവശ്യമെങ്കിൽ കഷ്ടനഷ്ടങ്ങൾ സഹിച്ചുകൊണ്ടുതന്നെ മുന്നോട്ടു നടക്കാനും നമുക്ക് കഴിയണം.

നമ്മിൽ പലരും നാളെ മുതൽ ചെയ്യുവാൻ പോകുന്ന ഒരു പ്രധാന കാര്യം പത്രങ്ങളിലും ആഴ്ചപ്പതിപ്പുകളിലും കാണുന്ന നക്ഷത്രഫലങ്ങൾ എഴുതിവെക്കലും ഒത്തു നോക്കലുമായിരിക്കും. എന്നാൽ വേദപുസ്തകപ്രകാരം നക്ഷത്രങ്ങൾ മനുഷ്യന് ലഭിച്ചിട്ടുള്ളത് പ്രകാശം ലഭിക്കുന്നതിനു വേണ്ടിയാണ്. അല്ലാതെ നക്ഷത്രങ്ങൾ മനുഷ്യൻെറ ഭാവി ഒരിക്കലും നിയന്ത്രിക്കുന്നില്ല. അങ്ങിനെ നിയന്ത്രിക്കുന്നണ്ടായിരുന്നു എങ്കിൽ ഭാരതത്തിൻെറ ഭാവികാലങ്ങളിലുള്ള ഗുണദോഷങ്ങൾ എല്ലാം തന്നെ പ്രവചിച്ചു കൂടെ? 1995 വരെയും അല്ല 2000 ആണ്ട് വരെത്തന്നെയുള്ള ഭാരതത്തിൻെറ ഭാവി ഇപ്പോൾ എഴുതിവക്കുവാൻ കഴിയുമല്ലോ.

പലരും നക്ഷത്രഫലങ്ങളിൽ ആശ്വാസം കൊള്ളുന്നു. കാരണം വളരെ ലളിതം. ഫലം വായിച്ചവർക്ക് തനിക്ക് അടുത്ത ദിവസങ്ങളിൽ ദോഷമാണ് ഉള്ളതെങ്കിലും യാതൊന്നും പ്രവർത്തിക്കാതിരിക്കാം. കാരണം

ഗുണമാണെങ്കിൽ നാം യാതൊന്നും പ്രവർത്തിച്ചില്ലെങ്കിലും ഫലമനുസരിച്ചുള്ള ഗുണം താനെ വന്നു കൊള്ളുമല്ലോ? ദോഷകാലമാണെങ്കിൽ എന്തെങ്കിലും ചെയ്താൽ ദോഷമായെങ്കിലോ എന്ന ഭയം. ചുരുക്കത്തിൽ നിഷ്ക്രിയത്വം ഫലം. നമ്മുടെ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കാൻ നക്ഷത്രഫലങ്ങൾകൊണ്ടുകഴിയും എന്ന് സാരം. ഇന്ന് പലരും അസ്ട്രോളജി (ജ്യോതിഷം)യും അസ്ട്രോണമി (ജ്യോതിശാസ്ത്രം)യും തമ്മിൽ തെറ്റിദ്ധരിച്ചിട്ടുമുണ്ട്.

യേശുവിൻെറ ഹിതമനുസരിച്ചായിരിക്കണം നമ്മുടെ ജീവിതം. യേശു, യേശു എന്ന് ആയിരമോ കോടിയോ തവണ ഉരുവിടുന്നതുകൊണ്ട് മാത്രം ദൈവഹിതത്തിനൊത്തവണ്ണമുള്ള ജീവിതമായിരിക്കയില്ല. വ്യക്തി, സഭ, സമൂഹം, രാഷ്ട്രം എന്നിവ ദൈവാശ്രയ ബോധത്തോടെയുള്ള ഒരു കാഴ്ചപ്പാടിൽ പ്രവർത്തിക്കേണ്ടതുണ്ട്.

നമ്മുടെ സഭയെകുറിച്ച് ചിന്തിക്കുകയാണെങ്കിൽ മറ്റ് സഭകളേക്കാൾ എണ്ണത്തിലും വണ്ണത്തിലും ധനത്തിലും കുറവുള്ള ഒരു സഭയാണിത്. എന്നിരിക്കലും ദൈവത്തിൻെറ ഇഷ്ടത്തിനൊത്ത് എന്ത് പുതിയ കാഴ്ചപ്പാടാണ് സഭയായിട്ട് നമുക്ക് സമൂഹത്തിന് നൽകുവാൻ കഴിയുക എന്ന് ചിന്തിക്കണം. നാം പുതിയ ദർശനങ്ങൾ കാണണം. 'ദർശനമില്ലാത്ത ജനത നശിച്ചതാണ്' എന്ന് സുവിശേഷം തന്നെ പറയുന്നുണ്ട്. പുതിയ എന്ത് ദർശനങ്ങൾ ദൈവം ഈ സഭക്ക് നൽകും. ദൈവമേ നല്ല ദർശനങ്ങൾ നീ ഞങ്ങൾക്ക് നൽകേണമേ. നമുക്ക് അതിനായിട്ട് പ്രാർത്ഥിക്കാം.

പലരും ജീവിതത്തിൻെറ കഷ്ടത നിറഞ്ഞ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ മിനക്കെടാറില്ല. ജീവിതത്തിൻെറ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ തയ്യാറില്ലാത്തവൻ ജനിക്കാതിരിക്കുന്നതായിരുന്നു ഭേദം.

മരണത്തെകുറിച്ചുള്ള ഭയം മനുഷ്യനുണ്ട്. മരിച്ചാൽ ഞാൻ പിന്നെ എന്താകും? എവിടെയായിരിക്കും? എന്നെല്ലാമുള്ള ചോദ്യങ്ങൾ. നാം എന്തിന് അതിനെക്കുറിച്ച് ചിന്തിക്കണം. മരിക്കാതിരിക്കുന്നതിലല്ല. മറിച്ച് ജീവിതത്തിലെ കഷ്ടത നിറഞ്ഞ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് പ്രവർത്തിക്കുകയാണ് ആവശ്യം. ഇതിനാണ് ധൈര്യം വേണ്ടത്.

ദൈവം നമുക്ക് പല നല്ല കാഴ്ചപാടുകളും നൽകുന്നുണ്ട്. പക്ഷെ അവ കയ്പുള്ളവയായതുകൊണ്ട് നാം അവയെ സ്വീകരിക്കുവാനോ അതനുസരിച്ച് പ്രവർത്തിക്കുവാനോ മിനക്കെടാറില്ല. നാം ദൈവത്തിൻെറ കാഴ്ചപ്പാടിൽ നിന്ന്, ദൈവത്തിൻെറ വലയത്തിൽ നിന്ന് ഓടി ഒളിക്കുവാൻ തയ്യാറാകുന്നു. ഇതിനെകുറിച്ച് സങ്കീർത്തനം 139ൽ ഇപ്രകാരം പറയുന്നു. "ദൈവത്തിൻെറ തിരുസന്നിധി വിട്ട് ഞാൻ എവിടെ ഒളിക്കും? പർവ്വതത്തിലോ സമുദ്രത്തിൻെറ ആഴത്തിലോ പാതാളത്തിലോ എവിടെയായാലും നീ എന്നെ പിന്തുടരുന്നു. എനിക്ക് നിന്നിൽ നിന്നും ഒളിച്ചോടുവാൻ കഴിയുന്നില്ലല്ലോ?" ഈ ഭാഗത്തെ ചിത്രീകരിച്ചു കൊണ്ട് ഒരു ആംഗലേയ കവിയായ ഫ്രാൻസീസ് തോംസൺ

8260



തൻെറ ഒരു കവിതയിൽ ദൈവത്തെ ഒരു വേട്ടപട്ടിയായി ചിത്രീകരിച്ചിട്ടുണ്ട്. 'Hound of heaven' (സ്വർഗത്തിലെ വേട്ടപ്പട്ടി) എന്നാണതിൻെറ പേര്.

നായാട്ടിന് പോകുന്ന സമയത്ത് കൂടെ കൊണ്ടുപോകുന്ന വേട്ടനായ വളരെ ശൗര്യമുള്ളതാണ്. അത് നായാട്ട് മൃഗത്തെ ഓടിയെത്തി പിടിക്കുന്നു. എത്ര ക്ഷീണിതനായാലും വേട്ടനായ അതിൻെറ ഇരയെ കീഴടക്കിയിരിക്കും. അത്രക്കും ശൗര്യവും ക്രൗര്യവുമുണ്ടവയ്ക്ക്. ഈ വേട്ടനായയോടാണ് ഇംഗ്ലീഷ് കവി ഫ്രാൻസീസ് തോംസൺ ദൈവത്തെ ഉപമിച്ചിരിക്കുന്നത്.

ദൈവം തൻെറ ജനങ്ങളുടെ മേൽ എപ്പോഴും ആധിപത്യം പുലർത്തുന്നു. തീർച്ചയായും മനുഷ്യന് ഈ ഭൂമിയിൽ അവകാശങ്ങളും ആഗ്രഹങ്ങളും ഉണ്ട്. എന്നാൽ ദൈവഹിതത്തെ മറികടന്ന് ആധിപത്യം നടത്തുവാൻ ദൈവം നമ്മെ അനുവദിക്കുന്നില്ല. നീ ദൈവത്തിൻെറ സന്നിധിയിൽ നിന്ന് എവിടെ ഓടി ഒളിച്ചാലും അവിടെയും അവൻ ഉണ്ട്. ഈ അർത്ഥത്തിൽ ദൈവം നിന്നെ പിന്തുടരുന്ന ഒരു വേട്ടപ്പട്ടിയാണ്! ആ കവിതയിലെ ഇതിവൃത്തം ഇതാണ്. ഇവിടെ സങ്കീർത്തനക്കാരൻ അവസാനം പറയുന്നു- 'അവൻ മുൻപിലും പിൻപിലും എന്നെ അടച്ച് മുകളിൽ കൈവച്ച് അനുഗ്രഹിക്കുന്നു.'

ദർശനമില്ലാത്ത നാം നല്ല ദർശനങ്ങൾക്കായി ദൈവത്തോട് പ്രാർത്ഥിക്കുക. നമുക്ക് ലഭിക്കുന്ന ദർശനങ്ങൾ കയ്പേറിയതായാലും കഷ്ടം സഹിച്ച് നാം അത് നിറവേറ്റുക. കഴിഞ്ഞുപോയതിനെ മാത്രം പഴിചാരിയും ദുഃഖിച്ചും ഇരിക്കാതെ, നല്ലതിനെ മാത്രം ഉൾകൊണ്ട് ഭാവിയുടെ വിധാതാവും പ്രത്യാശയുമായ ദൈവത്തിൽ നമുക്ക് നമ്മുടെ ഇഷ്ടത്തെ സമർപ്പിക്കാം. പുതിയവർഷത്തിൽ ദൈവഹിതത്തിനനുസരിച്ച് ജീവിക്കുവാൻ നമുക്ക് പ്രതിജ്ഞയെടുക്കാം.

പുതിയ വർഷം നമുക്കെല്ലാവർക്കും അനുഗ്രഹമായിത്തീരട്ടെ.

6968

PC Library & Research Center



# ദൈവത്തെ ചരിത്രത്തിലേക്ക് തുറന്നുവിടുക

അഗതികളോടും ദരിദ്രരോടും നിന്ദിതരോടും പക്ഷം ചേരുന്നിടത്താണ് മതത്തിൻെറ ആത്മാവ് ജ്വലിക്കുക എന്ന് ഉറച്ചു വിശ്വസിക്കുകയും സമരം ചെയ്യുന്നവ നല്ല സമരം ചെയ്യാൻ കാരണമുണ്ടാക്കുന്നവനാണ് കുറ്റവാളി എന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുകയും സംഘടിത മതത്തിൻെറ വ്യവസ്ഥാപിത ഘടനകളെ പള്ളിനടയിൽവെച്ചു തന്നെ ചോദ്യം ചെയ്യുകയും ചെയ്ത ബിഷപ്പ് പൗലോസ് മാർ പൗലോസിൻെറ 40 കരുത്തുറ്റ പ്രസംഗങ്ങളുടെ സമാഹാരം.

ബിഷപ്പ് ഡോ.പൗലോസ് മാർ പൗലോസ് ഫൗണ്ടേഷൻ
ഫോർ സോഷ്യോ-കൾച്ചറൽ ഡവലപ്മെൻറ്, തൃശൂർ

വില 60 രൂപ

# ദൈവത്തെ ചരിത്രത്തിലേക്ക് തുറന്നുവിടുക

ബിഷപ്പ്. ഡോ: പൗലോസ് മാർ പൗലോസ്



242

ബിഷപ്പ്. ഡോ: പൗലോസ് മാർ പൗലോസ് ഫൗണ്ടേഷൻ
ഫോർ സോഷ്യോ - കൾച്ചറൽ ഡവലപ്മെന്റ്, തൃശ്ശൂർ

Indic Digital Archive Foundation
gpura.org